# ഇതു ചതിയോ

കെ. സുകുമാരൻ, ബി. എ.



ഇതു ചതിയോ

കെ. സുകുമാരൻ, ബി. എ.
(മലയാളം: നോവൽ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

A Girl and her Duenna, a painting by Bartolomé Esteban Murillo (1617–1682). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 രണ്ടു യുവതികൾ . . . . . . . . . 5

2 വിധിയുടെ ചൂണ്ടുവിരൽ . . . . 6

3 ആനന്ദവല്ലി . . . . . . . . . . . . 7

4 ജ്ഞാനവും ധനവും . . . . . . . . . 8

5 യാത്ര . . . . . . . . . . . . . . . . . 9

6 ഒരു തീരുമാനം . . . . . . . . . . 10

7 ഭാസ്കരന്റെ അച്ഛൻ . . . . . . . 11

8 വിവാഹം . . . . . . . . . . . . . . 12

9 ഹേമാംഗൻ . . . . . . . . . . . . . 13

10 വിവാഹരാത്രി . . . . . . . . . . . 14

11 വിവാഹത്തിന്റെ പിറ്റേന്ന് . . 15

12 ചതിയുടെ കൂലി . . . . . . . . . . 16

13 അതിൽപിന്നെ . . . . . . . . . . 17

14 ഹേമാംഗന്റെ സഹായം . . . 18

15 ഹേമാംഗന്റെ ശ്രമം . . . . . . 19

16 മാർത്തയുടെ സഹായം . . . 20

17 സാഹസം . . . . . . . . . . . . . . 21

18 ദുരുപദേശവും മറ്റും . . . . . . . 22

19 ഹേമാംഗന്റെ വിശ്വാസവഞ്ചന 23

20 ധനവും ഹേമാംഗനും . . . . . 24

21 വിവാഹ ഫലം . . . . . . . . . . 25

22 സ്വപ്നം സത്യമായി . . . . . . . 26

23 ആനന്ദവല്ലിയുടെ തിടുക്കം . 27

24 അച്ഛന്റെ കല്പന . . . . . . . . . 28

25 ഹേമാംഗൻ . . . . . . . . . . . . . 29

26 കണ്ടുമുട്ടൽ . . . . . . . . . . . . . 30

# ഇതു ചതിയോ
## (സാമുദായിക നോവൽ)

## 1

# രണ്ടു യുവതികൾ

കല്ക്കട്ട (കാളിഘട്ടം) അനേകലക്ഷം ജനങ്ങളുള്ള ഒരു വലിയ പട്ടണം ആകുന്നു. ഒരു മണിക്കൂറിനുള്ളിൽ അവിടെ വെച്ച് എന്തെല്ലാം സംഭവങ്ങൾ നടക്കുന്നുണ്ടാകും. എത്ര വിരുന്നുകൾ കഴിയുന്നു! എത്ര പട്ടിണികൾ കഴിയുന്നു! എത്ര വിവാഹങ്ങൾ കഴിയുന്നു! എത്ര കൊലകൾ കഴിയുന്നു! എത്ര പേർ ജനിക്കുന്നു! എത്ര പേർ മരിക്കുന്നു! എത്ര പേർ ലക്ഷാധിപരാകുന്നു! എത്ര പേർ പാപ്പരാകുന്നു! ഒരു വലിയ ജലാശയത്തിന്റെ ഉള്ളിൽ നിന്ന് എന്തെല്ലാം കഴിയുന്നോ അതൊക്കെ ഒന്നിച്ചുകാണ്മാൻ സഞ്ജയന്റെ ദിവ്യദൃഷ്ടിക്കുകൂടി സാധിക്കയില്ല. അതൊക്കെ ഊഹിക്കാൻ മനസ്സിന്ന് സാധിക്കയുമില്ല. ഇലയിലെ ഞരമ്പുകളെപ്പോലെ അവിടെ കണക്കിലേറെ പെരുവഴികളും, ഇടവഴികളും, അങ്ങാടികളും, തെരുവുകളും, ഭവനങ്ങളും, ഹോട്ടലുകളും, കാര്യംവിചാരിക്കുന്ന സ്ഥലങ്ങളും, വിനോദത്തിന്നുള്ള ഏർപ്പാടുകളും ഉണ്ട്. ഉറുമ്പുകൾ ചാലിട്ടുപോകുമ്പോലെ പാതകളിൽക്കൂടെ ജനങ്ങളും വാഹനങ്ങളും ഗതാഗതം ചെയ്യുന്നുണ്ട്. ചേരട്ടകളെ പ്പോലെ അനേകം തീവണ്ടികളും ഓടുന്നുണ്ട്. ഇതിന്നൊക്കെ ഒരു കയ്യും കണക്കും ഉണ്ടോ? ഒരു സീമയും അന്തവും ഉണ്ടോ?

പട്ടണത്തിലെ ഒരു നിസ്സാരമായ തെരുവിൽ, രണ്ടു മൂന്ന് മുറികൾ മാത്രം ഉണ്ടായിരുന്ന ഒരു ചെറിയ വീട്ടിൽ കുപ്പയിലെ കുന്നിക്കുരുപോലെ രണ്ടു തരുണീമണികൾ താമസിക്കുന്നുണ്ട്. അവർ, ഒരു ചുള്ളിയിൽനിന്നു പൊട്ടിയ രണ്ട് ഞെട്ടുകളിന്മേൽനിന്ന് തമ്മിൽ തൊട്ടുകൊണ്ട് തൂങ്ങുന്ന രണ്ടു പൂക്കളെപ്പോലെ കാഴ്ചയ്ക്കു കൗതുകം ഉണ്ടാക്കിയിരുന്നു. ഇരുവരും സ്നേഹംകൊണ്ട് നോക്കിയാൽ അന്യോന്യം കെട്ടിപ്പിടിച്ച വള്ളികളെപ്പോലെ ഇരുന്നു. ബന്ധംകൊണ്ട് നോക്കിയാൽ രക്തസാദൃശ്യമുള്ള മച്ചിനച്ചികളും ആകുന്നു. രണ്ടാളും നാട്ടുകൃസ്ത്യാനികളാണ്. രണ്ടാൾക്കും മതിഞെട്ടുന്ന പതിനെട്ടു വയസ്സ് തികഞ്ഞു. രണ്ടാൾക്കും, തങ്ങളുടെ അറിവിൽപ്പെട്ടേടത്തോളം അച്ഛനമ്മമാരൊ ചാർച്ചക്കാരൊ ജീവനോടെ ഇല്ല. രണ്ടാളും വെളുത്തിട്ടാണ്. രണ്ടാളും സുന്ദരികളാണ്. ഒരുവളുടെ പേർ ജാനു എന്നും മറ്റവളുടെ പേർ ധനം എന്നുമാണ്. നാട്ടുകൃസ്ത്യാനികൾ ആ മതത്തിൽ ചേർന്നവരെ അങ്ങിനെ ചേർന്നവരുടെ സന്താനങ്ങളൊ മാത്രമായിരിക്കകൊണ്ട്, ഹിന്തുക്കളുടെ ഇടയിൽ നടപ്പുള്ള പേരുകൾ പുലർത്തിപ്പോരുന്നവരായിരുന്നു. ജാനുവിന്റെ വെളുപ്പ് യൂറോപ്യന്മാരുടേതുപോലെ കവിഞ്ഞ മട്ടിലായിരുന്നു. ധനത്തിന്റേതു് ഇളന്നീരിന്റെ കാമ്പുപോലെ തിളക്കമുള്ളതായിരുന്നു. ജാനു ഒരു എടുത്തുചാട്ടക്കാരത്തിയും, ധനം ഒതുക്കമുള്ളവളും ആയിരുന്നു. ജാനു മുന്നാലോചന ഇല്ലാത്തവളും ധനം മുൻകരുതൽ ഉള്ളവളും ആയിരുന്നു. ജാനുവിന്ന് മുയലിനെപ്പോലെ പാഞ്ഞുകളിക്കണം. ധനത്തിന്ന് ആമയെപ്പോലെ അടങ്ങി നില്ക്കണം. ജാനുവിന്ന് പൈസ ചിലവാക്കി സ്ഥാനമാനങ്ങൾ സമ്പാദിക്കണമെന്ന പ്രേരണ ഉണ്ട്. ധനത്തിന്ന് ഉല്ക്കർഷംവേണമെന്ന ശാഠ്യമേ ഇല്ല. ജാനുവിന്ന് എത്ര കിട്ടിയാലും പോര. ധനം, കിട്ടിയതുകൊണ്ടു തൃപ്തി അടയുന്നവളാണ്. ജാനു മിന്നൽപ്പിണരാണെങ്കിൽ ധനം ചന്ദ്രികയാണ്. ജാനു മേലോട്ട് നോക്കുന്ന റോസപ്പൂവും ധനം കീഴോട്ടുനോക്കുന്ന ലില്ലിപ്പൂവുമാണ്. രണ്ടാളും അനാഘ്രാത പുഷ്പങ്ങളാണ്. അനാവേധോൽകീർണ്ണം മണികളാണ്. താർത്തേൻ അനാസ്വാദിതരസമാണ്, രണ്ടാൾക്കും ഒരേ കമ്പനിയിലാണ് ജോലി. ഒരു മുതലാളിയുടെ തുണിക്കടയിൽ ആഗതന്മാർക്കു ശീലകൾ എടുത്തുകൊടുത്ത് വില്ക്കുന്നതാണ് ആ ജോലി. തുണിവാങ്ങുന്നവർ തുണിയുടെ ഉടൽ നോക്കുന്നതിനേക്കാൾ തുണി എടുത്തു കൊടുക്കുന്നവരുടെ ഉടലാണ് നോക്കിപ്പോകുന്നത് എന്നിട്ടുകൂടി മാസത്തിൽ മുപ്പത്തഞ്ചുറുപ്പികമാത്രമേ അവർക്ക് ശമ്പളമുള്ളു. കൃത്യസമയത്ത് വരികയും കൃത്യസമയത്തു മടങ്ങുകയും ചെയ്യുന്ന ഈ രണ്ടു പൂമ്പാറ്റകളെ കാണുമ്പോൾ നോക്കിനിന്നു പോകാത്ത പുരുഷന്മാർ ഉണ്ടെങ്കിൽ അവർ പുരുഷവേഷത്തിൽ നടക്കുന്ന സ്ത്രീകളായിരിപ്പാനെ തരമുള്ളു.

ഒരു ദിവസം ഈ രണ്ടു യുവതികളും പ്രവൃത്തിയും കഴിഞ്ഞു് മടങ്ങിവരികയായിരുന്നു. അന്ന് ഇങ്ങിനെ ഒരു സംഭാഷണം നടന്നു.

**ജാനു:** ഇന്നലെ ഒരാൾ എന്നെ നോക്കി കണ്ണുകൊണ്ടു ചില ഗോഷ്ടികൾ കാണിച്ചു.

**ധനം:** നീ എന്തുകൊണ്ടു അത് മുതലാളിയോട്ട് ചെന്നു പറഞ്ഞില്ല?

**ജാനു:** മുതലാളിയോട്ട് ഞാനും അങ്ങിനെ കാണിക്കാറുണ്ട്.

**ധനം:** നിന്നെ അപ്പോൾ പിരിക്കാതെ നിർത്തിയതാണ് അത്ഭുതം.

**ജാനു:** അയാൾക്ക് അത് ഒരു നേരംപോക്കായി തോന്നിയിരിക്കും.

**ധനം:** അയാളുടെ കഥ വേറെ. അയാളെപ്പോലെയാണൊ കണ്ണിൽകണ്ടവരൊക്കെ.

**ജാനു:** ഈ കാര്യത്തിൽ പുരുഷന്മാരൊക്കെ ഒരുപോലെയാണ്.

**ധനം:** അക്കൂട്ടർ നമ്മൾ ആരെന്നാണ് ധരിച്ചിരിക്കുന്നത്?

**ജാനു:** രണ്ടു തെണ്ടികൾ എന്ന്.

**ധനം:** നമ്മൾ അവരുടെ അടുക്കെ തെണ്ടാൻ പോയൊ.

**ജാനു:** ഇല്ല.

**ധനം:** അവരല്ലെ നമ്മുടെ അടുക്കെ വരുന്നത്?

**ജാനു:** അതെ.

**ധനം:** അപ്പോൾ അവരല്ലെ തെണ്ടികൾ.

**ജാനു:** പുരുഷന്മാർ തെണ്ടുന്നത് കുറ്റമല്ല.

**ധനം:** സ്ത്രീകൾ തെണ്ടുന്നതാണൊ കുറ്റം?

**ജാ:** അതെ സ്ത്രീകൾ ഒരേടത്തു ഇരിക്കേണ്ടവരാണ്.

**ധ:** അപ്പോൾ ആഹാരം തന്നാലെ വായിൽ വന്നു വീഴുമൊ?

**ജാ:** സ്ത്രീകൾ തുറന്നുവെച്ച എലിക്കത്രിപോലെയാണു പോലും. അങ്ങിനെ ചിലർ എഴുതിയതു് ഞാൻ വായിക്കുകയുണ്ടായി.

**ധ:** പുരുഷന്മാരൊക്കെ എലികളാണോ?

**ജാ:** അതെ, എലിക്കത്രി എലികളെ പിടിപ്പാൻ പാഞ്ഞു നടക്കാറുണ്ടോ?

**ധ:** ഇല്ല. എലിയാണ് അതിൽ വന്ന് വീഴുന്നത്.

**ജാ:** അതാണ് സ്ത്രീയും പുരുഷനും തമ്മിലുള്ള വ്യത്യാസം.

**ധ:** എല്ലാ സ്ത്രീകളും തുറന്നുവെച്ച എലിക്കത്രികൾ ആണൊ?

**ജാ:** എല്ലാ പുരുഷന്മാരും അങ്ങിനെയുള്ള ദിക്കിൽ ചെല്ലാറില്ല.

**ധ:** ഏതു പുരുഷന്മാർക്കാണുപോലും അവിടെചെല്ലാൻ അധികാരം.

**ജാ:** മഹാന്മാർക്ക് എന്തുംചെയ്യാമെന്നുണ്ടല്ലോ.

**ധ:** ഇതാരുടെ വിധിയാണു പോലും?

**ജാ:** പണമുള്ളവരുടെ വിധി.

**ധ:** പണമില്ലാത്തവർക്ക് വിധിപ്പാനൊന്നും പാടില്ലെ.

**ജാ:** അവരുടെ വിധി ആരും പ്രമാണിക്കയില്ല.

**ധ:** ഭൂമിയിൽ പണം ഉള്ളവരെക്കാൾ എത്രയൊ ഇരട്ടി പണമില്ലാത്തവരല്ലെ!

**ജാ:** അതെ

**ധ:** ഭൂരിപക്ഷം അവർക്കല്ലെ ഉള്ളത്.

**ജാ:** അതെ

**ധ:** അപ്പോൾ അവരുടെ വിധിയല്ലെ പ്രമാണമായിപ്പിടിക്കേണ്ടതു്.

**ജാ:** ഭൂരിപക്ഷം അവർക്കാണെങ്കിലും അവരിലെ ഭൂരിപക്ഷവും പണക്കാർ പറയുമ്പോലെ ആടുന്നവരാണ്.

**ധ:** അതുകൊണ്ടല്ലെ വൈഷമ്യം.

**ജാ:** അത് പോക്കാൻ സാധിക്കാത്ത വൈഷമ്യമാണ് .

**ധ:** അതുപോക്കാനാണ് നാം ഉത്സാഹിക്കേണ്ടതു്.

**ജാ:** അതിന്നും ധനം വേണം.

**ധ:** എന്റെ പേരിന്റെ സ്ഥാനത്തിൽനിന്ന് ആ സാധനം എന്റെ പെട്ടിയുടെ ഉള്ളിൽ സ്ഥാനം പിടിച്ചാൽ എത്രനന്നായിരുന്നു.

**ജാ:** അപ്പോൾ നീയും പണക്കാരുടെ പട്ടികയിലാകും.

**ധ:** എന്തൊരു കഷ്ടമാണ്.

**ജാ:** കഷ്ടം പണമില്ലാത്തവർക്ക് നിത്യഗതിയാണ്.

**ധ:** ഇഷ്ടം പണമുള്ളവർക്കും.

**ജാ:** പണം വശത്താക്കാനാണ് ശ്രമിക്കേണ്ടതു്.

**ധ:** അതിന്നും പണം വേണ്ടെ വിത്തിൽനിന്നല്ലെ ചിത്തുണ്ടാകുന്നത്?

**ജാ:** പണം ഉണ്ടാക്കാനും നമുക്ക് വഴി ഉണ്ട്.

**ധ:** അതിന്ന് നോക്കുമ്പോൾ കാണത്തക്കവിധത്തിൽ വല്ല നിധിയും നിൽപ്പുണ്ടായിരിക്കണം.

**ജാ:** നമ്മുടെ പക്കൽ ഈശ്വരൻ തന്ന നിധി ഉണ്ട്.

**ധ:** ഈശ്വരൻ തന്ന നിധി മാസത്തിൽ 35 ക. അല്ലേ?

**ജാ:** പണത്തേക്കാൾ വലിയ നിധി പണം ക്ഷണം കയ്യിലാക്കാവുന്ന നിധി.

**ധ:** അതെന്താണ്?

**ജാ:** അത് നമ്മുടെ ദേഹകാന്തി.

**ധ:** പെണ്ണിന്റെ കാന്തി പുരുഷന്റെ കണ്ണീന്ന് വെച്ചു നിക്ഷേപിക്കേണ്ടുന്ന ഒരു ചെപ്പായി വരുമോ?

**ജാ:** കാന്തികൊണ്ട് പണമുള്ള പുരുഷന്മാരെ അടിമപ്പെടുത്താം.

**ധ:** വേശ്യാവൃത്തിയാണോ ധ്വനിപ്പിക്കുന്നതു?

**ജാ:** ഒരിക്കലുമല്ല.

**ധ:** പിന്നെ.

**ജാ:** കാന്തി ഉണ്ടെങ്കിൽ ധനികന്മാരെ വിവാഹം ചെയ്യാം.

**ധ:** അത് ആയിരത്തിൽ ഒന്നിന്നേ സാധിക്കയുള്ളു.

**ജാ:** നമ്മുടെ കാന്തിയും ആയിരത്തിൽ ഒന്നാണ്.

**ധ:** അതിന്നു ഭാഗ്യവും കൂടി വേണം.

**ജാ:** ഭാഗ്യം ഉണ്ടെങ്കിൽ കാന്തിയുടെ കൂടിവേണ്ട.

**ധ:** നമ്മൾ ഭാഗ്യംകെട്ടവരാണ്.

**ജാ:** എന്നാലും അർദ്ധം താൻ, അർദ്ധം ദൈവം, എന്നു കേട്ടിട്ടില്ലെ.

**ധ:** അതുകൊണ്ടെന്താ.

**ജാ:** പണമുള്ളവരെ പാട്ടിലാക്കാൻ നമ്മളുംകൂടി ശ്രമിക്കണം.

**ധ:** സ്ത്രീകൾ ശ്രമിക്കുന്നത് ഒരു വകയല്ലേ.

**ജാ:** സ്ത്രീകൾ അനുകൂലിച്ചുനിന്നാൽ മതി.

**ധ:** അതിൽ അപായം കിടക്കുന്നില്ലേ?

**ജാ:** എന്ത് അപായം.

**ധ:** ഭർത്താവില്ലാത്ത ഗർഭം.

**ജാ:** അത്രത്തോളം ബുദ്ധിമോശം നമുക്കും വന്നു പോകരുതു്.

**ധ:** അതു തുലോം പ്രയാസമാണ്.

**ജാ:** സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട.

**ധ:** അതു സൂക്ഷിച്ചാൽ പിന്നെ ഒന്നും പേടിക്കേണ്ട.

**ജാ:** അതേ, നമ്മുടെ പ്രതികൂലത്തിനും കൂടി അനുകൂലത്തിന്റെ ഫലം സിദ്ധിക്കും.

**ധ:** ഭാവി ഒക്കെ ദൈവത്തിന്റെ കയ്യിൽ കിടക്കുന്നു.

**ജാ:** ദൈവം, പുരുഷപ്രയത്നത്തിന്റെ അധീനത്തിലുമാണ്.

**ധ:** സ്ത്രീക്ക് ഒരു പ്രയത്നവും വിധിച്ചിട്ടില്ലേ.

**ജാ:** പുരുഷപ്രയത്നം എന്നുവെച്ചാൽ വമ്പിച്ച പ്രയത്നം എന്നു മാത്രം ധരിച്ചാൽ മതി.

**ധ:** സ്ത്രീക്കു പ്രയത്നംകൊണ്ടു കിട്ടുന്നതു് ഗർഭമാണ്.

**ജാ:** ഗർഭവും ഒരു വലിയ നിധിയാണ്.

**ധ:** ആ നിധി ഗുണത്തിന്നും ദോഷത്തിനും മതി.

**ജാ:** എല്ലാ നിധിയുടേയും സ്ഥിതി അങ്ങിനെയാണ്.

**ധ:** ഗർഭം കെണിയുന്നതു് നിന്ദ്യമാണെന്ന് ആർക്കും കരുതുവാൻ പാടില്ല.

**ജാ:** എല്ലാ സംഗതികളിലും അങ്ങിനെ കരുതിവരുന്നില്ല.

**ധ:** നിന്ദിക്കേണ്ടതു് മച്ചികളേയാണ്.

**ജാ:** മച്ചി എന്നതിന്റെ പുല്ലിംഗമായ ചില പുരുഷന്മാരും ഉണ്ട്.

**ധ:** ഗർഭോല്പാദനശക്തി ഇല്ലാത്ത പുരുഷന്മാരോ!

**ജാ:** അതേ.

**ധ:** അപ്പോൾ ഭാര്യ പ്രസവിക്കാത്തതു് ആരുടെ കുറ്റമാണ്.

**ജാ:** അതും സ്ത്രീകളുടേതു തന്നെ.

**ധ:** നിങ്ങളാണെങ്കിൽ എന്തുചെയ്യും?

**ജാ:** ഞാൻ അവനെ ഉപേക്ഷിച്ച് ഇഷ്ടമുള്ളവരെ പ്രാപിക്കും.

**ധ:** ഞാനും അങ്ങിനെ ചെയ്യും.

**ജാ:** എന്നാൽ ഒരു കാര്യമുണ്ട്? ഗർഭമുണ്ടാവാൻ എളുപ്പമാണ്.

**ധ:** അതു സാരമില്ലെന്നുവെക്കണം ഗർഭം പെണ്ണുങ്ങൾക്ക് അസ്സലല്ലേ?

**ജാ:** ഭർത്താക്കന്മാർ ഇല്ലാത്തതാണെങ്കിൽ അതും വൈശികമാണെന്ന് എണ്ണപ്പെടും.

**ധ:** അതു ദിവ്യമാണെന്നു നമ്മൾ ധരിച്ചാൽ മതി.

## — 2 —

# വിധിയുടെ ചൂണ്ടുവിരൽ

"ആനന്ദം" എന്ന നാടകക്കമ്പനിയുടെ അതിഥിഹോൾ പണക്കാരും ജോലിത്തിരക്കില്ലാത്തവരും നേരം പോക്കിന്നു മാർഗ്ഗം തേടുന്നവരും ആയ ജനങ്ങളെക്കൊണ്ട് നിറഞ്ഞിരുന്നു. അവരൊക്കെ ഭക്ഷണദൗർബല്യം ഇല്ലാത്തവരും ഐശ്വര്യമത്തരും സുഖജീവിതക്കാരും വിനോദതല്പരന്മാരും ആയിരുന്നു. അക്കൂട്ടത്തിൽ ഒരാളാണ് ജെറാൾഡ് ഭാസ്കരൻ എന്ന തരുണൻ. അയാൾ തന്നോടുതന്നെ പിറുപിറുത്തു. "ഒരേമാതിരി എന്ന് എപ്പോഴും തോന്നിപ്പോകുന്നു. എല്ലാ രാത്രിയിലും വരുന്നത് വെവ്വേറെ ജനങ്ങളാണെങ്കിലും ഒരേക്കൂട്ടരാണെന്ന് തോന്നിപ്പോകുന്നു." കഴിഞ്ഞ രണ്ടാഴ്ചകളിൽ ഒരു രാത്രി ഒഴികെ സകല രാത്രികളിലും അയാൾ നാടകം കാണ്മാൻ ഹാജരുണ്ടായിരുന്നു. എന്നാൽ അയാളുടെ ഉദ്ദേശം ഒന്ന് വേറെ ആയിരുന്നു. അയാൾ എപ്പോഴും വന്നിരുന്നത് ആ നാടകക്കമ്പനിക്ക് "ആനന്ദം" എന്ന പേരിടാൻ ഹേതുഭൂതയായ ആനന്ദവല്ലി എന്നു പേരായ നടിയെ കാണ്മാൻ വേണ്ടിയാണ് നാടകശാലയുടെ മുൻവശത്ത് വരച്ചുവെച്ച ആനന്ദവല്ലിയുടെ വലിയ ചിത്രം അയാൾ വളരെ കൗതുകത്തോടെ നോക്കി. അവളുടെ നീലവേണിയും ഉരുളിച്ചപൂണ്ട ഉടലും മനോഹരമുഖവും എത്രകണ്ടാലും അയാൾക്ക് മട്ടുപ്പുതോന്നാറില്ല. "ആനന്ദവല്ലിയുടെ സൗകുമാര്യം ആരാധ്യംതന്നെ അല്പനിമിഷത്തിന്നുള്ളിൽ എല്ലാവരും കാണേ അവൾ രംഗത്തിൽ പ്രവേശിക്കുന്നുണ്ടാകും. അവളുടെ ഭാഗം അഭിനയിച്ചു കഴിഞ്ഞാൽ എന്റെ ഒപ്പം രാത്രിഭക്ഷണത്തിന്നു റസ്റ്റോറണ്ടിൽ വരാനും വാഗ്ദത്തംചെയ്തിട്ടുണ്ട്. ഒരു സമയം എനിക്കു ഇന്നുരാത്രി എന്നെ വിവാഹം കഴിപ്പാൻ സമ്മതമൊ എന്ന്" ചോദിപ്പാൻ ഒരു അവസരം കിട്ടുവാനുംമതി. ജെറാൾഡ് ഭാസ്കരന്ന് ആനന്ദവല്ലി തന്റെ ഏകൈകപ്രണയഭാജനമാണ്. അവളെ വിവാഹം കഴിക്കണം എന്ന വലിയ പിടിത്തവും ഉണ്ട്. അവളെ പ്രേമിച്ചുമുതല്ക്ക് അയാൾ ബാക്കി സുന്ദരാംഗികളുടെ മുഖത്തുകൂടി നോക്കാതായി.

അവളുടെ പടവുംനോക്കി എത്രനേരം അവിടെത്തന്നെ നിന്നുപോയി എന്ന് അയാൾക്കു നിശ്ചയം ഉണ്ടായിരുന്നില്ല. അയാൾ അവിടുന്ന് തിരിഞ്ഞു. അതിഥിഹാളിൽ അപ്പോൾ ആളുകൾ അധികം ഉണ്ടായിരുന്നില്ല. അവിടെ ഒരു മോശം ചേലയും ഉടുത്ത്, ആഭരണങ്ങൾ അധികം ഇല്ലാത്തതു കൊണ്ട് ധനികയല്ലെന്നു തെളിയുന്ന ഒരു അഴകുള്ള യുവതിയെ കണ്ടു വെണ്ണാരക്കല്ല് പാവിയ നിലത്ത്, തലയുംതാഴ്ത്തി, വീണുപോയ എന്തോ ഒന്ന് കണ്ടുപിടിപ്പാൻ കണിശമായി നോക്കി നടന്നിരുന്നു. അവൾ നിലവുംനോക്കിക്കൊണ്ട് ഭാസ്കരനേയും കടന്നുപോകുമ്പോൾ, അയാൾ എത്രയോ മര്യാദയിൽ "എന്താ! നിന്നോട്ട് വല്ലതും വീണുപോയൊ എന്നെക്കൊണ്ട് വല്ല ആവശ്യവും ഉണ്ടൊ? ഞാൻ എന്തുവേണം എന്നുപറഞ്ഞാൽ മതി" എന്നു ചോദിച്ചു.

അവൾ ഈ ചോദ്യം കേട്ടപ്പോൾ ഒന്നു ഞെട്ടി. തല ഉയർത്തി ഭാസ്കരന്റെ മുഖത്ത് നോക്കിയപ്പോൾ അവളുടെ കവിൾത്തടം കണ്ണീർകൊണ്ട് നനഞ്ഞതായിക്കണ്ടു. ഒരുതുള്ളിക്കണ്ണീരുംകൂടി ഉറ്റിവീണപ്പോൾ അവളുടെമുഖം ലജ്ജകൊണ്ട് ചുകന്നു.

**അവൾ:** എന്റെ ടിക്കറ്റ് വീണുപോയി.

അവളുടെ ശബ്ദത്തിന്റെ ഇടർച്ച കടുപ്പമായ ആശാഭംഗം സ്ഫുരിപ്പിച്ചു.

**ഭാസ്കരൻ:** അതു കഷ്ടമായിപ്പോയല്ലൊ?

ഇത്രയും പറഞ്ഞപ്പോൾ ഭാസ്കരന്ന് വളരെ അനുകമ്പതോന്നി. അദ്ദേഹം അവളെ ആപാദചൂഡം ഒന്നു നോക്കി അവൾ നിസ്സഹായതയിലും ഭ്രമത്തിലും നിമഗ്നയായിരുന്നു.

**ഭാ:** നീ ടിക്കറ്റ് വില്ക്കുന്ന ആളോട്ട് അന്വേഷിച്ചു നോക്കിയൊ?

**അവൾ:** അതെ അവർക്കൊന്നും ചെയ്‌വാൻ സാധിക്കയില്ല. വാസ്തവത്തിൽ അത് ഞാൻ അവരോടു വാങ്ങിയ ടിക്കറ്റ് അല്ലായിരുന്നു. അത് എനിക്ക് ഒരാൾ തന്നതാണ്. അതൊക്കെ ഇപ്പോൾ പറഞ്ഞിട്ടു കാര്യമില്ല. ഇനി വീട്ടിലേയ്ക്കു മടങ്ങിപ്പോകുന്നതാണ് നല്ലത്.

അവൾ നിവർന്നുനിന്നു മടങ്ങിപ്പോവാൻ ഭാവിച്ചു. ഭാസ്കരന്റെ കണ്ണ് തുറന്നു. ഈശ്വരോ രക്ഷ! ഈ ഒന്നിനും കൊള്ളാത്ത നാടകം കാണ്മാൻ ഒരുമ്പെടുന്നവരും ഉള്ളതാണ് അത്ഭുതം. തനിക്ക് ഇതൊക്കെ കണ്ടിട്ട് മടത്തുപോയിരിക്കുന്നു. ആനന്ദവല്ലിയുടെ വിചാരംകൊണ്ട് മാത്രമാണ് അയാളെ അവിടെ കാണ്മാൻ സംഗതിയായത്. ഈ സാധുപ്പെണ്ണിന് വലിയ ഇച്ഛാഭംഗം ആയിപ്പോയി. ആരോ ഒരാൾ ദയവിചാരിച്ച് ഈ പെണ്ണിന്ന് ഒരു ടിക്കറ്റ് കൊടുത്തിട്ടുണ്ടായിരിക്കും. വളരെക്കാലം കഴിഞ്ഞാലേ മറ്റൊരു അവസരം ഇങ്ങിനെ അവൾക്കു കിട്ടുവാൻ ഇടയുണ്ടാകയുള്ളു.

**ഭാസ്കരൻ:** (നിർബ്ബന്ധത്തോടെ) നോക്കു. നീ അങ്ങിനെ ശൂമ്മാ മടങ്ങിപ്പോവാൻ പാടില്ല. ഏതായാലും കളികാണ്മാൻവേണ്ടി നീ ഇത്രത്തോളം ബുദ്ധിമുട്ടി ഇവിടെ വന്നല്ലൊ ഞാൻ യഥാർത്ഥത്തിൽ ഒരു "ബോക്സ്" മുഴുവനും മേടിച്ചു വെച്ചിട്ടുണ്ട്. ഞാൻ ഒറ്റയ്ക്കെ ഉള്ളു. നിനക്ക് അവിടെ വരാം. നാല് കസേലകൾ ഉണ്ട് ഞാൻ ഒന്നിൽ ഇരുന്നാൽ ബാക്കി മൂന്നു കസേലകൾ കാലിയായിക്കിടക്കും. അതിൽ ഒന്നിൽ നിണക്കു സുഖമായിരുന്ന് കളി കാണാമല്ലോ.

അവന്റെ നീണ്ടുമെലിഞ്ഞ അഴക്കില്ലാത്ത കോലം അവൾ നല്ലവണ്ണം ഒന്നുനോക്കി. തന്നെത്താനറിയാതെ അവൾ മന്ദഹസിച്ചു.

**അവൾ:** ഞാൻ ഒരു ഉപദ്രവമായിരിക്കയില്ലേ!

അയാൾ ചിരിച്ചു. ധനത്തിന് അയാളുടെ മെലിഞ്ഞു ദൃഢഗാത്രവും കറുത്തകണ്ണും തടിച്ച കൺപുരികവും ചതുരത്തിൽ നില്ക്കുന്ന താടിയെല്ലാം വളരെ ബോധിച്ചു. അവൾ പുളകിതഗാത്രിയായി. അയാൾ അവളുടെ ചുമലിൽ കൈവെച്ച് "ബാക്സിൽ" കൊണ്ടുപോയി ഇരുത്തുമ്പോൾ അവളുടെ ഹൃദയം കലശലായി സ്പന്ദിച്ചിരുന്നു.

അയാൾ നാടകക്കമ്പനിയിലെ ഒരു ദാസനോട്ട് രണ്ട് നോട്ടീസ്സുവാങ്ങി. സമീപം ഉണ്ടായിരുന്ന "സ്റ്റാളിൽ" നിന്ന് ഒരു വലിയപെട്ടി "ചേക്കളേറ്റ്" വാങ്ങി. അതിന്റെ മീതെ പത്തുറുപ്പികയുടെ ഒരു നോട്ടുംവെച്ച് ഒരു ചുകന്ന "റിബൺ"കൊണ്ടു കെട്ടി അവൾക്കു കൊടുത്തു ചില്ലറ ഒന്നും ഷാപ്പുകാരൻ മടക്കിക്കൊടുത്തതായി കണ്ടില്ല. "ചോക്കളേറ്റ്" പെട്ടി അവളുടെ അരികെ "സീറ്റിൽ" വെച്ചപ്പോൾ ധനം നിഷേധിപ്പാൻ ഒരുമ്പെട്ടു എങ്കിലും അയാൾ കൈകൊണ്ട് വിലക്കി.

**ഭാ:** യുവതികൾ ഈ മാതിരി സമ്മാനം കാംക്ഷിക്കുകയും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. അല്ലെങ്കിൽ ഒരു വക സന്തോഷം പോയ്പോകും.

ധനത്തിന് അനുഭവമായത് ഒരു ആനന്ദസ്വപ്നമാണ് ആ സമയത്ത് തിരശ്ശീലപൊന്തി നാടകം ആരംഭിച്ചു. എന്നാൽ ആനന്ദവല്ലി രംഗത്തിൽ പ്രവേശിച്ച മുതൽ ജെറാൾഡ് ഭാസ്കരന്റെ ശ്രദ്ധമുഴുവനും അവളുടെ ദേഹത്തിന്മേൽ പതിഞ്ഞു. ആനന്ദവല്ലിയുടെ സൗന്ദര്യം ദിവസം ചെല്ലുന്തോറും ജാസ്തിയാകുന്നു. അവളുടെ മുഖത്ത് ജന്മിത്വം കുറിക്കുന്ന തേജസ്സും കൂടി ഉണ്ടായിരുന്നു. ഒരു മൃഗസ്വഭാവക്കാരനെ വിവാഹം കഴിക്കേണ്ടിവന്ന ഒരു യുവതിക്ക് ജീവിതം ഭാരമായിത്തീർന്ന ഭാഗമായിരുന്നു ആനന്ദവല്ലി അഭിനയിച്ചത്. ആ യുവതിയെ മറ്റൊരു പുരുഷൻ പ്രേമിക്കുന്നുണ്ട്. ആ മറ്റൊരു പുരുഷനെ യുവതിയും പ്രേമിക്കുന്നുണ്ട്. എന്നാൽ സ്ത്രീധർമ്മം പരിപാലിക്കാൻവേണ്ടി യുവതി ആ പ്രിയ കാമുകനെ തിരസ്കരിക്കുന്നു. ആ തിരസ്കരണം നല്ല തന്മയത്വമായി അഭിനയിക്കാൻ ശീലിച്ചിട്ടുണ്ട്. ആ പാർട്ട് അത്ര ഭംഗിയിൽ അഭിനയിക്കാൻ അവളെപ്പോലെ ആരും ഉണ്ടായിരുന്നില്ല. ആ യുവതിയുടെ പാർട്ട് (part) ആനന്ദവല്ലിയുടെ അഭിനയംകൊണ്ട് അത്ഭുതവശീകരണം ഉള്ളതായിത്തീർന്നിട്ടുണ്ട്. അവളുടെ ഗാംഭീര്യവും സ്വാർത്ഥമില്ലായ്മയും വളരെ വെളിവാക്കിവിട്ടിട്ടുണ്ട്.

പിന്നീട് ബേന്റ്‌വാദ്യക്കാർ (Band) കളി പിരിഞ്ഞു എന്നറിയിക്കുന്ന വാദ്യം മുട്ടിത്തുടങ്ങി. അപ്പോൾ തന്റെ അരികെ കുത്തിയിരുന്ന പെണ്ണ് എഴുന്നേറ്റ് നന്ദിസൂചകമായി ഭാസ്കരന്റെ മുഖത്ത് ഒന്നുനോക്കി. തിളങ്ങിക്കൊണ്ടിരുന്ന ആ കണ്ണുകൾ ലജ്ജകൊണ്ട് നിലംനോക്കും പടിതാഴ്ത്തി. അയാൾ അവളേയും കൂട്ടി പുറത്തേയ്ക്കു വരുമ്പോൾ കളിയെപ്പറ്റി അവളുടെ അഭിപ്രായം ചോദിച്ചു. കളി വളരെ അസ്സലായിട്ടുണ്ടെന്നും ആനന്ദവല്ലിയുടെ അഭിനയം മറക്കത്തക്കതല്ലെന്നും അവൾ വളരെ രസിച്ചവിധത്തിൽ പറഞ്ഞു. അവസാനത്തെ അഭിപ്രായം അദ്ദേഹത്തെ ആനന്ദമത്തനാക്കി.

**ഭാസ്കരൻ:** എനിക്ക് അരമണിക്കൂർ കഴിഞ്ഞാൽ ഒരു കാര്യത്തിൽ തലകൊടുക്കാനുണ്ട്. അതുകൊണ്ട് എന്റെ കാറിൽ നിന്നെ വീട്ടിൽ കൊണ്ടുവിടാൻ എനിക്കു ധാരാളം അവസരം ഉണ്ട്.

ഇതുകേട്ടപ്പോൾ പാരവശ്യംകൊണ്ട് ധനത്തിന്റെ ഗണ്ഡങ്ങൾ ചുകന്നു. പരിണാമരമ്യയായ വസന്തകാലത്തിലെ മന്ദമാരുതൻ അവളെ തലോടിയപ്പോൾ ചൈതന്യംകൊണ്ട് അവളുടെ നാഡി ജാഗ്രതയായി സ്പന്ദിച്ചു. ഈ യാദൃച്ഛിക സംഭവം ക്ഷണം കഴിഞ്ഞുപോയപോലെ തോന്നി. അവളുടെ ശൂന്യമായ ജീവിതദശയിൽ ഇങ്ങിനെ ഒരു തിളങ്ങിയ സംഭവം ഇതുവരെ ഉണ്ടായിട്ടില്ല. അവൾ പ്രവൃത്തി എടുത്തിരുന്ന ഷാപ്പിന്റെ ഉടമയായ പീറ്റർ മല്ലേശന് അന്നു രാവിലെ അവൾക്കു ഒരു ടിക്കറ്റു കൊടുക്കാൻ തോന്നിയത് ഭാഗ്യമായി.

റഹമസ്ഥാനം തെരുവിന്റെ സമീപത്തിൽ എത്തിയപ്പോൾ വലിയ കെട്ടിടങ്ങൾ നിവർന്നുനില്ക്കുന്ന ഒരു സ്ഥലം അവൾ ഭാസ്കരന്നു ചൂണ്ടിക്കാണിച്ച്, കാർ അവിടെ നിർത്തിയാൽ മതി എന്നു പറഞ്ഞു എന്തുകൊണ്ടെന്നാൽ അവൾ പാർക്കുന്ന ചെറ്റപ്പുര ഭാസ്കരൻ കാണുന്നതിൽ അവൾക്കു ലജ്ജ ഉണ്ടായിരുന്നു. അവളും അവളുടെ മച്ചിനച്ചി ജാനുവും പാർപ്പിടമായി ഉപയോഗിച്ചിരുന്ന വീട്ടിൽ രണ്ടു മുറിയും ഗുഹപോലെ ഇടുങ്ങിയ ഒരു കുസ്സിയും മാത്രമേ ഉണ്ടായിരുന്നുള്ളു. കാർ ശബ്ദമില്ലാതെ ഒരേടത്തു നിർത്തി. ഭാസ്കരൻ വാതിൽ തുറന്ന് അവളെ ഇറക്കി അവളുടെ കൈപിടിച്ചു കുലുക്കി "ഗുഡ്നൈറ്റ്! ഇന്നത്തെ പൂർവ്വനിശ എനിക്കു വളരെ സന്തോഷം ഉണ്ടാക്കി. നീ എന്റെ കൂടെ ശങ്കകൂടാതെ വന്നത് വളരെ ഉപകാരമായി" എന്നും പറഞ്ഞു. കാറിൽ കേറി ഓടിച്ചു. ക്രമേണ കാറിന്റെ പിന്നിൽ ഉണ്ടായിരുന്ന ചുകന്ന വെളിച്ചം അപ്രത്യക്ഷമായി. ഭാസ്കരൻ അവളുടെ പേരെന്തെന്നു ചോദിക്കാൻ വിട്ടുപോയി. അവളും ഭാസ്കരനോടു പേർ ചോദിച്ചിരുന്നില്ല. അവളോടു പിന്നെ ഒരിക്കൽ കാണാം എന്നുകൂടി പറഞ്ഞിരുന്നില്ല. അവളുടെ മുന്നിൽ പെട്ടെന്നു പ്രത്യക്ഷമായപോലെതന്നെ അയാൾ പെട്ടെന്ന് തിരിച്ചുപോകയും ചെയ്തു.

"അങ്ങിനെ വരാൻ പാടുണ്ടോ!" ധനത്തിന്റെ തല ഉയർന്നു. അവളുടെ മൂക്കിൻതുളകൾ വികസിക്കുകയും വിറയ്ക്കുകയും ചെയ്തു. "ഞാൻ ഇനിയും അയാളെ കണ്ടുമുട്ടും എനിക്ക് അതു തീർച്ചയാണ്" എന്നിങ്ങിനെ വരാൻപോകുന്ന ഒരു കാര്യത്തിന്റെ ഒരു ചുഴവന്നപോലെ അവൾ മന്ത്രിച്ചു.

## 3

# ആനന്ദവല്ലി

ധനത്തേയും പിരിഞ്ഞു കാറിൽ കയറിയ ഉടനെത്തന്നെ അന്ന സന്ധ്യയ്ക്കുശേഷം ധനത്തെ കണ്ടുമുട്ടിയതും, അവളെ കളിക്കു കൂട്ടിക്കൊണ്ടുപോയതും അവളെ ആദരിച്ചതും എന്നു വേണ്ട അവളെത്തന്നെയും ഭാസ്കരൻ മറന്നുകഴിഞ്ഞിരിക്കുന്നു. അങ്ങിനെ ഒന്നു പെട്ടെന്നു തോന്നീട്ട് അയാൾ ധനത്തിന്നു വേണ്ടി ചില നന്മകൾ ചെയ്തു എന്നേഉള്ളു. ധനത്തെ ഒരു സഹായവുമില്ലാത്ത ശോച്യസ്ഥിതിയിൽ കണ്ടപ്പോൾ ജനിച്ച അനുകമ്പകൊണ്ട് അങ്ങിനെ ഒക്കെ ചെയ്തു എന്നേഉള്ളു. എന്നാൽ ഭാസ്കരന്റെ മനസ്സിൽ ഒരൊറ്റത്തരുണിയുടെ വിചാരം മാത്രമേ ഉണ്ടായിരുന്നുള്ളു. അയാളുടെ മനസ്സിൽ മറ്റൊരു തരുണിക്കും കൂടി കടന്നുകൂടാൻ സ്ഥലം കേവലം ഇല്ലായിരുന്നു. ആ ഒറ്റത്തരുണി സുന്ദരിയായ ആനന്ദവല്ലി ആയിരുന്നു. പ്രഥമവീക്ഷണത്തിൽതന്നെ അവളുടെ രമണീയതകളുടെ ആകർഷണത്തിൽപ്പെട്ടു ഭാസ്കരൻ കെണിഞ്ഞുപോയിരിക്കുന്നു. ആനന്ദവല്ലി അനുകൂലയായിനില്ക്കുന്നപക്ഷം അവളെ വിവാഹം കഴിപ്പാൻ ഭാസ്കരൻ ഒരുക്കമായിരുന്നു. ആനന്ദവല്ലിയോടു ഭാസ്കരന്നു തോന്നിയ പ്രേമം സീമാതീതമായിരുന്നു. ഭാസ്കരൻ സുന്ദരനാണ്... തരുണനാണ്... ധനികനാണ്... ലോകം അറിഞ്ഞവനാണ്... സ്ത്രീകളുമായി ഇടപെട്ടവനാണ്. എന്നിട്ടുകൂടി ആനന്ദവല്ലിയോട് ഒത്തുനോക്കുമ്പോൾ, താൻ താണവനും, ഒന്നിനും കൊള്ളരുതാത്തവനും അവൾക്കു പറ്റാത്തവനും ആണെന്നു ഭാസ്കരന്ന് തോന്നിപ്പോകുന്നു.

അവളെ നാടകശാലയിൽ അന്നുരാത്രി ഒരു പ്രത്യേകസമയത്ത് കാണും എന്ന ഏർപ്പാട്ട് അവർ മുൻകൂട്ടി ചെയ്തുവെച്ചിരുന്നു. എന്നാൽ സമയമാകുംമുമ്പേ വളരെ നേരത്തെ അയാൾ നാടകഹാളിന്റെ വാതില്ക്കൽ ചെന്നു. ദ്വാരപാലകന്ന് (വാതിൽ കാവല്ക്കാരന്ന്) അയാളെ നല്ലവണ്ണം അറിവുള്ളതുകൊണ്ട് ഉടനെത്തന്നെ വാതിൽതുറന്ന് അയാളെ ഉള്ളിൽ കടത്തിവിട്ടു. ഭാസ്കരന്റെ കണ്ണുകൾ ആശകൊണ്ട് മിന്നിയിരുന്നു. ഭ്രമം കൊണ്ട് അയാളുടെ ഹൃദയം തുടിച്ചിരുന്നു. ആനന്ദവല്ലിയുടെ തോഴി, യജമാനത്തിയുടെ ഉടുപ്പുകൾ അണിയുന്ന സ്വകാര്യമുറിയിലേയ്ക്കു വഴി കാണിച്ചുകൊടുത്തു. ആനന്ദവല്ലി, അവളുടെ ദേഹശോഭ നല്ലവണ്ണം തെളിഞ്ഞുകാണുംവിധം ഒരു നേരിയ തുണിയും ഉടുത്ത് ഒരു മേശയുടെ അരികെ കസേലമേൽ ഇരിക്കുകയായിരുന്നു.

**ആനന്ദവല്ലി:** നിങ്ങൾ അയച്ച പൂക്കൾ എനിക്കു കിട്ടി. അവ മനോഹരങ്ങളായിരുന്നു.

**ഭാസ്കരൻ:** നിന്റെ മുഖംപോലെ മനോഹരമായ മറ്റൊരു വാസ്തുവും ഉണ്ടായിരിക്കയില്ല.

എന്നും പറഞ്ഞു് അവളുടെ കൈപിടിച്ച് പൊന്തിച്ച് അതിന്മേൽ അയാൾ ഒരു ചുംബനം പതിപ്പിച്ചു, അപ്പോൾ ആ മുറിയുടെ വാതിൽ തുറക്കുംപോലെ തോന്നിട്ട് കയ്യുടെ പിടുത്തം വിട്ടു. മുറിയിൽ ചുരുട്ടും വലിച്ചുകൊണ്ട് ഒരു വീങ്ങിയ ചുകന്ന മുഖക്കാരൻ കൂസലില്ലാതെ കേറിവന്നു. നടിയുടെ മുഖത്ത് ഒരു ദ്രോഹമോ വല്ലായ്മയോ സ്ഫുരിച്ചു. ഭാസ്കരന്റെ പിൻഭാഗത്തു നിന്നിട്ട് അവൾ ആഗതനെനോക്കി ചില ആംഗ്യങ്ങൾ കാട്ടി. അതൊന്നും അയാൾ കണ്ടവാറാക്കിയില്ല. അടുത്തുണ്ടായിരുന്ന ചാരുകസേലമേൽ കുറേനേരം കിടന്നതിൽപിന്നെ അയാൾ എഴുന്നേറ്റ് ആരോടും മിണ്ടാതെ ഒരു മേശയുടെ അടുക്കെച്ചെന്ന് അതിന്മേൽ വെച്ചിരുന്ന വിസ്കിയും സോഡയും ഒരു ഗ്ലാസ്സിൽ വേണ്ടുന്നത്ര പകർന്നു കുടിച്ചു. അതിനിടയ്ക്കു അയാൾ ഭാസ്കരനേയും ഒരു നോക്കു നോക്കി.

**ആഗതൻ:** ഞാൻ ഊഹിച്ചതിലും ഒരുദിവസംമുമ്പേത്തന്നെ ബോമ്പായിൽ നിന്നു മടങ്ങി എത്തി. വല്ലി! നിന്റെ ഈ ചങ്ങാതി ആരാണു?

ആനന്ദവല്ലിയുടെ ചുകന്ന ചുണ്ടുകൾ ഉള്ളിലോട്ടു വലിഞ്ഞു. ഒരു വരപോലെ നേർമ്മയായി "ഇത് എന്റെ ഒരു സ്നേഹിതനായ ജെറാൾഡ് ഭാസ്കരനാണ്" എന്നു മാത്രം പറഞ്ഞു്, അവൾ ആഗതനെപ്പറ്റി ഒന്നും മിണ്ടാതെ കഴിച്ചു.

**ആഗതൻ:** (അല്പം ലഹരിപിടിച്ച സ്വരത്തിൽ) കണ്ടതു വളരെ സന്തോഷമായി എന്റെ ഭാര്യയുടെ ഏതു ചങ്ങാതിയും എന്റേയും ചങ്ങാതിയാണെന്നു ഞാൻ വിചാരിക്കും.

**ഭാസ്കരൻ:** നിങ്ങളുടെ ഭാര്യയൊ!

അറിയാതെകണ്ടുതന്നെ ഭാസ്കരന്റെ നാവിൽനിന്ന് ഈ ചോദ്യം വീണുപോയി. ഒരു തല്ല് കിട്ടിയപോലെ ഭാസ്കരൻ ഒന്നു ഞെട്ടിപ്പോയി. അയാൾ ഇങ്ങിനെ ഒരു കാര്യം സ്വപ്നത്തിൽകൂടി വിചാരിച്ചിരുന്നില്ല. ആനന്ദവല്ലി വിവാഹം കഴിഞ്ഞുപോയ ഒരുവളോ! വിവാഹാന്വേഷണത്തിന്ന് സന്നദ്ധനായിട്ടല്ലെ അന്നു ഭാസ്കരൻ പ്രത്യേകിച്ചു വന്നത്!

നടി (ആനന്ദവല്ലി) വിശേഷവിധിയായി ഒന്നും പറയുന്നതല്ലെന്നഭാവത്തിൽ "നിങ്ങൾ ഇതുവരെ എന്റെ ഭർത്താവിനെ കണ്ടിരുന്നില്ലേ!" എന്നു ചോദിച്ചു. ആ സമയത്ത് അവൾ ഒരു മിന്നിച്ചകണ്ണോട്ടുകൂടെ തന്റെ ഭർത്താവിനെ സോദ്ദേശം നോക്കിയിരുന്നു.

**ആഗതൻ:** വല്ലതും കഴിക്കുന്നതിന്ന് വിരോധം ഉണ്ടോ? നമുക്ക് സേവോയി റസ്റ്റോറണ്ടിൽ പോകാം . എന്തുപറയുന്നു?

വാസ്തവത്തിൽ ആ ഹോട്ടലിൽ ഭാസ്കരന്ന് സ്വന്തമായി ഒരു മുറികൂടി ഉണ്ട്. അതിൽ രണ്ടാൾക്കു സുഖമായിരുന്ന് ഭക്ഷണം കഴിപ്പാനുള്ള ഏർപ്പാടും മറ്റും ഉണ്ട്. എന്നാലും അത് പാടില്ലെന്നുവെച്ചു. മൂന്നാളാകുമ്പോൾ ഒരാൾ ജാസ്തിയായി എന്നു തോന്നും. ഭാസ്കരൻ ചില ഒഴികഴിവുകളും പറഞ്ഞു ക്ഷണം അവിടംവിട്ടു. അവൻ ഇടനാഴിയിൽകൂടെ പുറമെ വന്ന് ശാന്തമായ ആ വസന്തരാത്രിയിൽ മുഴുകിനിന്നു.

തലയുംതാഴ്ത്തി ചുണ്ടുകൾ മുറുകെകടിച്ച് അയാൾ ഉദ്ദേശമില്ലാതെ തെരുവുകൾതോറും നടന്നു. അയാൾ ഇതുവരെ ജീവിച്ചത് ചിന്താനിർമ്മിതമായ ഒരു സ്വർഗ്ഗത്തിൽ മാത്രമായിരുന്നില്ലേ! അവൻ അന്ധനും മൂഢനും ആയ ഒരു വെറും കഴുത ആയിപ്പോയില്ലേ! "ആനന്ദവല്ലിയെ എനിക്ക് കുറ്റം പറവാൻ പാടില്ല" എന്ന് ഭയങ്കരമായി അയാൾ തന്നോടുത്തന്നെ പിറുപിറുത്തു. അവളുടെ സ്വന്തം കാര്യങ്ങളെപ്പറ്റി അവൾ യാതൊന്നും ഇതുവരെ പറഞ്ഞിരുന്നില്ല. അവൾ അയാളേ പ്രേമസൂചകമായ കടാക്ഷംകൊണ്ട് അഭിഷേകിച്ചിരുന്നത് ശരിയാണ്. എന്നാലുംകൂടി അയാളെ അവൾ ദൃഢമായി പ്രേമിച്ചിട്ടുണ്ടെന്ന് ഊഹിപ്പാൻ വഴിവെച്ചുകൊടുത്തിട്ടില്ല. അവൾ അയാളെ വഞ്ചിച്ചിട്ടില്ല. ഈ കാര്യത്തിൽ വിഡ്ഢിത്തം പ്രവർത്തിച്ചത് അയാൾ തന്നെയാണ്. ആ തെറ്റ് മിണ്ടാതെ ചുമക്കേണ്ടുന്ന ഭാരവും അയാളുടെതാണ്. വിവാഹം കഴിച്ച പെണ്ണുങ്ങളുമായി രഹസ്യംപിടിക്കുന്ന നീചസ്വഭാവം അദ്ദേഹത്തിന്നു കേവലം ഇല്ല.

# 4
## ജാനുവും ധനവും

"ഓ! ധനം! ധനം! നാളെയാണ് എന്റെ വിവാഹം"

തങ്ങളുടെ പൊതുവായ ഉറക്കമുറിയിൽ ജാനുവായ തന്റെ മച്ചിനച്ചി ഇങ്ങിനെ നിലവിളിച്ചുകൊണ്ട് ഇടിയെ പൊളിയെ കുതിച്ചുവന്നപ്പോൾ ധനം താൻ കിടന്നിരുന്ന കിടയ്ക്കമേൽ ഒരു കൈമുട്ടുംകുത്തി എഴുന്നേറ്റു. ജാനു സുന്ദരിയും മാംസളയും, നീലക്കണ്ണിയും അനഘയും പ്രസന്നയും ആയിരുന്നതുകൊണ്ട് അവൾ ക്ഷണത്തിൽ വിവാഹിത ആകുന്നതിൽ ആശ്ചര്യപ്പെടുവാനില്ല. അവൾക്ക് "സ്റ്റൈയിലും" പ്രസരിപ്പും അഴകും കണക്കിലേറെ ഉണ്ട്. എടുത്തുചാട്ടവും ധാരാളം കാണും.

"ഓ, ജാനു നീ ആളുകൾക്ക് രോമഞ്ചം ഉണ്ടാക്കുന്നല്ലോ".

ധനത്തിന്റെ കണ്ണുകൾ മിന്നി. എന്നാൽ പുറമെ തിളങ്ങിയ പ്രസന്നത ഉള്ളിൽ പൊങ്ങിയ ഒരു ചെറിയ അസൂയയുടെ നിഴൽ മായിച്ചുകളഞ്ഞു.

**ധനം:** ആരാണയാൾ? അയാളെപ്പറ്റി എല്ലാവിവരവും എന്നോടു പറയൂ. ഓ. നിണക്ക് ശുഭംവരട്ടെ എന്നാണു എന്റെ പ്രാർത്ഥന.

**ജാനു:** അയാൾ ബില്ലിമഹേശൻ എന്ന നടനാണ്.

**ധനം:** ജാനു! നിന്റെ ദശ തെളിഞ്ഞു ഭാഗ്യംവന്നു.

മഹേശൻ ഒരു വലിയ നാടകക്കമ്പനിയിലെ പ്രസിദ്ധതാരമായിരുന്നു. അദ്ദേഹത്തിന്റെ ഫോട്ടൊ കൂടക്കൂടെ വരാത്ത വാരികയൊ മാസികയൊ ദിനപത്രമൊ ഇല്ല. അനേകം കന്യകകൾ അദ്ദേഹത്തിന്റെ ഭാര്യാപദത്തിന്നു കാംക്ഷിച്ചു കാത്തുനിന്നവരാണ്. പോരാഞ്ഞിട്ടു അയാൾക്കു തടിച്ച ശമ്പളവും ഉണ്ടു്.

ജാനു സന്തോഷത്തോടെ ചിരിച്ചു.

**ജാനു:** അതെ, ഇതുകേൾക്കുമ്പോൾ ചില പെണ്ണുങ്ങൾക്ക് കലികേറാൻ മതി. നീ ഈ കാര്യത്തിന്റെ ഉത്തമഭാഗം കേൾക്ക്. അദ്ദേഹം നൃത്തത്തിൽ എന്നേ ഒരു കൂറ്റുകാരിയായി ശീലിപ്പിക്കുവാനും പോകുന്നുണ്ടു്. ഒരു ഷാപ്പിൽനിന്നു ശീലകൾ എടുത്തുകൊടുത്ത് ജീവകാലം പാഴാക്കികളയുന്നതിനേക്കാൾ ഒരു നൃത്തംവെക്കുന്ന നടിയായിത്തീരുവാൻ ഞാൻ എത്രവളരെ കാംക്ഷിച്ചിരുന്നു എന്ന് നീ തന്നേ അറിയുന്നകാര്യമല്ലെ! മേലാൽ പ്രൗഢകൾക്ക് ചേലകൾ എടുത്തുകൊടുക്കുന്ന ജോലി എനിക്ക് ആവശ്യമെ ഇല്ല. എന്റെ "ബില്ലിമഹേശൻ" ഇന്ത്യാക്കാരുടെ നൃത്തകല കാണിക്കാൻ വേണ്ടി യൂറോപ്പിലേയും ആഫ്രിക്കയിലേയും നാടകഉടമസ്ഥന്മാരോട്ട് കരാറേറ്റുവാങ്ങിയിരിക്കുന്നു. അയാളുടെ പങ്കുകാരിയായി ചേരുവാനും അയാളെ വിവാഹം കഴിപ്പാനും ഇന്നു എന്നോടു പറഞ്ഞുകഴിഞ്ഞു. ദേഹംക്രമേണ നഗ്നമാക്കി ആണുങ്ങളെ ബേജാറാക്കുന്ന തന്ത്രങ്ങളും എന്നെ ശീലിപ്പിക്കുവാനും അദ്ദേഹം ഏറ്റിരിക്കുന്നു. ഞങ്ങൾക്കിരുവർക്കും ഒരു അതിശയഭാവിയാണ് പ്രകാശിക്കുന്നതു്.

ധനത്തിന്റെ കണ്ണുകൾ തുറന്നു.

**ധനം:** നീ അയാളെ പ്രേമിക്കുന്നുണ്ടൊ?

**ജാനു:** അതിനെന്തു സംശയം! നീ എന്താ വിചാരിച്ചതു്? എത്രവളരെ യുവതികളാണ് അയാളെ പാട്ടിലാക്കാൻ ശ്രമിച്ചതു്. (നെറ്റിമേൽ വീണ ചുരുളുകളെ തല ഇളക്കി മെലോട്ടാക്കിയതിൽപിന്നെ) എന്റെ ഇഷ്ടത്തി! നാളെയാണ് ഞങ്ങളുടെ വിവാഹം നാളെരാത്രി പാരീസ് പട്ടണത്തിലേയ്ക്കാണ് ഞങ്ങൾ പുറപ്പെടുന്നതു്. ആ പട്ടണം പരന്ത്രീസ് രാജ്യത്തിന്റെ തലസ്ഥാനമാണ്.

ധനം അത്ഭുതപരിഭ്രമങ്ങൾ കൊണ്ടു "ഓ" എന്നു നിലവിളിച്ചു.

**ധനം:** ഇത്രവേഗമൊ? എന്നാലും ജാനു! എന്റെ ചങ്ങാതി. നിശ്ചമായിട്ടും ഞാൻ വളരെ സന്തോഷിക്കുന്നു. നീ സൗന്ദര്യത്തിന്റെ കൂടല്ലെ! നീ ഒരു അസാധാരണപുരുഷനെ വിവാഹം കഴിക്കുമെന്ന് എനിക്കു പണ്ടെ നിശ്ചയമുണ്ടു്. എന്നാൽ നീ പോയാൽ—നീയും കൂടിപോയാൽ—എന്റെ സ്ഥിതി എന്താണ്.

**ജാനു:** (വികാരംകൂടാതെ) നീ തനിയെ ഇരിക്കേണ്ടിവരും. നീ കുറെ ഉത്സാഹം കാണിക്കണം. നിണക്ക് കുറെക്കൂടി ഉണർച്ചവേണം കുറെകൂടി ചുറ്റിനടക്കണം ഈ മടയിൽ തന്നെ ശുമ്മാ ഇരുന്നാൽ പോര. നിണക്ക് സൗന്ദര്യം കുറവാണെന്ന് എനിക്കു ബോദ്ധ്യമുണ്ടു്. എന്നാൽ മനസ്സിരുത്തി പ്രവർത്തിച്ചാൽ അഴകില്ലാത്ത പെണ്ണിനും കൂടി ചില്ലറ കാര്യസാദ്ധ്യം വരുത്താം. ഒന്നുരണ്ടു് ആഴ്ചമുമ്പേയല്ലെ നീ നാടകശാലയിൽവെച്ച് ഒരു തരുണനുമായി പരിചയമായി എന്ന് പറഞ്ഞതു് അവനെ പിന്നെ നീ കണ്ടില്ലെ!

ധനത്തിന്റെ മുഖത്ത് രക്തംനിറഞ്ഞു. മർമ്മസ്ഥലത്ത് കുത്താൻ ജാനുവിന് പണ്ടേ ഇഷ്ടമാണ്. ആ മറക്കാൻ പാടില്ലാത്ത രാത്രി അവൾ വീട്ടിൽ മടങ്ങിവന്നു കേറിയപ്പോൾ നാടകശാലയിൽ യദൃച്ഛയാ കണ്ടുമുട്ടിയ ഉദാരപുരുഷനെ പിന്നേയും കാണുമെന്ന് ധനത്തിന്ന് ഉറപ്പായിരുന്നു. ഒരു മനോഹരസ്വപ്നത്തിൽ എന്നപോലെ അയാളെ ഒന്നുകൂടി കാണ്മാൻവേണ്ടി അവൾ പട്ടണത്തിൽകൂടെ ചുറ്റിനടന്നിരുന്നു. അദ്ദേഹത്തെകണികാണ്മാനും കൂടി കിട്ടിയിരുന്നില്ല. അന്നത്തെ രാത്രിയിൽ അനുഭവിച്ചിരുന്ന പുളപ്പ് ക്രമേണ മങ്ങിമറഞ്ഞുപോയി. അവളുടെ ജീവിതം സംഭവമില്ലായ്മകൊണ്ടു വളരെ മൗഢ്യമായി. നേരംപോക്കില്ല. പുരുഷന്മാരുടെ സേവയൊ സമ്പർക്കമൊ ഇല്ല. അപ്പോൾ ജീവിതം പാഴായപോലെ കിടക്കുകയല്ലാതെ എന്താണ് നിവൃത്തി. ധനത്തിന്റെ ദേഹത്തിൽ താരുണ്യത്തിലെ ചോരത്തിളപ്പ് പതച്ചുകൊണ്ടിരുന്നു, സംഭവബഹുലമായ ഒരു ഉണർച്ചയുള്ള ജീവിതം നയിക്കുന്നതിന്ന് പകരം ഒരു തുണിഷാപ്പിന്റെ മൂക്കിൽ നിന്ന് മേലാൽ നന്മവരാനിടയില്ലാത്തവിധത്തിൽ പറ്റിപതുങ്ങി ഒരു അന്ധകാരമയമായ ജീവിതം അവൾ ഒരു വിധേന കഴിച്ചുകൂട്ടുകയാണ് ചെയ്യുന്നതു്. അപ്പം കിട്ടേണ്ടുന്ന സ്ഥാനത്ത് അവൾക്കു കല്ലാണ് കിട്ടിപ്പോരുന്നതു്. ഈ വിചാരങ്ങളൊക്കെ ഒരു നിമിഷത്തിൽ—ജാനുവിന്റെ ചോദ്യത്തിന്ന് ഉത്തരം പറയുംമുമ്പെ—കഴിഞ്ഞു പോയതാണ്.

**ധനം:** ഇല്ല. ഞാൻ പിന്നെ അയാളെ കണ്ടിട്ടില്ല.

ഒരു നിമിഷനേരം ജാനു സ്വാർത്ഥം മറന്നു.

**ജാനു:** ഇരിക്കട്ടെ. അയാളുടെ പേരെന്താണ്?

**ധനം:** എനിക്കു നിശ്ചയമില്ല.

ജാനുവിന്റെ കണ്ണ് ആശ്ചര്യം കൊണ്ടു തുറിച്ചു .

**ജാനു:** എന്റെ ഭഗവാനെ! അവനോട്ട് അതു ചോദിക്കാതിരിപ്പാൻ നീ ഒരു ഒന്നിനും കൊള്ളാത്ത ഊമയായിപ്പോയോ? (പുച്ഛഭാവത്തിൽ) ഒരു സമയം നിന്റെ പേരും കൂടി നീ അവനോടു പറഞ്ഞുകൊടുത്തിട്ടിലായിരിക്കും.

**ധനം:** (പാരവശ്യത്തോടെ) ഇല്ല. ഞാൻ പറഞ്ഞിട്ടേ ഇല്ല. അയാളെപ്പറ്റി സംസാരിച്ചിട്ട് എന്തു പ്രയോജനമാണ്? ഞാൻ താമസിക്കുന്നതു് എവിടെയാണെന്ന വിവരം തന്നെ അയാൾക്കില്ല. അയാൾക്ക് അതു് അറിയേണ്ടുന്ന കാര്യം ഇല്ലായിരിക്കും. അതുകൊണ്ടായിരിക്കും അയാൾ ചോദിക്കാതിരുന്നതു്.(പരിഭവത്തോടെ) അയാളെപ്പോലെയുള്ളവർക്ക് ഒരു പെട്ടി ചോക്ലേറ്റ് (Chocolates) വലിയ കാര്യമാണോ?

അവസാനത്തെ ചോദ്യം ജാനുവിനോടല്ല തന്നോടുതന്നെ ചോദിച്ചതണെന്നു തോന്നിപ്പോകും. ജാനു അപ്പോൾ മുഖത്ത് ഒരു സുഗന്ധതൈലം പിരട്ടി. മോടിപിടിപ്പിക്കുന്ന തിരിക്കിലായിരുന്നു.

**ജാനു:** (ഉച്ചത്തിൽ) നീ ഒന്നിനും ശേഷിഇല്ലാത്ത ഒരു പച്ചപ്പയ്യാണ്. സ്പഷ്ടമായി പണത്തിൽ മുഴുകിയ ഒരാൾ എനിക്ക് ഒരു പെട്ടി ചോക്ലേറ്റ് വാങ്ങിത്തരാൻ തക്കവണ്ണം ദയ കാണിച്ചാൽ അയാളെ ഞാൻ മുറകെപ്പിടിക്കുമായിരുന്നു. അവസരം കിട്ടുമ്പോൾ അതു വെറുതേ വിട്ടുകളവാൻ പാടുണ്ടോ?

എന്നിട്ട് ഒരു കുലുങ്ങുന്ന ചിരിയും ചിരിച്ച് സ്വിച്ച് (Switch) തിരിച്ചു കാന്തദീപവും കെടുത്തി അവൾ ഉറങ്ങാൻ കിടന്നു.

തന്നോടു ലോഗ്യം കാണിച്ച പുരുഷനെ പിന്നെ ഒരിക്കൽ കണ്ടില്ലല്ലൊ എന്ന നിരാശയോടെ അയാളെത്തന്നെ ധ്യാനിച്ചു കിടക്കുന്ന ധനത്തിന്ന് ലേശം പോലും ഉറക്കം വന്നില്ല. അദ്ദേഹത്തിന്റെ തടിച്ച പുരികത്തിന്റെ ചോടെ വിളങ്ങുന്ന നീലകണ്ണ്—വടിവും ദൃഢതയും സ്ഫുരിപ്പിക്കുന്ന മുഖം—മെലിഞ്ഞു് ബലവും സ്വാധീനവും ഉറപ്പും ഉള്ള ദേഹം—ചേർച്ചയുള്ള മേത്തരം ഉടുപ്പ്—ഇതൊക്കെ അവൾക്ക് കണ്ണിന്നുമുമ്പാകെ കാണുംപോലെ തോന്നി. ആ അന്ധകാരത്തിൽ പ്രവാഹമായി ഒഴുകിവീണ കണ്ണുനീർകൊണ്ടു് തലണമുഴുവൻ നനഞ്ഞു. ഒരു വിനോദകരമായ യാദൃച്ഛികസംഭവം അവളുടെ തമോമയ ജീവിതത്തിൽ മിന്നൽപോലെ ഒന്നു പ്രകാശിച്ചു. അതു് വന്നപാടെതന്നെ അസ്തമിക്കുകയും ചെയ്തു. ആ പഴയഷാപ്പിലെ നിത്യജോലിയും നിവർത്തിച്ചു കൊല്ലങ്ങൾ കഴിയുന്തോറും വയസ്സും വർദ്ധിച്ച് ജരയും നരയും വർദ്ധിച്ച് വൃദ്ധയായി കുരച്ചും തുപ്പിയുംകൊണ്ട് മരിക്കാനായിരിക്കും അവളുടെ വിധി.

അവളുടെ ഏങ്ങൽ നിരോധിപ്പാൻവേണ്ടി തലയണയുടെ ഒരു കോൺ അവൾ വായയിലേയ്ക്കു തള്ളി. ജാനുവോ മറ്റൊ അതു് കേട്ടാൽ പിന്നേയും നിന്ദിക്കുമെന്ന ഭയം അവൾക്കു ധാരാളമുണ്ടായിരുന്നു. അവളുടെ കഴിഞ്ഞ സന്തോഷം വെറും ഒരു സ്മരണ മാത്രമായി. മേലാൽ അവൾക്ക് വിനോദമൊ, സുഖമൊ, പ്രണയമൊ ഒന്നും ഇല്ല. ആ ധന്യനെ കാണുകയും ഉണ്ടാകയില്ല.

# 5

## യാത്ര

പിറ്റേന്ന് കുളിർകാറ്റ് വീശിയിരുന്ന ഒരു മഴദിവസമായിരുന്നു. അവളുടെ മച്ചിനച്ചി വലിയ ബഹളത്തോടെ ഓരോ ഒരുക്കങ്ങൾ ചെയ്യുന്നതു കണ്ടപ്പോൾ മേലാൽ താൻ അനുഭവിക്കേണ്ടിവരുന്ന ഏകാന്തവാസവിചാരം കൊണ്ട് ധനത്തിന്ന് അസ്വാസ്ഥ്യം നേരിട്ടു. വിവാഹം രജിസ്റ്റാപ്പീസിൽ വെച്ച് "വേഗം നടന്നു". ഒരു മികച്ച റസ്റ്റോറണ്ടിൽ വെച്ച് അതിഥികൾക്ക് "ലഞ്ചും" ഉണ്ടായി. ധനത്തിന്ന് എന്തൊ ഒരു വലിയ വസ്തു പൊയ്പ്പോയപോലെ തോന്നി. മഹേശൻ മേശയുടെ ചുവട്ടിൽക്കൂടെ ജാനുവിന്റെ കൈപിടിച്ചു ഞെക്കുന്നതു കണ്ടപ്പോൾ അവൾക്ക് അസൂയയും ജനിക്കാതിരുന്നില്ല. ജാനുവിന് സുഖം സമ്പാദ്യമായത് അവൾ ഒരു അഴകുള്ള പെണ്ണായിരിക്കകൊണ്ടാണ്. മറ്റാർക്കും സാധിക്കാത്തവിധത്തിലാണ് മഹേശൻ ജാനുവിന്റെ കണ്ണുകൾ ഉറ്റുനോക്കിയത്. തന്നെ ആരും ഇങ്ങിനെ നോക്കുകയില്ല എന്ന വിചാരം ധനത്തിന്ന് ഉണ്ടായത് അവൾക്കു സൗന്ദര്യം ഉണ്ടെന്നു പരമാർത്ഥബോധം കേവലം ഇല്ലാഞ്ഞിട്ടാണ്.

ആനന്ദംകൊണ്ട് തിളങ്ങുന്ന ആ ദമ്പതികൾ ദേശാടനത്തിന്നു പുറപ്പെട്ടപ്പോൾ തീവണ്ടിസ്റ്റേഷൻവരെ ധനവും ഒന്നിച്ചുപോയി. വണ്ടി സ്റ്റേഷൻ വിടുന്നവരെ ജാനു ചിരിക്കുകയും ഓരോന്നു പറയുകയും ചെയ്തിരുന്നു. ഒടുവിൽ അവൾ ധനത്തെ നോക്കി.

**ജാനു:** ഞങ്ങൾ ഏറ്റെടുത്ത കരാറ് നിറവേറ്റിയതിൽ പിന്നെ ഞങ്ങൾ അമേരിക്കയിലാണ് പോകുന്നത്. മഹേശന്ന് എന്നെ മോഖായിൽ ചേർക്കേണം എന്ന മോഹം ഉണ്ട് ഞാൻ ഒരു താരമാകുന്നത് നീ ഒരു ദിവസം കാണും.

ഇങ്ങിനെ പറഞ്ഞു ജാനു ധനത്തിന്റെ ചുമലിന്ന് രണ്ടു മൂന്ന് മുട്ടി. ധനം എന്തൊ വിഴുങ്ങുമ്പോലെയൊ വിലങ്ങിയ പോലയൊ മുഖസ്വഭാവംകൊണ്ട് വെളിവാക്കി "ജാനു" നിണക്കുവരുന്ന കത്തുകളൊക്കെ ഞാൻ എവിടെയാണ് അയയ്ക്കേണ്ടത് എന്നു ചോദിച്ചു. പുതിയപെണ്ണ് ഭംഗിയുള്ള തല ഇളക്കി.

**ജാനു:** ഇഷ്ടത്തി! നീ അതിനെപ്പറ്റി കേവലം ബുദ്ധിമുട്ടാനൊന്നും ഇല്ല. ഞാൻ ഇവിടവുമായിട്ടുള്ള ബന്ധം കേവലം മുറിച്ചുകളയാനാണ് ഭാവം, എനിക്കുവരുന്ന കത്തുകളൊക്കെ നീ വാങ്ങി ഒത്തതുപോലെ ചെയ്യുക. നീ എന്തുചെയ്യുന്നതിന്നും എനിക്കു വിരോധമില്ല. ഞാൻ ഇങ്ങട്ട് വരുന്നവളല്ല.

പണ്ടേതന്നെ ജാനുവിന്റെ മാതിരി ഇങ്ങനെയാണ്. അവൾക്ക് അദ്ധ്വാനം കുറയുവാൻ വേണ്ടി അവൾ ചെയ്യേണ്ടുന്നകാര്യങ്ങൾ പാടുള്ളേടത്തോളം ധനത്തിന്റെ പിരടിയിലിടുക പതിവാണ്. തീവണ്ടി ഇളകിയപ്പോൾ ധനത്തിന്റെ ഹൃദയം വ്യസനാക്രാന്തമായി. തൊണ്ട ഒരു മുഴ പൊങ്ങിവന്നപോലെ വേദനിച്ചു. അവളും ജാനുവും ഒന്നിച്ചുപാർത്തിട്ട് മൂന്നു കൊല്ലം കഴിഞ്ഞിട്ടേ ഉള്ളു അവരുടെ മാതാപിതാക്കന്മാർ മരണപ്പെട്ടുപോയതുകൊണ്ടാണ് അവർ ഒന്നിച്ചു പാർപ്പാൻ നിശ്ചയിച്ചത്. ഈ രണ്ടുയുവതികൾക്കും ഭൂമിയിൽ മറ്റൊരു ചാർച്ചക്കാരും ഉണ്ടായിരുന്നില്ല. ഇപ്പോളാകട്ടെ ധനം ഒറ്റയ്ക്കായി. നൂറ് ലക്ഷം ജനങ്ങളുള്ള ഒരു വലിയ പട്ടണത്തിൽ ധനം തനിച്ചായി. ഈ നൂറുലക്ഷത്തിൽ ഓരോരുവർക്കും അവരവരുടെ അടിയന്തരജോലി നോക്കേണ്ടതുണ്ടായിരിക്കും. ചിലർ തനിച്ചായിപ്പോകുന്ന സങ്കടസ്ഥിതി കൂടെക്കൂടെ ഉണ്ടാകാറുള്ള സാധാരണ സംഭവങ്ങൾ ആയിരിക്കകൊണ്ട് മറ്റുള്ളവർ അതൊന്നും അത്ര വകവെക്കാറില്ല.

# 6

## ഒരു തീരുമാനം

ശനിയാഴ്ച ഉച്ചതിരിഞ്ഞപ്പോൾ നല്ല തണുപ്പുണ്ടായി ഏകാന്തമായ ആ ചെറിയ പുരയിൽവെച്ച് ധനത്തിന്ന് ചില പാത്രങ്ങൾ മോറാനുണ്ടായിരുന്നു. ചില്ലറപ്പണി വേറെയും പലതു് ചെയ്‌വാൻ ഉണ്ടായിരുന്നു. ഈ ചെറിയ ഭവനംതന്നെ ശുചിയായി കൊണ്ടുനടക്കേണമെങ്കിൽ തന്നേപ്പോലെ മറ്റൊരുവളുടെ സഹായവുംകൂടി ധനത്തിന് വേണ്ടിവരും. തനിയെ ഇരുന്ന് മടുത്തുപോയിട്ട് ധനം സിനിമ കാണാൻ പോയി. രണ്ടുമണിക്കൂറ് വിനോദിച്ചു. ഒഴിഞ്ഞുകിടക്കുന്ന തന്റെ വീട്ടിൽ മടങ്ങിവന്ന് വാതിൽ തുറന്നപ്പോൾ വൈകുന്നേരത്തെ പോസ്റ്റിൽ വന്ന ചില കത്തുകൾ തപാല്ക്കാരൻ ജനലിൽകൂടെ ഉള്ളിൽഇട്ടതു് നിലത്തുകിടക്കുന്നതു് കണ്ടു.

ഗൗവരമുള്ളതാണെന്നു തോന്നുന്ന ഒരു കത്താണ് ജാനുവിന്റെ വിലാസത്തിൽ വന്നുകണ്ടതു്. ധനം അതൊന്ന് തിരിച്ചും മറിച്ചും നോക്കി. ജാനു അവളുടെ വിലാസം തരാതിരുന്നതുകൊണ്ട് അതു് അവൾക്കു അയച്ചുകൊടുപ്പാനും നിവൃത്തിയില്ലാതെവന്നു. ജാനു സകല കത്തുകളും തുറന്ന് വായിക്കാനുള്ള അധികാരവും അവൾക്കു കൊടുത്തിരുന്നു. പിന്നെ എന്തുകൊണ്ട് പൊളിച്ച് വായിച്ചുകൂട. ആ കത്ത് ഭയങ്കര പ്രമുഖ്യമുള്ളതായിരിക്കണം. ചില "സൊളിസിട്ടർ"മാരുടെ (വക്കീൽമാരുടെ) സമാജത്തിൽ നിന്ന് വന്നതാണെന്നും കവറിന്മേൽ കണ്ടു. ധനം ശങ്കകൂടാതെ അതു് പൊളിച്ചു വായിച്ചു. ധനത്തിന്റെ കണ്ണുതുറന്നു. അവൾ ഒന്ന് ഞെട്ടിപ്പോയി. ഉള്ളം നടുങ്ങിപ്പോകുന്ന ഒരു കത്താണതു് അവൾ അതു് ഒന്നുംകൂടി വായിച്ചുനോക്കി. വിവരം നല്ലവണ്ണം ഗ്രഹിച്ചു. കാര്യം ശരിയായി മനസ്സിലാക്കി.

(കത്ത്)

മാന്യമാനിനി!

ഞങ്ങളുടെ "ക്ലയണ്ട്" (വക്കീലാക്കിയ ആൾ) മിസ്റ്റർ റിച്ചേർഡ് ഭാസ്കരൻ (നെബ്‌വർത്ത് സ്ക്വയർ S. W.) എന്നവർ "റേൻഫർലീറോഡ്-നിച്ച്മണ്ട്" എന്ന ദിക്കിൽ ഒരു കാലത്ത് താമസിച്ചിരുന്ന മിസ്റ്റർ ഡഗ്ലസ്ജെയിംസ് ത്രിപുരൻ എന്നവരുടെ കുഡുംബത്തെപ്പറ്റി അന്വേഷണം നടത്തി വിവരങ്ങൾ അറിയിപ്പാൻ ഞങ്ങളെ ഏല്പിച്ചിരുന്നു. മരിച്ചുപോയ ഡഗ്ലസ് ത്രിപുരന്റെ പുത്രിയാണ് നിങ്ങൾ എന്ന് ഞങ്ങൾക്ക് അറിവായിരിക്കുന്നു. നിങ്ങളാണ് അവൾ എന്ന് തെളിയിപ്പാൻ വേണ്ടുന്ന രേഖകളോടുകൂടെ ഞങ്ങളെ വന്ന് നേരിട്ട് കാണുകയൊ കത്തുകൾ വഴിയായി വേണ്ടപ്പെട്ട തെളിവുകൾ തരികയൊ ചെയ്യുന്നതു് നമ്മൾ ഇരുവർക്കും നന്മ വരുത്തുന്ന കാര്യമായിരിക്കും. മിസ്റ്റർ ഭാസ്കരനും, മരിച്ചുപോയ മിസ്റ്റർ ത്രിപുരനും തമ്മിൽ ഉണ്ടായിരുന്ന സ്നേഹബന്ധംനിമിത്തം മിസ്റ്റർ ഭാസ്കരന്ന്, ത്രിപുരന്റെ പുത്രിയായ നിങ്ങൾക്ക് വലിയൊരുതുക പണമായി സംഭാവനചെയ്യണം എന്ന ഒരു വിചാരം ഉണ്ട്. അങ്ങിനെ ചെയ്യേണമെങ്കിൽ മറ്റൊരു നിബന്ധനയ്ക്കുകൂടി ജാനുവായ നിങ്ങൾ അനുകൂലിച്ചു നില്ക്കേണ്ടതുണ്ട്. അതെന്തെന്നുവെച്ചാൽ, നിങ്ങൾക്ക് വിരോധം ഇല്ലെങ്കിൽ—അഥവാ സമ്മതമാണെങ്കിൽ—മേപ്പടി ഭാസ്കരന്റെ ഏകപുത്രനായ മിസ്റ്റർ ജെറാൾഡ് ഭാസ്കരനെ നിങ്ങൾ വിവാഹം കഴിക്കേണ്ടതാണ്. നിങ്ങളെ വിവാഹം കഴിപ്പാൻ മിസ്റ്റർ ജെറാൾഡ് ഭാസ്കരനു സമ്മതമാണ്...

കത്തിൽ വേറെചില ചില്ലറക്കാര്യങ്ങൾകൂടി ഉണ്ട്. അതിന്റെ വിസ്മയമായസാരം നെബ്‌വർത്ത് സ്ക്വയർ S. W. എന്ന സ്ഥലത്ത് താമസിക്കുന്നവരൊക്കെ വലിയ ധനികന്മാരാണ്. കത്തിന്റെ വാചകരീതികൊണ്ട് ക്ഷണം മനസ്സിലാകുന്നതു ഇതാണ്. ഒരു വലിയ ധനികന്ന് അദ്ദേഹത്തിന്റെ പുത്രൻ, ജാനുവേ വിവാഹം ചെയ്യണമെന്ന് പിടിത്തം ഉണ്ട്. എല്ലാവരും ചെയ്യുന്നതു് ജാനുവിനെക്കൊള്ളത്തന്നെ. എല്ലാവർക്കും ജാനുവെമാത്രമെ വേണ്ടു. മഹേശനുമായ ബന്ധം ഇല്ലായിരുന്നു എങ്കിൽ ഈ ഭാഗ്യാവസരം ജാനു വിട്ടുകളയുമായിരുന്നൊ? അവൾ ചാടിചെല്ലുമായിരുന്നില്ലെ. ജാനു ഇപ്പോൾ വിവാഹിതയാണ്. പോരാഞ്ഞിട്ട് പരമാനന്ദത്തിൽ മുഴുകിയവളുമാണ്. ഈ സുവർണ്ണാവസരം അവൾക്ക് ആവശ്യമേ ഇല്ല.

ധനം തന്റെ ചുണ്ടുകൾ തന്നാലെ കടിച്ചുപോയി. ഈ അവസരം തനിക്കല്ലായിരുന്നോ വരേണ്ടതു്... എന്തുചെയ്യും? അങ്ങിനെ ഒരു ഭാഗ്യം തനിക്ക് സിദ്ധിച്ചില്ല. ജാനുവിന്റെ വിവാഹം കഴിഞ്ഞുപോയി എന്ന വിവരം ഈ വക്കീൽമാരെ എഴുത്തുമൂലം അറിയിക്കണമെന്ന് ധനം നിശ്ചയിച്ചു.

അവൾ ആ കത്തിന്റെ ഉറ ഒന്നുകൂടി എടുത്തുനോക്കി. അതിൽ മറ്റൊരു സാധനവും കൂടി ഉണ്ടായിരുന്നു. അവൾ അതു് എടുത്തുനോക്കി. അവൾ എത്രയൊ കൗതുകത്തോടെ പിന്നേയും നോക്കി. അതു് ഒരു പുരുഷന്റെ "ഫോട്ടോ" (പടം) ആയിരുന്നു. അവൾ സ്തംഭിച്ചുപോയി. ചോടെ ജെറാൾഡ് ഭാസ്കരൻ എന്ന പേരാണ് എഴുതിക്കണ്ടതു്. അപ്പോൾ നാടകശാലയിൽ വെച്ച് അന്നൊരുദിവസം അനുകമ്പ കാണിച്ച ആൾ ജെറാൾഡ് ഭാസ്കരനാണെന്ന ബോധം അവൾക്കുണ്ടായി.

അതായിരിക്കുകയില്ല. അങ്ങിനെവരാൻ പാടുണ്ടോ! എന്തായാലും ഫോട്ടൊ അയാളുടെതുതന്നെയാണെന്ന് ഉറപ്പായി. ധനം ആ മുഖം സകല കോണങ്ങളിലും കൂടി പരിശോധിച്ചുനോക്കി. അയാളുടേതുതന്നെ അവളുടെ സകല ശങ്കയും തീർന്നു. ഇയാളാണ് അച്ഛന്റെ ഇഷ്ടത്തിന്നനുസരിച്ച് ജാനുവേ വിവാഹം ചെയ്‌വാൻ തെയ്യാറായിനിന്ന ആൾ. ജാനുവാണെങ്കിൽ അവളുടെ പ്രാണനായ മഹേശനെ വിവാഹം ചെയ്തുകഴിഞ്ഞു.

ആ ഫോട്ടൊ ധനം തന്നേത്താൻ അറിയാതെ മുറുകെ പിടിച്ചുപോയി. അവളുടെ ചുണ്ട് സ്പന്ദിച്ചു. വളരെ കഷ്ടമായ്പ്പോയി! വളരെ കഷ്ടമായ്പ്പോയി!

അവൾ വക്കീലിന്റെ കത്ത് ആ ലക്കോട്ടിൽതന്നെ മെല്ലെ തള്ളി. അവർക്ക് ഈ വിവരത്തെപ്പറ്റി എഴുതുകയാണ് വേണ്ടതു്. അപ്പഴാണ് അവൾക്കൊരു ശങ്കതോന്നിയതു്. കത്തിന്റെ കൂടെ ഫോട്ടോവും കൂടി അയയ്ക്കണോ? അതുവേണ്ട പിന്നേയും ആ ഫോട്ടോ, അവൾ കൗതുകത്തോടെ നോക്കി. എന്നിട്ടു അതിന്മേൽ ഒരു ചുംബനം പതിപ്പിച്ചു. അവൾ ഓരോ മനോരാജ്യവും നിർമ്മിച്ച് മുറിയിൽകൂടെ അങ്ങും ഇങ്ങും നടന്നു. പിന്നെ പെട്ടെന്ന് കണ്ണും തുറിച്ചുകൊണ്ട് വടിപോലെനിന്നു.

അവളുടെ മച്ചിനച്ചി ജാനു ഭൂമിയുടെ മറുഭാഗത്ത് എത്തിപ്പോയി. അവൾ ഇവിടെ ഒരിക്കലും മടങ്ങിവരികയില്ല. അവളുടെ റജിസ്റ്റർ വിവാഹവും കഴിഞ്ഞു. ഈ അത്ഭുതദാനം സ്വീകരിപ്പാൻ ജാനുവിന്ന് ഇഷ്ടമുണ്ടെങ്കിൽ കൂടി സാധിക്കുകയില്ല. ജാനുവിന്റെ സ്ഥാനത്ത് അവൾ പോയിനിന്നാലൊ!

അവൾ ദീർഘമായി ഒന്ന് നിശ്വസിച്ചു. അതിന്ന് വ്യസനസൂചകമായ ഒരു എങ്ങലിന്റെ ഛായയുംകൂടി ഉണ്ടായിരുന്നു. അവളുടെ മുഖം വിളറി. എങ്കിലും കണ്ണുകൾ ചൈതന്യത്തോടെ മിന്നി. അവൾ ചുണ്ടുകൾ വിടർത്തി ജെറാൾഡ് ഭാസ്കരൻ എന്ന നാമം പ്രേമത്തോടെ ഉച്ചരിച്ചു. അയാളുമായി ഒരു വിവാഹം നടക്കുന്നതു് എത്ര ആനന്ദമായിരിക്കും. അയാളുടെ ഭാര്യപദം സിദ്ധിക്കേണ്ടുന്ന ഒരു അവസരം ആരെങ്കിലും പഴതാക്കിക്കളയുമൊ.

കഴിഞ്ഞ സംഭവങ്ങളൊക്കെ ഈശ്വരൻ കരുതിക്കൂട്ടി വരുത്തിച്ചതാണെന്നു തോന്നിപ്പോകുന്നു. യാദൃച്ഛിക സംഭവങ്ങൾ, ഇത്ര അനുകൂലയോജിപ്പുകളോടുകൂടെ ഓരോന്നിന്റെ തുടർച്ചയായി, ഒരു മുന്നുദ്ദേശത്തിന്നനുസരിച്ചു വന്നുകൂടാൻ ഇടയില്ല.

അദ്ദേഹത്തെ രണ്ടാമതും ഒരിക്കൽ കണ്ടുമുട്ടുമെന്ന് അന്നത്തെ രാത്രിതന്നെ അവൾക്ക് ഒരു ഉദിപ്പ് ഉണ്ടായിരുന്നില്ലേ! അവൾ മുറിയിലെ വാതിലും കടന്നു അവിടെ തൂക്കിയിരുന കണ്ണാടിയിൽ അവളുടെ മുഖം നല്ലവണ്ണം നോക്കി. അവളുടെ മുഖത്ത് ഒരു തേജസ്സ് വന്നുകൂടിയപോലെ തോന്നി. ഒരു ഇരുട്ടുമുറി പെട്ടെന്ന് കത്തിച്ച ഒരു ദീപത്താൽ എന്നപോലെ അവളുടെ മുഖം വിളങ്ങി. അവൾ നെറ്റിമേൽ വീണ നീലാളകങ്ങളെ പിന്നിലേയ്ക്കുതന്നെ തള്ളി. അവ ശുശ്രൂഷയൊന്നും കൂടാതെത്തന്നെ കറുപ്പുനിറം കൊണ്ടു മിന്നി. ചിരിക്കുമ്പോൾ അവളുടെ കണ്ണുകളിൽനിന്ന് തീക്കണങ്ങൾ പാറി. അവറ്റയുടെ കാന്തിക്കും ഒരു കുറവുണ്ടായിരുന്നില്ല. അവൾ നല്ല വസ്ത്രവും കൂടി ധരിച്ചാൽ അവൾക്ക് ആളുകളെ ആകർഷിക്കത്തക്ക കാന്തി ഇല്ലാതിരിക്കില്ല. അദ്ദേഹത്തെ വിവാഹം കഴിച്ചാൽ, അയാളുടെ സമ്പൂർണ്ണ തൃപ്തിനേടാൻ അവൾക്കു സാധിക്കുമെന്നു തോന്നി. അവൾക്ക് അതിന്നു സംശയമേ ഉണ്ടായിരുന്നില്ല. ഉറപ്പുകൂടി ആയിരുന്നു. ആലോചിച്ചു നോക്കുന്തോറും ആത്മവിശ്വാസവും സ്ഥിരപ്രജ്ഞയും അവൾക്കു വന്നുകൂടി. യാതൊരു ഉടവും കൂടാതെ നിശ്ചയിച്ചകാര്യം നിറവേറ്റാമെന്ന് അവൾക്കു ബോദ്ധ്യമായി.

ഭയസമ്മിശ്രമായ ഒരു കമ്പം അവളെ ബാധിച്ചു. "ആരെയാണ് അവൾ ദോഷപ്പെടുത്തുന്നതു്" അവൾ തന്നോടുതന്നെ കോപത്തോടെ ചോദിച്ചുതുടങ്ങി. നിശ്ചയമായിട്ടും തന്റെ മച്ചിനച്ചിയെ അല്ല. ജാനുവിന്ന് അദ്ദേഹത്തെ വിവാഹം കഴിപ്പാൻ പാടില്ലതന്നെ. ഭാസ്കരനാണെങ്കിൽ ഈ വിവാഹം മുൻകൂട്ടി നിശ്ചയിച്ചുപോയ ഒരു ഏർപ്പാടിന്റെ നിർവ്വഹണം മാത്രമാണ്. എന്തുകൊണ്ടെന്നാൽ അദ്ദേഹം ജാനുവെ ഒരിക്കൽ കണ്ടു എന്ന ബന്ധവും കൂടി ഇല്ല. അന്നത്തെ രാത്രി തന്റെ പേരുംകൂടി ചോദിപ്പാൻ അയാളോട് വിട്ടുപോയതു് ദൈവാനുകൂല്യം കൊണ്ടുമാത്രം ആയിരിക്കണം. എന്നാൽ ജാനുതന്നെ ആണെന്നതിന്ന് മതിയായ തെളിവുവേണം. വല്ലതും കാണുമോ? ജാനുവും ധനവും തങ്ങളുടെ കടലാസുകൾ സൂക്ഷിച്ചുവെച്ചിരുന്ന ഒരു മേശയുടെ അരികെ ധനം ചെന്ന് അതിന്റെ വലിപ്പുതുറന്ന് അതിൽ കണ്ടരേഖകൾ മുഴുവനും പരിശോധിച്ചു നോക്കി. അവൾ ഊഹിച്ചപോലെതന്നെ ജാനു അവളുടെ കടലാസുകൾ മുഴുവനും അവിടെ ഇട്ടേച്ചുപോയിരിക്കുന്നു. "പണ്ടെത്തെ ജീവിതം അസ്തമിച്ചു പുതിയ ജീവിതം ആരംഭിച്ചു" എന്നാണ് അവൾ പറഞ്ഞതു്. ജാനുവിന്റെ ജനന സർട്ടിഫിക്കെറ്റും ജാനുവിന്റെ മാതാപിതാക്കന്മാരുടെ ഫോട്ടോവും അതിൽ ഉണ്ടായിരുന്നു. വേണ്ടപ്പെട്ടതു് സകലതും ആയി. ധനത്തിന് തൃപ്തിയുമായി.

താൻ ചെയ്‌വാൻ പോകുന്നതു തെറ്റാണെന്നും, അങ്ങിനെ ചെയ്‌വാൻ പാടില്ലെന്നും മനഃസ്സാക്ഷി ധനത്തോടു പിന്നേയും പിന്നേയും പറഞ്ഞുകൊടുത്തു. എന്നാൽ ജെറാൾഡ് ഭാസ്കരന്റെ മുഖം—അവളുടെ നവീനാനുരാഗം അപഹരിച്ചുകളഞ്ഞ മുഖം—സകലത്തേയും മായിച്ചുകളഞ്ഞു. അവൾക്ക് ജീവിതസുഖം സിദ്ധിക്കേണ്ടുന്ന ഒരേ ഒരു അവസരം ഇതുമാത്രമാണ്. ഇതുവരെയ്ക്കും പാടുംവറുതിയും കൊണ്ടു് ബുദ്ധിമുട്ടിയ കഷ്ടങ്ങൾക്ക് ഒരു പരിഹാരമാർഗ്ഗം ഇതുമാത്രമാണ്. അവളാണെങ്കിൽ ഒരാളെ ദൂഷ്യപ്പെടുത്തുകയോ സങ്കടപ്പെടുത്തുകയോ ചെയ്യുന്നുമില്ല.

കാര്യം അപ്രകാരം നിറവേറ്റാനുള്ള അത്യാശ, തടുത്തു കൂടാത്തവിധത്തിൽ മനസ്സിൽ ഏറ്റവും ഉപരിയായിനിന്നു. ഞാൻ അങ്ങിനെത്തന്നെ ചെയ്യും. ഞാൻ മറ്റു യാതൊന്നും ഗണ്യമാക്കയില്ല. ചെയ്യും തന്നേ. എന്തുകൊണ്ടെന്നാൽ ഞാൻ ഹൃദയപൂർവ്വം സ്നേഹിക്കുന്നതു് അദ്ദേഹത്തെയാണ് എന്ന് പല്ലും കടിച്ച് അവൾ തന്നോടുതന്നെ മന്ത്രിച്ചു.

# 7
## ഭാസ്കരന്റെ അച്ഛൻ

എല്ലാം വിചാരിച്ചുവെച്ചപോലെ എത്രയോ എളുപ്പത്തിൽ കലാശിച്ചു.

ജാനുവിന്റെ രേഖകൾ വക്കീലിന്നു കൊടുക്കുമ്പോൾ ധനത്തിന്റെ കൈ വിറച്ചിരുന്നു. ധനം ജാനുവായി മാറിയതിൽ ഒരാൾക്കും ശങ്കയ്ക്കു അവകാശമുണ്ടായില്ല. ഒരു സാധാരണസംഭവം കഴിയുന്നകൂട്ടത്തിൽ അതും അങ്ങിനെ കഴിഞ്ഞു എന്നുമാത്രം. ഒരു വക്കീലിന്ന് വക്കാലത്ത് കൊടുക്കുമ്പോൾ കൊടുത്ത ആൾ മറ്റൊരാളായിരിക്കുമെന്ന ശങ്കയ്ക്ക് വല്ല അവകാശവും ഉണ്ടോ? അവളുടെമേൽ സംശയത്തിന്റെ ഒരു നിഴൽ പോലുമുണ്ടായില്ല.

മാരാന്തകൻ എന്ന വക്കീൽ "പൂമാല" എന്ന ഭാസ്കരന്റെ രാജധാനിപോലെയുള്ള ഭവനത്തെ അവളെ കൂട്ടിക്കൊണ്ടുകാണിച്ചു. അവിടത്തെ ഒരു ഭൃത്യൻ, ഭയഭക്തിബഹുമാനങ്ങളോടുകൂടെ അവളെ സ്വീകരിപ്പാൻ പൂമുഖത്തിന്റെ വാതിൽ തുറന്നുകൊടുത്തപ്പോൾ ധനത്തിന്ന് എവിടെയെങ്കിലും ഓടിപ്പോയ്ക്കളയാമെന്നുകൂടി തോന്നിപ്പോയി. എന്തുചെയ്യും! അവളുടെ കാൽ വലിച്ചിട്ട് വന്നില്ല. ആകെ മുങ്ങിയാൽ ശീതം ഒന്ന് എന്ന പ്രമാണം അവൾ മുറുക്കെപ്പിടിച്ചു. വക്കീൽ തേക്കിന്റെ സമാനങ്ങൾ നിറഞ്ഞ ഒരു വലിയ ഹാളിൽ അവളേയും കൂട്ടിചെന്നു അവിടെ ഭാസ്കരന്റെ അച്ഛൻ അവളെ സ്വീകരിപ്പാൻ സന്നദ്ധനായി നിന്നിരുന്നു. മുഖച്ഛായ കണ്ടപ്പോൾ ഭാസ്കരന്റെ അച്ഛനാണെന്ന് ധനത്തിന്ന് ക്ഷണം മനസ്സിലായി. ഭാസ്കരനെ കുറേനാളേയ്ക്കു കാണ്മാൻ ഉണ്ടായിരിക്കയില്ലെന്നു കേട്ടപ്പോൾ ധനത്തിന്ന് ആശ്വാസമാണ് ഉണ്ടായത്. മോട്ടോക്കാറിൽനിന്ന് ഹാനിതട്ടിപ്പോയിട്ട് കുറെദൂരെയുള്ള ഒരു സ്നേഹിതന്റെ വീട്ടിൽ പരുക്കുകൾക്ക് ചികിത്സിക്കാൻവേണ്ടി അയാൾ താമസിക്കേണ്ടിവന്നു എന്നാണ് അച്ഛൻ പറഞ്ഞത്. വലിയ പരുക്കുകളൊന്നും നേരിട്ടിട്ടില്ലാത്തതുകൊണ്ട് ഭയപ്പെടാനൊന്നും ഇല്ലെന്നും അല്പദിവസത്തിനുള്ളിൽ മടങ്ങിവരുമെന്നും അച്ഛൻ ധനത്തെ അറിയിച്ചു.

അതിൽപിന്നെ ഭാസ്കരന്റെ അച്ഛൻ എത്രയോ സ്നേഹത്തോടെ ഒരു കൈ ചുമലിൽവെച്ച് അവളുടെ മുഖം പരിശോധിക്കുമ്പോലെ കുറേനേരം നോക്കി. ഭയംകൊണ്ട് വിറച്ചുപോയ ധനം നിലത്തേയ്ക്കു നോക്കി കള്ളിപുറത്താക്കാതെ ഒരു വിധേന കഴിച്ചുകൂട്ടി. പരിശോധനകൊണ്ട് അയാൾക്ക് തൃപ്തിയായി എന്ന് അദ്ദേഹത്തിന്റെ ആശ്വാസനിശ്വാസം വെളിപ്പെടുത്തി.

**അച്ഛൻ:** ഇഷ്ടത്തി എന്റെ മകൻ ഭാസ്കരന്ന് നിന്നെ വിവാഹം കഴിക്കേണമെന്ന ആഗ്രഹം എനിക്ക് എങ്ങിനെ ഉണ്ടായി എന്ന് നീ അത്ഭുതപ്പെടുന്നുണ്ടാകും. അത് കാരണം കൂടാതെ അല്ല. കുറെക്കൊല്ലം മുമ്പെ ഒരു "ബിസിനസ്സ്" ഏർപ്പാടിൽ ഞാൻ നിന്റെ അച്ഛനോട്ട് ഒരു തെറ്റ് ചെയ്തുപോയി. ഈ പട്ടണം ഒരു കാടുപോലെയാണ്. താന്താങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി ആളുകൾ തമ്മിൽ അതിവാശിയായി മത്സരിച്ചിട്ടാണ് കഴിഞ്ഞുപോരുന്നത്. ത്രിപുരന്ന് ഒരു വലിയ എടവാടിൽ ഒരു നഷ്ടം നേരിട്ടപ്പോൾ ഞാൻ ചില തന്ത്രങ്ങൾകൊണ്ട് മേലാൽ പൊന്താത്തവിധത്തിൽ അയാളെ പൊളിച്ച് പാപ്പാരാക്കിക്കളഞ്ഞു. ഇയ്യിടെയാണ് അയാൾ നൈരാശ്യംകൊണ്ട് തന്നെത്താൻ വെടിവെച്ച് മരിച്ചുകളഞ്ഞ വിവരം എനിക്കു യദൃച്ഛയാ അറിവ് കിട്ടിയത്. ഈ സങ്കടസംഭവം ഇവിടെ എടുത്തുപറയേണ്ടിവന്നതിൽ നിണക്ക് വിരോധം ഒന്നുംവേണ്ട. ഞാൻ അയാളെ കേവലം ഗതിയില്ലാതാക്കിത്തീർത്തത് എന്റെ പക്കൽ വന്ന വലിയ അപരാധമായ്പ്പോയി എന്ന് എനിക്കു ബോദ്ധ്യമായി. അതുകൊണ്ടായിരുന്നു അയാളുടെ മകളായ നീ എവിടെ ഉണ്ടെന്ന് അന്വേഷിച്ചറിവാൻ ഞാൻ എന്റെ വക്കീൽമാരെ ഏല്പിച്ചത്. കാലംകുറെ ആയിപ്പോയി. എന്നാൽ അയാൾ മരിക്കുമ്പോൾ ഒരു ചെറിയ മകൾ ജീവനോടെ ഉണ്ടായിരുന്നു എന്ന് ഞാൻ കേട്ടിട്ടുണ്ട്. ഞാൻ ചെയ്തുപോയ തെറ്റിന്ന് ദൈവംമുഖേന ഒരു പരിഹാരമായിട്ടാണ്, എന്റെ മകനെക്കൊണ്ട് നിന്നെ വിവാഹം ചെയ്യിപ്പാൻ നിശ്ചയിച്ചത്. എന്നാൽ എന്റെ സ്വത്തുക്കൾ മുഴുവനും പിന്നീട് നിണക്കും നിന്റെ കുട്ടികൾക്കും ആയിത്തീരുമല്ലോ. ജാനു! നീ എന്റെ മകനെ വിവാഹം ചെയ്‌വാൻ വഴിപ്പെട്ടതുകൊണ്ട് ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു.

അപ്പോൾ ഇതായിരുന്നു ഈ അത്ഭുതമായ ഔദാര്യത്തിന്റെ കാരണം. ആ വൃദ്ധന്റെ വെളുത്തുവരുന്ന മുടിയും കറുത്തുമിന്നുന്ന കണ്ണുകളും മെലിഞ്ഞ ശരീരവും വ്യസനഭാവവും കണ്ടപ്പോൾ ധനത്തിന് അയാളുടെ പേരിൽ അതിയായ അനുകമ്പയും സ്നേഹവും ജനിച്ചു. ഒരു വ്യസനപ്രവാഹത്തിൽ ദേഹംമുഴുവനും പെട്ടെന്നു മുഴുകിപ്പോയപ്പോൾ അതിന്റെ ഒപ്പംതന്നെ അവൾ അലക്ഷ്യമായി ആചരിച്ചുവന്ന വഞ്ചനയും മുഴുകിപ്പോയപോലെ തോന്നി. അദ്ദേഹത്തിന്റെ സ്വരത്തിൽ അസ്വാസ്ഥ്യവും യാഥാർത്ഥ്യവും ഉണ്ടായിരുന്നു.

**അച്ഛൻ:** വിവാഹം ഉടനെതന്നെ നടക്കണം എന്ന വാശി എനിക്കുണ്ട്. എനിക്ക് ഹൃദ്രോഹത്തിന്റെ ബാധ ഉണ്ട്. പെട്ടെന്നു മരിച്ചുപോകാൻ ഇടയുണ്ടെന്നാണ് ഡോക്ടർ എന്നെ താക്കീതുചെയ്തത്. എന്റെ മകനും നിണക്കും വിവാഹത്തിന്ന് സമ്മതമായിരിക്കെ അനാവശ്യതാമസം വലിച്ചിടേണ്ടുന്ന കാര്യം ഒന്നും ഇല്ല. എല്ലാവിധ ഒരുക്കങ്ങൾക്കും ഒരാഴ്ച ധാരാളം മതി.

ഒരൊറ്റ ആഴ്ചയ്ക്കുള്ളിലൊ! ധനത്തിന്റെ ശരീരത്തിൽ ചൂടും തണുപ്പും തുടർച്ചയായി വന്നുംപോയി കളിച്ചു. അവൾ ഒരു തടസ്ഥം പുറപ്പെടുവിച്ചുനോക്കി. സ്വേഛാഭരണക്കാരനായ ആ വൃദ്ധൻ തടസ്ഥം വേരോടെ നീക്കംചെയ്തു. ആകപ്പാടെ നോക്കിയാൽ നീട്ടുന്നതുകൊണ്ട് ഒരു ദോഷവും നേരിടാനുമില്ല. സുഖാനുഭൂതിക്ക് അവസരം സിദ്ധിക്കുമ്പോൾ നീട്ടിവെപ്പുകൊണ്ടു അതിന് ഉടവ് ഉണ്ടാക്കരുത്. അവളും എന്തിനും വഴിപ്പെടാൻ ഉറച്ചിരിക്കെ കാലവിളംബം ഒന്നുകൊണ്ടും പാടില്ല. ശുഭസ്യശീഘ്രം എന്നും ഉണ്ടല്ലൊ?

പിന്നേയും അവൾക്ക് ഒരു ശങ്ക. ആർക്കും ദ്രോഹമില്ലെങ്കിലും കൂടി വഞ്ചന ഒരു കുറ്റകരമായ തെറ്റല്ലേ! അവൾ എങ്ങിനെ അതിന്ന് ഒരുമ്പെടും? രാത്രിയായപ്പോൾ ഭയകലുഷമായ ഒരു അമ്പരപ്പ് പിടിപെട്ട് അവളുടെ ദേഹം വിറയ്ക്കുകയും തണുപ്പുകൊണ്ട് മങ്ങുകയും ചെയ്തു. നേരംപുലർന്നാൽ അവൾ ചെയ്ത തെറ്റൊക്കെ നിർഭയം പറഞ്ഞുകൊടുക്കണം എന്ന് അവൾ തീർച്ചയാക്കി. നേരംപുലർന്നപ്പോൾ കണികണ്ടത് ഭാസ്കരന്റെ ഒരു എഴുത്താണ്. അവൾ അതിന്മേൽ ഗാഢമായ ഒരു ചുംബനംവെച്ചു. അപ്പപ്പാ! ഒരിക്കലും ഇല്ല. അയാളെ വിട്ടുകളവാൻ അവൾക്കു കേവലം മനസ്സുവന്നില്ല. അയാളെ വെടിയുന്നകാര്യം അവൾക്ക് ദുസ്സഹമായി അയാളോട്ട് അവൾക്കു അത്രവളരെ പ്രേമം അനുഭവമായിപ്പോയി. വിവാഹം കഴിഞ്ഞാൽ അയാളുടെ അനുരാഗം യഥാർത്ഥത്തിൽ സമ്പാദിപ്പാൻ അവൾ വഴി കണ്ടുകൊള്ളും അപ്പോൾ അവൾ ധനമായാലും ജാനുവായാലും കണക്കൊക്കെ ഒന്നായിരിക്കും. അവൾ ഒരാളേയും ദോഷപ്പെടുത്തുന്നുമില്ല.

മനഃസ്സാക്ഷിയുടെ നിർബന്ധമായ സൗപദേശത്തെ ബലാൽ ഒതുക്കിക്കളവാൻവേണ്ടി ധനം അവളുടെ വിവാഹത്തിന്നുവേണ്ട ഒരുക്കങ്ങൾ കൂട്ടുന്നതിൽ കാണിച്ച ജാഗ്രതകൊണ്ട് തന്നെത്താൻ മറന്നുകളഞ്ഞു. അവൾക്ക് നിന്നുനിരൂപിക്കാൻ കൂടി അവൾ ഇട ഉണ്ടാക്കിക്കൊടുത്തില്ല. അവളുടെ ആവശ്യങ്ങൾക്കു വേണ്ടി പണം വെള്ളംപോലെ വന്നുതുടങ്ങി. ഭാസ്കരന്റെ അച്ഛന്ന് മിസിസ്സ് താരേശ എന്ന വിധവയായ ഒരു ഭഗിനി ഉണ്ട്. അവൾക്ക് ലോകപരിചയം, തന്റേടം, സുശീലം, ആകർഷണം മുതലായ പല ഗുണങ്ങൾ ഉണ്ട്. ധനത്തിന്റെ കാര്യം മുഴുവനും ഏറ്റെടുത്തത് അവളാണ്. ധനമാണെങ്കിൽ വളരെക്കാലം പരാധീനത്തിൽ ജീവിച്ചവളാണ് ആവശ്യത്തിലും കവിഞ്ഞ ആഡംബരത്തിന്ന് വക ഉണ്ടായിരുന്നില്ല. ഇപ്പോഴത്തെ പഞ്ചമില്ലാത്ത സുലഭാവസ്ഥ കണ്ടപ്പോൾ ധനത്തിന്നു ഭ്രമവും ഉന്മേഷവും രോമാഞ്ചവും കലശലായി നേരിട്ടു. ഒരു സിനിമാതാരം എന്നപോലെ മിസിസ്സ് താരേശ ധനത്തിന്റെ സഹജമായ മോടി വർദ്ധിപ്പിക്കയും കൃത്രിമമോടികൾ കൂട്ടിക്കൊടുക്കുകയും ചെയ്തു. അവളുടെ നിണ്ടു ചുരുണ്ട തലമുടി വളരെ ഭംഗിയിൽ കെട്ടിവെയ്ക്കുക പതിവാക്കി. അവളുടെ മുറി "സേട്ടിൻ"-"ഫർ"-"ചിഫോൺ"-പട്ടു വില്ലുസ്-ലെയിസ്-ചേല-ബ്ളൗസ്-"ഷൂസ്"-"സെണ്ട്" മുതലായ പല സാധനങ്ങൾകൊണ്ടും നിറഞ്ഞു. ചേലകൾ ബെനാറീസിൽ നിന്നും മധുരയിൽനിന്നും വരുത്തി. വെള്ളിസ്സാമാനങ്ങൾക്ക് സീമ ഉണ്ടായിരുന്നില്ല.

ജെറാൾഡ് ഭാസ്കരനും അവിടെ എത്തി.

ധനവും ഭാസ്കരനും ഒന്നാമത് അഭിമുഖമായിനിന്നു. പണ്ടത്തെ പരിചയക്കാരണെന്ന വിവരം മനസ്സിലായപ്പോൾ ഇരുവരും ശ്വാസംമുട്ടിപ്പോകും പ്രകാരം പരമാനന്ദത്തിൽ നിമഗ്നരായി. ധനത്തിനെ ഒരു മയങ്ങിപ്പോകുന്ന ഭയവും ബാധിച്ചിരുന്നു. ഭാസ്കരൻ ഒരു ആദിയും അന്തവും കിട്ടാത്ത ഭാവത്തിൽ ധനത്തിന്റെ മുഖത്തുനോക്കി. അതിൽപിന്നെ ഒരു മങ്ങിയ ഓർമ്മ അയാളെ ഉണർത്തിയപ്പോൾ അയാൾക്ക് വളരെ സന്തോഷമാണ് ഉണ്ടായത്.

**ഭാസ്കരൻ:** ആര് നീയോ. ഇത് അത്ഭുതമായ ഒരു ഒത്തുകൂടലാണെല്ലോ. വിധിയുടെ ഒഴിച്ചുകൂടാത്ത വലി ഇവിടെ സ്പഷ്ടമാകുന്നുണ്ടല്ലൊ.

വിധിയുടെവലി! ഉദാസീനഭാവത്തിൽ അയാൾ പറഞ്ഞ ഈ വാക്കുകൾ എത്ര ആശ്വാസകരമായിട്ടാണ് ധനത്തിന്നു തോന്നിയത്. ആ വാക്കുകൾ അവളുടെ ഹൃദയത്തിൽ കൊത്തിവെച്ചപോലെ പതിഞ്ഞു. അന്ന് ഉറങ്ങാൻ കിടന്നപ്പോൾ രാമനാമം പോലെ അവൾ ആ വാക്കുകൾ കൂടക്കൂടെ ജപിച്ചു. എന്തോ എന്നറിഞ്ഞില്ല ആ വാക്കുകൾ അവളുടെ വഞ്ചനയുടെ കാർക്കശ്യം കുറച്ചു കളഞ്ഞു എന്നു തോന്നി. തന്നാൽ തടുപ്പാൻ പാടില്ലാതെപോയ ചില ശക്തികൾക്ക് അധീനയായി വന്നതുനിമിത്തം അവൾ ഇപ്രകാരം ആചരിപ്പാൻ നിർബന്ധിതയായിപ്പോയതാണെന്ന തോന്നൽ വലിയ ആശ്വാസത്തിന്നു വഴിഉണ്ടാക്കി.

# 8

# വിവാഹം

വിവാഹദിവസവും ധ്രുതഗതിയായിട്ടെന്നപോലെ പുലർന്നു. ഒരു ഒന്നാന്തരം ആനക്കൊമ്പ് സേറ്റിന്റെ (Satin) ഗൗൺ ആയിരുന്നു അവൾ ധരിച്ചിരുന്നത്. അതിന്മേൽ മുക്താഫലങ്ങൾ ലില്ലിപ്പൂക്കളുടെ ആകൃതിയിൽ തുന്നിപ്പിടിപ്പിച്ചിരുന്നു. കടിതടത്തിൽ വിരിച്ചുവെച്ചപോലെ തോന്നുന്ന ഒരു മുത്തുകൊണ്ടുള്ള ബെൽട്ട് ചുറ്റിച്ചിട്ടിരുന്നു. കഴുത്തിൽ പാലിനേക്കാൾ വെളുത്ത മുത്തുമാല കെട്ടിയിരുന്നു. അതായിരുന്നു ഭാസ്കരൻ അവൾക്കു കൊടുത്ത മംഗല്യസമ്മാനം. അവളുടെ മുടിയിൽ മധുരനാരങ്ങപ്പൂമാല ഘടിപ്പിച്ചിരുന്നു. അത് ലഹരിപ്പിടിപ്പിക്കുന്ന സൗരഭ്യവും കൂടി വഹിച്ചിരുന്നു. മൂടുപടം വിലയേറിയതും വണ്ണാമ്പിലപോലെ നേരിയതും ആയ ലെയിസായിരുന്നു. അവൾ കയ്യിൽ പിടിച്ചത് ഒരു കെട്ട് വെളുത്ത ലില്ലിപ്പൂക്കളായിരുന്നു. ആ വലിയ കണ്ണാടിയിൽ അവളുടെ മനോഹരകോലം പ്രതിബിംബിച്ചു. ഇതൊക്കെ വാസ്തവമായിരിക്കുമൊ എന്ന ശങ്ക അവളെ ബാധിച്ചു. അവൾ ഒരു സ്വപ്നം അനുഭവിക്കയാണെന്നു തോന്നിപ്പോയി.

പടികളിൽ ചൂടിപ്പായ പിടിപ്പിച്ചിരുന്ന ഒരു ഏണിപ്പടിയും ഇറങ്ങി അവിടെ റെഡിയായി നിർത്തിവെച്ച ഒരു കാറിൽ അവൾ ഒരു പ്രതിമപോലെ കേറി. ഭാസ്കരന്റെ താതന്റെ കയ്യും ഒരു ആക്കത്തിന്ന് പിടിച്ചുകൊണ്ട് അവൾ നാനാമാതിരി അലങ്കരിച്ച പള്ളിയിൽ കേറിച്ചെന്നതും ഒരു പ്രതിമപോലെതന്നെ ആയിരുന്നു. വളരെ ജനങ്ങളൊന്നും പള്ളിയിൽ ഉണ്ടായിരുന്നില്ല. ഭാസ്കരൻ അവളേയും കാത്ത് അവിടെ ഹാജരുണ്ടായിരുന്നു. വളരെ ആളുകളെ ക്ഷണിക്കാതിരുന്നത് ഭാസ്കരന്റെ അച്ഛന്റെ രോഗസ്ഥിതി ഭയപ്പെട്ടിട്ടാണ്. അത് ആലോചിച്ചിട്ടുതന്നെ ആയിരിക്കണം ഭാസ്കരന്റെ മുഖത്ത് പ്രസാദവും പ്രസന്നതയും കുറഞ്ഞുപോയത്. ധനത്തിന്റെ കണ്ണിൽ അയാളുടെ രൂപവും സ്വപ്നത്തിൽ കാണുകയാണെന്നു തോന്നി. ഉറക്കം എപ്പോഴാണ് ഞെട്ടിപ്പോകുന്നത് എന്നുവെച്ച് അവൾക്ക് പരിഭ്രമത്തിന്ന് ഒട്ടും കുറവില്ലായിരുന്നു.

വർണ്ണച്ചില്ലുകൾ പിടിപ്പിച്ച ജനലുകളിൽക്കൂടെ വിളങ്ങുന്ന സൂര്യപ്രകാശം അവളുടെ ദന്തനിറമായ ഗൗണിന്മേൽ വീണ്, ഉടുപ്പ് നാനാനിറമുള്ളതാക്കി. നരച്ച മുടിയുള്ളവനും പുണ്യവാനും ഗൗരവഭാവിയും ഭക്തനും ശാന്തനുമായ പാതിരിയുടെ നാവിന്മേൽ നിന്നു, വിവാഹച്ചടങ്ങുകൾ നിർവ്വഹിച്ചുകൊണ്ടിരിക്കെ "നീ ഈ സ്ത്രീയെ സ്വീകരിക്കുമൊ" എന്ന ചോദ്യം പുറപ്പെട്ടു.

അതുകേട്ടപ്പോൾ അവളുടെ സ്വപ്നമയമായ കവചം അഴിഞ്ഞുവീണുപോയി. ആ സമയത്ത് ധനത്തിന്റെ തലയിൽ ഒരു പ്രകാശംവന്നു. അവൾ ചെയ്യുന്നതിന്റെ യാഥാർത്ഥ്യം അവൾക്ക് നല്ലവണ്ണം ബോദ്ധ്യമായി. വാസ്തവാവസ്ഥ ഒരു വലിയ തിരപോലെ ഉരുണ്ടുവന്നു കോപത്തോടെ അലറിക്കൊണ്ട് അവളുടെമേൽ അടിച്ചുവീണു. കർക്കശപാറകളിന്മേൽ ശ്വാസംമുട്ടി അണ്ണിയിടുന്ന അവളെ തള്ളിവിട്ടപോലെ തോന്നി. "നീ ഈ സ്ത്രീയെ സ്വീകരിക്കുമൊ" ഈശ്വര! അവൾ എന്താണ് ചെയ്യുന്നത്! അവൾ എന്തു വഞ്ചനയാണ് നടത്താൻ പോകുന്നത്!

അവളുടെ അടുക്കെ നിന്നിരുന്ന ജെറാൾഡ് ഭാസ്കരൻ ആ ചോദ്യത്തിന്ന് ദൃഢമായും നിഷ്കമ്പമായും മറുപടി കൊടുക്കുന്നത് അവൾ കേട്ടു. പറകവയ്യാത്ത ഒരു ഭയങ്കരഭയം അവൾക്ക് അനുഭവമായി. പള്ളിയിൽനിന്ന് ആരെങ്കിലും എഴുന്നേറ്റ് ഇവൾ മറ്റൊരുവളുടെ സ്ഥാനത്ത് കടന്നുകൂടിയ ഒരു തെണ്ടിപെണ്ണാണെന്ന് ആക്ഷേപിക്കുമൊ എന്നുകൂടി അവൾക്കുതോന്നി. അവളുടെ ഹൃദയം ശീഘ്രമായി തുടിച്ചു. അവൾ ശ്വാസംമുട്ടി വീണുപോകുമൊ എന്നു കൂടി ശങ്കിച്ചു. അവളുടെ ചെവിയിൽ അളരുന്ന വെള്ളം ചാടുന്നപോലെ തോന്നി. ഈ ബഹളത്തിന്റേയും ഭ്രമത്തിന്റേയും മദ്ധ്യത്തിൽ വിവാഹം നടത്തുന്ന പാതിരി ശാന്തസ്വരത്തിൽ അവളോട് ഇങ്ങിനെ ചോദിച്ചു, "ത്രിപുരന്റെ പുത്രിയായ ജാനു! നീ ഇദ്ദേഹത്തെ നിന്നെ നിയമപ്രകാരം വിവാഹംചെയ്ത ഭർത്താവായി സ്വീകരിച്ചിരിക്കുന്നോ?"

"ത്രിപുരന്റെ പുത്രിയായ ജാനു" എന്നാണ് വിളിച്ചത്! ഈശ്വരന്റെ പുണ്യവേദിമേൽവെച്ച് ഈശ്വര പ്രതിനിധിയായ പാതിരിസ്ഥാനം വഹിച്ച ഒരാൾ അവളുടെ മച്ചിനച്ചിയുടെ പേർ വിളിച്ചിട്ടാണ് അവളോടിങ്ങിനെ നേരിട്ടുചോദിച്ചത്. ഇങ്ങിനെ ഒരു കാര്യം ചെയ്യാമെന്നു അവൾ ആലോചിച്ചതുതന്നെ വലിയ തെറ്റാണ്. ആലോചിച്ചാൽ തന്നെ അത് സമ്പൂർത്തിയാക്കുംവരെ അവൾക്ക് കൊണ്ടുനടത്താൻ സാധിക്കും എന്ന ധൈര്യം എവിടെനിന്നുണ്ടായി? പാതിരി അവളുടെ മറുപടിക്ക് ക്ഷമയോടെ കാത്തുനില്ക്കുകയായിരുന്നു. ലോകംമുഴുവനും നിശ്വാസമടക്കി കാത്തുനില്ക്കുന്നുണ്ടെന്നു ധനത്തിന്നു തോന്നി. അവൾക്ക് വാക്കുപറയുവാൻ നാവ് ഉലയുന്നില്ല. അവൾ നാവുകൊണ്ട് ചുണ്ടുകൾ നനച്ചു. എന്നിട്ടുകൂടി യാതൊരു വാക്കും പുറത്തുവന്നില്ല. പാതിരി അതെചോദ്യംതന്നെ അവളോട് പിന്നേയും ചോദിക്കുന്നതുകേട്ടു. എല്ലാവരുടെ മുഖങ്ങളും, ഉല്ക്കണ്ഠയോടും പരിഭ്രമത്തോടും അവളെ നോക്കുന്നുണ്ടെന്ന് അവൾക്കു മനസ്സിലായി. ഭാസ്കരന്റെ അച്ഛൻ അവളുടെ കാതിൽ എന്തൊ മന്ത്രിച്ചു. ജെറാറാൾഡ് ഭാസ്കരന്റെ മുഖവും മഞ്ഞിൽമൂടിയപോലെ മങ്ങിയനിലയിൽ അവൾ കണ്ടു. അദ്ദേഹത്തിന്റെ കണ്ണുകൾ ചോദ്യഭാവത്തോടെ അവളുടെ മുഖത്ത് പതിഞ്ഞു. അയാളോട് സത്യം പറഞ്ഞുപോയപോലേയും അതു കേട്ടപ്പോൾ പെട്ടെന്ന് അയാളുടെ കോലം മാറിപ്പോയപ്പോലേയും അവൾക്കു തോന്നി. പിന്നെ ദൃഢഭാവത്തോടെ അയാൾ കണ്ണുതിരിച്ചു പിന്തിരിഞ്ഞപോലെയും ഒക്കെ തോന്നിപ്പോയി. സത്യം അറിഞ്ഞുപോയാൽ അദ്ദേഹം അവളെ വെറുത്ത് പുച്ഛിച്ചു തനിക്കൊത്തവണ്ണം നടക്കുമെന്ന നിശ്ചയവും അവൾക്കുണ്ട്. എന്നാലും കൂടി അവൾക്ക് അയാൾ നഷ്ടമായിപോയി എന്ന നിലവരാൻ പാടില്ല. അവളുടെ സകല നാഡികളും സ്പന്ദിച്ചുകൊണ്ടിരിക്കുന്ന ഹൃദയം, അയാൾക്കുവേണ്ടിയും അയാളുടെ പ്രേമത്തിന്നുവേണ്ടിയും എന്തിന്നും വഴങ്ങാമെന്ന നിലയിൽ എത്തിയപ്പോൾ ഈ വിവാഹവേദിയിൽവെച്ച് അയാളെ കൈവിട്ടുകളുവാൻ അയാൾക്കു തീരെ മനസ്സു വന്നില്ല.

ഒരുവിധേന—വളരെ പ്രായസപ്പെട്ടിട്ട്—പറയേണ്ടുന്ന വാക്കുകൾ അവൾ ഉരുവിട്ടുകൊടുത്തു. ആ സമയത്തുതന്നെ ഭാസ്കരന്റെ മോതിരം അവളുടെ ഐസ്പോലെ തണുത്തുപോയ വിരലിന്മേൽ ചുറ്റുകൂടി. "ഈ പള്ളി സാക്ഷിയായി ഈ പള്ളിയുടെ നാമത്തിൽ ഞാൻ നിങ്ങളെ ഭാര്യയും ഭർത്താവും ആക്കിത്തീർത്തിരിക്കുന്നു എന്ന പാതിരിയുടെ ഘനത്തനാദം അവൾ ജയഭാവത്തോടെ കേട്ടു.

ഭാര്യയും ഭർത്താവുമോ! അത് ഇപ്പോൾ ആയിക്കഴിഞ്ഞു. ഇനി അതിൽ നിന്ന് പിൻവലിക്കാനും നിവൃത്തി ഇല്ല. അവൾ ജെറാൾഡ് ഭാസ്കരന്റെ സ്വന്തം മുതലായി. നല്ലവണ്ണം മുറുക്കിയ ഒരു അലാറം (Alaram) സമയമെത്തുമ്പോൾ പെട്ടെന്ന് അഴിഞ്ഞുവിടുമ്പോലെ ധനം ഒരു എങ്ങലോടെ ഭാസ്കരന്റെ കെട്ടിപ്പിടിച്ച കൈകളുടെ ഉള്ളിൽപെട്ടു. വഞ്ചനയാകുന്ന കണ്ടകർക്കശമായ ഒരു മാർഗ്ഗത്തിൽ അവൾ പ്രവേശിച്ചുകഴിഞ്ഞു. പിന്തിരിയുവാനും നിവൃത്തി ഇല്ല. ഇത്രത്തോളം നിറവേറ്റാൻ അവൾക്ക് എങ്ങിനെ സാധിച്ചു! ഭയംകൊണ്ട് വിറയ്ക്കുന്ന ഈ ചെറിയ ധനത്തിന്ന്!

അനുരാഗം ഒരാൾക്ക് സാധാരണ പിടിപെടുന്ന ഒരു രസാനുഭവം മാത്രമാണ് എന്ന നിലയിലാണ് നാം അതിനെപ്പറ്റി സംസാരിക്കുകയും എഴുതുകയും ചെയ്യുന്നത് അതിനെ നമ്മുടെ ജീവിതകാലത്ത് യഥേഷ്ടം നിലനിർത്താനൊ നിഷ്കാസിപ്പാനൊ ക്ഷണിച്ചുവരുത്തുന്ന ഒന്നാണെന്ന ധാരണ പലർക്കും ഉണ്ടായിരിക്കാൻ മതി. എന്നാൽ അനുരാഗം യഥാർത്ഥത്തിൽ ഒരു വമ്പിച്ച നീരോട്ടമാണ്. അത് ശക്തനേയും അശക്തനെയും ഒരുപോലെ വലിച്ചുകൊണ്ടുപോകും. അത് എല്ലാവർക്കും ഒരു ഉദ്ദേശവും മാർഗ്ഗവും ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്. എന്നാലും കണ്ണും അടച്ചുകൊണ്ട് ചിലപ്പോൾ സുഖത്തിലേയ്ക്കോ നാശത്തിലേയ്ക്കോ ചെന്ന് ചാടിപ്പിക്കുന്നു. ധനത്തിന്റെ ജീവിതകാലമാകുന്ന തോണി, എങ്ങോട്ടെന്നറിയാതെ അപായച്ചുഴികളിലും പാറകളിലും അകപ്പെട്ടു ചുറ്റിത്തിരിയുകയാണ്. അബലയായ ധനമേ! ദൈവം നിന്നെ സഹായിക്കട്ടെ. കലങ്ങിമറിയുന്ന തിരമാലകളിൽക്കൂടെ നീയാകുന്ന തോണി പാറമേലടിച്ചു ഛിന്നഭിന്നമാകാതിരിപ്പാൻ ഒരു സമർത്ഥനായ മാലൂമിക്കുപോലും സാധിക്കുന്നതല്ല. "നെബ്വർത്ത് സ്ക്വയറിലെ" ഭവനത്തിൽവെച്ച് അവൾ ഒരു വിധേന "ലഞ്ചിയൻ" ലഘുഭക്ഷണം കഴിക്കുന്നതായ ജോലിനിർവ്വഹിച്ചു. ദമ്പതികളുടെ മേൽ കാണുന്നവരൊക്കെ കോരിച്ചൊരിയുന്ന അനുമോദനങ്ങളും ആശിസ്സുകളും അവർ ഒരുമാതിരി സഹിച്ചു. വൃദ്ധനായ റിച്ചേർഡ് ഭാസ്കരൻ അവളുടെ രണ്ടുചെള്ളയിന്മേലും ചുംബിച്ചു. അനുകമ്പയും വീര്യവുംകൊണ്ട് വൃദ്ധന്റെ കണ്ണുകളിൽ നിന്ന് വെള്ളം ചാടിയിരുന്നു.

**വൃദ്ധൻ:** (തൊണ്ടവിറയോടെ) എന്റെ മകന്ന് നീ സുഖജീവിതം ഉണ്ടാക്കിക്കൊടുക്കുക. നീ അങ്ങിനെ ചെയ്യുമെന്ന് എനിക്കു നല്ല വിശ്വാസം ഉണ്ട്. നീ അർഹിക്കും പ്രകാരം എന്റെ മകനും നിന്നെ സന്തോഷിപ്പിക്കുമെന്ന് ഞാൻ ആശംസിക്കുന്നു. ഈശ്വരനുംകൂടി നിങ്ങളെ കടാക്ഷിക്കട്ടെ ജെറി (ജെറാൾഡ്) മാനശാലിയും വിശ്വാസയോഗ്യനും ആണ്. പണ്ട് നിന്റെ അച്ഛനെ പാപ്പാരാക്കിയ പാപത്തിന്നു ഞാൻ വേണ്ടുന്ന പരിഹാരം ചെയ്തുകഴിഞ്ഞു. മകളേ! ഇനി എനിക്ക് സന്തോഷത്തോടും തൃപ്തിയോടുംകൂടെ മരിക്കാം. എന്നാൽ ഈശ്വരകാരുണ്യം ഒരു പേരക്കുട്ടിയെ എന്റെ മടിയിൽ ഇരുത്തിലാളിപ്പാൻ സംഗതിവരുത്തട്ടെ. അത്രത്തോളം ആയുസ്സ് ഉണ്ടായാൽ ഞാൻ കൃതാർത്ഥനായി.

അവൾ അർഹിക്കുംപ്രകാരം അവൾക്ക് സുഖം ഉണ്ടാകട്ടെ! ദമ്പതികളുടെ മധുവിധുവിന്ന് തെക്കെ കടൽതീരത്ത് അവർക്കുണ്ടായിരുന്ന ഭവനത്തിലേയ്ക്കു കൊണ്ടുപോവാൻ കൊണ്ടു നിറുത്തിയ കാറിൽ കേറുമ്പോൾ ആ വാക്കുകൾ ധനത്തിന്റെ ഹൃദയം വിഷംപോലെ കലുഷമാക്കി. അർഹിക്കുംപ്രകാരമുള്ള സുഖം! തന്റെ അടുത്തിരിക്കുന്ന ഭർത്താവിന്റെ സൗന്ദര്യം കൊണ്ടു തെളിഞ്ഞമുഖം ഭയംകൊണ്ട് നിറംമാറിയ അവൾ മെല്ലെ ഒന്നുകടാക്ഷിച്ചു. അദ്ദേഹത്തിന്റെ ചിരി അമർന്നപോലെ, വായ നല്ലവണ്ണം പൂട്ടിയിരുന്നു. ചിരിയുടെ വര കവിളിൽ അസാരം നീണ്ടുകിടന്നിരുന്നു. അദ്ദേഹത്തെ തലേദിവസം കണ്ടിരുന്നപ്പോൾ അങ്ങിനെ ഒരു രേഖ അവിടെ കണ്ടിരുന്നില്ല. അദ്ദേഹത്തിന്റെ മുഖം കണ്ടാൽ എന്തൊ ഒരു വലിയ സങ്കടം പുറത്ത് കാണാതിരിപ്പാൻ വേണ്ടി അയാൾ ഒതുക്കിവെയ്ക്കുന്നുണ്ടെന്നു തോന്നും. ഒരുസമയം ഈ വികാരം അദ്ദേഹം മറ്റൊരുവളെ പ്രേമിക്കുന്നതുകൊണ്ട് വന്നുചേർന്നതായിരിക്കുമോ!

ധനത്തിന്റെ ദേഹത്തിന്ന് ഒരു വിറ ഉണ്ടായി. ഹേ! ഉണ്ടാകയില്ല. അങ്ങിനെ ഒരു കാര്യം അവൾ വിശ്വസിക്കുകയില്ല. അദ്ദേഹം മറ്റൊരുവളെ കാമിച്ചിരുന്നു എങ്കിൽ അച്ഛൻ ചെയ്ത ഏർപ്പാടിൽ അനുകൂലിക്ക ഇല്ലായിരുന്നു. എന്നാൽ അയാൾക്ക് തന്നോടു ചേരുന്ന മനസ്ഥിതി ഏതുപ്രകാരത്തിൽ ആയിരിക്കും! തന്നെ(ധനത്തെ)പ്പറ്റി അദ്ദേഹം എന്തുവിചാരിക്കുന്നുണ്ടായിരിക്കും. അവൾ പിന്നേയും അയാളുടെ മുഖത്തു നോക്കി. അയാൾ പുറമെ നോക്കിക്കൊണ്ടിരുന്നു. വളരെ നേരമായിട്ട് അയാൾ ഒന്നും മിണ്ടിയിരുന്നുമില്ല. അവരുടെ ഭവനത്തിൽനിന്ന് വളരെ അകലെ ചെല്ലുന്തോറും ധനത്തിന്റെ ഭയവും കുറഞ്ഞുകുറഞ്ഞുവന്നു. കാര്യമൊക്കെ കഴിഞ്ഞുപോയി. വലിയ പശ്ചാത്താപവും സങ്കടവും കൊണ്ടൊന്നും വിവാഹാടിയന്തരം ഇല്ലാതായ്പോകയില്ല. അത് ഇല്ലായ്മചെയ്‌വാൻ അവൾക്ക് ഒന്നുകൊണ്ടും ആഗ്രഹമില്ല. അത് തീർച്ചതന്നെ.

ഭാസ്കരന്റെ ദീർഘമായ മൗനത്തിന്ന് വേഗമൊന്നും ഭംഗം വരികയില്ലെന്ന് ധനം വിചാരിച്ചിരുന്നു. എന്നാൽ അങ്ങിനെയല്ല വന്നുകൂടിയത്. ഭാസ്കരൻ പെട്ടെന്ന് തന്റെ മൗനം പൊട്ടിച്ചു.

**ഭാസ്കരൻ:** ഈ വിവാഹക്കരാർ വിചാരിച്ചിട്ട് നീ പശ്ചാത്തപിക്കുന്നില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ധനത്തിന്റെ നിശ്വാസം നിന്നുപോയപോലെ തോന്നി അവളുടെ കണ്ണ് നക്ഷത്രംപോലെ മിന്നി.

**ധനം:** പശ്ചാത്തപിക്കുകയോ! ഒരിക്കലും ഇല്ല. അങ്ങിനെ ചെയ്‌വാൻ ഒരു വഴിയും ഞാൻ കാണുന്നില്ല.

ഇങ്ങിനെ പറഞ്ഞത് മന്ദമായ സ്വരത്തിലായിരുന്നു എങ്കിലും നല്ല ദൃഢത സ്ഫുരിച്ചിരുന്നു. ഭാസ്കരൻ അവളെ ഒന്നു നോക്കിപ്പോയി.

**ഭാസ്കരൻ:** ഭാഗ്യവശാൽ ഇത് ഒരു "ബിസിനസ്സ്" ഏർപ്പാട് മാത്രമാണ്. അതുകൊണ്ട് വേണ്ടാത്ത നാട്യം കൊണ്ടുനടക്കാൻ നമുക്ക് രണ്ടാൾക്കും ബാദ്ധ്യതയില്ല... (അർത്ഥമില്ലാതെ ചിരിച്ചിട്ട്) നിന്റെ ജീവദശ ഒരു എടാകൂടമായ എർപ്പാടാണ് നിണക്ക് ഉണ്ടാക്കിതീർത്തത്. അതുകൊണ്ടാണ് അധികപരിചയമില്ലാത്ത കേവലം അന്യനായ എന്നെ നിണക്കു വിവാഹം ചെയ്യേണ്ടിവന്നത്.

ഇതു കേട്ടപ്പോൾ ധനത്തിന് ശ്വാസം മുട്ടി.

**ധനം:** (മൃദുസ്വരത്തിൽ) കേവലം ഒരു അന്യനോ! എന്റെ വിവാഹത്തിന്ന് മുമ്പെ ഞാൻ നിങ്ങളെ കണ്ടിരുന്നല്ലൊ?

ഭാസ്കരൻ അക്സിലറേറ്ററിന്മേൽ കാലൊന്നിടിച്ചിട്ട് "ഓ അന്നത്തെ രാത്രിയോ" എന്നുമാത്രം പറഞ്ഞു, കാർ മുന്നോട്ടു ഒരു ചാട്ടം ചാടി. അന്നത്തെ രാത്രിയുടെ സ്മരണയും മനോരാജ്യഭംഗവും സൂചിപ്പിച്ചു സംസാരിക്കുന്നതുതന്നെ അയാൾക്ക് ഇഷ്ടം അല്ലായിരുന്നു. ആ പ്രകടിപ്പുകൊണ്ട് അദ്ദേഹം ധനത്തിന്റെ ഹൃദയത്തിൽ ഒരു കട്ടാരം കുത്തിഇറക്കുകയാണ് ചെയ്തത്. അദ്ദേഹം പുഛരസത്തിൽ ഉച്ചരിച്ച "ഓ" എന്ന വാക്കുകൊണ്ട് അവളുടെ വിചാരം തന്നെ പിന്നീട് അയാൾക്ക് ഉണ്ടായിട്ടില്ലെന്ന് നല്ലവണ്ണം സ്പഷ്ടമാക്കി.

**ഭാസ്കരൻ:** എനിക്കുതരാൻ പാടുള്ളേടത്തോളം ഒരു സുഖകരമായ ജീവിതം ഞാൻ നിണക്ക് ഉണ്ടാക്കിത്തരാം. പെൺകുട്ടികൾ കാംക്ഷിക്കുന്ന സകല സാധനങ്ങളും ഞാൻ ലോഭമില്ലാതെ കൊണ്ടുവന്നുതരാം. ഫ്റോക്കുകൾ-രസങ്ങൾ-വിനോദങ്ങൾ—ഇങ്ങിനെയുള്ള യാതൊന്നിന്നും ക്ഷാമം ഉണ്ടായിരിക്കയില്ല. എന്നെക്കൊണ്ട് ഒരു തടസ്ഥവും നിണക്ക് നേരിടുകയില്ല. എന്റെയും എന്റെ അച്ഛന്റെയും പേരിന്ന് ഉടവ് വരാത്തവിധത്തിൽ നിണക്ക് ഇഷ്ടംപോലെ എന്തുപ്രവർത്തിക്കുന്നതിന്നും വിരോധമില്ല. പേർ പരിപാലിക്ക എന്ന ഒരൊറ്റ കാര്യത്തിന്നു മാത്രമെ ഞാൻ നിന്നോട് ആവശ്യപ്പെടുന്നുള്ളു.

ധനം തന്നെത്താനറിയാതെ കാറിന്റെ ഒരു മുക്കിൽ പതുങ്ങിപ്പോയി. ഫ്റോക്കും വിനോദവും സ്വതന്ത്ര്യവും പോലും! ഇത്രമാത്രമെ അദ്ദേഹം എനിക്ക് തരാൻ ഭാവമുള്ളു! അവൾക്കു വേണ്ടിയിരുന്നത് അദ്ദേഹത്തിന്റെ പ്രേമം ഒന്നുമാത്രമാണ് അവൾ പല്ലുകടിച്ചു. അവൾ വല്ലപ്രകാരത്തിലും അയാളെ പാട്ടിലാക്കും. അതിന്ന് സംശയമില്ല, നിശ്ചയം.

സ്വന്തം ഭവനം ഉണ്ടായിരുന്നതിൽ പോകുന്നതിന്നു പകരം കാർ നിർത്തിയത് ഒരു ഹോട്ടലിന്റെ മുൻവശത്താണ്. ഭാസ്കരൻ കാറിന്റെ വാതിൽതുറന്ന് അവളെ കൈപിടിച്ച് ഇറക്കി. രണ്ടാളും ഹോട്ടലിൽ പ്രവേശിച്ചു. ഇതായിരിക്കുമൊ മധുവിധുകാലാരംഭം.

## 9

# ഹേമാംഗൻ

വരാന്തയിലെ ഒരു വലിയ കസേലമേൽ ഇരുന്ന് ഭാസ്കരൻ ചുരുട്ടുവലിച്ചു. നക്ഷത്രങ്ങൾ നിറഞ്ഞ ആകാശവും നോക്കിക്കൊണ്ട് അയാൾ ഇരുന്നു, ആകാശത്തിന്ന് വില്ലൂസിന്റെ മാർദ്ദവം ഉള്ളപോലെ തോന്നി. അയാളുടെ ചുറ്റും ഒരു ശാന്തത പരന്നു. അപൂർണ്ണചന്ദ്രന്റെ ഒരു മങ്ങിയ പ്രകാശം സമുദ്രത്തിൽ ബിംബിച്ചിരുന്നു. വലിയ തിരകളിന്മേൽ കൂടി പൂക്കളുടെ സൗരഭ്യം പരന്നിരുന്നു. ആ ശാന്തമായ രാത്രി അനുരാഗത്തിന്നും അനുകൂലവിനോദങ്ങൾക്കും പറ്റിയതായിരുന്നു. അദ്ദേഹത്തിന്റെ രക്തം നാഡികളെ ശക്തിയോടെ സ്പന്ദിപ്പിച്ചിരുന്നു.

ധനം അദ്ദേഹത്തിന്റെ മുഖത്തുകണ്ടിരുന്ന രേഖകൾ—ചിരിയുടെ രണ്ട് ഭാഗത്തും വ്യാപിച്ചുകണ്ട വരകൾ—ആണ്ടു നിന്നു. പുരികം അടുത്തുവരുംപ്രകാരം നെറ്റിചുളിഞ്ഞു. വിവാഹം കഴിച്ചിട്ട് അച്ഛനെ തൃപ്തിപ്പെടുത്തണം എന്നുമാത്രമേ അയാൾ വിചാരിച്ചിരുന്നുള്ളു. എന്നിട്ടെങ്കിലും ആനന്ദവല്ലിയുടെ സ്വപ്നം മനസ്സിൽനിന്ന് നാടുകടത്തിക്കളയാമെന്ന് അയാൾ വിചാരിച്ചു. അതാണ് തെറ്റ്. അതാ അവളുടെ സ്വരൂപം അന്ധകാരത്തിൽക്കൂടെ അയാളെ നോക്കിക്കൊണ്ടിരിക്കുന്നു. ദ്രോഹിക്കത്തക്കവണ്ണം ഉള്ള സൗന്ദര്യം! അനുഭവിക്കാൻ ക്ഷണിക്കുന്ന കടാക്ഷം! എന്നാലും അന്യന്റെ ഭാര്യ. അവളേപ്പറ്റിയുള്ള ആഗ്രഹം തന്നെ അധർമ്മവും അസംബന്ധവുമാണ്.

മറ്റൊരാളുടെ ഭാര്യയോ! ഒരു സമയം മറ്റൊരാളുടെ ഭാര്യ എന്ന നിലയിൽ അവൾ വളരെക്കാലം ജീവിക്കേണ്ടിവരികയില്ല. അവളുടെ ഭർത്താവിന്റെ ഒന്നിച്ചുള്ള വാസംകൊണ്ട് അവൾക്ക് സുഖാനുഭവം ഒന്നും ഉണ്ടായിരുന്നില്ല. ഒന്നുമില്ലെങ്കിൽ അദ്ദേഹത്തിന് അത് തീർച്ചയാണ്. അഭിനയരംഗത്തിൽ കാണുമ്പോലെയാണ് അവളേപ്പറ്റിയുള്ള സ്മരണ അയാൾക്ക് എപ്പോഴും ഉണ്ടാകുന്നത്. കഷ്ടകാലത്തിന്ന് അവൾ വിവാഹം കഴിച്ചത് ഒരു തനിച്ച മൃഗത്തെ ആയിപ്പോയി. ആനന്ദവല്ലി തന്റെ അഭിമാനവും ധർമ്മവും ബാദ്ധ്യതയും വിചാരിച്ചിട്ടായിരിക്കാം അവൾ യഥാർത്ഥത്തിൽ പ്രേമിക്കുന്ന ഭാസ്കരനെ ഉപേക്ഷിക്കേണ്ടിവന്നത്. നാടകം കാണുമ്പോളൊക്കെ അഭിനയം അതിലെ പാത്രത്തിന്റെ പ്രതിനിധിയായിട്ടല്ല ആനന്ദവല്ലി സ്വന്തം നിലയിലാണ് അഭിനയിക്കുന്നത് എന്ന ഭാസ്കരന് തോന്നിപ്പോകാറുണ്ട്. ഇപ്പോഴാകട്ടെ അയാൾക്ക് അതു തീർച്ചയായി. ആ അഭിനയം അവൾ സജീവമാക്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ അത് അവളുടെ സ്വന്തം അനുഭവമാണ്. അവളുടെ ഭർത്താവ് ഒരു തെമ്മാടിയാണ്. അയാളോട് അവൾക്ക് ലേശം പ്രേമം ഉണ്ടായിരുന്നില്ല. ഒരു സമയം അവന്റെ ബാധ ഒഴിഞ്ഞുപോവാൻ ഒരു അവസരം അവൾക്കും വന്നു ചേരുമായിരിക്കും. ആ കാലത്ത്... ഭാസ്കരന്ന് ഒരു ദീർഘനിശ്വാസം ഉണ്ടായി. അങ്ങിനെ ഒരു അവസരത്തിന്ന് ഭാസ്കരൻ കാത്തുകൊണ്ടിരിക്കുകയായിരുന്നു. അന്ന് അയാൾ അവളെ സാനുകമ്പം സ്വീകരിച്ച് അവളെ ആശ്വസിപ്പിക്കുമായിരുന്നു.

ഇതൊക്കെ ചെയ്വാൻ വിചാരിച്ചിരുന്നതിന്നുപകരം ഭാസ്കരൻ ജാനു എന്ന നിലയിൽ ധനത്തെ വിവാഹംചെയ്തു ഇരിക്കുകയാണ്. അയാൾ പ്രേമിച്ച ആനന്ദവല്ലിയോട് അയാൾ വലിയതെറ്റാണ് ചെയ്തത്. അയാളുടെ വിവാഹം കഴിച്ച ധർമ്മപത്നി അയാളേയും കാത്ത് മുകളിലെ ഒരു മുറിയിൽ ഇരിക്കുകയാണ്. അകാരണം എന്ന് പറയാവുന്ന ഒരു കോപം അയാളെ ആകുലപ്പെടുത്തി. ഈ വിവാഹം നടന്നത് വളരെ അന്യായമായിപ്പോയി. ഭാസ്കരനെ ഒരു കെണിയിൽ കുടുക്കി ഇട്ടതാണ്. അയാളുടെ അച്ഛൻ ചെയ്തത് ശരിയല്ല. വലിയ അന്യായമാണ്. അവർ (അച്ഛൻ) ഒരു തെറ്റുചെയ്താൽ അതിന്റെ ഭവിഷ്യത്തുകൾ അവർ തന്നെയാണ് സഹിക്കേണ്ടത്. പരിഹാരമാർഗ്ഗമായി പുത്രനെ വലിച്ചുകുടുക്കിയത് നന്നായില്ല.

ഭാസ്കരൻ കോപത്തോടെ ശരീരം ഒന്നിളക്കി. തന്റെ സുഖാനുഭൂതിക്കുള്ള സർവ്വസ്വത്തിനും അയാൾ തന്റെ അച്ഛനു കടപ്പെട്ടിരിക്കയാണ്. അച്ഛനെ ഇങ്ങിനെ ദൂഷിക്കുന്നത് നന്ദികേടും അവിഹിതവുമാണ്. അയാൾ ജാനുവിനെ വിവാഹം ചെയ്വാൻ അനുവദിച്ചത് ധർമ്മപ്രകാരമാണ്. ഒരു അനിഷ്ടവും സൂചിപ്പിക്കപ്പോലും ഉണ്ടായിട്ടില്ല. അങ്ങിനെ ഇരിക്കെ ഇപ്പോൾ വൃഥാ കണ്ഠക്ഷോഭംചെയ്തിട്ട് എന്തു ഫലമാണ്. അയാൾ യാതൊരു ഉന്മേഷവുമില്ലാതെ തന്റെ മുന്നിൽ കൊണ്ടുവെച്ച വിസ്കിയും സോഡയും കഴിച്ചു. "വെയിററോട്" (ദാസനോട്) പിന്നേയും കൊണ്ടുവരാൻ "ഓർഡറും" (കല്പന) കൊടുത്തു.

അപ്പോഴാണ് ഉച്ചത്തിൽ ആരൊ തന്നെ വിളിക്കുന്നത് കേട്ടത്.

"ഭാസ്കരാ! ജെറി! ഭാസ്കരൻ അല്ലെ അത്?"

ഭാസ്കരൻ ഒന്നുഞെട്ടി. തിരിഞ്ഞുനോക്കി. അപ്പോൾ ഒരാൾ തന്റെ അടുക്കെ വന്നുനിന്നു. അത് താൻ പണ്ട് പട്ടാളത്തിൽ ഉണ്ടായിരുന്ന കാലത്ത് തനിക്ക് ഉണ്ടായിരുന്ന ഒരു ഉറ്റചങ്ങാതിയായിരുന്നു.

**ഭാസ്കരൻ:** മേറ്റ് ഹേമാംഗനൊ! നിന്നെ ഞാൻ കണ്ടിട്ട് രണ്ടുകൊല്ലത്തിൽ അധികമായല്ലോ!

അയാൾ ഭാസ്കരന്റെ അടുക്കെവന്നിരുന്നു.

**ഹേമാംഗൻ:** അതേ, രണ്ടുകൊല്ലം ആയിപ്പോയിരിക്കാം ഞാൻ പരദേശത്തായിരുന്നു. ഇന്നു രാത്രി ഭക്ഷണത്തിന്ന് നീ നേരത്തെ വന്നിരുന്നപ്പോൾ ഒരൊറ്റ നോട്ടത്തിന്ന് എനിക്ക് നിന്നെ മനസ്സിലായി. (ചിരിച്ചിട്ട്) അപൂർവ്വദർശനം! ഭൂമി വളരെ വലിയതിക്കല്ലെന്ന് തോന്നിപ്പോകുന്നു. നിന്റെ ഭാര്യയേയും എനിക്ക് കണ്ടഉടനെ മനസ്സിലായി.

**ഭാസ്കരൻ:** എന്റെ ഭാര്യയേയൊ?

ഭാര്യ എന്ന ശബ്ദം തന്നെ, ഒരു പുതുമയും അപരിചിതഭാവവും ഭാസ്കരന്റെ ഉള്ളിൽ ഉണ്ടാക്കി. ഒരു വിവാഹിതനാണെന്ന നില ഇനിയും അദ്ദേഹത്തിന്റെ ഹൃദയത്തിൽ നല്ലവണ്ണം പതിഞ്ഞിരുന്നില്ല. ഹേമാംഗൻ തല ഇളക്കിയതേയുള്ളു.

**ഹേമാംഗൻ:** അതെ, ധനത്തിനെത്തന്നെ. അവളെ പണ്ടു കണ്ടത് കുറെ മുമ്പെ ആണ്. അസാരം ഭേദിച്ചു പോയിട്ടുണ്ട്. അന്ന് ചെറുപ്പമായിരുന്നു. ഇപ്പോൾ നല്ലവണ്ണം വികസിച്ചു എന്നുമാത്രം. പണ്ടേ ഒരു നാണം കുണുങ്ങിയാണ്. ആരോടും വലിയ ലോഹ്യം കാണിച്ചിരുന്നില്ല. സൗന്ദര്യത്തിൽ രണ്ടാംക്ലാസായിരുന്ന അവൾക്ക് ഒരു മച്ചിനച്ചി ഉണ്ടായിരുന്നു. ത്രിപുരന്റെ മകൾ ജാനു. നല്ല ഒരു സുന്ദരിക്കുട്ടി. അവളെ വിവാഹം കഴിച്ചാൽ കൊള്ളാമെന്ന് ഞാൻ വിചാരിച്ചിരുന്നു. അവളെ കണ്ടിട്ടില്ലെന്നുണ്ടോ?

ഭാസ്കരന്ന് ചങ്ങാതിയുടെ വിവരമില്ലായ്മയെപ്പറ്റി ചിരിയാണ് വന്നത്?

**ഭാസ്കരൻ:** ജാനു-ധനം, എടൊ, നീ ഈ രണ്ടാളേയും ഇടകലർത്തിപ്പറഞ്ഞിട്ട് മറ്റുള്ളവരെ പരിഭ്രമിപ്പിക്കരുത് ത്രിപുരന്റെ മകൾ ജാനു എന്റെ ഭാര്യയാണ് അവൾ കുറെകാലം ധനത്തിന്റെ കൂടെയായിരുന്നു പാർത്തിരുന്നത്.

**ഹേമാംഗൻ:** (ഉച്ചത്തിൽ) എടൊ! ഭഗവാനാണെ നേര്. ഞാൻ രണ്ടുകൊല്ലത്തോളം ജാനുവിനെ ഇടവിടാതെ കണ്ടുപരിചയമുണ്ട്. ഒരുകാലത്ത് അവളെ വിവാഹം കഴിക്കണം എന്ന വിചാരവും കൂടി എനിക്കുണ്ടായിരുന്നു. അക്കാലത്ത് എന്റെ വശം പണത്തിന്റെ നാമംതന്നെ ഉണ്ടായിരുന്നില്ല. പിന്നെ അവൾ ഒരു ഷാപ്പിൽ ശീലവില്ക്കുന്ന ജോലിക്കാരിയായിക്കൂടിയിരുന്നു. എന്റെ പരദേശാടനം കഴിഞ്ഞിട്ട് ഞാൻ കുറെ ദിവസം മുമ്പെ മടങ്ങി എത്തിയപ്പോൾ അവളെ കാണ്മാൻവേണ്ടി ഞാൻ ആ ഷാപ്പിൽ ചെന്നു. ഒരു പ്രസിദ്ധനടന്റെ ഭാര്യയായ് അവൾ നാടുവിട്ടുപോയി എന്ന് അവർ പറഞ്ഞറിഞ്ഞു. അവളുടെ ഭർത്താവ് മഹേശനാണ്. അയാളെ കാമിക്കാത്ത സിനിമാതാരങ്ങൾ ഇല്ലെന്നാണ കേട്ടത്. പോരാഞ്ഞിട്ട് അവരുടെ ഫോട്ടോവും ഞാൻ അവിടെ കണ്ടു. ഹാ എനിക്കിപ്പോൾ ഓർമ്മവന്നു. ഞാൻ ഒരു കൊല്ലം മുമ്പെ നാടുവിട്ടു പോയപ്പോൾ ജാനുതന്നെ എനിക്കു തന്ന അവളുടെ ഫോട്ടോ എന്റെ കീശയിൽ ഇപ്പോൾ ഉണ്ടായിരിക്കണം എന്നു തോന്നുന്നു.

ഹേമാംഗൻ, തന്റെ കീശ പരതി ഒരു പോക്കറ്റു ബുക്ക് എടുത്തു. അതിൽനിന്ന് ഒരു ഫോട്ടൊ എടുത്ത് ഭാസ്കരന്റെ കൈവശം കൊടുത്തു അത് കണ്ണുകൊണ്ട് ചിരിക്കുന്ന ഒന്നാന്തരം ഒരു സുന്ദരിയുടേതായിരുന്നു. ഇവളും താൻ വിവാഹം ചെയ്ത തരുണിയും തമ്മിൽ ഒരു സാമ്യവും കണ്ടില്ല. ഫോട്ടോവിന്റെ ചോടെ ത്രിപുരൻ മകൾ ജാനു എന്നും എഴുതിയിരുന്നു.

**ഹേമാംഗൻ:** ഇവളാണ് ഞാൻ കാമിച്ച പെണ്ണ്. ഈ ജാനുവിന്റെ ചങ്ങാതിയാണ് നിന്റെ ഭാര്യ ധനം. ജാനുവാണ് കുറെമുമ്പേ മഹേശനേയും വിവഹം കഴിച്ച് നാടുവിട്ടുപോയത്.

ഭാസ്കരൻ ജാനുവിന്റെ ഫോട്ടൊ നല്ലവണ്ണം നോക്കി.

**ഭാസ്കരൻ:** ഞാൻ എന്തുപറയട്ടെ. ഇത് വാസ്തവമാവാൻ പാടുണ്ടൊ?

**ഹേമാംഗൻ:** ഇഷ്ടാ, അവളുമായി രണ്ടുകൊല്ലത്തെ പരിചയം എനിക്കുണ്ട്.

**ഭാസ്കരൻ:** ത്രിപുരന്റെ മകളായി ഒരു ജാനുവല്ലാതെ രണ്ടാൾ ഉണ്ടാവാൻ ഒരിക്കലും പാടില്ലല്ലൊ?

**ഹേമാംഗൻ:** (ചിരിച്ചിട്ട്) ഉണ്ടാവാൻ ഇടയില്ല.

ഭാസ്കരന്റെ നെറ്റിചുളിഞ്ഞു. അയാൾ ചിന്താമഗ്നനായി.

**ഭാസ്കരൻ:** എനിക്കൊന്നും മനസ്സിലാകുന്നില്ല. നീ പറയുന്നു, എന്റെ ഭാര്യയെ നിണക്ക് അറിയാമെന്ന് അവൾ ജാനുവല്ലെന്നും നീ പറയുന്നു.

ഹേമാംഗൻ ആശ്ചര്യം കൊണ്ട് സ്തംഭിച്ചുപോയി.

**ഹേമാംഗൻ:** ഇഷ്ടാ! ഞാൻ ഒന്നും പറഞ്ഞിട്ടില്ലെന്ന് കരുതിക്കൊ. നിന്റെ ഗൃഹസ്ഥാശ്രമത്തിൽ എനിക്ക് കയ്യിടേണ്ടുന്ന കാര്യം ഇല്ല.

**ഭാസ്കരൻ:** അങ്ങിനെ വിട്ടുകളവാൻ പാടില്ലാത്ത ഒരു കാര്യമാണിത്. ഇതിന്റെ അടിയറ്റംവരെ കാണാതെ ഏനിക്കു നിവൃത്തി ഇല്ല. നിങ്ങൾ പറഞ്ഞ ജാനു ആ പ്രസിദ്ധനടനെ വിവാഹം ചെയ്തത് എന്നായിരുന്നു.

**ഹേമാംഗൻ:** (ആലോചിച്ചിട്ട്) ഇക്കഴിഞ്ഞ ശനിയുടെ മുന്നിലെ ശനിയാഴ്ച എന്നുവെച്ചാൽ കഴിഞ്ഞ പതിനഞ്ചാം തിയ്യതി. ജാനുവിനും അവളുടെ ഭർത്താവിനും കരാർപ്രകാരം തെക്കെ ആഫ്രിക്കയിലും, യൂറോപ്പിലും നിശ്ചിത തിയ്യതികളിൽ എത്തേണ്ടുന്ന ബാദ്ധ്യത ഉണ്ടായിരുന്നു. വിവാഹം കഴിഞ്ഞ അന്നുതന്നെ അവർ രാജ്യംവിട്ടു.

ഭാസ്കരൻ ഒന്നുഞെട്ടി പതിനഞ്ചാം തിയ്യതിയാണ് ജാനു എന്ന ഹേമാംഗൻ പറയുന്നവൾ ഇവിടം വിട്ടുപോയത്. ഞാൻ വിവാഹം കഴിച്ച ജാനു എന്റെ അച്ഛന്റെ വക്കീലിന്റെ അരികെ ചെന്നത് പതിനേഴാം തിയ്യതിയാണ്. അന്നു തന്നെയാണ് അവളെ എന്റെ അച്ഛന്റെ അടുക്കെ കൂട്ടിക്കൊണ്ടുപോയതും. ഇതിൽ ഒരു അത്ഭുതം അന്തർഭവിച്ചിട്ടുണ്ടല്ലൊ.

**ഭാസ്കരൻ:** ഞാൻ വിവാഹം ചെയ്തവളെ നീ ശരിയായി തിരിച്ചറിഞ്ഞു എന്നോ?

**ഹേമാംഗൻ:** (അതെ എന്ന ഭാവത്തിൽ തല കുലുക്കീട്ട്) എന്നോട് തെറ്റിപ്പോവാൻ ഒരു വഴിയും ഇല്ല. നിന്റെ ഭാര്യ ധനമാണ്. അവൾ ജാനുവിന്റെ മച്ചിനച്ചിയുമാണ്.

രണ്ടാളും അന്യോന്യം നോക്കി. മേറ്റ് ഹേമാംഗന്റെ നോട്ടത്തിൽ ഒരു ശങ്കയും അത്ഭുതവും നല്ലവണ്ണം സ്ഫുരിച്ചിരുന്നു.

**ഹേമാംഗൻ:** ധനവും ജാനുവും ഒന്നിച്ചായിരുന്നല്ലൊ പാർത്തത്. അന്നെങ്കിലും അവരെ വേർതിരിച്ചറിവാൻ നിങ്ങൾക്ക് സാദ്ധ്യമായിരുന്നില്ലെ!

**ഭാസ്കരൻ:** ഞാൻ വിവരിച്ചു പറഞ്ഞുതരാം എന്റെ അച്ഛന്റെ വക്കീൽ ത്രിപുരന്റെ മകൾ ജാനുവിന്ന് ഒരു എഴുത്തയച്ചത് പതിനഞ്ചാം തീയ്യതിയാണ്. അന്നാണ് അവൾ ഇവിടംവിട്ട് പരദേശത്തേയ്ക്കു പോയത് എന്ന് നീ പറയുന്നത്. എന്നാൽ എഴുത്തുപ്രകാരം ജാനു പതിനേഴാം തീയ്യതി വക്കീൽമാരെ ചെന്നു കണ്ടിട്ടുണ്ട്. അച്ഛനേയും കണ്ടിട്ടുണ്ട്. അതിന്നു മുമ്പൊന്നും ജാനുവുമായി എടുത്തുപറയത്തക്ക യാതൊരു പരിചയവും എനിക്ക് ഉണ്ടായിരുന്നില്ല. ഹേമാംഗി! ഞാൻ സകല കാര്യവും തുറന്നു പറഞ്ഞുതരാം. ഈ വിവാഹം തന്നെ ഒരു "ബിസിനസ്സ്" നടത്തുമ്പോലെയുള്ള ഒരു ഏർപ്പാടാണ് ഡഗ്ലസ് ത്രിപുരൻ എന്ന ഒരാളുമായി എന്റെ അച്ഛനു പണ്ടേ പരിചയം ഉണ്ടായിരുന്നു. അയാളുടെ പുത്രിയാണ് ജാനു. ചില പ്രത്യേക കാരണങ്ങൾകൊണ്ട് ആ പെണ്ണിനെ എന്നെക്കൊണ്ട് വിവാഹം കഴിപ്പിക്കാൻ അച്ഛൻ നിശ്ചയിച്ചു. അച്ഛൻ ആ പെണ്ണിനെ പണ്ട് കണ്ടിരുന്നുമില്ല. അങ്ങിനെ ഒരു പെണ്ണുണ്ടെന്ന് വക്കീൽമാർ അന്വേഷിച്ചു വിവരം കൊടുത്തതാണ്. എന്നതിൽ പിന്നെയാണ് ജാനുവെ അച്ഛൻ ഒന്നാമതു കണ്ടത്.

**ഹേമാംഗൻ:** ഡഗ്ലസ് ത്രിപുരനെ എനിക്ക് നല്ലവണ്ണം അറിയാം. അയാളാണ് ജാനുവിന്റെ അച്ഛൻ. അയാൾ വെടിവെച്ച് മരിച്ചുകളകയാണ് ചെയ്തത്. പാപ്പരായ്പ്പോയതുകൊണ്ടാണ് ആത്മഹത്യയ്ക്കു കാരണം.

ഭാസ്കരൻ ഒന്നു നെടുവീർപ്പിട്ടു. ഈ എടാകൂടമായ ഏർപ്പാടിന്റെ യാഥാർത്ഥ്യം മനസ്സിലായപ്പോൾ ദുസ്സഹമായ കോപംകൊണ്ട് ഭാസ്കരൻ പല്ലുകടിച്ചു.

**ഭാസ്കരൻ:** നമുക്കു വ്യക്തമാകാത്ത ഭാഗം ഇപ്പോൾ മനസ്സിലായി. സത്യം ഇപ്പോഴാണ് എനിക്കു വെളിവായത്. ഒരു ദുഷ്ടപ്പെണ്ണിന്റെ കല്പിച്ചുകൂട്ടിയ വഞ്ചനയാണിത്. ഞാൻ ഇന്ന് രാവിലെ വിവാഹം കഴിച്ചപെണ്ണു ധനമാണ്! താനാണ് ജാനു, എന്ന നിലയിൽ എന്നെ വേളികഴിച്ചതാണ്. മച്ചിനച്ചിയുടെ സ്ഥാനത്ത് നിശ്ശങ്കം അവൾ വന്നുനിന്നു. അവൾ അച്ഛനേയും വഞ്ചിച്ചു. ഇതൊക്കെ പണംപിടുങ്ങുവാൻ ഒരു ഉപായം മാത്രമായിരുന്നു. വെറും ഒരു തെണ്ടിപ്പെണ്ണ്. ഞാനാണ് കെണിഞ്ഞത് എന്റെ ഭാഗവാനെ! ഞാൻ അവളെ വിവാഹം ചെയ്തുപോയല്ലൊ.

എന്നാൽ ഹേമാംഗന്ന് ഒരു കൂസലും കണ്ടിരുന്നില്ല.

**ഹേമാംഗൻ:** ഇഷ്ടാ! ഒന്നും ഭയപ്പെടാനില്ല. വഞ്ചനകൊണ്ടോ തെറ്റിദ്ധാരണകൊണ്ടോ നടന്നുപോയ ഒരു വിവാഹം റദ്ദാക്കാൻ (ഇല്ലായ്മചെയ്വാൻ) ഒരു വിഷമവുമില്ല. നിണക്ക് ഇപ്പോൾ തന്നെ അത് ഭംഗമാക്കാം. വിവാഹം പൊട്ടിക്കാൻ വ്യവഹാരം ഉടനെ കൊടുക്കുക. അവൾക്ക് നിന്റെ മേൽ യാതൊരു ബന്ധവും സിദ്ധിക്കാൻ അർഹതയൊ അവകാശമൊ ഇല്ല. എനിക്ക് മറ്റൊരുദിക്കിൽ ഇന്ന് അടിയന്തിരമായി എത്തേണ്ടതുണ്ട്. ഞാൻ ഇതാ കുതിക്കുന്നു. നിന്റെ സന്തോഷത്തിന്ന് ഭംഗം ഉണ്ടാക്കിയതിൽ ഞാൻ വ്യസനിക്കുന്നു എന്നു പറവാനും എനിക്കു തരമില്ല.

**ഭാസ്കരൻ:** ഹേമാംഗ! നീ എന്റെ നിത്യനന്ദിക്ക് പാത്രമാണ്. ഒരു തെണ്ടിപ്പെണ്ണിന്റെ സൂത്രവും തന്ത്രവും പുറത്താക്കാൻ നീയാണ് കാരണമായത് എന്റെ ഭാഗ്യമെന്നേ പറയേണ്ടതുള്ളു.

രണ്ടാളും അന്യോന്യം കൈപിടിച്ചുകുലുക്കി ഹേമാംഗൻ അവിടം വിട്ടുപോയി. ഭാസ്കരൻ ഹോട്ടലിലെ വരാന്തയിൽ കൂടെ വളരെനേരം അങ്ങട്ടും ഇങ്ങട്ടും നടന്നു. അയാൾ ഒരു ചുരുട്ടും കടിച്ചുപിടിച്ചിരുന്നു. നിമിഷംതോറും അയാൾക്കു കോപം വർദ്ധിച്ചുവന്നതേ ഉള്ളു.

അവളുടെ സങ്കടനോട്ടവും ലജ്ജാസ്വഭാവവും കണ്ടാൽ അവൾ ഒരു സൂത്രക്കാരത്തിയായ പെറുക്കിപ്പെണ്ണാണെന്ന് വല്ലവർക്കും മനസ്സിലാകുമൊ. ആട്ടെ ഇതുകൊണ്ട് അവൾക്കു വല്ല കാര്യസാദ്ധ്യമൊ ലാഭമൊ ഉണ്ടാകുമെന്നും അവൾ കരുതേണ്ട. അവൾ എന്ത് ക്രൂരമായ ചതിയാണ് എന്റെ അച്ഛനോടു കാണിച്ചത്. ഇതിനൊന്നും മറുകൈ ഇല്ലെന്നോ? ചോദിപ്പാൻ ആരുമില്ലെന്നൊ?

ദുസ്സഹകോപം കൊണ്ട് അയാൾ ഭ്രാന്തനെപ്പോലെ ആയി. ഇപ്പോൾ തന്നെ അവളോട് ചെന്നുചോദിച്ചാലെന്താ! അയാൾ ഹോട്ടലിന്റെ ഉള്ളിൽകടന്ന് മേലെ തട്ടിലേയ്ക്കു കേറി. ആനന്ദവല്ലി പോയ്പ്പോയതുകൊണ്ടുതന്നെ. അയാളുടെ ഹൃദയത്തിന്ന് മുറിയേറ്റുപോയിരുന്നു. ഇപ്പോൾ ആകട്ടെ മറ്റൊരുപെണ്ണിന്റെ തന്ത്രം കൊണ്ട് തന്റെ അഭിമാനത്തിന്നും ശാന്തിക്കും ഒരു പീരങ്കിവെടിയും കൂടിക്കൊണ്ടു. ഇതായിരുന്ന അയാളുടെ വിവാഹത്തിന്റെ മധുവിധുവിന്റെ ഒന്നാമത്തെരാത്രി. അയാളുടെ കണ്ടുപിടുത്തവും ഈ വിധത്തിലാണ് കലാശിച്ചത്.

## 10

# വിവാഹരാത്രി

ഹോട്ടലിലെ മേലെത്തട്ടിൽ ഉണ്ടായിരുന്ന ശയനമുറിയിലെ ജനലിന്റെ എറിച്ചുനില്ക്കുന്ന ഉൾഭാഗത്തിലെ തിണ്ണമേൽ ധനം ഇരിക്കുകയായിരുന്നു. കടലിൽനിന്നു പുറപ്പെട്ട തണുത്തകാറ്റ് അവളുടെ ശയനമുറിയിൽ എത്തുമ്പോൾ റോസിന്റെയും "കാർനേഷ്യയുടേയും" (Carnationo) സൗരഭ്യത്തിൽ മുഴുകിയിരുന്നു. എന്നാൽ അതിന്ന് അവളുടെ നെറ്റിയിലെ പനിച്ചപോലെ ഉള്ള ചൂട്ട് ശമിപ്പിക്കാൻ കഴിഞ്ഞില്ല. അവളുടെ ഹൃദയത്തിന്റെ തുടിപ്പിന്റെ വേഗതയ്ക്കും മാന്ദ്യം ഉണ്ടാക്കിയില്ല. ഇതാണ് അവൾ ആശിച്ചിരുന്ന വിവാഹരാത്രി.

അവളുടെ തൊണ്ടയിൽ എന്തോ കെട്ടിനിന്നപോലെ തോന്നീട്ട് അവൾ ആ ഭാഗം കൈകൊണ്ട് ഉഴിഞ്ഞു. പാണിബന്ധനത്തിന്റെ ഉള്ളിൽപെടാൻ അവൾ ആറ്റുനോറ്റുകൊണ്ടിരുന്ന ആൾ—അവളുടെ അളവറ്റ നവപ്രേമത്തിന്ന് ആസ്പദമായ ആൾ—ചോടെ ശ്രുമ്മാ ഇരിക്കുന്നുമുണ്ട്. അതെ അവളുടെ ഭർത്താവ് തങ്ങളുടെ വിവാഹം ഏതുവിധത്തിൽ കലാശിപ്പാനാണപോലും പോകുന്നത്? അദ്ദേഹം പറഞ്ഞത് അത് ഒരു "ബിസിനസ്" ഏർപ്പാട്ടു മാത്രമാണെന്നാണ് അതിന്റെ ശരിയായ പൊരുൾ എന്തായിരിക്കും? അത് വെറും ഒരു പേരിന്നുമാത്രമാണ് എന്നായിരിക്കുമൊ അയാളുടെ ധാരണ. എന്നാൽ അദ്ദേഹത്തിന്റെ അച്ഛൻ തന്റെ പേരക്കുട്ടിയെ എടുത്തുലാളിക്കണം എന്ന തന്റെ ആഗ്രഹം സ്പഷ്ടമായി പുറത്തു പറഞ്ഞിട്ടുണ്ടല്ലൊ. ഭാസ്കരൻ അതുകേട്ടിട്ടും ഉണ്ട്. ജനലിന്റെ തണുത്ത കണ്ണാടിചില്ലിന്മേൽ ധനം അവളുടെ പൊള്ളുന്ന ചെള്ള അമർത്തുവെച്ചു.

അവളുടെ ഹൃദയം ഉരുക്കുന്ന അനുരാഗാതിരേകതയെപ്പറ്റി അദ്ദേഹത്തിനു വല്ല വിവരവും ഉണ്ടായിരിക്കുമൊ? കാറിൽനിന്ന് യാദൃഛികമായി അദ്ദേഹത്തിന്റെ കൈ അവളുടെമേൽ തട്ടിയപ്പോൾ അവൾക്ക് പിടിപ്പെട്ട രോമാഞ്ചം അവൾക്കുമാത്രമെ അറിഞ്ഞുകൂടു. നിശ്ചയമായിട്ടും, ഇതൊന്നും ആലോചിക്കാതെ, അദ്ദേഹം ഉദാസീനനായി ഇരുന്നുകളവാൻ വഴിയില്ല. അവളുടെ ഉള്ളിൽനിന്ന് കത്തിക്കൊണ്ടിരിക്കുന്ന തീയുടെ വെളിച്ചം അദ്ദേഹത്തിന്റെമേലും വീഴാതിരിക്കില്ല. അദ്ദേഹത്തെ വിവാഹം കഴിക്കാമെന്ന് ക്ഷണത്തിൽ സമ്മതിച്ചുപോയതുകൊണ്ട് ഒരു സമയം അയാൾക്ക് എന്നെ വെറുത്തുപോയി എന്നുവരുമോ?

ഒരു സങ്കടമായ ഏങ്ങൽ അവളുടെ തൊണ്ടയിൽ കെട്ടിനിന്നു. പിന്നെ അവൾ മെല്ലെ എഴുന്നേറ്റ് മേശയുടെ അരികെ വെച്ചിരുന്ന വലിയ കണ്ണാടിയുടെ അടുക്കെ ചെന്നുനിന്നു. അവൾ തന്റെ രൂപം ഒന്ന് നല്ലവണ്ണം പരിശോധിച്ചുനോക്കി. അവളുടെ നീലവേണിയും കരിങ്കണ്ണും ഹേമവർണ്ണവും കണ്ടാൽ ആരാണ് ഭ്രമിച്ചു പോകാത്തത്. അവൾ പണ്ടത്തെ ധനമല്ല. അവളിൽനിന്നും വളരെ വ്യത്യാസപ്പെട്ടവളാണ് ഇപ്പോഴത്തെ ധനം. അതിന്ന് ഉത്തരവാദിത്വം വഹിക്കുന്നത് മുടി കെട്ടിവെച്ച രീതിയും, മുഖം മിനുക്കുന്ന തൈലവും, വിലപിടിച്ച ഉടുപ്പിന്റെ മഹിമയും ഒന്നും ഇല്ല. ഉള്ളിൽ നിന്നു ജ്വലിച്ച ഒരു വെളിച്ചം അവളെ പ്രകാശിപ്പിച്ചിരുന്നു. ആ ദിവ്യവെളിച്ചം അവളുടെ അനുരാഗം ആയിരുന്നു.

അവൾ പെട്ടെന്ന് കൈകൾ പൊന്തിച്ചു. അവൾ രാത്രി ഭക്ഷണം കഴിക്കുമ്പോൾ ചുറ്റിയിരുന്ന നേരിയ ചിഫോൺ ഉടുപ്പുമാറ്റി, ഒരു നേരിയ മഞ്ഞപ്പട്ടിന്റെ ഉടുപ്പുധരിച്ചു അവൾ ഒരു സുന്ദരിയാണെന്ന യഥാർത്ഥാനുഭവംകൊണ്ട് പെട്ടെന്ന് അവൾ ഒരു ദീർഘശ്വാസം വലിച്ചു. വിവാഹരാത്രി അവൾ ആരും ആശിക്കത്തക്ക ഒരു പുത്തൻ കന്യകതന്നെ ആയിരുന്നു. എന്നാൽ ഭാസ്കരന്റെ പ്രേമം സമ്പാദിക്കത്തക്ക സൗന്ദര്യം അവൾക്കുണ്ടായിരുന്നോ? അവളുടെ ചുംബനങ്ങൾ അനുഭവിക്കാൻ അയാൾ കൊതിച്ചുനില്ക്കുന്നുണ്ടോ? അദ്ദേഹത്തെ വിചാരിച്ചു—അദ്ദേഹത്തിന്നുവേണ്ടി—അവളുടെ സൗന്ദര്യം ഉടവു കൂടാതെ പരിപാലിച്ചു. അദ്ദേഹത്തിന്റെ അനുരാഗം നിലനിർത്തിപ്പുലർത്തുവാൻ അവൾ സന്നദ്ധയായി. "ഞാൻ നിന്നെ പ്രേമിക്കുന്നു" എന്ന് അയാൾ ഒരിക്കൽ പറയുന്നതു കേട്ടാൽ അവളുടെ വിലപിടിച്ച ഉടുപ്പുകളും, കഴുത്തേക്കാൾ വെണ്മയുണ്ടെന്ന് പറഞ്ഞുകൂടാത്ത മുത്തുകളും അവൾ ശങ്കകൂടാതെ സസന്തോഷം വലിച്ചെറിഞ്ഞു കളയുമായിരുന്നു. "ഭാസ്കരാ! പ്രിയ ഭർത്താവെ!" എന്ന് അവൾ മന്ദമായി മന്ത്രിച്ചു.

അവൾ പെട്ടെന്നു തലപൊന്തിച്ച് കണ്ണാടിയിൽ നോക്കിയപ്പോൾ അതിൽ പ്രതിബിംബിച്ചുകണ്ടത് ദീർഘകായനായ ഒരു പുരുഷൻ മുറിയിൽകൂടെ തന്റെ നേരെ വരുന്നതായിരുന്നു. അദ്ദേഹം വാതിലിന്ന് മുട്ടിയിരുന്നില്ല. അദ്ദേഹം മുറിയിൽ എത്തിയ വിവരവും അവൾക്കു ആദ്യം ഉണ്ടായിരുന്നില്ല. അയാൾ അവളുടെ ഭർത്താവ് ഭാസ്കരൻ ആയിരുന്നു. അവളോട്ടു എത്രയോ മന്ദമായി ഒന്നു നിലവിളിച്ചുപോയി. അയാളെ സ്വീകരിപ്പാൻ തിരിഞ്ഞപ്പോൾ മേലെ ഇട്ടിരുന്ന പുതപ്പ് അവൾ മുറുക്കി.

അയാൾ അവളുടെ കുറെ അകലെ വന്നുനിന്ന്, യാതൊന്നും ഉരിയാടാതെ അവളെ നോക്കിനിന്നു ഈ മാതിരി കോലത്തിൽ അവൾ അയാളെ ഇതുവരെ കണ്ടിരുന്നില്ല. അയാളുടെ മുഖത്ത് ഒരു വല്ലായ്മ കണ്ടിരുന്നു. അത് ആലോചനയും ക്രൗര്യവും സ്ഫുരിപ്പിക്കുന്നുണ്ടെന്നു തോന്നി. അയാളുടെ കണ്ണുകൾ തീപ്പോലെ കത്തിയിരുന്നു.

എന്തെന്ന് രൂപമില്ലാത്ത ഒരു ഭയംകൊണ്ട് അവളുടെ ഹൃദയം ചുങ്ങിപ്പോയി. "ഭാസ്കരാ! എന്തുണ്ടായി" എന്ന് ചാഞ്ചല്യസ്വരത്തിൽ അവൾ ചോദിച്ചു. അയാൾ ആദ്യം കണ്ടപോലെതന്നെ ഒന്നും മിണ്ടിയില്ല. എന്നാലും കണ്ണുകളിൽ നിന്ന് തീക്കത്തിക്കൊണ്ടിരുന്നു. പിന്നെ മെല്ലെ അദ്ദേഹം അവളുടെ അടുക്കെചെന്നു അവൾ മേലിട്ട പുതപ്പുനീക്കി. "ഭഗവാനാണെ സത്യം നീ ഒരു സുന്ദരിയാണ്" എന്ന് ഒതുക്കമുള്ള സ്വരത്തിൽ പറഞ്ഞു. അഥവാ പറഞ്ഞുപോയി. അദ്ദേഹം പെട്ടെന്ന് അവളെ കെട്ടിപ്പിടിച്ചു അവളുടെ ചുമലിന്മേൽ ഒന്നു ചുംബിച്ചു. ധനം ഒന്നു പിന്നോട്ടുവലിഞ്ഞ്, "നിങ്ങളുടെ നടവടി അത്ഭുതമായിരിക്കുന്നു" എന്ന് മൃദുവായിപ്പറഞ്ഞു.

ഭാസ്കരൻ പരുത്തശബ്ദത്തിൽ ഒന്നു ചിരിച്ചു.

**ഭാസ്കരൻ:** അത്ഭുതമൊ! നമ്മുടെ വിവാഹരാത്രിയിൽ ഞാൻ നിന്നെ ചുംബിച്ചതോ! നീ എന്റെ ഭാര്യയല്ലേ. അല്ലേ.

അല്ലേ എന്ന് ആവർത്തിച്ചത് അവൾ ഒന്നും മിണ്ടാതിരുന്നതുകൊണ്ടാണ്.

എന്നാലും അവളുടെ ഹൃദയത്തിന്റെ ഉച്ചമായ തുടിപ്പ് അയാൾ കേട്ടിട്ടുണ്ടാകാതിരിക്കില്ല.

**ധനം:** (മൃദുവായി) അതെ ഭാസ്കരാ! ഞാൻ നിങ്ങളുടെ ഭാര്യയാണ്.

"എന്റെ ഭാര്യയൊ" എന്നു അയാൾ ചോദിച്ചസ്വരത്തിൽ ഒരു പരിഹാസം മുഴച്ചിരുന്നു. അതു ധനം സൂക്ഷിച്ചിരുന്നില്ല. "എന്റെ ഭാര്യ" എന്ന് പിന്നേയും പറഞ്ഞു് അയാൾ അവളെ ആലിംഗനം ചെയ്തു.

# 11

# വിവാഹത്തിന്റെ പിറ്റേന്ന്

വെള്ളലെയിസ് തുന്നിപ്പിടിപ്പിച്ച ബോഡറോട്ടുകൂടിയ കൗണ്ടർപെയിനിന്റെ (വിചിത്രവിരി) തേൻനിറത്തിൽ വരഞ്ഞ ചിത്രനീർകുഴികളിൽ ചൂടുള്ള സൂര്യപ്രകാശം വീണും അത് മെത്തമേൽ തൂക്കിയ വെളുത്ത മൂടുശീലകളിൽ (Curtains) കൂടെ ചെരിഞ്ഞുകൊണ്ട് ധനത്തിന്റെ മോടിയുള്ള മുഖത്ത് ചെന്നു വീണു. അവൾ അസ്വസ്ഥയായി അങ്ങട്ടും ഇങ്ങട്ടും തിരിഞ്ഞ് മുഖംതിരിച്ചു. തിളങ്ങുന്ന കിരണങ്ങളുടെ പിടിത്തത്തിൽനിന്ന് ഒഴിവുകിട്ടിയില്ല. അവൾ കണ്ണടച്ച് നല്ലവണ്ണം കണ്ണുതുറന്ന് മെത്തയിൽനിന്ന് ചാടി എഴുന്നേറ്റു.

അത് ഒരു മനോഹരപ്രഭാതമായിരുന്നു, നീലയും സ്വർണ്ണവും വെള്ളയും ചുകപ്പും വർണ്ണങ്ങൾ പലവിധത്തിൽ വിളയാടിക്കൊണ്ടിരുന്നു. തോട്ടത്തിൽ വെള്ളയും ഊതയും ലൈലാക് പൂക്കൾ വികസിച്ചിരുന്നു. അടുക്കെ ഒരു മരത്തിന്മേൽ നിന്ന് പൊൻകിളി ഊവലിട്ടും കൊണ്ടിരുന്നു. പക്ഷിയുടെ പാട്ടിന്നനുകൂലമായി തന്റെ ഹൃദയവും ഒരു പാട്ടുപാടുന്നുണ്ടെന്ന ധനത്തിന്നു തോന്നി. ദുസ്സഹപരമാനന്ദ പ്രവാഹത്തിന്റെ തിരമാലകൾ അവളുടെ ദേഹം മുഴുവനും അടിച്ചുനനയ്ക്കുമ്പോലെ തോന്നി അവൾ നടത്തിയ വഞ്ചനയെപ്പറ്റി ഉണ്ടാകാറുള്ള ഭയം കേവലം അസ്തമിച്ചു, അവൾ ജാനുവായാലും കണക്ക് ഒന്നുതന്നെയല്ലേ! ഇന്നുമുതൽ അവൾ ഭാസ്കരന്റെ പ്രിയതമയും, അയാൾ ധനത്തിന്റെ പ്രിയവരനും അല്ലേ!

അവളുടെ സുഖാനുഭവം ഒരു ചെറിയ പാട്ടിന്റെ രൂപത്തിൽ അവളുടെ ചുണ്ടുകളിൽനിന്നു പുറപ്പെട്ടു. അവൾ തന്റെ "പൈജാമ" അഴിച്ചു ചാടി (കളഞ്ഞു എന്നതിന്റെ വടക്കെമലബാർ പ്രയോഗം). ബേസിനിൽ നിറച്ചുവെച്ച ചൂടുവെള്ളത്തിൽ അവൾ കുളിപ്പാൻ ഇരുന്നു. കുളി കഴിഞ്ഞതിൽപിന്നെ അവൾ ഒരു പുതിയ "സൂട്ട്" എടുത്തിട്ടു. പച്ച "ലിനൻ" അവളുടെ താരുണ്യത്തിന്നും നവീനതയ്ക്കും വളരെ യോജിച്ചപോലെ തോന്നി. അവളുടെ നീലമുടി സൂര്യപ്രകാശത്തിൽ മറ്റൊരു കുളിയും കുളിച്ചു. മറ്റേമുറിയിൽനിന്നു ഭാസ്കരന്റെ ഒരു ഒച്ചപ്പാടും കേട്ടിരുന്നില്ല. ഒരു സമയം അയാൾ ഉറങ്ങുകയായിരിക്കും.

അവൾ ഇരിപ്പറയിൽ (Sitting Room) ശബ്ദമുണ്ടാക്കാതെ കടന്നുചെന്നു. അത് ഒഴിഞ്ഞുകിടന്നിരുന്നു. ഉറക്കുമുറിയിലേയ്ക്കുള്ള വാതിൽ മലർത്തിവെച്ചിരുന്നു. നോക്കിയപ്പോൾ അവിടേയും ആരേയും കണ്ടില്ല. തന്നെ ഉപദ്രവിക്കരുതെന്നു വെച്ചിട്ട് ഭാസ്കരൻ ഒരു സമയം ചോടെ ഇറങ്ങി പോയിരിക്കാം. അവൾ ജനൽ തുറന്നു. ദിവ്യമായിത്തോന്നുന്ന മന്ദവായുവിന്റെ നവീനമാഹാത്മ്യം അനുഭവിക്കാൻ തക്കവണ്ണം അവൾ തല ജനലിൽക്കൂടെ പുറത്തേയ്ക്കു തള്ളി. കടപ്പുറത്തിലെ പാറക്കൂട്ടങ്ങളുടെ ഓരത്തിലേയ്ക്കു, വളരെ അകലെനിന്നു ആരോ ഒരാൾ നടന്നുചെല്ലുന്നതു കണ്ടു. അതു ഭാസ്കരനായിരിക്കണം എന്ന് അവൾക്കു ദൃഢമായിതോന്നി. അവൾ ഒരു തൊപ്പിയും വലിച്ചു തലയിൽ ഇട്ട് ചോടെ ഇറങ്ങി, പാറക്കൂട്ടം ലാക്കാക്കി ബദ്ധപ്പെട്ടു നടന്നു.

അവളുടെ അഭിമുഖമായി അകലേനിന്നു വരുന്ന ആളുടെ സമീപത്തിൽ ക്ഷണം എത്താൻ വേണ്ടി ആമോദത്തിലും ആവേശത്തിലും മുഴുകിയ ധനം മുറുകിനടന്നു. ജീവിതകാലം അത്ഭുതസുഖവാഹിയാണെന്ന രസത്തിൽ മുഴുകിയ ധനത്തിനു തോന്നി. അവൾ ആ ഷാപ്പിൽ പണ്ടു ജോലി നടത്തിയിരുന്ന കാലത്തൊന്നും, അവൾ ജീവിതകാലത്തിന്റെ സ്ഥിതി പുറമെനിന്ന് നോക്കിക്കണ്ടതേ ഉള്ളൂ. അവൾ അനുഭവയോഗ്യമായി ജീവിച്ചിരുന്നില്ല. ജീവിതത്തിൽ ഇത്ര അധികം സുഖം കിടപ്പുണ്ടെന്ന് അന്ന് അവൾ അറിഞ്ഞിരുന്നില്ല.

അങ്ങുന്നു വരുന്ന സ്വരൂപം ക്രമേണ അടുക്കുന്നുണ്ട്. അയാൾ ഭാസ്കരനാണെന്ന് അവൾക്കു തീർച്ചയായി. ഒരു ചെറിയ ഒണഞ്ഞിന്റെ മുകളിൽനിന്ന് അവൾ അവളുടെ കൈവീശി ആളെ അറിയിച്ചു. അയാൾ പകരം യാതൊരു അറിയിപ്പും കാണിക്കാതിരുന്നപ്പോൾ അവൾ അത്ഭുതപ്പെട്ടു. ആ സ്വരൂപം ഒരു ഗുഹയിൽ കേറി കണ്ണിൽനിന്നു മറഞ്ഞപ്പോൾ അവളെ കല്പിച്ചുകൂട്ടി തിരസ്കരിച്ചപോലെ തോന്നി. അവൾ ഉള്ളൊഴിഞ്ഞ ഒരു ചിരികൊണ്ട് തന്നെത്താൻ ആശ്വസിപ്പിച്ചു. ഒരു സമയം. തന്നെ കണ്ടുമുട്ടാൻ വേണ്ടി അവൾ വരുമെന്ന് അയാൾ കരുതിയില്ലെന്ന വരാം. ഒരുപക്ഷേ, അദ്ദേഹം തന്റെ നേരെ വരുന്നത് ധനമാണെന്ന് അറിഞ്ഞിരിക്കയില്ലെന്നും വരാം. പുല്ലു നിറഞ്ഞ നിലത്തിൽക്കൂടെ നടക്കുമ്പോൾ, ചവിട്ടുകൊണ്ടു പതഞ്ഞുപോയ ദർഭ, മുത്തങ്ങ, മുത്തിൾ മുതലായ ചെടികളുടെ സൗരഭ്യം മൂക്കിൽ പാഞ്ഞപ്പോൾ അവൾ വീണ്ടും ഒന്നു ചിരിച്ചു. ദൂരെനിന്ന് കാണായ്വന്ന ആ ഗുഹയിൽ കേറി നോക്കിയാൽ അയാളെ കാണുമെന്ന് അവൾ വിശ്വസിച്ചു. അയാൾ കല്പിച്ചുകൂട്ടി അവിടെ ഒളിച്ചുനില്ക്കുന്നുണ്ടാകും. അവളെ കണ്ട ഉടനെ അവളെ കെട്ടിപ്പിടിച്ച് ആലിംഗനം ചെയ്യേയ്ക്കും എന്നും അവൾ ഊഹിച്ചു.

നടന്നുനടന്ന് ഒരു ഇടുക്കിലൂടെ അവൾ ഗുഹയിലേയ്ക്കു ഇറങ്ങിയപ്പോൾ ഭാസ്കരൻ അവളുടെ അഭിമുഖമായി നില്ക്കുന്നതു കണ്ടു. തണുത്ത കടല്ക്കാറ്റ് ഏറ്റപ്പോൾ ധനം തന്റെ തലയിലെ തൊപ്പിനീക്കി. അവൾ വഴുക്കുള്ള സ്ഥലത്തിൽ കൂടെ ഒരു ചെറിയ കുട്ടിയെപ്പോലെ അയാളുടെ നേരെ പാഞ്ഞു. അടുത്തെത്തിയപ്പോൾ മുട്ടിപ്പോകാതിരിപ്പാൻ അവൾ പെട്ടെന്ന് ഓട്ടം നിർത്തി.

അയാൾ ഒരു ഭാഗത്ത് ഒഴിഞ്ഞുനിന്നുകൊണ്ട് അവൾ അയാളേയും കടന്നുപോയി. അവൾ ഉടനെതന്നെ പിന്തിരിഞ്ഞ് അയാളുടെ അടുക്കെവന്നു കിതപ്പുകൊണ്ട് അവളുടെ മുഖം മിന്നിയിരുന്നു.

**ധനം:** ഭാസ്കരാ! ഞാൻ നിങ്ങളെ കണ്ടുമുട്ടാൻ വന്നതാണ്.

അവൾ അയാളെ പിടിപ്പാൻ തക്കവണ്ണം കൈനീട്ടി. എന്നാൽ പെട്ടെന്ന് അവളുടെ കൈ താണുപോയി. അവളുടെ സ്വാഗതച്ചിരിയും നിന്നുപോയി. അവളുടെ മുഖത്ത് ഒരു ഒന്നും തിരിയാത്ത ഭാവം സ്ഫുരിച്ചു.

"അങ്ങിനെയാണ് സ്ഥിതി" എന്ന ഭാസ്കരന്റെ ലോഹ്യമറ്റ പരിഹാസ വാക്കുകൾ പരുപരുത്തരീതിയിൽ പുറത്തുവന്നു. ആ വാക്കു ഒരു മൂർച്ചയുള്ള കത്തിയുടെ കുത്തുപോലെ അവളുടെ ഹൃദയത്തിൽ തറച്ചു. ഇതിന്ന് എന്തായിരിക്കും സംഗതി. ഇന്നലെ അവൾ വിവാഹം കഴിച്ച ഭാസ്കരൻ ഇദ്ദേഹം തന്നെ ആയിരിക്കുമോ? അയാളുടെ കവിൾട്ടി കണ്ണുകളും പാഞ്ഞു, ചുണ്ടുകൾ സഞ്ചിപോലെ പൂട്ടിനില്ക്കുന്നു. അയാളുടെ നോട്ടം അവളെ കുറ്റപ്പെടുത്തും പ്രകാരമായിരുന്നു. ധനത്തിന്നു ഹൃദയം മറ്റൊരു ഭാഗത്തേയ്ക്കു തിരിഞ്ഞുപോയപോലെ തോന്നി. അവൾ ചോടെ നോക്കിയപ്പോൾ അയാളുടെ ചെരിപ്പിന്മേൽ വെള്ളപ്പൊടി ഘനത്തിൽ കെട്ടിനില്ക്കുന്നതു കണ്ടു. അദ്ദേഹത്തിന്റെ നനഞ്ഞ നെറ്റിമേലും അതെമാതിരി പൊടി പറ്റിനിന്നിരുന്നു. അയാൾ വളരെനേരം നടന്നിട്ടുണ്ടാകുമെന്നു സ്പഷ്ടമായി. കിതപ്പുകൊണ്ട് അവളുടെ തൊണ്ട ഇടറി.

**ധനം:** അങ്ങുന്നേ! എന്തുണ്ടായി.

അയാൾ കോപത്തോടെ ചിരിച്ചു. അവളുടെ മുഖത്ത് നോക്കിയപ്പോൾ അയാളുടെ കണ്ണുകൾ ഉരുക്കുവാളിന്റെ അലകുപോലെ മിന്നി. ധനം മെല്ലെ ഒന്നു നിലവിളിച്ചു. അവളുടെ കൈ നെഞ്ഞത്തു അമർന്നു. സ്മാരനിദ്രയിൽ എന്ന പോലെ അവൾ ഭാസ്കരനെ ഒന്നുനോക്കി. പെട്ടെന്ന് അവൾക്ക് ഉണർച്ചയുണ്ടായി. അവളുടെ വഞ്ചന അയാൾ എങ്ങിനെയോ മനസ്സിലാക്കിക്കഴിഞ്ഞു. അടികിട്ടിയപോലെ പെട്ടെന്ന് അവൾ പിന്നോക്കം വാങ്ങിനിന്നു. അവൾ ദയനീയമായി നിലവിളിച്ചു. അവളുടെ ശബ്ദം സങ്കടംകൊണ്ട് ഇടമുറിഞ്ഞു. അവൾ പൊടുന്നനെ അയാളുടെ കയ്യുടെ തോളിന്റെ ഭാഗം പിടിച്ചു. "ഓ അങ്ങുന്നേ! എനിക്കു പറവാനുള്ളതും കേൾക്കു" എന്ന് അപേക്ഷിച്ചു. അദ്ദേഹം ഉത്തരമായി അവളുടെ കൈ പിടുത്തം ഒരു തിരിച്ചൽ കൊണ്ട് വിട്ടർത്തിനിന്നു. അദ്ദേഹത്തിന്റെ സംസാരം മന്ദവും ആലോചനാപൂർവ്വമായിരുന്നു.

**ഭാസ്കരൻ:** നീ കാണിച്ചത് വമ്പിച്ച വഞ്ചനയാണ്. വളരെ സൂത്രത്തിൽ അതു നിറവേറ്റുകയും ചെയ്തു. എന്നാൽ ഈ കോപ്രാട്ടി നീട്ടിക്കൊണ്ടുപോവാൻ പാടുള്ളതല്ല. നമ്മൾ ഇരുവരും ഗൗരവമായി ചില സംഗതികൾ സംസാരിക്കേണ്ടുന്ന ഘട്ടവും വന്നു. ചതി ആർക്കും ഉചിതമല്ല.

"ഓ" എന്ന് സങ്കടത്തോടെ ഒരു ശബ്ദംമാത്രം പുറത്തിറക്കി, ധനം, കൈകൾകൊണ്ട് അവളുടെ മുഖം മറച്ചു. എന്നാൽ ഭാസ്കരന്റെ സ്വരത്തിൽ കടുപ്പവും നിർദ്ദയത്വവും ഇങ്ങിനെ വെളിപ്പെട്ടു.

**ഭാസ്കരൻ:** നിന്റെ വഞ്ചനയൊക്കെ വെളിപ്പെട്ടുപോയി. ഇനി നിന്റെ കള്ളനാട്യം കൊണ്ടൊന്നും ഒരു ഫലമില്ല. നീ ഒരു കാര്യക്കാരത്തിയും നല്ല മിടുക്കും ഉള്ളവൾതന്നെ. പണം കൈക്കലാക്കാൻ അഥവാ പിടിച്ചുപറിക്കാൻ നിനക്ക് ഒരു പ്രത്യേക വാസന ഉണ്ടെന്നു സമ്മതിച്ചേ കഴിയൂ. ഈശ്വരൻ നിനക്ക് അതിന്നൊരു അവസരവും ഉണ്ടാക്കിത്തന്നു. നിന്നെപ്പോലെ കൗശലവും കളവും ഉള്ള ഒരു തരുണി അങ്ങിനെ ഒരു സ്വർണ്ണാവസരം പാഴാക്കിക്കളയുകയും ഇല്ല. ജാനുവിന്റെ വിവാഹവും കഴിഞ്ഞ് അവൾ കണ്ണെത്താത്ത ദിക്കിൽ ആയിക്കഴിഞ്ഞു. അവളുടെ രേഖകൾ നിന്റെ കയ്യിൽ പെട്ടു. നീ ഇന്നവളാണെന്ന് തിരിച്ചറിയുന്നവർ ആരും ഉണ്ടായില്ല. അതിൽ എപ്പോഴും ഒരു അപകടം കിടപ്പുണ്ടാക്കുമെന്ന വിചാരം നിണക്കുണ്ടായില്ല. നിണക്കു സിദ്ധിക്കാൻ പോകുന്നതോ സീമയില്ലാത്ത പണമാണ്. ഒരു കുബേരന്റെ പുത്രനെ വിവാഹം കഴിച്ചു എന്ന നിലയും പൊങ്ങച്ചമില്ലാതെ പറയാമെങ്കിൽ കൗശലവും കപടവും കൊണ്ട് നടക്കുന്ന ഒരു പെണ്ണിന്ന്—പണത്തിന്നുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ഒരു പെണ്ണിന്ന്—എന്നെപ്പോലേയുള്ള ഒരു പുരുഷൻ ഒരു വലിയ സിദ്ധിയായി. അല്ലെങ്കിൽ സമ്പാദ്യമായി. ഒരു ഭാര്യയ്ക്കും ഭർത്താവിന്മേലുള്ള അവകാശാധികാരങ്ങൾ നിസ്സാരങ്ങളല്ല. അവ ത്യാജ്യങ്ങളുമല്ല. വിവാഹമോചനം സിദ്ധിച്ചാൽതന്നെ അവളുടെ ഭാവി ജീവനാംശമായി ഒരു വലിയ സംഖ്യ ധനികന്മാരായാൽ വെച്ചുകൊടുക്കാതിരിക്കില്ല.

അദ്ദേഹത്തിന്റെ വാക്കിൽ സ്ഫുരിച്ച നിന്ദയും പുച്ഛവും ധനത്തിന്റെ നാവ് ഇളക്കിവിടാൻ തക്കവണ്ണം രൂക്ഷങ്ങളായിരുന്നു.

**ധനം:** അങ്ങിനെയൊന്നുമല്ല. അല്ല. അയ്യോ അങ്ങുന്നേ! അപ്രകാരമല്ല. ഇതിന്നൊക്കെ കാരണം—നാരായവേരായ കാരണം—ഞാൻ നിങ്ങളേ അത്യന്തം പ്രേമിച്ചുപോയി എന്നതാണ്. എന്റെ വമ്പിച്ച പ്രേമം മാത്രമാണ് കാരണം.

അവൾ സങ്കടംകൊണ്ട് ഇങ്ങിനെ കരഞ്ഞു പറഞ്ഞത് എത്രയോ മന്ദസ്വരത്തിലാണെങ്കിലും അയാൾ അതു കേൾപ്പാൻ വിട്ടുപോയിരുന്നില്ല.

"പ്രേമമൊ! നിന്നെപ്പോലെയുള്ളവർക്ക് പ്രേമം എന്തെന്നറിയാമോ" എന്ന് നിന്ദാഭാവത്തിൽ അയാൾ ചോദിച്ചു. അയാൾ പുച്ഛരസത്തിൽ ഒന്നു ചിരിച്ചു. അതുകേട്ടപ്പോൾ തന്നെ ധനം ഒടുവിൽ ശരണം പ്രാപിച്ച ആശാശംസകൾ പാടേ തകർന്നുപോയി.

**ഭാസ്കരൻ:** അന്നു രാത്രി, നാടകശാലയിൽവെച്ചു നിണക്കു എന്നോടു പ്രഥമ ദൃഷ്ടിയിൽ പ്രേമം ജനിച്ചുപോയി എന്ന സത്യം വിശ്വസിക്കാനാണോ നീ എന്നോടു പറഞ്ഞുകൊണ്ടു വരുന്നത്.

ധനം, അദ്ദേഹത്തെ നിരാശയായി സങ്കടത്തോടെ നോക്കി. ഈശ്വരാ ഇയ്യാൾക്കു അതിന്റെ യഥാർത്ഥം മനസ്സിലാകുന്നില്ലല്ലൊ. പ്രേമം ഉത്ഭവിച്ചത് അപ്രകാരം തന്നെയല്ലേ! ആ പ്രേമത്തിന്റെ അതിരറ്റ അധീനശക്തി കൊണ്ടായിരുന്നില്ലെ ജാനുവിന്റെ സ്ഥാനം വഹിക്കാൻ അവൾ പ്രേരിതയായി വന്നത്. അവൾ വിറയ്ക്കുന്ന മന്ദസ്വരത്തിൽ "എന്നെ വിശ്വസിക്കുമൊ? ഞാൻ സത്യം പറയട്ടെയൊ?" എന്നു പറഞ്ഞു തുടങ്ങുമ്പോൾ തന്നെ അയാളുടെ കരയ്ക്കും പോലെ ക്രൂരമായ ചിരി തടസ്ഥമായി ഭവിച്ചു.

**ഭാസ്കരൻ:** അതൊന്നും പറയേണ്ട അതൊക്കെ വിശ്വസിക്കാൻ തക്ക പൊങ്ങച്ചം എനിക്കുണ്ടെന്നും ഞാൻ കരുതുന്നില്ല. നീ അത് ഒരു കാരണമായി എടുത്തുപറഞ്ഞത് ഒന്നാന്തരം സൂത്രമായി. നിന്നെപ്പോലെയുള്ളവർക്ക് വളരെ ചേർച്ചയുള്ളതാണ്. സംശയമില്ല. ഈ സൂത്രം വേറെ എത്ര പുരുഷന്മാരിൽ നീ ഫലിപ്പിച്ചു നോക്കീട്ടുണ്ടാകും എന്ന അത്ഭുതമാണ് എനിക്ക് പിടിപെടുന്നത്.

അദ്ദേഹത്തിന്റെ മർമ്മം കടിക്കുന്ന ദുസ്സഹനിർദ്ദയരാക്ഷസവാക്കുകൾ കേട്ട് അവൾ ആടി വിറച്ചുപോയി. ധനത്തിന്ന് പരമാർത്ഥം തെളിയിക്കേണമെങ്കിൽ കാര്യങ്ങൾ വിസ്തരിച്ചു പറയേണ്ടിവരും. അല്ലാതെ അയാൾക്ക് ഒന്നും മനസ്സിലാകയില്ല. അവൾ ഒരു കൗശലക്കാരത്തിയും വഞ്ചനക്കാരിയും ചതിയത്തിയും ആയ്യോയതാണ്. സാക്ഷാൽ അത്തരത്തിൽ പെട്ടവളല്ലെന്ന് അയാൾ അറിയേണ്ടതും അയാളെ അറിയിക്കേണ്ടതും അത്യാവശ്യമാണ്. എന്നാൽ അത് ഏതു പ്രകാരത്തിലാണ് സാധിപ്പിക്കേണ്ടത്. അവളുടെ വാദങ്ങളൊക്കെ എങ്ങിനെയൊ അസ്തമിച്ചുപോയി. അവൾക്ക് ശരിയായ വാക്കുകൾ തോന്നാതായ്പ്പോയി. ധനത്തിന്റെ കനകപ്രിയമല്ല, ഭാസ്കരനോടു തോന്നിയ സീമാതീതമായ അനുരാഗം മാത്രമാണ് അവളെ എന്തും ചെയ്വാൻ മടിയില്ലാത്തവളാക്കിത്തീർത്തത്. അനുരാഗം ഒന്നുമാത്രമാണ് സർവ്വകുറ്റങ്ങൾക്കുമുള്ള ഏകൈകവ സമാധാനം. എന്നാൽ അദ്ദേഹം അവളെ കഠിനമായ അറപ്പോടും വെറുപ്പോടും തെറ്റിദ്ധാരണയോടും പരിഹാസത്തോടുംകൂടെ നോക്കുന്ന കാലത്തോളം ആ പരമാർത്ഥം അയാളുടെ തലയിൽ കടക്കുകയില്ല. കടത്തുവാനും നോക്കേണ്ട. ധനത്തിന്റെ നാവിന്റെ കോട്ടം അസാരം തീർന്നെങ്കിലും വളരെ വാക്കുകൾ ഒന്നിച്ചുപറവാനുള്ള ശക്തി ഇനിയും വന്നിട്ടില്ല.

**ധനം:** നിങ്ങൾ ഈ വിവരം എങ്ങിനെ അറിഞ്ഞു?

**ഭാസ്കരൻ:** (ക്രൗര്യത്തോടെ) നിന്റെ വഞ്ചനയിൽ മുഴുകിയ തന്ത്രം ആരാണ് പുറത്തിറക്കിയത് എന്നറിവാൻ ഒരു ആവേശം നിണക്കുണ്ടായിരിക്കും എന്ന് ഞാനും വിചാരിച്ചിരുന്നു. മേറ്റ് ഹേമംഗൻ എന്ന ഒരാളെ നീ അറിയുമായിരിക്കും.

**ധനം:** അതേ, അയാൾ ജാനുവെ കാമിച്ച ഒരാളാണ്.

**ഭാസ്കരൻ:** ശരി ഇന്നലെരാത്രി അയാൾ ഇവിടെ ഉണ്ടായിരുന്നു. ജാനുവിന്റെ—ശരിയായ ജാനുവിന്റെ—ഒരു ഫോട്ടൊ അയാൾ എനിക്കു കാണിച്ചു. അപ്പോൾ ഞങ്ങൾ തമ്മിൽ ചില വാദപ്രതിവാദങ്ങൾ നടന്നു. ഒന്നാമത് എനിക്കു വിശ്വാസം വന്നില്ല. പിന്നീട് എനിക്ക് എല്ലാം വെളിവായി. നിന്റെ ചതിപൂരണ്ട സൂത്രം—നിന്റെ ആൾമാറ്റവും ഭയങ്കരവഞ്ചനയും എല്ലാം പുറത്തുവന്നു.

എന്നാൽ അദ്ദേഹം പറഞ്ഞത് അവൾ നല്ലവണ്ണം കേട്ടിരുന്നില്ല. അവൾ ഭയംകൊണ്ടും ലജ്ജകൊണ്ടും മതിമറന്ന ഭാവത്തിൽ അയാളുടെ മുഖത്ത് നോക്കുകയായിരുന്നു. അവളുടെ കണ്ണ് അയാളോട്ട് ആവലാതി പറയുംപോലെ തോന്നി. "ഇന്നലെ രാത്രിയൊ! ഇന്നലെ രാത്രിയാണ് അയാൾ നിങ്ങളോട്ട് പറഞ്ഞതെങ്കിൽ നിങ്ങൾ എന്റെ അരികെ വരുമ്പോൾ ഈ വിവരം ഒക്കെ നല്ലവണ്ണം അറിഞ്ഞിരുന്നു.

ഒരു ചെറു ചുകപ്പുവർണ്ണം അയാളുടെ മുഖത്ത് പ്രത്യക്ഷമായി. അത് ഒരു സമയം ലജ്ജകൊണ്ടായിരിക്കാനും മതി.

**ഭാസ്കരൻ:** (പല്ലുകടിച്ചുപിടിച്ചിട്ട്) അതെ, ഞാൻ ഇന്നലെ രാത്രിതന്നെ അറിഞ്ഞു. വിവാഹദിവസം പൊട്ട ആക്കേണ്ടെന്നു തോന്നി.

ധനം പിന്നോക്കം ചെരിഞ്ഞു. ഒരു കല്ലിന്മേൽ അടി ഉറയ്ക്കാൻ വേണ്ടി ഇരുന്നു. ആരും കേൾക്കാത്തവിധത്തിൽ "നിങ്ങൾ അറിഞ്ഞിരുന്നു" എന്ന വാക്കുകൾ തന്നോടുതന്നെ പറഞ്ഞു. അവളുടെ ഹൃദയം ഭയംകൊണ്ട് ജീവനില്ലാത്തപോലെ ആയി. പുരുഷന്മാർ അങ്ങിനെ ആയിരിക്കാൻ പാടുണ്ടോ? ഹൃദയത്തിൽ വെറുപ്പുള്ള ഒരാൾക്ക് ഇത്ര ഗാഢമായും മധുരമായും ചുംബിക്കുവാൻ സാധിക്കുമൊ? അവൾക്ക് മനംപിരിഞ്ഞു. തല ചുറ്റി അവൾക്ക് അയാളോട്ടു തോന്നിയ പ്രേമം അഗാധവും നിസ്സീമവും മതിമറന്നതും ആയിരുന്നു. എന്നിട്ട് അദ്ദേഹം ഏതുപ്രകാരമാണ് പെരുമാറുന്നത്.

അവളുടെ മുഖത്ത് സ്ഫുരിച്ച സങ്കടവും ഭയവും നിരാശയും മറ്റും കണ്ടപ്പോൾ ഒരു ഭാവപ്പകർച്ച ഭാസ്കരനും നേരിട്ടു. അവന്ന് ഒരു അസ്വാസ്ഥ്യം ബാധിച്ചപോലെ തോന്നി. ഇന്നലെ രാത്രി അയാൾക്കു തലയ്ക്കിളക്കമായിരിക്കണം. എന്നിട്ടുകൂടി. എന്നിട്ടുകൂടി... അവൾ അത്രപോലും അർഹിച്ചിരുന്നില്ല. മറ്റൊരുയുവതിയെ പരിഹാരാർത്ഥം രക്ഷിപ്പാൻ പരമാർത്ഥമായി ഉദ്യമിച്ചിരുന്ന ശുദ്ധഹൃദനായ എന്റെ അച്ഛനെ ഇവൾ കല്പിച്ചുകൂട്ടി വഞ്ചിച്ചില്ലെ! തന്നേയും നിശ്ശങ്കം വഞ്ചിച്ച് ഇവൾ വഷളാക്കിയില്ലെ! ഇപ്പോൾ സങ്കടഭാവം അവലംബിക്കുവാൻ അവൾക്ക് എന്ത് അവകാശമാണ് ഉള്ളത്. കെണിയിൽപെട്ട് ദേഹത്തിന്ന് മുറിതട്ടിയ ഒരു കുറുക്കനോട് വല്ലവർക്കും കരുണതോന്നാൻ പാടുണ്ടോ? പോരെങ്കിൽ ഈ കെണിയും കുടുക്കും ഉണ്ടാക്കി തീർത്തതും ഇവൾ ഒരുവളല്ലേ! അവളുടെ കെണിയിൽ അവൾ തന്നെ പെട്ടുപോയാൽ അവൾക്ക് വല്ല ആവലാതിയും പറവാൻ കാരണമുണ്ടോ.

കുറെനേരം രണ്ടാളും ഒന്നും മിണ്ടിയില്ല. ആണും പെണ്ണും തമ്മിലുള്ള മത്സരം എപ്പോഴും ഉള്ളതാണ്. മേലാൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. ഈ ചുറ്റിത്തിരിയുന്ന ലോകത്തിൽപെട്ട് വലഞ്ഞിരുന്ന ധനം ഒരു പിടിത്തം കിട്ടുവാൻ ഒന്ന് ശ്രമിച്ചു എന്ന മാത്രമെഉള്ളൂ. അവൾ ഒരു ഇളക്കത്തോടെ ഇരുന്നേടത്തിൽനിന്ന എഴുന്നേറ്റു.

**ധനം:** (മന്ദസ്വരത്തിൽ)ഞാൻ ചെയ്തതു തെറ്റാണ്. തെറ്റ് ഞാൻ അറിഞ്ഞുകൊണ്ടുതന്നെ ചെയ്തതാണ്. എന്നാൽ അത് എന്തിന്നുവേണ്ടി ചെയ്തതാണെന്ന് നിങ്ങളെ പറഞ്ഞ് ബോദ്ധ്യപ്പെടുത്താൻ എനിക്കു സാധിക്കുമെന്ന് തോന്നുന്നില്ല. ഇതിന്ന് പരിഹാരമായി വല്ലതും ചെയ്വാൻ ഉണ്ടെങ്കിൽ അതൊക്കെ ചെയ്തുതരാൻ ഞാൻ ഒരുക്കമാണ് നിങ്ങൾക്ക് വിവാഹം റദ്ദാക്കാം. ഞാൻ എതുവാദം പുറപ്പെടുവിക്കയില്ല. വിവാഹമോചനമാണെങ്കിൽ അതിന്നും ഞാൻ അനുകൂലമായി നിന്നുകൊള്ളാം. വന്നതുവന്നു. ഇനി അതുഭൂഷണമാക്കാൻ എന്നാൽ കഴിയുന്നതൊക്കെ ഞാൻ ചെയ്തുകൊള്ളാം. എന്നെക്കൊണ്ട് ഒരുതടസ്ഥമൊ ദ്രോഹമൊ നിങ്ങൾക്ക് മേലാൽ ഉണ്ടാകയില്ല. (പിന്നേയും പറവാൻ നാവ് വഴങ്ങിയില്ല.)

അവൾ നൈരാശ്യത്തിന്റെ മൂർത്തിത്വംപോലെ അവിടെ നിന്നു. ക്രൗര്യവും രോഷവും വെറുപ്പും കൈപ്പും ബാധിച്ചപോയ ഭാസ്കരൻ സന്തോഷമില്ലാത്ത ഒരു കിരാതച്ചിരി പുറത്തിറക്കി.

**ഭാസ്കരൻ:** ഭർത്താവിന്റെ അനുമതിയോടെ ഭാര്യ വിവാഹമോചനത്തിന്ന് ഭർത്താവാണ് തെറ്റുകാരൻ എന്നനിലയിൽ ഒരു അന്യായം ഫയലാക്കുക. അവൾക്ക് ദുഷ്യാരോപണം യാതൊന്നും നേരിടാനില്ല. ഒരു വലിയ തുക മാസംതോറും കൈനീട്ടി വാങ്ങുകയും ചെയ്യാം. അതുതന്നെ ആയിരിക്കും ഇപ്പോഴത്തെ നിന്റെ വിചാരം. അങ്ങിനെ യാതൊരു ഏർപ്പാടും ചെയ്വാൻ ഞാൻ വിചാരിക്കുന്നില്ലെന്ന് നീ മനസ്സിലാക്കുന്നതാണ് നല്ലത്. ഇഷ്ടത്തി നമ്മുടെ വിവാഹം റദ്ദാക്കണം എന്ന ആലോചന തല്ക്കാലം എന്റെ ഉള്ളിലില്ല.

"എന്നാൽ—എന്നാൽ" എന്നുമാത്രമെ മറുവടിയായി അവളുടെ നാവിന്മേൽനിന്ന് വീണുള്ളൂ. അവളുടെ കണ്ണിൽ തിരിഞ്ഞുപിരിഞ്ഞ ഒരുതരം വെളിച്ചം പെട്ടെന്ന് മിന്നൽപോലെ മിന്നി. വിവാഹമോചനം വേണ്ടേന്നൊ! എല്ലാംകൂടി ഈ വിവാഹം നിലനിർത്തുവാനാണൊ അയാളുടെ ഭാവം. ഒരു സമയം അയാൾ അവളെ അവൾ ശങ്കിച്ചപോലെ അത്രഭയങ്കരമായി വെറുക്കുന്നില്ലായിരിക്കും.

ഭാസ്കരന്റെ കണ്ണ് സ്ഥൈര്യം കറിച്ചിരുന്നു. അദ്ദേഹത്തിന്റെ ചുണ്ടുകൾ എലിക്കത്രിയുടെ രണ്ടു കൈപോലെ ഇരുന്നിരുന്നു.

**ഭാസ്കരൻ:** വിവാഹമോചനം ആവശ്യമില്ല. മോചനം വേണമെങ്കിൽ ഒരു വിവാഹംശരിയായി ഉണ്ടായിരിക്കേണ്ടതാണ്. നമ്മൾ തമ്മിൽ ന്യായമായ വിവാഹം നടന്നിട്ടില്ല.

വിശ്വാസമില്ലാത്തവിധത്തിൽ ധനത്തിന്റെ വായിൽനിന്ന് ഒരു കരയും പോലെയുള്ള ശബ്ദം പുറപ്പെട്ടു.

**ധനം:** വിവാഹം നടന്നിട്ടില്ലെന്നോ! അങ്ങുന്നേ! പള്ളിയിൽ വെച്ചല്ലെ നമ്മുടെ വിവാഹം നടന്നത്. (ഉച്ചത്തിൽ) ഞാൻ നിങ്ങളുടെ ഭാര്യയാണ്. വിവാഹമോചനം കൊണ്ടേ ആ ബന്ധം വിട്ടുത്താൻ സാധിക്കയുള്ളൂ.

അയാൾ അവളുടെ നേരെ തിരിഞ്ഞു അവളുടെ കണ്ണിൽ നിന്ന് പാറുന്ന തീ അവളെ ദഹിപ്പിക്കുമ്പോലെതോന്നി എന്നാൽ അയാളുടെ വാക്കുകൾ പുറത്തുവന്നത് മന്ദമായും വ്യക്തമായും ആയിരുന്നു.

**ഭാസ്കരൻ:** വഞ്ചനകൊണ്ട് നടന്നുപോയ വിവാഹം യഥാർത്ഥത്തിൽ ഒരു വിലയുള്ള വിവാഹം ആയിരിക്കില്ല. വിവാഹം ദൈവമുഖേന—അഥവാ ദൈവം സാക്ഷിയായി—പള്ളിയിൽവെച്ച് നടത്തപ്പെടുന്ന ഒരു പുണ്യകർമ്മമാണ്. അത് സ്വതന്ത്രരാണെങ്കിലും അനുകൂലികളായ രണ്ടു സ്ത്രീപുരുഷന്മാർ തമ്മിൽ മാനം മര്യാദയിലും നിയമപ്രകാരവും ഒരു മുറിയാത്തബാദ്ധ്യത ഉണ്ടാക്കുന്ന ഒരുതരം കരാറാണ്. ജാനുവിനെയാണ് വിവാഹം ചെയ്യുന്നത് എന്ന് തെറിദ്ധരിപ്പിച്ച എന്നെ ഒരു അനുകൂലകക്ഷിയായി നിണക്ക് എണ്ണുവാൻ പാടില്ല.

"എന്നാൽ—എന്നിട്ട്" എന്ന് തുറിച്ച കണ്ണുകാളോട്ടുകൂടെ പറഞ്ഞ് അവൾ രണ്ടടി പിന്നോക്കംവെച്ചു.

അയാൾ തുടർച്ചയായി പിന്നേയും ഇങ്ങിനെ പറഞ്ഞുതുടങ്ങി. അയാളുടെ വാക്കുകൾ പൊള്ളുന്ന എണ്ണത്തുള്ളികൾ പോലെ അവളുടെ ചെവിയിൽ വീണു.

**ഭാസ്കരൻ:** ഞാൻ ഉടനെത്തന്നെ ഈ പൊട്ടക്കളിയായ വിവാഹം നിഷേധിക്കാനും റദ്ദാക്കാനും പോകുന്നുണ്ട്. വിവാഹം ഒന്നുകൊണ്ടും നിലനില്ക്കത്തക്കതല്ല എന്നായിരിക്കും എന്റെ വ്യവഹാരം. കോടതി അപ്രകാരം സ്ഥാപിക്കുകയും ചെയ്യും. വിവാഹമോചനം എന്ന നാമത്തിന്നുതന്നെ അവകാശം ഉണ്ടായിരിക്കയില്ല. റദ്ദാക്കുവാൻ തക്കവണ്ണം ഒരു ന്യായമായ വിവാഹം നടന്നിട്ടില്ല. നീ എടുത്തുകൂട്ടിയ വഞ്ചനയ്ക്കും ആൾ മാറ്റത്തിന്നും നീ തടവുശിക്ഷ അനുഭവിക്കേണ്ടിവരും. എന്നാൽ നിന്റെ മേൽ വ്യവഹാരം കൊണ്ടുവരാൻ ഞാൻ ഒരുങ്ങുന്നില്ല. (പുച്ഛരസം അയാളുടെ ചുണ്ടിൽ സ്ഫുരിച്ചു. അവൾക്കു അതു തല്ലുകിട്ടുമ്പോലെ തോന്നി) നിന്റെ പേരോട് എന്റെ പേരും കൂട്ടി എഴുതാൻ പാടില്ലെന്ന് ഞാൻ പ്രത്യേകം താക്കീതുചെയ്യുന്ന വല്ല ഭംഗവും വരുത്തിയാൽ ക്ഷമിക്കുകയില്ലെന്ന ഓർമ്മയും നല്ലവണ്ണം ഇരിക്കട്ടെ.

ധനം ഒരു വസ്തുവും പറയാതെ തലതാഴ്ത്തിനിന്നു. ഒക്കെസ്പഷ്ടമായിട്ടുണ്ട്. പളുങ്കുപോലെ സ്പഷ്ടം. അവളെ തീരെ തിരസ്കരിച്ച് ഉപേക്ഷിച്ച നിർദ്ദയം തള്ളിക്കളയുവാനാണ് അയാൾ ഉദ്ദേശിക്കുന്നത്. അവൾ സ്വീകരിച്ച ഭ്രാന്തൻ നടവടിയുടെ കൊള്ളരുതായ്മയും ഭയങ്കര ഭവിഷ്യത്തും അവൾക്ക് മതിയാകുംവണ്ണം തോന്നാതിരുന്നതു വലിയ വിഡ്ഢിത്തം ആയിപ്പോയി. ഒന്നും പറവാൻ വയ്യാതെ അവൾ തല തിരിച്ചപ്പോൾ പൊള്ളുന്ന കണ്ണീർ അവളുടെ കവിളിൽക്കൂടെ ഒഴുകി.

**ഭാസ്കരൻ:** (നിർദ്ദയമായി) ഇപ്പോൾ നമുക്ക് രണ്ടാൾക്കും ഓരോരുവരുടെ സ്ഥിതിയും ചാർച്ചയും മനസ്സിലായി. എന്റെ അച്ഛനെ നീ നീചമായും നിഷ്ഠുരമായും ചതിച്ചു. കബളിപ്പിച്ചു. ഞാൻ അതൊക്കെ അദ്ദേഹത്തോടു പറഞ്ഞു മനസ്സിലാക്കി കൊടുക്കുവാൻ വേണ്ടി ഇന്നു തന്നെ കല്ക്കട്ടയിലേയ്ക്കു പോകുന്നതാണ്. കള്ളത്രാണം വെളിവാക്കുന്നത് എനിക്ക് ഒരു സന്തോഷപ്രവൃത്തിയാണ്. ഇപ്പോൾ ഞാൻ നേരെ പോകുന്നത് നമ്മുടെ ഹോട്ടലിലേയ്ക്കാണ്. അവിടത്തെ ബില്ലൊക്കെ കൊടുത്തുതീർക്കണം. നിന്റെ സാമാനങ്ങളൊക്കെ പേക്ക് ചെയ്തുവെയ്ക്കാൻ ഏല്പിക്കണം. നീ പോകുന്നകാര്യം നിന്റെ ഇഷ്ടത്തിന്ന് വിട്ടിരിക്കുന്നു. ഉച്ച പന്ത്രണ്ടുമണിക്കു ഇവിടുന്ന് കല്ക്കട്ടയിലേയ്ക്കു ഒരു തീവണ്ടി ഉണ്ട്. അതു നിണക്ക് സൗകര്യമുള്ള ഒന്നായിരിക്കും. എന്റെ ഒന്നിച്ച് യാത്രചെയ്യാമെന്ന വിചാരം നീ സ്വപ്നത്തിലും കൂടി കരുതേണ്ട. കൊത്തൊന്ന് കഷണം രണ്ട് എന്നപോലെ നമ്മുടെ ബന്ധവും മുറിഞ്ഞു.

അവൾക്ക് കരച്ചിൽ ഒതുക്കുവാൻ തീരെ സാധിച്ചില്ല. അവളുടെ കണ്ണിൽ നിന്നു ചൂടും വലിപ്പവും ഉള്ള കണ്ണുനീർത്തുള്ളികൾ അവളുടെ കവിളിൽക്കൂടെ ഒഴുകിവരും പ്രകാരം ഒന്നോടൊന്നായി വീണുതുടങ്ങി. ആ കവിളുകളാണ് കുറെമുമ്പെ അത്ഭുതാനന്ദപാരവശ്യംകൊണ്ട് തിളങ്ങിയിരുന്നത്. ഏങ്ങികരയുമ്പോൾ അവളുടെ ദേഹം വിറയ്ക്കുകയും വില്ലിക്കുകയും ചെയ്തു.

ഭാസ്കരൻ ആക്കം ഒരു കാലിന്മേൽ നിന്ന് മറ്റേക്കാലിന്മേൽ ആക്കി മാറ്റിമാറ്റിനിന്നു. അസ്വാസ്ഥ്യംകൊണ്ട് അയാൾ ചുണ്ടുകൾ ഉള്ളോട്ടു വലിച്ചുപിടിച്ചു. ഒരു തെണ്ടിപെണ്ണിന്റെ വേണ്ടുമ്പോൾ വരുത്താൻ സാധിക്കുന്ന കണ്ണുനീർകൊണ്ടൊന്നും ഭാസ്കരൻ അവശനായ്പോകുമെന്ന് ആരും കരുതേണ്ട. ഇതൊക്കെ ആളുകളെ മിരട്ടിവിടുന്ന മറ്റൊരു സൂത്രമായിട്ടെ അയാൾ കരുതിയിരുന്നുള്ളൂ.

അദ്ദേഹം ഒരു പണസഞ്ചി കീശയിൽ നിന്നെടുത്ത് അതു തുറന്ന് കുറെ നോട്ടുകൾ അവളുടെ കയ്യിൽ പിടിപ്പിച്ചു.

**ഭാസ്കരൻ:** പട്ടണത്തിലേയ്ക്കു മടങ്ങാൻ ചിലവിന്നു പണം ഇതാ. പിന്നെ നീ എന്തുചെയ്താലും എനിക്കൊരു മണ്ണാങ്കട്ടയും ഇല്ല. ഇതു നമ്മുടെ അവസാനത്തെ അഭിമുഖസംസാരമാണ്. നിന്നെ ഞാൻ ഇനി കാണാൻ വരുന്നതുമല്ല.

അയാൾ ഇതും പറഞ്ഞു പെട്ടെന്ന് നടന്നുകളഞ്ഞു.

# 12

## ചതിയുടെ കൂലി

ഗുഹയിലെ ഒരു ചെറിയ വെൺകല്ലിന്മേൽ ഇരുന്നിട്ടുണ്ടായിരുന്ന ധനം പെട്ടെന്ന് ചാടി എഴുന്നേറ്റ് കൈമുന്നോട്ടുനീട്ടി “ഭാസ്കരാ! അങ്ങുന്നേ! ഈശ്വരനെ വിചാരിച്ചിട്ട് എനിക്കു പറവാനുള്ളതും കേൾക്കണേ” എന്നു നിലവിളിച്ചു. അയാൾ അതിനുള്ളിൽ ഹോട്ടലിനടുക്കെ വിളിച്ചാൽ കേൾക്കാത്ത ദൂരത്തിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. അയാൾ അവളേയും വെടിഞ്ഞുപോയി, ഒരിക്കലും തിരിച്ചുവരാത്ത വിധത്തിൽ ആയിരിക്കുമോ? അവൾക്കു പറവാനുള്ള യാതൊന്നു കൊണ്ടും അയാൾ മടങ്ങാനിടയില്ല. എന്തുകൊണ്ടെന്നാൽ അവൾ എന്തു തന്നെ പറഞ്ഞാലും പരമാർത്ഥം ഭേദിച്ചുപോകയില്ല. ഉള്ളത് എങ്ങിനെ ഇല്ലാതാകും.

അവളുടെ പാപം അവളെ ദ്രോഹിപ്പാൻ തുടങ്ങി. അവൾ വഞ്ചന നടത്തി. പ്രതികാരം അവളെ കണക്കിൽ ബാധിച്ചു. അവൾക്കു ശരിയായ കൂലികിട്ടി. കവിഞ്ഞുപോയി എന്ന് ഒരിക്കലും പറഞ്ഞുകൂട. മറ്റുള്ളവർ ഉണ്ടാക്കിവിട്ട സങ്കടമല്ല. താൻതന്നെ തന്റെ മേൽ വലിച്ചിട്ട സങ്കടമാണ്.

എന്നാലും ഒരു വലിയ പാപം ചെയ്യണം എന്ന ഉദ്ദേശം അവൾക്കും ഉണ്ടായിരുന്നില്ല. അവളുടെ ജീവിതകാലം, ഭാസ്കരനെ കണ്ടുമുട്ടുംവരെ സംഭവശൂന്യമായിരുന്നു. ഭാസ്കരന്റെ വരവ് ശൂന്യവും സന്തോഷരഹിതവും ആയ അവളുടെ അന്ധകാരജീവിതത്തിൽ സൂര്യപ്രകാശം പ്രത്യക്ഷമായപോലെ തോന്നിച്ചിരുന്നു. അനുരാഗം എല്ലാം നശിപ്പിക്കുന്ന ഒരു പ്രവാഹംപോലെ അവളെ അടിതെറ്റിച്ചൊഴുക്കിക്കളഞ്ഞു. വരാൻപോകുന്ന മറ്റൊന്നും ഗൗനിപ്പാൻ അവൾക്കു തോന്നിയതേ ഇല്ല. ഭാസ്കരൻ ഒഴിഞ്ഞ ലോകത്തിൽ മറ്റുപലരും ഉണ്ടെന്ന ബോധമേ അവൾക്കുണ്ടായിരുന്നില്ല. ഭാസ്കരനെ അല്ലാതെ അയാളുടെ ധനത്തെ അവൾ കാംക്ഷിച്ചിട്ടേ ഉണ്ടായിരുന്നില്ല. അയാൾ അങ്ങിനെ തെറ്റിദ്ധരിച്ചത് ഇവളുടെ വഞ്ചനകൊണ്ടാണ്. വഞ്ചന നടത്തിയതു ഭാസ്കരനെ കിട്ടേണമെന്ന ഏകോദ്ദേശത്തിന്മേലാണെന്ന പരമാർത്ഥം അയാൾക്ക് ഓടിയതേ ഇല്ല. ഇപ്പോളൊ! ഒരു രാത്രി വിരഹം വരാതെ കഴിച്ചുകൂട്ടിയതിൽപിന്നെ അദ്ദേഹം അവളേയും വിട്ടുപോയ്ക്കളഞ്ഞു.

ചോടെ ഉള്ള നിലം ചിലേടത്തു സുരഭിലതൃണങ്ങളെ കൊണ്ടും വാസനപ്പൂക്കളുള്ള ചെടികളെക്കൊണ്ടും നിറഞ്ഞിരുന്നു. അവൾ അതിന്മേൽ ചെന്നു വീഴുമ്പോലെ ഇരുന്നു. അവൾ ഏങ്ങിക്കരഞ്ഞു. ചിന്താശ്വാസനത്തിനുള്ള സകല വഴിയും അയാൾക്കു മുട്ടി. അവൾ വ്യസനത്തിൽ ആപാദചൂഡം മുഴുകി. ഇന്നലത്തെ രാത്രി! ഇന്നലത്തെ രാത്രി! അതിൽ പിന്നെയോ! അയാളുടെ ഭാര്യസ്ഥാനത്തിൽനിന്ന് അവൾഭ്രഷ്ടയായി.

നൈരാശ്യംകൊണ്ടും അനുഭവമായ മാനഭംഗംകൊണ്ടും അവൾ ഒരു വിരൽ വായിലിട്ട് ചോരവരുംവരെ കടിച്ചു. അവൾ പ്രേമിച്ച പുരുഷൻ അവൾക്കു നഷ്ടമായി ഇതൊക്കെ അവളുടെ ഭ്രാന്തൻ വഞ്ചനയുടെ ഫലമാണ്. അദ്ദേഹത്തിന്റെ ചങ്ങാതിത്തത്തിനും അനുകമ്പയ്ക്കുംകൂടി അവൾ അനർഹയായി. അവൾ, ഒരു കാര്യസിദ്ധിക്കുവേണ്ടി മാത്രം അവളുടെ സർവ്വസ്വവും പണയംവെച്ചു. അവൾ അപജയം പ്രാപിച്ചു.

ഒരു തരം ചെറിയ നിലപ്പൂമ്പാറ്റകൾ,അവളുടെ പൂവെച്ച മുടിയിൽ വീണിട്ടും ചുറ്റിപ്പറന്നിട്ടും കളിച്ചുതുടങ്ങി. അവളുടെ ചെവികൾ തേനീച്ചകളുടെ ഒന്നിച്ചുചേർന്ന “ഹം” സ്വരംകൊണ്ട് നിറഞ്ഞു. അവൾ ആകപ്പാടെ ഒന്നു മയങ്ങി അവൾ ഒരു പൂമ്പാറ്റയെപ്പോലെ ആയിരുന്നു. സൂര്യപ്രകാശമാകുന്ന സുഖസ്ഥിതിയിൽ ഇളകുന്ന ചിറകുകൾ ചുടാക്കി കുറെ നാഴികനേരത്തോളം അവളും ചുറ്റിക്കളിച്ചു. കുറെനാഴികനേരം മാത്രം. ഇപ്പോൾ അവളുടെ ചിറകുകൾ മുറിഞ്ഞു. ദേഹം വെള്ളത്തിൽക്കൂടെ എങ്ങോട്ടെന്നറിയാതെ ഒഴുകിപ്പോവാൻ തുടങ്ങുന്നു.

ഭാസ്കരൻ അവളുടെ കയ്യിൽ ഇട്ടേച്ചുപോയ നോട്ടുകൾ അവൾ നോക്കി. അവൾ അവ മുറക്കെ പിടിച്ചിരുന്നു. പണം! പണം! ഇതൊക്കെ തരാനും അയാൾക്കു ധൈര്യം വന്നു. അവൾ കോപത്തോടെ ആ നോട്ടുകൾ ചുരുട്ടി, ദൂരെ എറിഞ്ഞു. അവ കാറ്റിൽപെട്ടു വെള്ള ഇലകളെപ്പോലെ പാറിയും ഇഴഞ്ഞും വിളയാടി. അവൾ ചുണ്ടുകൾ കടിച്ചു. അവളുടെ വശം വേറേ പണം ഉണ്ടായിരുന്നില്ല. അവൾക്ക് കല്ലട്ടയിൽ മടങ്ങി എത്തുകയും വേണം. പണം കൂടാതെ അതിന്ന് സാധിക്കുകയുമില്ല. അവൾ ഓടി ചാടിച്ചെന്നു. അവ അവളെ പരിഹസിക്കുംപോലെ പിടിത്തം കൊടുക്കാതെ പറന്നുകളിച്ചു. കടല്ക്കരയിലെ വലിയ പാറകളുടെ വക്കത്തു വെച്ച് അവൾക്ക് രണ്ടെണ്ണം പിടികിട്ടി. ബാക്കിയൊക്കെ കടലിൽ വീണു നീന്തിത്തുടങ്ങി.

ധനം ചുണ്ടു കടിച്ചു അവൾ എന്തൊരു വിഡ്ഢിക്കഴുതയാണ്. അവളുടെ ഉദ്ദേശം പണമല്ലെന്നു കാണിപ്പാൻ നോട്ടുകളൊക്കെ അയാൾക്കു മടക്കി കൊടുക്കുകയായിരുന്നു വേണ്ടത്. ഇപ്പോൾ ഒരു ഫലമില്ലാതെ രണ്ടെണ്ണമൊഴികെ നോട്ടുകളും നഷ്ടംവന്നു. രണ്ടെണ്ണംകല്ലട്ടയിലേയ്ക്കു മടങ്ങാനുള്ള ചിലവിലേയ്ക്കും വേണം. പണമൊക്കെ അവൾ വാങ്ങിവെച്ചു എന്നാണ് ഭാസ്കരൻ ശരിയായിട്ടു വിചാരിക്കുകയും ചെയ്യുന്നത്. അവൾ കിട്ടിയതൊക്കെ കൈക്കലാക്കി എന്നല്ലാതെ മറ്റെന്തു വിചാരിക്കാനാണ്.

അവൾ മെല്ലെ തിരിഞ്ഞു ഹോട്ടലിന്റെ നേർക്കു നടന്നു. അവളുടെ സാമാനങ്ങൾ ഒരുക്കിവെക്കേണ്ടതുണ്ട്. ഭാസ്കരനും അദ്ദേഹത്തിന്റെ അച്ഛനും അവൾക്ക് സമ്മാനമായിക്കൊടുത്ത ആഭരണമെങ്കിലും മടക്കിക്കൊടുക്കാമല്ലോ കഴുത്തിൽ ഇടാൻ മുത്തുമാല. കൈയ്യു വള. അതിനു ചേർന്ന കർണ്ണാഭരണം. അതൊക്കെ മടക്കിയത് കാണുമ്പോൾ അവൾ പണത്തിന്ന് അത്രത്തോളം അലഞ്ഞവളല്ലെന്നു ഭാസ്കരൻ മനസ്സിലാക്കുമായിരിക്കും. പെട്ടെന്നുള്ള കോപം ക്രമേണ തണുത്തു വരുമ്പോൾ അങ്ങിനെ ധരിക്കാനും ഇടയുണ്ട്. അങ്ങിനെ ഒരു ദിവസം വരാനും മതി.

ഇന്നു രാവിലെയാണ് അവൻ ഉള്ള സംഗതികളെല്ലാം തുറന്നു പറഞ്ഞത്. അതിൽ അസാരം ചിന്താശ്വാസത്തിന്നു വഴി ഉണ്ട് എന്ന ഒരു മങ്ങിയ വിചാരം ധനത്തിന്റെ ഉള്ളിൽ ഉല്പാദിക്കാതിരുന്നില്ല. ഒരു സമയം—ഭാവിയിൽ ഒരു ദിവസം ഭാസ്കരനെ അവളുടെ പാട്ടിലാക്കാൻ അവൾക്ക് ഒരു അവസരം കിട്ടുമായിരിക്കും. അയാളെ ആകർഷിക്കാൻ അവൾക്കു സാധിച്ചിട്ടുണ്ട്. അവൾ വശീകരണ ശക്തിയുള്ളവളാണെന്ന് അയാൾ എടുത്തുപറയുകകൂടി ചെയ്തിട്ടുണ്ട്. മൃഗസ്വഭാവത്തിലാണെങ്കിലും കൂടി അയാൾ അങ്ങിനെ പറഞ്ഞതു വാസ്തവമാണ്. പുരുഷനും സ്ത്രീയും തമ്മിൽ മനസ്ഥിതി കൊണ്ടുനോക്കിയാൽ വലിയ വ്യത്യാസം ഉണ്ടാവാനിടയില്ല. അവർ ഒന്നിച്ചുചേർന്നു സുഖിച്ച രാത്രിയിലെ കഥ ആലോചിച്ചാൽ ആ ആർത്തിയോടുണ്ടായ ചുംബനങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നു വിചാരിക്കവയ്യാ. അതൊക്കെ അത്ര വേഗം അറപ്പിലും വെറുപ്പിലും തുഞ്ചാൻ പാടില്ല... എന്നാൽ ഹോട്ടലിൽ എത്തിയപ്പോൾ അവൾ വിഡ്ഢിയാണെന്ന ബോധം സമ്പൂർണ്ണശക്തിയിൽ അവളെ ബാധിച്ചു.

ഹോട്ടലിന്റെ വാതിലിന്റെ അരികെ ഒരു “ടാക്സി” നിർത്തിയതുകണ്ടു. ഒരു സൂട്ട്കെയിസ് അരികെവെച്ചുകൊണ്ട് ഒരു സ്ത്രീ മാനേജരോട് എന്തോ കാര്യമായി സംസാരിച്ചു കൊണ്ട് ഹാളിൽ നിന്നിരുന്നു. അവൾ ആവേശത്തോടുകൂടെ ഇങ്ങിനെ ചോദിക്കുന്നതുകേട്ടു. “എന്റെ ടാക്സി ഇവിടെ എത്തുമുമ്പേ ഇവിടുന്ന്” കാറിൽ പോയതുകണ്ടതു മിസ്റ്റർ ഭാസ്കരനായിരിക്കുമോ? ശ്രുതിപ്പെട്ട കല്ലട്ടയിലെ ഭാസ്കരൻ! അദ്ദേഹം ഇവിടെ താമസമാക്കി ഇരിക്കുന്നുവോ?

**മാനേജർ:** (അല്പം ഇച്ഛഭംഗത്തോടെ) അയാൾ ഇവിടെത്തന്നെയായിരുന്നു താമസിച്ചത്. അയാളുടെ കാറിൽ ഇപ്പോൾ ഇവിടം വിട്ടുപോയതും അയാളാണ്. മിസ്റ്റർ ഭാസ്കരൻ ഇങ്ങട്ട് മടങ്ങുകയില്ല എന്നാണ്” പറഞ്ഞത്. ഓ. മിസ്റ്റർ ഭാസ്കരന്റെ ഭാര്യ ഇവിടെ വന്നിരിക്കുന്നു.

മാനേജർ ധനത്തെ ഒന്ന് താണുതൊഴുത് അവളുടെ അടുക്കെ ചെന്നു “മിസ്റ്റർ ഭാസ്കരൻ ഈ കത്ത് നിങ്ങളുടെ കയ്യിൽ തരാൻ പറഞ്ഞിരിക്കുന്നു.” എന്നും പറഞ്ഞു ഒരു എഴുത്തടങ്ങിയ “എൻവലപ്പ്” അവളുടെ വശം കൊടുത്തു.

അവൾ ഒരു പ്രതിമയെപ്പോലെ അതുവാങ്ങി “അദ്ദേഹം ഇവിടം വിട്ടിരിക്കും?” എന്നുമാത്രം വികാരങ്ങൾ ഒതുക്കി ചോദിച്ചു.

**മാനേജർ:** നിങ്ങൾ വരുന്നതിന്ന് അല്പംമുമ്പെയാണ് അയാൾ പോയത്. നിങ്ങൾ പന്ത്രണ്ടുമണിയുടെ വണ്ടിക്ക് പോകുമെന്നാണ് മിസ്റ്റർ ഭാസ്കരൻ പറഞ്ഞത്. കാൽമണിക്കൂർമുമ്പെ കാർ ഇവിടെ റെഡിയായി ഉണ്ടാകും.

**ധനം:** നല്ലത്.

ധനം പിന്തിരിഞ്ഞു. എന്നാൽ ഹോളിൽ നിന്നിരുന്ന ഒരു സ്ത്രീ ധനത്തിന്റെ നേരെവന്ന് അവളുടെ കൈ ഒന്നുതൊട്ടു.

**ആ സ്ത്രീ:** (കോപിച്ചുവിറച്ചിട്ട്) നിങ്ങൾ മിസ്റ്റർ ഭാസ്കരന്റെ ഭാര്യയാണെന്നോ ഞാൻ മനസിലാക്കേണ്ടത്.

ധനം അവളുടെ മുഖത്തുനോക്കി മുഖം ധനത്തിന്ന് പരിചയം ഉള്ള പോലെ തോന്നി. അവൾ എവിടെയോവെച്ചു കണ്ടിരുന്നു. പരിചയം തോന്നിയ ആ സ്ത്രീയുടെ മുഖം കോപം കൊണ്ട് ജ്വലിച്ചിരുന്നു.

**ആ സ്ത്രീ:** (കർക്കശമായി) നിങ്ങൾ ഭാസ്കരന്റെ ഭാര്യയാണോ?

ധനം ഒന്നു നിവർന്നുനിന്നു അവളുടെ ഉള്ളുകള്ളികളെന്നും ഈ ഹോട്ടലിൽവെച്ച് വിസ്തരിക്കാൻ അവൾക്ക് ഭാവമുണ്ടായിരുന്നില്ല. അവൾക്ക് മാനഹാനി ഒന്നും നേരിടാത്തവിധത്തിൽ ഭാസ്കരൻ കാര്യമൊക്കെ വെടിപ്പായി നടത്തിവെച്ചിരുന്നു. ധനം അവളുടെ വികാരങ്ങളൊക്കെ പാടുള്ളേടത്തോളം ഒതുക്കിവെക്കാൻ വളരെഅദ്ധ്വാനിക്കേണ്ടിവന്നു.

**ധനം:** നിങ്ങൾ ആരാണ്! നിങ്ങൾക്കെന്താ അത് അറിഞ്ഞിട്ട്.

**ആ സ്ത്രീ:** ഞാൻ ആനന്ദവല്ലിയാണ്. പാരീസിൽ നിന്ന് വന്നതാണ്. ഞാൻ വന്നിട്ട് അരമണിക്കൂറെ ആയിട്ടുള്ളൂ. ഈ ഹോട്ടലുംവിട്ട് ഭാസ്കരൻ പോകുന്നതുമാത്രം ഞാൻ കണ്ടു. (ഉച്ചത്തിൽ) നിങ്ങൾ അദ്ദേഹത്തിന്റെ ഭാര്യയാണെന്ന് കേട്ടതു തെറ്റായിരിക്കും. അയാൾ പ്രേമിക്കുന്നത് എന്നെയാണ്. അയാൾ എന്നെ അല്ലാതെ മറ്റൊരുവളെ വിവാഹിക്ക ഉണ്ടാകയില്ല.

ആനന്ദവല്ലിയോ! ധനം ദീർഘമായി ഒന്നു നിശ്വസിച്ചു. നിശ്ചയമായിട്ടും അന്നത്തെ രാത്രി നാടകശാലയിൽ വെച്ചു കണ്ടതാണ്. ആനന്ദവല്ലിയുടെ അഭിനയം വളരെ കൗതുകത്തോടെ ഭാസ്കരൻ നോക്കിയിരുന്നത് അവൾക്ക് ഓർമ്മവന്നു. അവർ നാടകശാലവിട്ടു പോകുംമുമ്പെ ഭാസ്കരൻ ആനന്ദവല്ലിയോട് എന്തൊക്കെയൊ സ്വകാര്യം പറഞ്ഞതും അവൾക്ക് ഓർമ്മയായി. അപ്പോൾ ഭാസ്കരൻ പ്രേമിക്കുന്നത് ഇവളെയാണ്. തന്റെ വിവാഹം ഒരു പിള്ളർ കളിയായിപ്പോയി. ധനത്തിന്റെ തൊണ്ടയിൽ എന്തോ ഒന്ന് കെട്ടിനിന്നതുപോലെ തോന്നി. തന്നെ കോപത്തൊടെ അദ്ദേഹം വെടിഞ്ഞുപോയതിൽ ആശ്ചര്യപ്പെടുവാനില്ല. ഒട്ടും ആശ്ചര്യമില്ല. അയാളുടെ മനസ്സിൽ ഈ സ്ത്രീയുടെ വിചാരം മാത്രമേ എപ്പോഴും ഉണ്ടായിരുന്നുള്ളു. അവളാകട്ടെ അദ്ദേഹത്തെ കല്പിച്ചുകൂട്ടി തോല്പിക്കുകയാണു ചെയ്തത്. അച്ഛന്റെ ഇഷ്ടം എന്ന സൂത്രമാണ് അവൾ അതികൗശലമായി പ്രയോഗിച്ചത്.

ധനം തൊണ്ടയിൽനിന്നു ഒന്നും പൊട്ടിപ്പുറത്തുവരാതിരിക്കാൻ വേണ്ടി അവിടെ കൈ അമർത്തിപ്പിടിച്ചു. ആനന്ദവല്ലിയുടെ രൂഷാകഷായിതാക്ഷികൾ അവളെ നോക്കുന്നുണ്ടെന്നും ധനം അറിഞ്ഞു. ഭാസ്കരൻ പ്രേമിക്കുന്ന യുവതിയും ഇവളാണ്.

**ധനം:** (പതുക്കെ ശ്വാസംമുട്ടിയപോലെ) ഞാൻ ഭാസ്കരന്റെ ഭാര്യയല്ല.

മറ്റെ സ്ത്രീയുടെ കണ്ണിൽ സ്ഫുരിച്ചിരുന്ന ആശ്വാസവും ധനം നോക്കിയറിഞ്ഞു. ആനന്ദവല്ലിയുടെ പുച്ഛസ്വരത്തിലുള്ള ചിരിയും അവൾ കേട്ടു. ധനം ഒരു അന്ധകാരാവൃത എന്നപോലെ ഹോട്ടലിൽനിന്നു പുറത്തിറങ്ങി നടന്നു. പന്ത്രണ്ടുമണിയാവാൻ സമയം ഇനിയും വളരെ ഉണ്ട്. കുറേനേരം നടക്കാൻതന്നെ ധനം ഉറച്ചു. സങ്കടവും നൈരാശ്യവും പൊള്ളുന്ന കത്തികൊണ്ട് എന്നപോലെ അവളുടെ തലയും ഹൃദയവും കത്തിത്തിരിച്ചു. കുറെ നടന്നാലെങ്കിലും അല്പം ആശ്വാസം കിട്ടുമെന്ന് അവൾക്കു തോന്നി. അവൾ പുല്ലിൽക്കൂടെ നടന്നു. പിന്നെ പാറകളും മണലും നിറഞ്ഞ കടൽതീരത്തിലേയ്ക്കു ചെല്ലുന്ന വഴിയിൽ അവൾ കേറി. അപ്പഴാണ് ഒരു കളിയുടെ നോട്ടീസിന്റെ കാര്യം അവൾക്ക് ഓർമ്മയായത്. അതിൽ വലിയ അക്ഷരത്തിൽ ആനന്ദവല്ലിയുടെ പേരും എഴുതിയിരുന്നു. ആ സംഗതികൊണ്ടായിരിക്കും ഈ ശ്രുതിപ്പെട്ട ഹോട്ടലിൽ അവൾ സ്ഥലംപിടിച്ചത്... അതെ. ഭാസ്കരന്ന്, അദ്ദേഹം പ്രേമിക്കുന്ന ഇവളെ വിവാഹിപ്പാനും സാധിക്കും. വെളുത്ത മുഖവും കറുത്ത മുടിയും കൊണ്ട് കേൾവിപ്പെട്ട ഈ ആനന്ദവല്ലിയെ—കല്ലട്ട മുഴുവനും സംസാരവിഷയമാക്കുന്ന ഈ സുന്ദരിയായ ആനന്ദവല്ലിയെ.

മുമ്പേതന്നെ ആനന്ദവല്ലിയോടു തോന്നിയ അനുരാഗമാകുന്ന വലയിൽ കെണിഞ്ഞുപോയിരുന്ന ഒരു പുരുഷന്റെ പ്രേമം തന്നെക്കൊണ്ട് അപഹരിപ്പാൻ സാധിക്കുമെന്ന് ധനം വിചാരിച്ചത് വിഡ്ഢിത്തമാണ്.

അവൾ മണലിൽക്കൂടെ ഇന്നേടത്തെന്നില്ലാതെ കണ്ണും പൂട്ടി നടന്നു. അവളുടെ ഹൃദയത്തിൽ ഒരു മാറാത്ത വേദന ഉണ്ടായിരുന്നു. പന്ത്രണ്ടുമണിക്കു കല്ലട്ടയിലേയ്ക്കു മടങ്ങുന്നതിനുള്ള ട്രെയിൻ തെറ്റിപ്പോകുമെന്ന വിചാരവും അവൾക്കു തല്ലാലം ഉണ്ടായിരുന്നില്ല. അവൾ പാറകളുടെ ഇടയിൽ കൂടേയും മൺകൂമ്പാരങ്ങളിൽക്കൂടേയും നടന്നു. അവൾക്ക് സങ്കടനിവാരണം വരുമെന്ന് വിചാരിച്ചിട്ടാണ് ഇങ്ങിനെ നടന്നത്. അവൾ എങ്ങിനെയെങ്കിലും അവൾ ചെയ്ത അവ്യാകൃതവും അവൾക്കു കിട്ടിയ കൂലിയും മറന്നുപോകട്ടെ എന്ന ഉദ്ദേശം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ഭാസ്കരൻ, വിവാഹം സൂത്രത്തിൽ ഉണ്ടാക്കിയ വഞ്ചനാമയമായ ഒരു കുറ്റമാണെന്ന് ആക്ഷേപിക്കും. കോടതിയിൽ അതു റദ്ദാക്കാൻ ഒരു വ്യവഹാരവും ഫയലാക്കും. ജഡ്ജിയും വക്കീൽമാരും വർത്തമാനപത്രം വായിക്കുന്നവരും വായിച്ചു നിർദ്ദയം അധിക്ഷേപിക്കയും വിമർശിക്കയും ചെയ്യുന്നത് അവളുടെ ഗംഭീരചതിയേയും കൗശലത്തേയും ദുസ്സാമർത്ഥ്യത്തേയുംപറ്റിയായിരിക്കും. വേണമെങ്കിൽ സകല മാസികയിലും വാരികയിലും ദിനപത്രത്തിലും അവളുടെ ഫോട്ടോവും ഉണ്ടായിരിക്കും. നിരത്തിന്മേൽ ഇറങ്ങിയാൽ ഓരോരുവർ അവളെ ചൂണ്ടിക്കാണിച്ചു പരിഹസിക്കുന്നുണ്ടാകും. അവർ പറയുന്നതു ഇങ്ങിനെ ആയിരിക്കും. “അതാ ആ പോകുന്നതു ധനം എന്ന ഒരു തെണ്ടിപ്പെണ്ണാണ്. മറ്റൊരു പെണ്ണാണെന്നു നടിച്ച് ആ പേരും ധരിച്ച് ഉപായത്തിൽ ഒരു ലക്ഷാധിപനെ വിവാഹം ചെയ്തു വഞ്ചിച്ചവളാണ്. ഇത്ര ധിക്കാരമായ വഞ്ചന ഞാൻ ഇതുവരെ ഒരു പെണ്ണ് നടത്തി കേട്ടിട്ടില്ല. ഇമ്മാതിരിക്കാരെ തടവിൽനിന്ന് പുറത്തിറക്കാൻ പാടില്ല.”

അവൾ ഇങ്ങിനെ ചെയ്തത് അതിരറ്റ അനുരാഗംകൊണ്ടാണെന്ന് ജനങ്ങൾ മനസ്സിലാക്കുകയൊ, ജനങ്ങൾക്ക് മനസ്സിലാകയൊ ഉണ്ടാകയില്ല. ഒരു സമയം ജാനവിന്ന് മനസ്സിലാകും. അവൾ അനുരാഗത്തിന്റെ വീര്യം അറിഞ്ഞവളാണ്. ധനം സഹിക്കേണ്ടിവന്ന അരിഷ്ടകളും കഷ്ടങ്ങളും ദാരിദ്ര്യവും ജാനു മാത്രമെ ശരിയായി അറിഞ്ഞിട്ടുണ്ടായിരുന്നുള്ളൂ. ആനന്ദവല്ലിക്ക് സകലഭാഗ്യങ്ങളും തെളിഞ്ഞിട്ടുണ്ട്. അവളുടെ ജോലി (അഭിനയം) മനോഹരമാണ്. ജനസ്വാധീനവും കീർത്തിയും പണവും എത്രയെങ്കിലുമുണ്ട്. സകലരും, അവളെ കൗതുകമോടെ കടാക്ഷിച്ചിരുന്നു. പോരാഞ്ഞിട്ട് ഭാസ്കരന്റെ അളവറ്റ അനുരാഗവും അവൾ കൈക്കൊണ്ടിരുന്നു. അത് ഒന്നുമാത്രംപോരെ ഒരു സ്ത്രീയുടെ ഭാഗ്യത്തിന്നും ആനന്ദത്തിന്നും? ഭാസ്കരനെ വശീകരിപ്പാൻ എത്ര സ്ത്രീകൾ ആർത്തിയോടെ കാത്തിരിക്കുന്നുണ്ട്. എന്നിട്ടെന്താ! ഭാസ്കരൻ കാത്തിരിക്കുന്നത് ആനന്ദവല്ലിയെ അല്ലെ!

ധനം ഒരു പാറ തടഞ്ഞുവീണു. അവളുടെ മർമ്മഭേദകങ്ങളായ വിചാരശല്യങ്ങളിൽനിന്ന് അവൾ ഉണർന്നു. അവൾക്ക് മടങ്ങാനും നേരം വൈകി—പന്ത്രണ്ടുമണിയുടെ വണ്ടി—കല്ലട്ടയിലേയ്ക്കു മടങ്ങിപ്പോകേണ്ടുന്ന വണ്ടി—അവിടെ വിരസവും സംഭവരഹിതവും, ഒരേരീതിയുമുള്ള ഒരു ജോലിയിൽ ഏർപ്പെടുവാൻവേണ്ടി—അവിടെ ശീല എടുത്തിട്ടും തലവേദനിക്കുംവരെ “ടൈപ്പ്” അടിച്ചിട്ടും നാളുകൾ കഴിക്കേണ്ടിവരും—പുഴ നടക്കുംപോലെയുള്ള “ഷോർട്ട്ഹേണ്ട്” ചുരുക്കെഴുത്തുകൊണ്ട് നോട്ടുബുക്കുകൾ നിറയ്ക്കണം. അതു സാധാരണ എഴുത്തിൽ വേറേയും പകർത്തണം—മൗഢ്യത്തിന്ന് വേറെവല്ലതും വേണൊ?

അവൾ പിന്തിരിഞ്ഞ് ചുറ്റം ഒന്നുനോക്കി. അവൾ മതിലുകൾപോലെ പാറകൾ നില്ക്കുന്ന ഒരു അർദ്ധഗോളാകൃതിയായ ഗുഹയിൽക്കൂടെയാണ് നടക്കുന്നത്. കടലിലെ വെള്ളം വേലിയേറ്റംകൊണ്ട് കതിച്ചുകേറുന്നുണ്ട്. അവൾ ചുറ്റിയിരുന്ന മണൽകൂമ്പാരം വെള്ളത്തിൽ മുങ്ങിപ്പോകുന്നതുകണ്ടു. തിരകൾ പാറകളോട് വന്നടിച്ചു വെള്ളം നുരയാക്കിത്തുടങ്ങി. ആ സമയത്തു മറ്റൊരു തിര ഉരുണ്ടുകൊണ്ടു വന്ന് അവളുടെ കാലിന്റെ അടുക്കെവന്ന് ഛിദ്രിച്ച് അവളെ മുട്ടോളം നനച്ചു.

അവൾ അടിച്ചുകേറുന്ന തിരമാലകളിൽപെട്ടു.

ധനം ഭയംകൊണ്ട് ഒന്നഞെട്ടി. അവൾ നാലുഭാഗത്തും ഉടനെ നോക്കി. അവൾ നടന്നിരുന്ന പൂഴിസ്ഥലം നനഞ്ഞിരുന്നു എങ്കിലും ഉറപ്പുള്ളതായിരുന്നു. എന്നുവെച്ചാൽ വേലിക്കയറ്റത്തിൽ മുങ്ങിപ്പോകുന്ന ഒരു പ്രദേശമായിരുന്നു. തള്ളിക്കേറുന്ന വെള്ളവും പാറക്കൂട്ടവും തമ്മിൽ വളരെ അടുത്തു. അവളുടെ തലയ്ക്കുമീതെ കടൽപ്പായൽ പതിഞ്ഞിരുന്ന ഒരു പാറക്കഷണം എറിച്ചുനിന്നിരുന്നു. കടൽപ്പായൽ അവിടെയോ? ഒരുമാതിരി ഭയവും ഭ്രമവും ഉടനെ അവളെ ബാധിച്ചു. അവൾ അറിയാതെ വന്നെത്തിയതു കടല്ക്കരയിൽ ഏറ്റവും അപായകരമായ ദിക്കിലായിരുന്നു. മറ്റൊരു തിര വന്നുപൊട്ടിയതു പാറച്ചുമരിന്മേൽതന്നെ ആയിരുന്നു.

അവൾക്കു രക്ഷപ്പെടാൻ യാതൊരു മാർഗ്ഗവും ഇല്ലാതായി.

ധനം ഭയംകൊണ്ട് ഒന്നു നിലവിളിച്ചുപോയി. രക്ഷ വേണമെങ്കിൽ പൊങ്ങിനില്ക്കുന്ന കട്ടമേൽ പിടിച്ച് മേലോട്ട് പൊത്തിപ്പിടിച്ച് കേറേണ്ടിവരും. അതാണെങ്കിൽ ഒരു കൊതയൊ എറിപ്പോ കൂടാതെ ഇരുപതടി ഉയരത്തോളം കിഴക്കാംതൂക്കമായ ഒരു മതിൽപോലെയാണ് നില്ക്കുന്നത്. മിനുസമുള്ള ഒരു പാറയോടുപറ്റി വല്ല പിടിത്തവും കിട്ടാനുണ്ടൊ എന്ന് കൈകൊണ്ടും കാൽകൊണ്ടും പരിശോധിച്ചു. നിമിഷംപ്രതി പൊങ്ങിത്തുടങ്ങുന്ന വെള്ളം സൂര്യവെളിച്ചം കൊണ്ട് നീലയും മഞ്ഞയുമായി മിന്നി. തിരകൾ വൈരത്തരികൾപോലെ ഇരിക്കുന്ന ചില്ലടിയിൽ അവളെ നനച്ചു.

ധനം പിന്നേയും ഒരു പതിഞ്ഞസ്വരത്തിൽ നിലവിളിച്ചു. പിന്നെ പെട്ടെന്ന് അവളെ ഒരു ശാന്തിപിടിപെട്ടു. തന്റെ സങ്കടത്തിൽനിന്ന് ഒന്നാന്തരം മോചനമാണ് ഈ അത്യാഹിതം എന്ന് എന്തുകൊണ്ട് വരുത്തിക്കൂട. ജീവിച്ചിരുന്നിട്ട് മേലാൽ എന്തൊരു നന്മയാണ് അവൾക്ക് സിദ്ധിപ്പാൻ ഇടയുള്ളത്. ഒരു വസ്തുതന്നെ ഇല്ല. ഈ മരണം താൻ ചെയ്തുപോയ മഹാവഞ്ചനയ്ക്ക് ഒരു പ്രതിവിധിയാണെന്ന് കരുതിയാൽമാത്രം മതിയല്ലൊ. ഇങ്ങിനെയായാൽ ഭാസ്കരന്ന് തന്റെ വിവാഹം അസാധുവാണെന്നു സ്ഥാപിക്കേണ്ടുന്ന ഭാരവും ഇല്ലാതെ കഴിയുമല്ലൊ. ഇതാണ് ദൈവം കാണിച്ചുതന്ന അഥവാ ഉണ്ടാക്കിത്തന്ന അസ്സൽമാർഗ്ഗം. ആരും ഒന്നും അറിയേണ്ടതില്ല. ശവം കിട്ടാതിരിക്കുകയുമില്ല.

ഒരു ഭയങ്കരശാന്തി അവളെ ബാധിച്ചു. മുന്നോട്ടടിക്കുന്ന ഒരു തിര മടക്കത്തിൽ അവളെ പിന്നോട്ടു കൊണ്ടുപോയി കടലിന്റെ കുഴത്തിൽത്താഴ്ത്തിക്കളയുകയും ചെയ്യും. ഒന്നും വേണ്ട. വേണ്ട. വേണ്ട. എന്തു തന്നെവന്നാലും ജീവിച്ചിരിപ്പാനുള്ള തൃഷ്ണ അവൾക്ക് എല്ലാറ്റിലും ഉപരിയായി നിന്നു. എലിക്കത്രിയിൽ കുടുങ്ങിയ എലിയെപ്പോലെ ചാവാൻ അവൾ ഒട്ടും ഇഷ്ടപ്പെട്ടില്ല. അതുമാത്രം സാധിക്കയില്ല. ഇല്ല തന്നെ.

കിഴക്കാംതൂക്കമായ പാറമേൽ ഒരു മരണപ്പിടിത്തം പിടിച്ചു മെല്ലെ മേലോട്ട് കേറാൻനോക്കി. ചതഞ്ഞുപോയ വിരലുകളിന്മേൽനിന്ന് ചോര ഒലിച്ചിരുന്നു. വെള്ളംപൊന്തുംതോറും അവൾ പാറമേൽ പറ്റാതിരുന്നാൽ അവളുടെ നാമംതന്നെ ബാക്കി ഉണ്ടാകില്ല. അവളും വെള്ളത്തോടുകൂടി പൊന്തിത്തുടങ്ങി. ഒരു തുറിച്ചുനിന്ന പാറ അവളുടെ മേലോട്ടുള്ള പറ്റിക്കേറലിന്ന് തടസ്ഥം ഉണ്ടാക്കി. അത് ചുറ്റിത്തിരിഞ്ഞു കേറാൻ മനുഷ്യർക്ക് പ്രയാസമായിരിക്കും. എല്ലാംകൂടി കടലിൽ വിഴുങ്ങിപ്പോകുന്ന അപായത്തിന്റെ വരവ് തെല്ലൊന്നു ദീർഘിപ്പിച്ചു എന്നുമാത്രം ആയിപ്പോകുമൊ! തനിക്ക് നേരിടാൻപോകുന്ന അത്യാപത്തു കാണാതിരിപ്പാൻ വേണ്ടി ധനം കണ്ണുംഅടച്ചു പ്രാർത്ഥിച്ചു.

അപ്പോൾ അടുക്കെനിന്നു പെട്ടെന്ന് ഒരു കൈമുട്ടും അലർച്ചയും പുറപ്പെട്ടതു കേട്ടു. “അവിടത്തന്നെ മുറുക്കിപ്പിടിച്ചൊ. പിടിത്തം ഇളകരുത്. ഞാൻ എത്തിപ്പോയി.”

ഈ അലർച്ച അവൾ മന്ദമായിട്ടെ കേട്ടിരുന്നുള്ളൂ. വളരെനേരം അങ്ങിനെ പിടിച്ചുതൂങ്ങാൻ അവൾക്ക് സാധിക്ക ഉണ്ടാകയില്ല. ചുറ്റം ഒരു അന്ധകാരം പരക്കുംപോലെ അവൾക്കുതോന്നി. പൊട്ടിത്തെറിക്കുന്ന തിരമാലകൾ ഉണ്ടാക്കുന്ന ശബ്ദത്തോടുകൂടെ രക്തം അവളുടെതലയിൽ തള്ളിക്കേറുന്നത് അവൾക്ക് അനുഭവമായി. ഭാസ്കരന്റെ ശബ്ദംപോലെ ഒന്നുകേട്ടു. എന്നാൽ അവൾ അനിശ്ചിതമായ ഒരു അന്ധകാരലോകത്തിലേയ്ക്കു കാൽ എടുത്തുവെച്ചു കഴിഞ്ഞിരിക്കുന്നു. ആ സമയത്തു മരവിച്ചുപോയ അവളുടെ വിരലുകളുടെ പിടിത്തവും വിട്ടുപോയി.

ആ ശരിയായ സമയത്തു ഒരുവന്റെ കൈ അവളുടെ നേർക്ക് തള്ളുന്നതും അവളുടെ കൈ മുറുക്കേ പിടിക്കുന്നതും കണ്ടു.

# 13

# അതിൽപിന്നെ

മെല്ലെമെല്ലെ അവളേയും ഇഴച്ച് ഭാസ്കരൻ പാറയും പിടിച്ച് മേലോട്ട് കേറിത്തുടങ്ങി. അയാളുടെ വിരലുകളും ചതഞ്ഞ് ചോര ഉറ്റുന്നതൊന്നും അയാൾ ഗണിച്ചില്ല. അയാളുടെ ചെവിയോരങ്ങളിൽനിന്ന് രക്തനാഡികളുടെ വമ്പിച്ച തുടിപ്പിന്റെ ശബ്ദം നല്ലവണ്ണം കേൾക്കാമായിരുന്നു. മാംസപേശികൾ കമ്പക്കയർപോലെ പിരിഞ്ഞുനിന്നിരുന്നു. തിരയുടെ ശബ്ദം കൂടാതെ അയാളുടെ ചെവിയുടെ ഉള്ളിൽ നിന്നും അത്രതന്നെ കടുപ്പമായ ഒരു ശബ്ദം പുറപ്പെട്ടിരുന്നു. ഭാസ്കരന്റെ മുഖം സ്വേദംകൊണ്ട് മൂടിയിരുന്നു.

ഭഗീരഥപ്രയത്നം ചെയ്തിരുന്ന ഭാസ്കരന്റെ തല പാറയുടെ വിതാനത്തിൽനിന്ന് പൊന്തിനില്ക്കുന്നത് കണ്ടു. ഒരു സ്ത്രീയേയും വഹിച്ചുവരുന്ന അവനെ സഹായിപ്പാൻതക്കവണ്ണം പാറയുടെ മുകളിൽ നിന്ന് ഒരാൾ കൈനീട്ടി അവനേയും ധനത്തേയും കരയ്ക്കു വലിച്ചാക്കി. ഭാസ്കരന്റെ പ്രയത്നം അങ്ങേഅറ്റംവരെ എത്തിക്കഴിഞ്ഞുപോയിരുന്നു. സഹായം അത്യാവശ്യസമയത്തുതന്നെ കിട്ടി. രണ്ടാളുടെ ദേഹത്തിലും വാർന്നതും കല്ലിച്ചതും കലകൾ നിറഞ്ഞിരുന്നു. ഒരു പാറയും ചവിട്ടിപ്പിടിച്ച് ഇവരെ കരയ്ക്ക് ഒരുവിധേന വലിച്ചുകേറ്റിയത് ഹേമാംഗൻ ആയിരുന്നു. അവന്റെ കൈ സന്ധിയിൽ നിന്ന് ഊരിപ്പോകുമൊ എന്നു സംശയിക്കുംപ്രകാരം ഹേമാംഗൻ തന്റെ ശക്തിമുഴുവൻ പ്രയോഗിച്ചിരുന്നു.

ഏതായാലും തളർന്നുപോയനിലയിൽ ഭാസ്കരനും ധനവും അവിടെ കിടന്നിരുന്നു. ധനം ഒരുകെട്ട് നനഞ്ഞ തുണിപോലെ ഇരുന്നിരുന്നു. ഭാസ്കരൻ കണ്ണും പൂട്ടി ഏങ്ങുംപോലെ നിശ്വസിച്ചിരുന്നു. അയാൾക്ക് ശ്വാസംകഴിപ്പാൻതന്നെ പ്രയാസംനേരിട്ടു. അത്രകഠിനമായി അദ്ദേഹത്തിന്റെ ഹൃദയം തുടിച്ചിരുന്നു.

കുറെ കഴിഞ്ഞപ്പോൾ ഭാസ്കരൻ കൈമുട്ടുകുത്തി ദേഹം അസാരം ഉയർത്തി "ഹേമാംഗ! അവൾക്ക് അപകടമൊന്നും പിണഞ്ഞിട്ടില്ലല്ലൊ" എന്ന് ഹേമാംഗനോട് മന്ത്രിച്ചു.

ഹേമാംഗൻ തല്ക്കാലം ഉത്തരമായി ഒന്നും പറഞ്ഞില്ല. ഒരുകെട്ട് തുണിപോലെ കാഴ്ചയിൽ തോന്നിപ്പോകുന്ന ധനത്തിന്റെ അരികെ മുട്ടുകുത്തി ഹേമാംഗൻ ഒരു പരിശോധന നടത്തുകയായിരുന്നു. ധനത്തിന്റെ മുഖം ഹേമാംഗന്റെ മുഖത്തിന്റെനേരെ വിപരീതഭാവത്തിൽ തിരിഞ്ഞനിലയിലാണ് കിടക്കുന്നത്. ഭാസ്കരന്റെ മുഖം വ്യസനാവൃതവും ഹൃദയം അന്ധകാരാവൃതവുമായി. ഭാസ്കരന്റെ ചുണ്ടുകൾ ആവേശംകൊണ്ട് കൂർത്തുനിന്നുപോയി. ഭാസ്കരൻ അത്യദ്ധ്വാനംചെയ്ത് ഒരുവിധേന എഴുന്നേറ്റ് അവളുടെ അടുക്കെച്ചെന്ന് ഹേമാംഗനോട് "അവൾ മരിച്ചുപോയിട്ടില്ല. അല്ലേ!" എന്നു ചോദിച്ചു.

**ഹേമാംഗൻ:** (ഒരു വല്ലാത്ത സ്വരത്തിൽ) ഇല്ല. എനിക്ക് അങ്ങിനെ തോന്നുന്നില്ല. അവൾ ബോധംകെട്ടുപോയി എന്നേ ഉള്ളൂ.

അദ്ദേഹം ധനത്തെ നല്ലവണ്ണം നോക്കി. മുഖത്ത് കെട്ടി നിന്നിരുന്ന മണലും ചോരയും തന്റെ "ടവ്വൽ" (കൈലൈസ് = ഉറുമാൽ) കൊണ്ട് തുടച്ചു. പിന്നേയും ഒന്നു നല്ലവണ്ണം നോക്കി.

**ഹേമാംഗൻ:** നിണക്ക് ഇവൾ ആരാണെന്നു മനസ്സിലായിരിക്കും.

**ഭാസ്കരൻ:** മനസ്സിലാവാൻ സംഗതി ഇല്ല.

നനഞ്ഞ തുണിയുടെ ഒരു ചെറിയ കുമ്പാരംപോലെ തോന്നുന്ന ആ സത്വത്തെ മുട്ടുകുത്തി ഒന്നു പരിശോധിച്ചു. "ഞാൻ അവളുടെ മുഖം കണ്ടിരുന്നില്ല" എന്ന് പരുങ്ങലോടെ പറഞ്ഞിട്ട് അവളെ കുനിഞ്ഞു നല്ലവണ്ണം പിന്നേയുംനോക്കി. ഒന്നു ഞെട്ടിപ്പോയപോലെ "എന്റെ ഭഗവാനേ!" എന്നുമാത്രം പറഞ്ഞു.

ധനമോ! ഇതു വളരെ ആശ്ചര്യമായിരിക്കുന്നല്ലൊ. അവളെ, കടലിനോട് തൊട്ടുനില്ക്കുന്ന പാറമതിലിന്മേൽക്കൂടെ കരയിലേയ്ക്കു വലിച്ചിടുമ്പോൾ, അവൾ ഇട്ടിരുന്ന പച്ച ഉടുപ്പ് ചുമലിനോടടുത്തഭാഗം മുതൽ കീറിപ്പോയിരുന്നു. അവളുടെ മുഖത്ത് മണലും ചോരയും കുറെക്കൂടി ഉണ്ടായിരുന്നു. കാറ്റംകോളുംകൊണ്ട് ഒടിഞ്ഞുവീണുപോയ ഒരു ലില്ലിപ്പൂവിന്റെ സാദൃശ്യം അവൾക്കുണ്ടായിരുന്നു, അവൾ ഉണ്യോരമില്ലാത്ത ഒരു ഗതികെട്ടുപോയവളാണെന്ന് ആർക്കും തോന്നും. അവൾ എത്രയോ നിഷ്ഠൂരമായി അയാളെ വഞ്ചിച്ചിരുന്നു എങ്കിലും താൻ അവളുടെ അടുക്കെനിന്ന് കത്തുന്ന കോപത്തോടെ വിട്ടുപിരിഞ്ഞുപോന്നതാണെങ്കിലും ഒരു പുതുതായ അനുകമ്പയുടെ നിഴൽ അദ്ദേഹത്തിന്റെ ഉള്ളിലുണ്ടായി.

**ഭാസ്കരൻ:** (ആവേശത്തോടെ) നമ്മൾ ഉടനെതന്നെ അവളെ ഒരു ഡോക്ടരുടെ അടുക്കെ കൊണ്ടുപോകണം. എന്റെ കാറിൽ ഒരുതുള്ളി ബ്രാണ്ടിയുംകൂടില്ല. എന്തുചെയ്യട്ടെ.

**ഹേമാംഗൻ:** നിങ്ങൾ വളരെ ക്ഷീണിച്ചുപോയിരിക്കും. ഞാൻ ഇവളെ ചുമന്നുനടക്കാം.

ഹേമാംഗൻ ആ കൃശാംഗിയെ തന്റെ കൈകളിലാക്കി ക്ഷണം കാറിന്റെഉള്ളിൽ കിടത്തി. കാർ അവിടെ റെഡിയായി നിന്നിരുന്നു. പരവശനായ ഭാസ്കരനും അതിൽക്കേറി. അയാളുടെ അത്യദ്ധ്വാനംകൊണ്ടുണ്ടായ തളർച്ച അസാരം ശമിച്ചപോലെ തോന്നി. ഹേമാംഗൻ അവളെ എടുത്തു കാറിലേയ്ക്കു കൊണ്ടുവരുമ്പോൾ ആ ജോലി താനായിരുന്നു വഹിക്കേണ്ടത് എന്നു ഭാസ്കരനു തോന്നി. അതും ഒരു പുതുമതന്നെ. ആ കാറിൽതന്നെ ആയിരുന്നു ഇന്നലെ അവൾ കല്ലട്ടയിൽ നിന്നുവന്നത്. കാർ ഓടിച്ചത് ഭാസ്കരൻതന്നെയാണ്. ഡോക്ടരുടെ സഹായത്തിന്ന് കാലതാമസം പാടില്ലാത്തതുകൊണ്ട് ഭാസ്കരൻ ചരിതത്തോടു കൂടെയാണെങ്കിലും വളരെ വേഗതയിൽ കാറോടിച്ചു.

ധനം!... ആ സമയത്ത് അയാൾ അവിടെ എത്തിച്ചേർന്നത് ആശ്ചര്യമായിരിക്കുന്നു. യദൃച്ഛയായിട്ടാണെങ്കിലും ഭാഗ്യമായിക്കലാശിച്ചു. തന്റെ അരികെ കിടക്കുന്ന സ്വരൂപത്തേ കണ്ടാൽ ആർക്കാണ് അനുകമ്പ തോന്നിപ്പോകാത്തത്? ധനം! അയാളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്ന് ഒരു ശങ്ക പൊങ്ങി. എല്ലാംകൂടി അത് ഒരു യാദൃച്ഛികസംഭവം ആയിരിക്കയില്ലെന്നു വരുമോ! അയാൾ പല്ല് കടിച്ചു... അത് ഒരു അപായംതന്നെ ആയിരിക്കാൻ മതി. ഒരാളെ ആപത്തിൽനിന്ന് പാട്ടുള്ളേടത്തോളം രക്ഷിക്കേണമെന്ന വിചാരമെ അയാൾക്കുണ്ടായിരുന്നുള്ളൂ. ആപത്തിൽ അകപ്പെട്ടത് ധനമാണെന്ന് മനസ്സിലായാൽകൂടി അയാൾ ആ കിഴക്കാംതൂക്കമായ പാറയും ഇറങ്ങി അവളുടെ സഹായത്തിന്നു ചെല്ലാതിരിക്കില്ല. ഏതൊരു പുരുഷനും അങ്ങിനെ ചെയ്‌വാൻ ബാദ്ധ്യസ്ഥനാണ്. നിങ്ങളുടെ പൗരുഷം അങ്ങിനെ ചെയ്‌വാൻ പ്രേരിപ്പിക്കാതിരിക്കില്ല. എന്നാലുംകൂടി അവൾ ഒരു കൗശലമുള്ള ചണ്ടിപ്പെണ്ണാണെന്ന വാസ്തവം ഇല്ലാതായ്പോകയില്ല. അവളല്ലെ, മറ്റൊരുവളാണെന്ന് നടിച്ചിട്ട് സൂത്രത്തിൽ തന്നെ വിവാഹം കഴിച്ചുകളഞ്ഞത്. തന്നെയും തന്റെ അച്ഛനേയും കല്പിച്ചുകൂട്ടിച്ചതിച്ചവളല്ലേ ഇവൾ. ഇപ്പോൾ ഒരു ഒടിഞ്ഞുവീണ ലില്ലിപ്പൂപോലെ ഇരിക്കുന്നതുകൊണ്ടെന്താ! ഒരു സ്ത്രീക്ക് പുരുഷന്മാരേ കബളിക്കാൻ ഇങ്ങിനെ എന്തെല്ലാം സൂത്രങ്ങൾ ഉണ്ടായിരിക്കാം.

വേലിയേറ്റത്തിൽ പെട്ടിട്ട് അവൾ ഒരു മരണക്കുടുക്കിൽ കെണിഞ്ഞപ്പോൾ താൻ ആ വഴിയിൽ കടന്നുപോകേണ്ടിവന്നത് എന്തുതന്നെയായാലും ഒരു അത്ഭുതകണ്ടുമുട്ടൽതന്നെയാണ്. യഥാർത്ഥം പറഞ്ഞാൽ, അയാൾ ഉദ്ദേശിച്ചപോലെ ആചരിച്ചിരുന്നു എങ്കിൽ അയാൾ ഇവിടെനിന്ന് വളരേനാഴിക അകലെ ആയിരിക്കേണ്ടതാണ് ആനന്ദവല്ലിയുടെ പേർകൊണ്ട് വിളങ്ങിയ ഒരു നോട്ടീസ് കണ്ടതുകൊണ്ടാണ് അയാൾ ഇവിടെത്തന്നെ നില്ക്കേണ്ടിവന്നത്. അതേ നാടകക്കമ്പനിയിൽ—അയാൾ അനേകം പ്രാവശ്യം കണ്ട അതേകളിയിൽ അന്നു കളിക്കുന്നുണ്ടെന്നാണ് പരസ്യം. അപ്പോൾ അതു കണ്ടിട്ട്, മടങ്ങിയാൽമതി എന്ന് അയാൾ നിശ്ചയിച്ചു. അയാളുടെ കാറിൽതന്നെ കേറ്റി, അവളെ കല്ലട്ടയിൽ എത്തിച്ചേരേണ്ടിയിരുന്ന അയാൾ ഇങ്ങുതന്നെ നിന്നുപോയത്. ഹേമാംഗൻ ആ പ്രദേശത്തിൽക്കൂടെ നടക്കുന്നത് കണ്ടത് ഒരു അത്ഭുതസംഭവമാണെന്നും പറഞ്ഞുകൂട. ആനന്ദവല്ലിയാണ് ധനത്തേ രക്ഷിച്ചത് എന്നുതന്നെ പറയാം.

എന്നാലും, ആ സമയത്തുപോലും ഹൃദയത്തിന്റെ ഉള്ളിൽ ധനത്തോടു തോന്നിയ വെറുപ്പ് കേവലം വിട്ടുപോകുന്നില്ല. ഹേമാംഗൻ വാരിയെടുത്ത് തന്റെ കാറിൽകൊണ്ടുവെച്ച ആ പരുക്ക നിറഞ്ഞ രൂപം, സുഖപ്പെടാതെ നശിച്ചുപോയി എന്ന് വന്നാലോ! ഛീ! ആ വിചാരം നന്നല്ല.

ഒടുവിൽ ആ പട്ടണത്തിന്റെ അതൃത്തിയിൽ ഉണ്ടായിരുന്ന ഒരു നേഴ്സിങ്ങ്ഹോമിൽ അവർ എത്തി. ഒരു ഡോക്ടർവന്നു ധനത്തേ പരിശോധിച്ചു. അവളുടെ ദേഹം കുറെ ഉഴിഞ്ഞു. അടുത്തുള്ളവരോട് അപായത്തെപ്പറ്റി പല ചോദ്യങ്ങളും ചെയ്തു. എന്നിട്ട് "തരക്കേടൊന്നും വരാനില്ല. അപായത്തിനൊന്നും അവകാശമില്ല. കാര്യമായിട്ട് ഭയംകൊണ്ടുള്ള ഞെട്ടലും ദേഹത്തിലെ ഈ പരുക്കുകളും മാത്രമെഉള്ളൂ. മുട്ട് അസാരം ഉളുക്കിപ്പോയിട്ടുമുണ്ട്. ക്ഷണം ബോധം വരും" എന്നു ഡോക്ടർ പറഞ്ഞു.

ഇതുകേട്ടപ്പോൾ ഭാസ്കരന്ന് അനുഭവമായത് ഒരു വലിയ ആശ്വാസംമാത്രമായിരുന്നു. അപ്പോൾ അവൾ ചെയ്ത അക്രമങ്ങളും വഞ്ചനകളും എവിടെപ്പോയി മറഞ്ഞുകളഞ്ഞുപോലും. ധനത്തിന്റെ കൺപോളകൾ ഒന്നു വിറച്ചതിൽപിന്നെ അസാരം വിടർന്നു. അവൾ ഒന്നും തിരിയാത്തപോലെ ചുറ്റും നോക്കി.

വെള്ളക്കുമ്മായമിട്ട മുറിയുടെ മതിലുകളേയും വെള്ള അങ്കി ഇട്ട ഡോക്ടരേയും മനസ്സിലാകാത്തവിധത്തിൽ നോക്കീട്ട് "എന്ത്! എന്തുണ്ടായി" എന്ന് അവൾ മെല്ലെ മന്ത്രിച്ചു. പിന്നെ "ഓ—ഞാൻ—എനിക്കോർമ്മയായി... സമുദ്രം." ഇത്രത്തോളം പറഞ്ഞപ്പോൾ അവൾ ഭയംകൊണ്ട് വിറച്ചു. പിന്നെ അവളുടെ കണ്ണുകൾ തുറിച്ചു വിശ്വാസമില്ലാത്തവിധത്തിൽ "ഭാസ്കരനൊ—നിങ്ങളൊ!" എന്നവാക്ക് അവളുടെ നാവിന്മേൽനിന്നു വീണു.

**ഭാസ്കരൻ:** (പല്ലുകടിച്ചിട്ട്) ആ സമയത്ത് ഞാൻ അതിലെ കടന്നുപോയിരുന്നു.

**ഡോക്ടർ:** (ആശ്ചര്യത്തോടെ തിരിഞ്ഞു ഭാസ്കരനെ നോക്കീട്ട്) അപ്പോൾ നിങ്ങൾ ഈ യുവതിയെ അറിയും. അല്ലെ! നല്ല ഭക്ഷണവും ചികിത്സയുമാണ് ഇവൾക്കുവേണ്ടത്. ഒന്നു രണ്ടുദിവസം അവൾ കിടന്നനിലയിൽ കഴിയണം. ഈ നേർസിങ്ങുഹോം പറ്റില്ലെങ്കിൽ മഞ്ചൽ വഴിയായി ഇവളെ ഗ്രാമാസ്പത്രിയിൽ എത്തിക്കാം (അവസാനത്തെ വാചകത്തിൽ ഒരു ശങ്ക സ്ഫുരിച്ചിരുന്നു.)

**ഭാസ്കരൻ:** ഇവളെ ഇവിടെത്തന്നെ നിർത്തുവിൻ. എല്ലാ ചിലവുകൾക്കും ഞാൻ ഉത്തരവാദിത്വം വഹിക്കുന്നു.

**ഭാസ്കരൻ:** ധനത്തിന്റെ കണ്ണ് പിന്നേയും അടഞ്ഞു. ഡോക്ടരുടെ നോട്ടം അവളുടെ ഇടത്തെ കൈപ്പടത്തിന്മേൽ ഒന്നുമിന്നി. മൂന്നാമത്തെ വിരലിന്മേൽനിന്ന് ഒരു നേരിയ സ്വർണ്ണമോതിരം വിളങ്ങുന്നതുകണ്ടു. ഭാസ്കരൻ അതും മനസ്സിലാക്കി. അദ്ദേഹത്തിന്റെ കണ്ണ് കോപംകൊണ്ട് ജ്വലിച്ചു. അവൾക്ക് കേവലം മര്യാദ ഇല്ലെന്നോ?

ഡോക്ടർ ഒരു വലിയ പുസ്തകം (റജിസ്റ്റർ) തുറന്നു "പേരെന്താ" എന്നു ചോദിച്ചു. ഒരു നിമിഷനേരം ആരും മിണ്ടിയിരുന്നില്ല. എന്റെ സ്നേഹിതൻ തന്റെ മുഖത്ത് ഒന്നുനോക്കുന്നുണ്ടെന്നു ഭാസ്കരന്ന് മനസ്സിലായി. "മിസ്സ് ധനം" എന്നും പറഞ്ഞ് ഹേമാംഗൻ വാതിലിന്റെനേരെ തിരിഞ്ഞു.

ഭാസ്കരനും ഹേമാംഗനെ പിന്തുടർന്നു. രണ്ടാളും ഒന്നും മിണ്ടാതെ നേർസിങ്ങ് ഹോമിൽനിന്ന് പുറത്തിറങ്ങി കാറിന്റെ അരികെവന്ന് സിഗരട്ട് കത്തിപ്പാൻവേണ്ടിനിന്നു.

**ഹേമാംഗൻ:** അപ്പോൾ വിവാഹം റദ്ദാക്കാൻ നിങ്ങൾ ഉറച്ചു.

**ഭാസ്കരൻ:** സംശയമുണ്ടോ. ഞാൻ എന്തൊരാളാണെന്നാ നിങ്ങൾ വിചാരിച്ചിരുന്നത്.

കാറിൽകേറി അവർ യാത്രയായി. ഹേമാംഗൻ കുറെ ആലോചിച്ചു.

**ഹേമാംഗൻ:** എന്നാൽ ഞാനൊന്നു പറയട്ടെ. ധനത്തിന്റെ അന്വേഷണത്തിൽനിന്ന് നിങ്ങൾ ഒഴിഞ്ഞുനിന്നുകളയൂ. അവൾ ഈ ആസ്പത്രിയിൽ കിടക്കുന്നകാലത്തോളം സകലചിലവും ഞാൻ ഏറ്റെടുത്തുകൊള്ളാം.

**ഭാസ്കരൻ:** എന്ത് അസംബന്ധമാണ് പറയുന്നത്.

**ഹേമാംഗൻ:** ഇഷ്ടാ. കുറേ വിശേഷ ബുദ്ധി ഉപയോഗിച്ചു സംസാരിക്കൂ. നിനക്ക് ഇഷ്ടംപോലെ ആടിക്കളിക്കുവാൻ നിയമം അനുവദിക്കുകയില്ല. ഒന്നുകിൽ വിവാഹം നിലനില്ക്കണം. അല്ലെങ്കിൽ അത് റദ്ദാക്കണം. നിങ്ങൾ അനുകൂലമാണെന്നു കാണിക്കുന്ന യാതൊരു ചേഷ്ടയുടേയോ കർമ്മത്തിന്റേയോ ഒരു നിഴൽകൂടി പുറത്തിറക്കരുത്. അല്ലാതെ പോയാൽ ഈ വിവാഹം ഇളക്കവും കല്പക്കവും നേരിടാതെ ആജീവനാന്തം സ്ഥിരപ്പെട്ടുപോകും. ഞാൻ ഒരു കാലത്ത് വക്കീൽഭാഗം പഠിച്ചവനാണ്—പാസായവനാണ്. ഞാൻ വക്കീലായി ജോലി നടത്തീട്ടില്ല എന്നുമാത്രം. ലോകമഹായുദ്ധമാണ് അതിന്ന് പ്രതിബന്ധമായി നിന്നത്.

ഇതൊന്നും രസിക്കാത്ത വിധത്തിൽ ഭാസ്കരൻ തന്റെ ചുണ്ടുകൾ കടിച്ചു.

**ഭാസ്കരൻ:** എന്നാൽ സ്നേഹിതാ! അവളുടെ ആസ്പത്രിച്ചിലവുകൾ സഹിക്കുവാൻ നിങ്ങളെ വിട്ടുന്നത് എനിക്കു സമ്മതമാകുന്നില്ല. ഈ മാതിരി "നേർസിങ്ങ് ഹോമും" ശരിയായി നടക്കേണമെങ്കിൽ കൂടക്കൂടെ കൈമടക്കിക്കൊണ്ടിരിക്കണം. നിങ്ങളല്ലെ കുറെമുമ്പെ ദീപാളിയായിപ്പോയെന്ന് എന്നോടു പറഞ്ഞത്.

**ഹേമാംഗൻ:** ജാനുവെ വിവാഹിക്കാൻ വിചാരിച്ച കാലത്ത് ഞാൻ ഒരു നിർദ്ധനൻതന്നെ ആയിരുന്നു. എന്നാൽ തല്ക്കാലം എനിക്കു സമ്പാദ്യമായി ഒരു നല്ല തുക ഉണ്ട്. ചില്ലറകൊണ്ടൊന്നും ചാടിക്കളിക്കുന്ന പ്രകൃതി എനിക്കില്ലെന്ന് നിങ്ങൾക്കു ബോദ്ധ്യമില്ലെ! അതുകൊണ്ട് ആ ബാദ്ധ്യത എന്റെമേൽതന്നെ വിട്ടേയ്ക്കു. ധനത്തിന്റെ കാര്യം വെടിപ്പായി നോക്കാൻ ഞാൻ ഏറ്റിരിക്കുന്നു. നിങ്ങൾ ക്ഷണം കൽക്കട്ടയിലേയ്ക്കു മടങ്ങിച്ചെല്ലൂ. വിവാഹമോചനത്തിന്നു വ്യവഹാരവും ഫയലാക്കു. നിശ്ചയമായിട്ടും നിങ്ങൾക്ക് അനുകൂലമായി സാക്ഷിപറവാൻ ഞാനുണ്ട്. എന്തുകൊണ്ടെന്നാൽ ഈ ഏർപ്പാട്ട് ബോമ്പിട്ട് തകർക്കുവാൻ ഞാനാണ് കാരണം—എനിക്കിവിടെയാണ് ഇറങ്ങേണ്ടത്. ദയ വിചാരിച്ച് കാർ ഒന്നു നിർത്തിയാൽ ഉപകാരം. എന്റെ വിലാസം കുറിച്ച ഈ കാർഡ് നിങ്ങളുടെ വശം ഇരിക്കട്ടെ. കല്ലട്ടയിൽ വെച്ച് വേറെ ഒരു അവസരത്തിൽ നമുക്കു കണ്ടുമുട്ടാം. അല്ലാ ഈ വരുന്നവൾ നിങ്ങളുടെ ഈ സ്നേഹിത ആയിരിക്കുമൊ?

കാറ് മന്ദഗതിയായി നിന്നപ്പോൾ അവരുടെ നേരെ ഒരു സ്ത്രീ വരുന്നതുകണ്ടു. അവൾ ഉടുത്തിരുന്നതു മുഴുവനും കറുപ്പ് വർണ്ണത്തിലായിരുന്നു. അതൊക്കെ വളരെ വില പിടിച്ച ശീലകളായിരുന്നു.

അവൾ ആനന്ദവല്ലി ആയിരുന്നു.

ഹേമാംഗൻ നടന്നുകളഞ്ഞു എന്നു കണ്ടപ്പോൾ ഭാസ്കരൻ കാറിൽനിന്ന് നിലത്തുചാടി. അയാളുടെ കണ്ണിന്റെ തിളക്കത്തിലും സ്വാഗതം പറയുന്ന സ്വരത്തിലും, അന്തർഗ്ഗതം വെളിവാക്കിയിരുന്നു.

അവൾ അവളുടെ കൈ ഭാസ്കരന്റെ നേരെ നീട്ടി. അവളുടെ മുഖത്ത് വ്യസനഭാവവും ഒരു ചെറിയ പുഞ്ചിരിയും പ്രകാശിച്ചു. "ഭാസ്കരാ! എന്റെ പ്രിയസ്നേഹിതാ! ഇപ്പോൾ ഒന്നുംകൂടി കാണ്മാൻ സംഗതി വന്നത് ഭാഗ്യമായി. നിങ്ങൾ കുറെ നാളായി എന്നെ വെടിഞ്ഞിരിക്കയാണ്. അല്ലേ!" എന്നു പറഞ്ഞു.

**ഭാസ്കരൻ:** (ആവേശത്തോടെ) ഒരു നോട്ടീസ്സിൽ ഞാൻ നിന്റെ പേർ കണ്ടു. അതുകൊണ്ട് ഞാൻ ഇവിടെ കാത്തു നിന്നു. നാടകശാലയിലേയ്ക്ക് ഒരു കുറിപ്പ് നിണക്കു തരാൻ ഒരാളെ ഏർപ്പെടുത്താമെന്ന് കരുതി. നിന്റെ അഭിനയം കഴിഞ്ഞതിൽ പിന്നെ കല്ലട്ടയിലേയ്ക്കു എന്റെ ഒന്നിച്ചുമടങ്ങാം. ദയവിചാരിച്ചു "യേസ്" എന്നു പറയൂ.

അവൾ കല്പിച്ചുകൂട്ടിയ ആതുരമന്ദഹാസത്തോടെ അവളുടെ കറുത്ത കണ്ണുകൾ വികസിപ്പിച്ച് അയാളുടെ മുഖത്തു നോക്കി.

**ആനന്ദവല്ലി:** നിങ്ങൾ കാറിലേയ്ക്ക് എന്നെ ക്ഷണിച്ചത് എന്നോടുള്ള പ്രേമത്തിന്റെ ചിഹ്നമാണ്. ആൾത്തിരക്കുള്ള തീവണ്ടിയിൽ കേറി ശ്വാസം മുട്ടുന്നതിനേക്കാൾ കാറിൽ കേറി ഓടിക്കുന്നതാണ് സുഖം.

**ഭാസ്കരൻ:** അങ്ങെത്തിയാൽ, നിശാഭിനയത്തിന്നു സന്ധ്യയ്ക്കുതന്നെ പിന്നേയും മടങ്ങേണ്ടിവരുമൊ?

ആനന്ദവല്ലി ഒരു രുചിരമന്ദഹാസത്തോടെ നിഷേധരൂപത്തിൽ തല ഇളക്കി. "ഞാൻ സ്വാർത്ഥത്തിൽ അത്രത്തോളം പിടുത്തകാരി അല്ല. എന്റെ കീഴിലെ നടികൾക്കും ഓരോ അവസരം ഞാൻ വെച്ചുകൊടുക്കാറുണ്ട്. ഞാൻ ബോമ്പായിൽ കുറെ നാൾ ഉണ്ടായിരുന്നു. ഇന്നത്തേത് ഒരു വിശേഷാൽ "മേട്ടിനി" ആയിരുന്നു. നാളെത്തുടങ്ങി പതിവുപോലെ കൃത്യങ്ങളിൽ ഞാൻ ഏർപ്പെടുകയായി."

ഇങ്ങിനെ ഒരിക്കൽകൂടി, ആ വസന്തകാലദിവസം ഉച്ച തിരിഞ്ഞതിൽപിന്നെ ഭാസ്കരൻ താൻ പ്രേമിക്കുന്ന യുവതി. ഒരു നിഷ്ഠുരനെ വിവാഹംചെയ്ത സ്ത്രീ മഹത്തായവിധത്തിൽ ഭർത്താവിനെ ഉപേക്ഷിക്കുന്നതൊക്കെ, അഭിനയിച്ചുകൂട്ടുന്നത് എത്രയോ രസത്തോടെ കണ്ടു. എന്നാൽ ഭർത്താവിനെ വെടിയുമ്പോൾ കാണിച്ച അഭിനയം പണ്ടത്തെപ്പോലെ നന്നായില്ലെന്നു തോന്നി. തന്മയത്വം അസാരം കുറഞ്ഞുപോയി. നാടകശാലയിൽനിന്ന് മടങ്ങുന്നവഴിക്ക് ഒരു സിഗററ്റിന് തീപ്പിടിപ്പിക്കാൻനിന്നപ്പോൾ അയാൾ ചുമൽ ഒന്നുരണ്ടുതവണ കുലുക്കി. ആ വസന്തത്തിലെ തേജോമയമായ സായാഹ്നം, നാടകാഭിനയം പണ്ടത്തേക്കാൾ നിർജ്ജീവവും ഉന്മേഷരഹിതവും ആക്കിയപോലെ തോന്നി. പിന്നെ അയാൾ ഇത് എത്രയോ തവണ കണ്ടതുമാണ്. അതിലെ വാചകങ്ങളും ദേഹത്തിന്ന് വരുത്തുന്ന സ്ഥിതിഭേദങ്ങളും മുഖഭാവങ്ങളും ആനന്ദവല്ലിയാണ് നടിക്കുന്നത് എന്ന ധാരണ ഉണ്ടായിട്ടുകൂടി അയാൾക്കു രസമായിത്തോന്നിയില്ല.

അയാൾക്ക് ഒക്കെ കെട്ടിലടങ്ങും. എല്ലാം സഹിപ്പാനും സാധിക്കും. എന്തുകൊണ്ട്? കല്ലട്ടയിലേയ്ക്കു മടങ്ങുമ്പോൾ ആനന്ദവല്ലി, കാറിൽ തന്റെ അരികെ ഇരിക്കുന്നുണ്ടാകുമല്ലൊ എന്ന വിചാരംകൊണ്ട്. ബാക്കി യാതൊന്നിനും ഒരു ഭേദവും സിദ്ധിച്ചതായിക്കണ്ടില്ല. ആനന്ദവല്ലി ഒരു വിവാഹിതയാണെന്ന കാര്യവും അയാൾക്കു മറക്കാൻ പാടില്ല. ഒരു നാട്ടുമ്പുറത്തിലെ സത്രത്തിൽ അവർ ഭക്ഷണംകഴിപ്പാൻ ഇരുന്നു. നീയാരിന്റെ (Quisqualia) പൂങ്കുലകളുടെ സൗരഭ്യം മൃദുവായുവഴിയായി അവർ അനുഭവിച്ചു.

ആ സത്രത്തിന്റെ അരികെക്കൂടെതന്നെയായിരുന്നു അയാൾ ഇന്നലെ തന്റെ മധുവിധു അനുഭവിക്കാൻ ലണ്ടനിൽ നിന്ന് സമുദ്രതീരത്തിലെ ഹോട്ടലിലേയ്ക്കു യാത്രചെയ്തത് എന്ന വിവരവും അയാൾക്ക് ഓർമ്മയായി. അന്ന് തന്റെ അരികെ ഉണ്ടായിരുന്നത് മറ്റൊരു പെണ്ണായിരുന്നു. അയാളുടെ മധുവിധു ഭ്രാന്തൻ വിധിയുടെ ഊഹിച്ചെടുത്തുകൂടാത്ത ചക്രം തിരിച്ചൽകൊണ്ട്, അയാൾ ഇന്ന് മടങ്ങുന്നത് താൻ കാര്യമായി പ്രേമിക്കുന്ന പെണ്ണിന്റെ ഒന്നിച്ചാണ്. ഇന്നലെ അയാൾ ബന്ധനസ്ഥനായിരുന്നു. ഇന്ന് അയാൾ സ്വതന്ത്രനായി. നിയമപ്രകാരമോ, അഭിമാനപ്രകാരമോ ബദ്ധനല്ല.

മാനമോ! എന്താണ് അയാൾ കാണുന്നത്? ഒരു വെള്ള അടിച്ച "വാർഡ്" (ആസ്പത്രിയിലെ ഒരു മുറി) അതിന്റെ ഒരു ഭാഗത്ത് ഒരു വലിയ കണ്ണാടി. അതിൽ നിഴലിച്ചു കാണുന്നത് ഒരു വെളുത്ത കൃശാംഗിയുടെ വിഗ്രഹം. സൂര്യപ്രഭ അവളുടെ മുഖം ധവളമാക്കിയിരുന്നു. അവളുടെ മുഖത്തിന്റെനേരെ മീതെ പ്രതിബിംബിച്ചിരുന്ന തന്റെ സ്വന്തമുഖത്തിന്റെ കാര്യവും ഓർമ്മവന്നപ്പോൾ അയാൾ ഒന്നു ഞെട്ടിപ്പോയി. അയാളുടെ മുഖം കോപംകൊണ്ട് കലുഷമായിരുന്നു. സ്തോഭംകൊണ്ട് കറുത്തിരുന്നു. താൻ മന്ദമായി ആ മുറിയിൽക്കൂടെ നടന്നിരുന്നു. പട്ടുത്ത ആ കൃശാംഗിയെ കൈകളിൽ വാരിയെടുത്ത് അവളെ തല്പത്തിന്മേൽ കിടത്തി സ്വിച്ച് തിരിച്ചു വെളിച്ചം കെടുത്തികളഞ്ഞതും അയ്യാൾക്ക് ഓർമ്മയായി. പിന്നെ ഓർമ്മയായത് നനഞ്ഞതുണികൊണ്ട് ചുറ്റപ്പെട്ട ആ പരവശപ്പെട്ട കൃശാംഗമാണ്. കോളിൽപെട്ട് ഉലഞ്ഞുടഞ്ഞുപോയ വെളുത്ത ലില്ലിയെപ്പോലെ മനോഹരമായ അവളുടെ ശരീരമാണ്. പിഞ്ഞാണത്തിന്റെ അരികെ നീട്ടിയ കൈ മുഷ്ടിച്ചുരുട്ടിപ്പോയി.

**ആനന്ദവല്ലി:** ചങ്ങാതി! എന്താ മിണ്ടാത്തത്. വല്ല വ്യസനവും നേരിട്ടോ.

ആനന്ദവല്ലിയുടെ സ്വരം ആക്ഷേപവും നൈരാശ്യവും കുറിച്ചിരുന്നു. ഭാസ്കരൻ ക്ഷണം സ്വന്തം കോലത്തിലായി. പുരുഷന്മാരുടെ അനുകമ്പ, അവരെ തെണ്ടിപ്പെണ്ണുങ്ങളുടെ നേരെ വലിച്ചുകൊണ്ടുപോകുന്നു. അനംഘതകറിക്കുന്ന നേത്രങ്ങളുള്ള അവസരനോട്ടക്കാരികളുടെ കയ്യിലാക്കപ്പെട്ടുപോകുന്നു. മുങ്ങിച്ചാകാറായ അവളേയും എടുത്ത് പാറകളുടെമേലെ കൊണ്ടുവന്ന വിചാരം എങ്ങിനെ ഉപേക്ഷിക്കും! വെറും ഒരു യാദൃച്ഛികസംഭവം! എന്നിട്ടുകൂടി ആ ശപിക്കപ്പെട്ട അനുഭവം മനസ്സിൽനിന്ന് വിട്ടുപോകുന്നില്ല. ഇന്നലെരാത്രി കഴിഞ്ഞകഥയൊ!... അതിനെന്താ! അവൾ, മറ്റൊരുവളാണെന്നു നടിച്ചത് അവൾക്ക് നിശ്ചയമില്ലേ! കൗശലവും വഞ്ചനയുംകൊണ്ട് ഉണ്ടാക്കിത്തീർത്ത വിവാഹം നിലനില്ക്കയില്ലെന്ന് അവൾ നിശ്ചയമായിട്ടും അറിഞ്ഞിരിക്കും.

"ആനന്ദവല്ലി! നീ അരികെ ഉള്ളപ്പോൾ എനിക്ക് സുഖക്കുറവ് നേരിടാൻ ഇടയുണ്ടോ?" എന്നും പറഞ്ഞ് അവളുടെ നേരെ ചെരിഞ്ഞ്, അവൾ കടിച്ചുപിടിച്ച സിഗററ്റിന് തീകൊളുത്തിക്കൊടുത്തു. അവൾ പെട്ടെന്ന് എഴുന്നേറ്റ് ഇങ്ങിനെപറഞ്ഞു: "ഭാസ്കർ, നമുക്ക് പിന്നിലുള്ള മരക്കൂട്ടത്തിൽ കൂടെ ഒന്ന് ഇറങ്ങി നടക്കാം. നോക്കൂ. ഇന്ന് പ്രഥമയാണ്. എനിക്ക് ധനസമ്പാദനത്തിനുള്ള ഭാഗ്യം ഉണ്ട്."

ചിരിച്ചുംകൊണ്ട് അവൾ മുമ്പിൽനടന്നു. പഴയസമ്പ്രദായത്തിൽ ഉണ്ടാക്കിയ പൂന്തോട്ടവും കടന്ന് പൈൻ, ബീച്ച് മുതലായ മരങ്ങളുടെ കൂട്ടത്തിൽ ദൂരെയുള്ള കുന്നിന്മേൽ അവർ കേറാൻതുടങ്ങി. അരിവാൾപോലെ ചന്ദ്രന്റെ ചെറിയ ഒരംശം ചക്രവാളത്തിന്റെ ഒരു അറ്റത്ത് കാണപ്പെട്ടു. പടിഞ്ഞാറെ അറ്റത്തിൽനിന്ന് അസ്തമനസൂര്യന്റെ രക്തകിരണങ്ങൾ മുഴുവനും വിട്ടുപോയിട്ടില്ല. ഒന്നും മിണ്ടാതെ അവർ തമ്മിൽ തൊട്ടുംകൊണ്ട് കുറെനേരം നടന്നു. വൃക്ഷങ്ങളുടെ ഇടതിങ്ങിയ ശാഖകൾകൊണ്ട് മേൽഭാഗം പായിട്ടപോലെ തോന്നി.

**ആനന്ദവല്ലി:** (പിന്നീട് ഒരു പതുങ്ങിയ ചിരിയോടെ) അന്നത്തെ രാത്രിയിൽപിന്നെ നിങ്ങൾ എന്തുകൊണ്ട് എന്നെ കാണ്മാൻ വന്നില്ല.

**ഭാസ്കരൻ:** (മന്ദമായിട്ട്) നീ അറിയും എന്ന് ഞാൻ വിചാരിച്ചു. അതുവരെ നീ വിവാഹിതയാണെന്ന് ഞാൻ ധരിച്ചിരുന്നില്ല.

**ആനന്ദവല്ലി:** (വ്യസനത്തോടെ) എന്റെ ഭർത്താവ് മരിച്ചുപോയി.

"എന്ത്" എന്ന വെടിപൊട്ടുംപോലെ ഒരു ശബ്ദം ഭാസ്കരനോട് പുറത്തിറക്കിപ്പോയി. എന്നിട്ട് ഭാസ്കരൻ മരംപോലെ ഒരേടത്ത് നിന്നുപോയി.

**ആനന്ദവല്ലി:** അതേ. ബോമ്പായിൽവെച്ചിട്ട്. ഒരു അപകടത്തിൽപെട്ടുപോയിട്ട്. ഞാൻ ഇപ്പഴാണ് മടങ്ങി എത്തിയത്. ഓ. (തല പിന്നോക്കം വെച്ച് കൈരണ്ടും അഭിനയിക്കുമ്പോലെ മുന്നോട്ട് തള്ളിപ്പിടിച്ചിട്ട്) വാസ്തവത്തിൽ എനിക്ക് ഉണ്ടാവാൻ പാടില്ലാത്ത വ്യസനം ഞാൻ ഉണ്ടെന്ന് എന്തിന് നടിക്കുന്നു, പരമാർത്ഥം എനിക്ക് വിടാൻ പാടില്ല. വിശ്വസിക്കുവാൻ കൊള്ളുന്നവളാണെന്ന പേരാണ് ഞാൻ ഇതുവരയും പുലർത്തിയത്. അയാൾ എന്റെ ഭാസ്കരാ! ഒരു ക്ഷുദ്ര മൃഗമായിരുന്നു. (അവൾ ഞെട്ടിവിറച്ചപോലെ നടിച്ചു.) ആ വിവരം ആർക്കും ഉണ്ടായിരുന്നില്ല. ആരും ഊഹിച്ചെടുത്തിട്ടുമില്ല. ഭാര്യയുടെ ധർമ്മം വിചാരിച്ച് ഞാൻ ഒരിക്കലും അയാളെ വഞ്ചിച്ചിട്ടില്ല. പുറമെ ആരോടും അയാളുടെകള്ളി വെളിച്ചത്താക്കിട്ടില്ല. ഞാൻ എന്തെല്ലാം കഷ്ടങ്ങൾ അനുഭവിച്ചിട്ടുണ്ടെന്ന് ആരും അറിയുകയില്ല. മദ്യപാനം-അവിൻ-പരസ്ത്രീസേവ—ഇതൊക്കെയാണ് അയാളുടെ പ്രത്യേകതകൾ. മിക്കസമയത്തും എന്റെ കയ്യും പുറവും നീലപ്പരുക്കുകൾകൊണ്ട് നിറഞ്ഞിരുന്നു. ഞാൻ ഒരു കൊല്ലംമുമ്പെ അയാളെ ബോമ്പായിൽ ഇട്ടേച്ചുപോന്നു. എന്റെ പേർ പത്രങ്ങളിലുംമറ്റും പ്രസിദ്ധപ്പെടുത്തിക്കണ്ടപ്പോൾ അയാൾ കല്ലട്ടയിൽ എന്നേയും പിന്തുടർന്നുവന്നു. ഞാൻ കൈക്കൂലിയായി എന്റെ പണംമുഴുവനും അയാൾക്കുകൊടുത്തു. അപ്പഴാണ... (അവൾ അല്പം വിരമിച്ചു. കൈകൾകൊണ്ട് മുഖം പൊത്തി) ഇഷ്ടാ! ഇങ്ങിനെയിരിക്കെ അയാൾ മരിച്ചത് എനിക്ക് സുഖമായിത്തോന്നിയതിൽ എന്താണത്ഭുതം? നിങ്ങൾ എന്നേ ഇതുകൊണ്ട് ദയയില്ലാത്തവൾ എന്ന് എണ്ണുമൊ? അങ്ങിനെ ഒരു അപരാധം എന്റെ മേൽ ഇതുവരെ ചുമത്തിയതായിക്കേട്ടിരിക്കുന്നോ?

അവളുടെ തൊണ്ടയിടറി, വാക്കുകൾ പുറമെ വരുത്താൻ പ്രയാസപ്പെട്ടു. അതു കണ്ടപ്പോൾ അയാളുടെ കണ്ണിൽനിന്ന് വെള്ളം പൊടിയുവാൻ പോകുന്നുണ്ടെന്ന് തോന്നിപ്പോയി. നാടകരംഗത്തിനേക്കാൾ നല്ലനാട്യം അനുഭവിക്കാൻ സൗകര്യം മറ്റ ദിക്കിൽവെച്ചാണ് കിട്ടാനെളുപ്പം. എന്നാൽ ഈ ഒരു പാഠം ഭാസ്കരൻ പഠിച്ചിരുന്നില്ല. അയാൾ അറിഞ്ഞിരുന്നുമില്ല. അയാൾ നല്ലവണ്ണം അറിഞ്ഞത് (ഒന്ന്) ആനന്ദവല്ലിയുടെ ഭർത്താവ് മരിച്ചു. (രണ്ട്) ആനന്ദവല്ലിക്ക് മറ്റൊരാളെ വിവാഹം കഴിപ്പാൻ സ്വാതന്ത്ര്യം കിട്ടി.

ആ നിമിഷത്തിൽ കഴിഞ്ഞുപോയ ആഴ്ചയിലെ സകല സങ്കടാനുഭവങ്ങളും തേഞ്ഞുമാഞ്ഞുപോയി. ആനന്ദവല്ലി വിവാഹിതയാണ് എന്നറിഞ്ഞ ആ രാത്രി മനോവേദന സഹിയാതെ തെരുവുകളിൽക്കൂടെ ചുറ്റിത്തിരിഞ്ഞിട്ടായിരുന്നു അദ്ദേഹം കഴിച്ചത്. ഇപ്പോളാകട്ടെ രണ്ടുപേരും സ്വതന്ത്രരായി. അവളും അയാളും! "ആനന്ദവല്ലി! എന്റെ പ്രേമഭാജനമായ ആനന്ദവല്ലി! എന്റെ ജീവിതസർവ്വസ്വമെ!" എന്ന് അയാൾ തന്നേത്താനറിയാതെ നിലവിളിച്ചുപോയി. അയാളുടെ പാണിബന്ധനത്തിൽ അകപ്പെടാൻ അവൾ ഒരുങ്ങിനിന്നിരുന്നു. എന്നാൽ പ്രേമംകൊണ്ട് മതിമറന്നുപോയ ഭാസ്കരൻ യൂറോപ്യൻസമ്പ്രദായത്തിൽ അവളുടെ മുന്നിൽ മുട്ടുകുത്തി അവളുടെ കൈപിടിച്ച് അതിന്മേൽ ഒരു ചുംബനം വെച്ചുകഴിഞ്ഞിരിക്കുന്നു. ആനന്ദവല്ലി ഒരു നേരംപോക്കുപോലെ അയാളുടെ കോമാളിക്കളികണ്ടിട്ട് പുറപ്പെട്ടുപോയ ചിരി ഒരുവിധേന ഒതുക്കി. ഈ കാമികൾ ഭ്രാന്താശയന്മാരാണ്. അവർ സ്ത്രീകളെ ഈശ്വരികളെപ്പോലെ ആരാധിച്ചുവരുന്നവരാണ്. എന്നിട്ട് ഒരു വല്ലാത്തസ്വരത്തിൽ അവൾ സംസാരിച്ചു.

**ആനന്ദവല്ലി:** നിങ്ങൾ അറിയുമോ? നിങ്ങളുടെ വിവാഹം കഴിഞ്ഞുപോയി എന്ന ഒരു സംസാരം ഞാൻ കേട്ടു.

**ഭാസ്കരൻ:** ആനന്ദവല്ലി! നിന്നെയാണ് ഞാൻ വിവാഹം കഴിപ്പാൻ പോകുന്നത്. നിന്നെ ഒന്നാമത് കണ്ടമുതല്ക്ക് എന്റെ സ്വപ്നം അതുതന്നെ ആയിരുന്നു. നമ്മൾ പട്ടണത്തിലേയ്ക്കു മടങ്ങുക.

ഇന്നലെക്കഴിഞ്ഞുപോയ ആ വഞ്ചനാവിവാഹം റദ്ദാക്കുവാൻ ഇനി ഒരു നിമിഷംപോലും താമസിക്കുക വയ്യാതായി. നാളെ രാവിലെ അയാൾ ചെയ്‌വാൻവെച്ച ഒന്നാമത്തെ കൃത്യം തന്റെ വക്കീലിനെ ചെന്നുകാണുകയാണ്. വിവാഹം നിയമപ്രകാരം അസാധുവാണെന്ന് സ്ഥാപിക്കുകയാണ്. മദ്ധ്യവേനലിലെ ഒഴിവുദിവസങ്ങൾക്കു മുമ്പായി കോടതിവിധി സമ്പാദിക്കണം. പിന്നെ ആനന്ദവല്ലിയെ വിവാഹവും കഴിക്കണം.

ആ രമ്യമായ ആലോചന അയാളെ ലഹരിപിടിപ്പിച്ചു.

ധനത്തെപ്പറ്റിയുള്ള ഭാരവാഹിത്വം മുഴുവനും ഹേമാംഗൻ ഏറ്റെടുത്തത് വളരെ നന്നായെന്ന് ഭാസ്കരന്നു തോന്നി. അതൊരു പരിഹാരമാർഗ്ഗമാണെന്ന ശങ്കകൂടി ആർക്കും ഉണ്ടാകരുത്. അവളുടെ വെളുത്ത ദേഹവും ഇരുണ്ടമുടി സൂര്യരശ്മിയിൽ വിളങ്ങിയരീതിയും നിലത്തുകിടത്തിയ ആ നനഞ്ഞ തുണിക്കുമ്പാരവും ഒരു മധുരക്കിനാവുപോലെ അയാൾക്കു തോന്നി.

തെണ്ടിപ്പെണ്ണ്! കരിങ്കള്ളത്തി! ചതിച്ചി! ഭാസ്കരന്റെ ചുണ്ടുകൾക്ക് ഉറപ്പുകൂടി. അയാൾ കാറിന്റെ ഏക്സലറേട്ടിന്മേൽ കാൽവെച്ചു. അവളെ അയാൾ മേലാൽ കാണുകകൂടി ഉണ്ടാകയില്ല. അയാൾ ആനന്ദവല്ലിയെ വിവാഹം ചെയ്‌വാനാണു പോകുന്നത്.

## 14
# ഹേമാംഗന്റെ സഹായം

**ഹേമാംഗൻ:** ഹേ ധനം! നീ മേലാൽ എങ്ങിനെ കഴിവാനാണ് ഭാവം! വല്ല പ്ലാനും കരുതിവെച്ചിട്ടുണ്ടോ?

ഇങ്ങിനെ പറയുമ്പോൾ അയാൾ ധനത്തിന്റെ മുഖത്തിന്റെ അരികെ തന്റെ തലകുനിച്ചിരുന്നു. ധനം നല്ലേരിക്കയിലായിരുന്നു. അവൾ ശീതബാധ ഇല്ലാതിരിപ്പാൻ ഒരു കൊട്ടപോലെ തോന്നുന്ന കസേലയുടെ ഉള്ളിൽ നിറഞ്ഞു പോയിരുന്നു. അവളുടെ മുഖത്തിന്റെ വിളർച്ച ഇനിയും കേവലം വിട്ടുപോയിട്ടില്ല. ഒരു കൈയ്യു കറുത്ത ഒരു പട്ടുറുമാലിന്റെ കെട്ട് ഉണ്ടായിരുന്നു. ഇതൊക്കെ അല്ലാതെ അവൾ അനുഭവിക്കേണ്ടിവന്ന കഠിനാരിഷ്ടങ്ങളുടെ വേറെ ചിഹ്നങ്ങൾ ഒന്നും അവൾ വഹിച്ചിരുന്നില്ല.

ധനം നിഷേധസൂചകമായി ഉരുണ്ടു മനോഹരമായ തന്റെ തല ഇളക്കിയപ്പോൾ, കണ്ണുനീർത്തുള്ളി രണ്ടു കവിളിന്മേൽക്കൂടേയും ഒഴുകിവീണു. അവൾ ഉടനെത്തന്നെ അതു തുടച്ചുകളഞ്ഞു.

**ധനം:** അങ്ങുന്നേ! എനിക്ക് എന്തെങ്കിലും ഒരു ജോലി കിട്ടാൻ നോക്കേണ്ടതുണ്ട്. ഞാൻ അതിനേപ്പറ്റി നിങ്ങളോടു പറവാൻ ആലോചിച്ചുകൊണ്ടിരുന്നു. ഇവിടുന്ന് എനിക്ക് എങ്ങിനേയെങ്കിലും വിട്ടുപോകാതെ നിവൃത്തി ഇല്ല. ഇവിടത്തെ കണക്കുതീർപ്പാൻ മറ്റെനിക്കു സാധിക്കയില്ല.

**ഹേമാംഗൻ:** (സന്തോഷത്തോടെ) ഓ. അതിനെപ്പറ്റി വേശാറാകേണ്ടതൊന്നും ഇല്ല. ഇവരുടെ കണക്കു ഞാൻ ഇന്നു തന്നെ തീർക്കും.

**ധനം:** അതിന്നു കുറേ അധികം പണം വേണ്ടിവരില്ലേ? പിന്നെ നിങ്ങൾ പണത്തിന്നു ബുദ്ധിമുട്ടുള്ള ആളാണെന്നും പറഞ്ഞില്ലേ! നിങ്ങൾ എന്തു കാര്യത്തിനാണ് ഞാൻ കൊടുക്കേണ്ടുന്ന പണം ഏറ്റെടുക്കുന്നത്?

ഹേമാംഗൻ ചിരിച്ചു. കാര്യം മനസ്സിലാകാത്ത ഭാവം അയാളുടെ മുഖത്തു സ്ഫുരിച്ചു.

**ഹേമാംഗൻ:** ഞാൻ കാശില്ലാതെ കുഴങ്ങിയ കാലവും ഉണ്ടായിരുന്നു. അതുകൊണ്ടായിരുന്നു നിന്റെ ചങ്ങാതി ജാനു എന്നെ വിവാഹം ചെയ്യാതിരുന്നത്. ഇവിടത്തെ കണക്കുതീർപ്പാൻ എനിക്ക് ഒരു ദിവസം പട്ടിണി കിടക്കേണ്ടിവരും എന്നു തോന്നുന്നില്ല. അതുകൊണ്ട് അതു വിചാരിച്ചിട്ടൊന്നും ഖേദിക്കേണ്ടുന്ന കാര്യം ഇല്ല. നീ ഇപ്പോൾ നിന്റെ ദേഹത്തിന്റെ കാര്യംമാത്രം ആലോചിച്ചാൽ മതി.

**ധനം:** (മന്ദഭാവത്തോടെ) നിങ്ങൾ എന്തു കാര്യത്തിനാണ് എന്നോട് ഇത്രത്തോളം ദയ കാട്ടുന്നത് എന്ന് എനിക്കു മനസ്സിലാകുന്നില്ല.

ഹേമാംഗൻ പിന്നേയും ഒന്നും മനസ്സിലാകാത്ത ഭാവത്തോടെ അവളെ നോക്കി. ഇവളെന്താ യാതൊരു തെറ്റു ചെയ്യാത്തവളെപ്പോലെയും പ്രേമലംഘനം നിമിത്തം സങ്കടപ്പെടുന്ന ഒരു നിഷ്കളങ്കയേപ്പോലെയും എന്നോടു നടിച്ചുനോക്കുന്നത്? എന്നാൽ അഭിനയത്തിന്ന് നല്ല തന്മയത്വവും യഥാർത്ഥഭാവവും ഉണ്ട്. അയാൾ വായിൽ കടിച്ചുപിടിച്ചിരുന്ന സിഗറട്ടെടുത്തു ദൂരെ എറിഞ്ഞു.

**ഹേമാംഗൻ:** വാസ്തവത്തിൽ എനിക്കും മനസ്സിലാകുന്നില്ല.

അദ്ദേഹത്തിന്റെ കല്പിച്ചുകൂട്ടിയ മന്ദഹാസത്തിൽ വളരെ അർത്ഥങ്ങൾ ധ്വനിച്ചിരുന്നു.

**ഹേമാംഗൻ:** ഇങ്ങിനെ ഒരു തോന്നൽ ഭാസ്കരനും എനിക്കും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഭാസ്കരന്ന് ഇപ്പോൾ അതു പാടില്ലാതായി വന്നിരിക്കുന്നു. അയാൾ വിവാഹം അസാധുവാണെന്നു സ്ഥാപിക്കാൻ ഹർജി ബോധിപ്പിച്ചുകഴിഞ്ഞു എന്ന് നീ അറിയുമായിരിക്കും.

ഇതുകേട്ടപ്പോൾ കസേലയുടെ കൈപിടിച്ച അവളുടെ കയ്യുടെ പിടിത്തം മുറുകിയതും അവളുടെ ദേഹം ഒന്നു വിറച്ചു പോയതും അയാൾ കണ്ടു. അവളുടെ സ്വരം നല്ലവണ്ണം പൊന്തിയിരുന്നില്ല.

**ധനം:** അതു ഞാൻ ആലോചിച്ചതാണ്.

അദ്ദേഹത്തിന്റെ നോട്ടം അവളുടെ വെളുത്തു നേരിയ വിരലുകളിന്മേലാണ് പിന്നീടു പതിച്ചത്. ഒന്നിന്മേൽനിന്നു വിവാഹമോതിരം മിന്നിയിരുന്നു.

**ഹേമാംഗൻ:** (അതു ചൂണ്ടിക്കാണിച്ചിട്ട് കർക്കശമായി) നിണക്ക് ആ മോതിരം ഇടാൻ അധികാരമില്ല. അങ്ങിനെ ഇട്ടാൽ അതു വലിയ കുണ്ടാമണ്ടിക്കിടയാകും എന്ന് നീ അറിഞ്ഞിരിക്കേണ്ടതാണ്. നീ യഥാർത്ഥത്തിൽ ഭാസ്കരനെ വിവാഹം കഴിച്ചിട്ടില്ല. കോടതി നിശ്ചയമായിട്ടും ആ ഉപായത്തിൽ നടത്തിയ വിവാഹം അസാധുവാണെന്ന് സ്ഥാപിക്കാതിരിക്കയില്ല. പോരാഞ്ഞിട്ട് മറ്റൊരുവളാണെന്നു തെറ്റിദ്ധരിപ്പിച്ചു നടത്തപ്പെട്ട വിവാഹം വഞ്ചന അറിഞ്ഞ ഉടനെത്തന്നെ അയാൾ നിഷേധിക്കുകയും അധിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. നിണക്ക് അദ്ദേഹത്തിന്റെ നാമം നിന്റെ പേരിനോടു കൂട്ടിച്ചേർപ്പാനോ ഈ മോതിരം ഇടാനോ പാടുള്ളതല്ല.

ഹേമാംഗന്ന് ഒരുതരം ദ്രോഹം അനുഭവമായി വന്നിരുന്നു. അയാൾ പിന്നേയും കുനിഞ്ഞ് അവളുടെ മുഖത്തു നോക്കി.

**ഹേമാംഗൻ:** (പെട്ടെന്ന്) നീ എന്തു ദുരിതത്തിനാണ് ഇങ്ങിനെ ചെയ്തത്. ഊഹിപ്പാൻ പ്രയാസമായിരിക്കുന്നു. പണത്തിനുവേണ്ടി ഇത്രത്തോളം സാഹസം ചെയ്യുന്നവളാണെന്ന് ഞാൻ നിന്നെ കരുതിയിരുന്നില്ല.

അവൾ ഹേമാംഗനെ മുഖം ഉയർത്തീട്ട് ഒന്നു നോക്കി.

**ധനം:** (ഉല്ക്കണ്ഠയോടും ആവേശത്തോടും) അങ്ങുന്നേ! അതു പണം കൊതിച്ചിട്ടായിരുന്നില്ല. ഓ! അതൊന്നും നിങ്ങളെ പറഞ്ഞു മനസ്സിലാക്കിത്തരുവാൻ സാധിക്കയില്ലെന്നും തീർച്ചയാണ്. നിങ്ങളെ എന്നല്ല ഒരാളേയും പറഞ്ഞു ധരിപ്പിക്കാൻ ആവതല്ല. അത് ഒരു വലിയ തെറ്റാണെന്ന് എനിക്കറിയാം. എന്നാൽ; ഓ! ജീവിതത്തിലെ അന്ധകാരവും ശൂന്യതയും സുഖമില്ലായ്മയും മറ്റും നിങ്ങൾ സഹിക്കേണ്ടിവന്നിരിക്കയില്ല. അങ്ങിനെ ഇന്നും നാളെയും എന്നവിധത്തിൽ ലോകത്തോട് കാര്യമായ ബന്ധം ഒന്നും ഇല്ലാതെ ജീവിച്ചുകൊണ്ടിരിക്കുക. അങ്ങിനെ ഇരിക്കുമ്പോളാണ് എനിക്ക് ഒരു ദിവസം ഭാസ്കരനെ കണ്ടുമുട്ടാൻ സംഗതിവന്നത്. എന്റെ മുതലാളി, നാടകത്തിന്നു പോവാൻവേണ്ടി, എനിക്ക് ഒരു ടിക്കറ്റ് സമ്മാനിച്ചിരുന്നു. അത് എന്നോടു വീണുപോയി... അദ്ദേഹം എന്നെക്കണ്ടു വിവരം അറിഞ്ഞു. അയാളുടെ റിസേർവ് ചെയ്ത ബോക്സിൽ എന്നേയും കൊണ്ടിരുത്തി എന്നോട് വളരെ ദയ കാണിച്ചു. അന്നത്തെ രാത്രി ഞാൻ സ്വർഗ്ഗലോകത്താണെന്ന് എനിക്കു തോന്നിപ്പോയി. അദ്ദേഹം എന്റെ പേരുംകൂടി ചോദിച്ചിരുന്നില്ല. ഞങ്ങൾ പിരിഞ്ഞു. ജാനു വിവാഹവും കഴിഞ്ഞു മടങ്ങിവരാത്ത വിധത്തിൽ രാജ്യംവിട്ടു. അങ്ങിനെ ഇരിക്കുമ്പോൾ ജാനുവിന്നു വക്കീൽമാരുടെ കത്തുവന്നു. ആ സമയത്താണ് ഭാസ്കരനോടുള്ള പ്രണയംകൊണ്ട് മിന്നൽപോലെ ഒരു യുക്തി എനിക്കു തോന്നിയത്. എന്നെ ബാധിച്ച, പ്രണയപരമായ മനോരാജ്യം യഥാർത്ഥ രാജ്യമാക്കേണ്ടുന്ന ഒരു ഒന്നാന്തരം വഴി ദൈവംതന്നെ കാണിച്ചുതന്നതാണെന്ന് എനിക്കു തോന്നി. എന്നിട്ടുകൂടി എന്റെ മനഃസ്സാക്ഷി എന്നെ സമ്മതിച്ചില്ല. ഞാൻ അതിനോടും പടവെട്ടി ജയിച്ചു. ഞാൻ ഭാസ്കരനെ അത്രത്തോളം പ്രേമിച്ചുപോയി. എന്റേത് ഒരിക്കലും ധനപ്രേരണയല്ല. പ്രേമപ്രേരണമാത്രമായിരുന്നു.

ഇങ്ങിനെ പറയുമ്പോൾ അവളുടെ തൊണ്ട ഇടറി. ഒരു നിമിഷനേരം അവൾ കൈകൊണ്ട് മുഖംപൊത്തി. എന്നിട്ട് ലോകത്തോടുണ്ടായിരുന്ന അവസാനത്തെ ബന്ധവുംകൂടി പൊട്ടിക്കാൻ ഒരുങ്ങിയപോലെ അവൾ വിരലിന്മേൽനിന്ന് മോതിരം ഊരി എടുത്ത് ഹേമാംഗന്ന് വെച്ചുകാട്ടി.

**ധനം:** ദയവിചാരിച്ച് ഇത് എന്റെ കയ്യിൽനിന്നു വാങ്ങു. ഇത് എനിക്കുവേണ്ടി ഭാസ്കരനുതന്നെ മടക്കിക്കൊടുത്തേയ്ക്കു. നിങ്ങൾ പറഞ്ഞതു ശരിയാണ്. അത് എനിക്കു മേലാൽ ധരിപ്പാൻ അവകാശമില്ല. അദ്ദേഹത്തിന്റെ യാതൊരു സാധനത്തിന്നും എനിക്ക് അവകാശമില്ല.

അയാൾ ആലോചിച്ചിട്ട് ആ മോതിരം വാങ്ങി അതു തിരിച്ചും മറിച്ചും നോക്കി. അതിൽപ്പിന്നെ തന്റെ പോക്കറ്റിൽ ഇട്ടു. എന്നാൽ, അയാൾ അവളുടെ വാക്കു വിശ്വസിച്ചിരുന്നോ? അതു പാടില്ലെന്നാണ് അയാൾക്കു തോന്നിയത്. അവളുടെ വാക്കുകളിൽ ഒരു ഗൗരവം ഉണ്ടായിരുന്നു. സത്യത്തിന്റെ ഒരു ചുഴ നിശ്ചയമായിട്ടും ഉണ്ടായിരുന്നു. “സാധുകുട്ടി, സാധുകുട്ടി” എന്നു മാത്രം അയാൾ പിറുത്തു. കുറേനേരം രണ്ടാളും ഒന്നും മിണ്ടിയിരുന്നില്ല. ഒരു കോലമില്ലാത്ത മാതിരിയിലാണെങ്കിലും ആ മൗനത്തിനു ഭംഗം വരുത്തിയത് അയാൾ ആയിരുന്നു.

**ഹേമാംഗൻ:** നോക്കു ധനം! നിന്നെ പണംകൊണ്ടും മറ്റും സഹായിക്കാൻഎന്നെ അനുവദിക്കണം. ഒരുസമയം ഒരേരീതിയുടെ ആവർത്തനംകൊണ്ട് മുഷിച്ചൽ ഉണ്ടാകാത്ത മറ്റൊരു ജോലിയിൽ നിന്നെ ഏർപ്പെടുത്തിത്തരാൻ എനിക്കു സാധിച്ചു എന്നു വരും. നീയിപ്പോൾ എന്റെ കൂടെ വരുമെങ്കിൽ ഞാൻ നിന്നെ വിനോദിപ്പിക്കാൻ നോക്കാം.

അയാളുടെ വായിൽനിന്ന് അർത്ഥമുള്ള ഈ വാക്കുകൾ പുറപ്പെട്ടപ്പോൾ അയാളുടെ അഭിമുഖമായി ഇരുന്നിരുന്ന തരുണിയും അയാൾക്കുതന്നേയും അത്ഭുതംതോന്നി. അവൾ നല്ലവണ്ണം കണ്ണുതുറന്ന് അയാളെ നോക്കി. അയാളെ യഥാർത്ഥരൂപത്തിൽ അവൾ മനസ്സിലാക്കിയത് അപ്പോളാണ്. അയാൾക്കു ഭാസ്കരനേക്കാൾ ജാസ്തി വയസ്സുണ്ട്. ചുരുളാത്ത കറുപ്പുമുടിയാണ് അയാൾക്കുള്ളത്. കണ്ണ് ഉള്ളോട്ട് അമർന്നതും ചുണ്ടു നേരിയതും, താടിയെല്ല് വിസ്തൃതവും രോമം കളഞ്ഞതുകൊണ്ട് നീലനിറവും ആയിരുന്നു. കണ്ണിൽ സ്തോഭത്തിന്റെ അഭാവം കണ്ടിരുന്നു. ലോകത്തിലെ പല പ്രകൃതിഭേദങ്ങളും അയാൾ അറിയുകയും അനുഭവിക്കുകയും ചെയ്തിട്ടുണ്ടെന്നു തോന്നും. അതൊന്നും ഗണ്യമാക്കാത്ത ഒരാളാണെന്നു മുഖത്തിന്റെ ദാർഢ്യം കുറിക്കുന്നുണ്ട്. ആൾ ഒന്നു കൊണ്ടും കലങ്ങിപ്പോകാത്ത മനസ്സുറപ്പിന്റെ ഒരു മൂർത്തിയാണെന്നത് നിസ്സംശയമാണ്. ചുണ ധാരാളം ഉണ്ട്. താൻ ഒന്നിന്നുറച്ചാൽ പരമാർത്ഥം വളരെ വിലവെയ്ക്കാത്ത ഒരു സ്വഭാവവുംകൂടി അയാൾക്കുണ്ട്.

**ധനം:** നിങ്ങൾ എന്നോട് ഇത്ര ഔദാര്യം കാണിക്കുന്നതെന്തിനാണ്?

**ഹേമാംഗൻ:** എന്തുകൊണ്ട് എനിക്കു കാണിച്ചുകൂട?

അയാൾ പതുക്കെ ചിരിച്ചു. എന്നാൽ സ്വരം അസാരം പരുപരുത്തതായിരുന്നു. അദ്ദേഹത്തിന്ന് ഒരു ആവേശവും ഭ്രമവും ഉള്ളതുപോലെ തോന്നി. പണ്ടൊന്നും അവൾ ഇത്ര സുന്ദരിയാണെന്നു മനസ്സിലാക്കാതിരുന്നത് അത്ഭുതമായിട്ട് അയാൾക്കു തോന്നി. അയാൾ പെട്ടെന്ന് എഴുന്നേറ്റു നിന്നു.

**ഹേമാംഗൻ:** നിന്റെ സുഖക്കേടു ഭേദമായി. നാളെ നിണക്ക് ആസ്പത്രിവിട്ടുപോകാം എന്നാണ് ഡോക്ടർ പറഞ്ഞത്. ഞാൻ ഒരു കാർ കൊണ്ടുവരാം. നിന്നെ കല്ക്കട്ടയിൽ കൊണ്ടുവിടാം. നിന്റെ ഭാവിയെപ്പറ്റി അവിടെവെച്ചു നമുക്കു സംസാരിക്കാം. എന്നിട്ട് വേണ്ടത് തീർച്ചപ്പെടുത്താം. എന്നാൽ ഇപ്പോൾ പോകട്ടെ. നാളെ കാണാം. രാമരാമാ.

## 15

# ഹേമാംഗന്റെ ശ്രമം

കുറേദിവസം കഴിഞ്ഞപ്പോൾ ധനത്തെ പിന്നേയും കല്ലട്ടയിൽ കാണുമാറായത് ഇങ്ങിനെയാണ്. “വെസ്റ്റ് എണ്ടിലെ” ഒരു എണ്ണംപറഞ്ഞ ഹോട്ടലിൽ അവൾക്ക് ഒരു ടൈപ്പിസ്റ്റിന്റെ ഉദ്യോഗം കിട്ടി. അവളുടെ ചുറ്റുവട്ടത്തിലുള്ള ജീവിതരീതി വളരെ ഉന്മേഷജനകമായിരുന്നു. പണ്ട് മുപ്പത്തഞ്ചുറുപ്പിക ശമ്പളമായി ഒരു തുണിഷാപ്പിൽ—ഒരു വെളിച്ചം അധികമില്ലാത്ത മുറിയിൽ—അവൾ കഴിക്കേണ്ടിവന്ന കാലത്തേക്കാൾ തിരക്കും, ഉണർച്ചയും, വിനോദവും സംഭവവിപുലവുമായ കാലത്തിലാണ് അവൾ പ്രവേശിച്ചത്. അവളുടെ ശമ്പളം ആഴ്ചയിൽ നൂററുപ്പികയാണ്.

ഇപ്പോൾ അവൾക്കു പണത്തിന്റെ ഭാവമോ അഭാവമോ വലിയ വികാരഭേദത്തിന്ന് കാരണമായിരുന്നില്ല. അവിടത്തെ റിസ്റ്റോറണ്ടിലും പൂന്തോട്ടത്തിലും നിറഞ്ഞിരുന്ന, അവസ്ഥക്കാരായ സ്വദേശികളും പരദേശികളും പെരുമാറിയിരുന്ന രീതി കാണ്മാൻ അവൾക്കു വളരെ കൗതുകമായിരുന്നു. ഒരു ദിവസം നിശ്ചയമായിട്ടും, ഭാസ്കരൻ അങ്ങിനെ ഒരിക്കൽ ഇവിടെ വന്നുകേറാനും മതി. അപ്പഴൊ! അങ്ങിനെ വന്നാലൊ! അങ്ങിനെ ഒരു സംഭവം വന്നുചേരുന്നത് സന്തോഷമായോ ഭയമായോ അവൾ പ്രതീക്ഷിക്കുന്നത് എന്ന് തല്ക്കാലം ഉറപ്പപറവാൻ അവൾക്കു സാധിച്ചില്ല. അദ്ദേഹം അവളുടെ നേരെ ഒരു നോട്ടവുംകൂടി വെയ്ക്കില്ലായിരിക്കും തീർച്ചയാണ്. അവൾ ഇരിക്കുന്നത് ലോഹവലക്കെട്ടുള്ള ഒരു മുറിയുടെ ഉള്ളിലാണ്.

ആപ്പീസ്സിൽ അവൾക്ക് ഒരു ചങ്ങാതിയെ കിട്ടി. അവളുടെ പേർ മാർത്ത എന്നാണ്. അവൾ പരിഷ്കാരത്തിന്റെ കൂടാണ്. അവളുടെ സ്കർട്ട് നീളം കുറഞ്ഞതും ദേഹത്തോടു പറ്റിനില്ക്കുന്നതുമായിരുന്നു. അവൾ നല്ല വെളുപ്പാണ്. കൺപുരികം ഒരു വരപോലെ ആകത്തക്കവണ്ണം പൊരിപ്പിച്ചുകളഞ്ഞിരിക്കുന്നു. ചുണ്ടുകളിന്മേൽ “ലിപ്സ്റ്റിക്ക്” തേച്ചിട്ടും ഉണ്ട്. മാർത്ത നീണ്ട കണ്ണുകളുള്ളവളും തന്റെ പരിതഃസ്ഥിതി നല്ലവണ്ണം മനസ്സിലാക്കിയവളും, പുരുഷന്മാരെ പുച്ഛമായി ഗണിക്കുന്നവളും നല്ല നടവടിയിൽനിന്ന് വ്യതിചലിക്കാത്തവളും ആയിരുന്നു. മാർത്തയുടെ തന്റേടവും അകന്ന നില്പും കണ്ടിട്ട് ധനത്തിന്ന് അവളോടു സ്നേഹമായി. മാർത്ത ധനത്തെ ഒരു മാതൃസ്നേഹത്തോടെ ശുശ്രൂഷിച്ചിരുന്നു. മാർത്ത ധനത്തോട് എപ്പോഴും സംസാരിച്ചിരുന്നു.

**മാർത്ത:** ഈ “വെസ്റ്റ് എണ്ടിൽ” നീ പണ്ടൊന്നും ജോലി നടത്തീട്ടുണ്ടായിരുന്നില്ല. അല്ലേ! ഇഷ്ടത്തി! നിന്റെ കണ്ണിൽ ഒരു അഗാധ വ്യസനചിഹ്നം ഞാൻ കാണുന്നുണ്ട്. ചില സിനിമാതാരങ്ങളെപ്പോലെ. നീ നിന്റെ നില വിട്ടു കൊടുക്കരുത്. ആരും നിന്നെ അപകടത്തിലാക്കാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. ഇവിടെ വളരെ പുരുഷച്ചെന്നായ്ക്കൾ ചുറ്റിത്തിരിയുന്നുണ്ട്. അവരുടെ നോട്ടം അഴകുള്ള തരുണികളുടെ മേലെയാണ്.

ധനം ചെറുതായി ഒന്നു മന്ദഹസിച്ചു. എന്നാൽ അവൾക്കു തന്റെ ചങ്ങാതിയുടെ സാരവത്തായ ഉപദേശം അനാവശ്യമായിരുന്നു. എന്തുകൊണ്ടെന്നാൽ തന്റെ ചുറ്റുവട്ടത്തിൽ കണ്ട യാതൊരാൾക്കും, ഒരു ആകർഷണമൊ തദീയതയൊ ഉണ്ടായിരുന്നില്ല. പോരാഞ്ഞിട്ട് അവളുടെ കൺമുമ്പിൽ അവൾ ഏതുസമയത്തും കണ്ടിരുന്നത് ഒരേ ഒരു മുഖമാണ്. അതു ഭാസ്കരന്റേതു മാത്രമാണ്. അയാളെ അവൾക്ക് ഒരിക്കലും മറക്കുവാൻ സാധിക്കയില്ല! അയാളെപ്പറ്റിയുള്ള അവളുടെ മധുരവും കയ്പും കലർന്ന സ്മരണകൾ ഒരിക്കലും മാഞ്ഞുപോകയില്ലേ?

അവളുടെ ജോലിയിൽ മാത്രം മനസ്സിരുത്തി. കഴിഞ്ഞ സംഭവങ്ങൾ കേവലം മറന്നുകളവാൻ അവൾ ശ്രമിച്ചു. ഒന്നും ഫലിച്ചില്ല. അവളുടെ മനസ്സ് ജോലിയിൽ ഇരുത്താൻ വിചാരിച്ചാലും ജോലി അത്രയ്ക്കു മാത്രം ഉണ്ടായിരുന്നില്ല. അവളുടെ കണ്ണുകൾ അദ്ദേഹം വരുന്നുണ്ടോ എന്ന് എപ്പോഴും നോക്കിയിരുന്നു.

രണ്ടാഴ്ച കഴിഞ്ഞപ്പോൾ ഫോൺവഴിയായി ഹേമാംഗൻ അവളെ വിളിച്ചു. അപ്പോൾ അവൾ ജോലിയിൽ ഏർപ്പെട്ടിരുന്നു. ചോദിച്ചത് ഏതെങ്കിലും ഒരുദിവസം വൈകുന്നേരം അയാളുടെ ഒപ്പം “ഡിന്നർ” കഴിപ്പാൻ അവൾക്ക് അവസരം ഉണ്ടാകുമോ എന്നാണ്. ആ അവസരം അവൾ നന്ദിപൂർവ്വം സ്വീകരിച്ചു. ഒരു സമയം അവൾക്ക് ഭാസ്കരന്റെ വല്ല വർത്തമാനവും കിട്ടുവാൻ ഇടയുണ്ടായിരിക്കും. അവളുടെ ആർത്തിയോടു നില്ക്കുന്ന ആത്മാവിന്ന് അതെങ്കിലും ഒരു ആശ്വാസമായിരിക്കും. ഒരു സമയം തന്റെ വിവാഹം അസാധുവാണെന്നു സ്ഥാപിക്കുന്ന വിധി കോടതിയിൽനിന്ന് സിദ്ധിച്ചോ എന്ന വിവരവുംകൂടി അവൾക്ക് അറിവാൻ ഇട ഉണ്ടായിരിക്കും.

എന്നാൽ അങ്ങിനെയൊന്നും പാസ്സായിട്ടില്ല എന്നാണ് ഹേമാംഗൻ അവളെ ധരിപ്പിച്ചത്. എന്നതിൽപ്പിന്നെ അദ്ദേഹം ഭാസ്കരന്റെ നാമംതന്നെ ഉച്ചരിച്ചില്ല. അതിന്നു പകരം സന്തോഷവും വിനോദവും സ്ഫുരിക്കുന്ന സംഭാഷണങ്ങളിൽത്തന്നെ അയാൾ എപ്പോഴും ഏർപ്പെട്ടു. ക്രമേണ ഓരോ അസ്പഷ്ടമായ പുഞ്ചിരി ധനത്തിന്റെ മുഖത്തിലും കൂടക്കൂടെ അങ്കുരിച്ചുതുടങ്ങി. അവൾ ജോലി എടുത്തിരുന്ന ഹോട്ടലിൽനിന്നു സിദ്ധിക്കുന്നതിലും വിശിഷ്ടപദാർത്ഥങ്ങൾ നല്ല ഒരു “റെസ്റ്റോറണ്ടിൽ” വെച്ച് അയാൾ, അവളെക്കൊണ്ടു തീറ്റിച്ചു. തെള്ളിപ്പതച്ചുവരുന്ന “ഷേമ്പെൻ” അവളെക്കൊണ്ടു കുടിപ്പിച്ചു. അയാൾ അവളെ പിടിച്ച് ഒന്നു നൃത്തം വെച്ചപ്പോൾ അവൾ വിരോധം ഭാവിച്ചില്ല. നൃത്തത്തിന്റേയും സംഗീതത്തിന്റേയും വിനോദലഹരിയിൽ, ക്ഷണകാലംകൊണ്ട് അവളുടെ സങ്കടങ്ങളൊക്കെ അവൾ മറന്നു.

അവളുടെ ഹൃദയം അദ്ദേഹത്തിന്റെ ആകർഷണത്തിൽ മുങ്ങിത്തുടങ്ങി. അയാൾ വലിയ ഔദാര്യമാണ് അവളോടു കാണിച്ചിരുന്നത്. എത്രയോ സാരമായ ദയ! അവളുടെ താമസം “ചെൽമ്പിയയിലെ” പിൻതെരുവിലെ ഒരു ഭവനത്തിൽ ആയിരുന്നു. അയാൾ ഒരു ടാക്സിപിടിച്ച് അവളെ അവിടെ കൊണ്ടാക്കി. അയാൾ വളരെനേരം ഒന്നും മിണ്ടാതെ അവളുടെ അടുക്കെത്തന്നെ ഇരുന്നു. അവൾ സ്വന്തം ആലോചനയിൽ മുഴുകിയിരുന്നു.

അപ്പോൾ ഹേമാംഗൻ പെട്ടെഴുന്നേറ്റ്, അവളുടെ അത്യാശ്ചര്യത്തിന്ന് അവളെ കുട്ടങ്ങനെ പൊത്തിപ്പിടിച്ച്, അവളെ പാണിബന്ധനത്തിനുള്ളിലാക്കി, “ധനം! നിന്നെ ഞാൻ പ്രേമിക്കുന്നു. എന്നെ നീ സ്വീകരിക്കുക. എല്ലാസുഖങ്ങളും ഞാൻ ഉണ്ടാക്കിത്തരാം” എന്ന് അവളുടെ ചെവിയിൽ മന്ത്രിച്ചു.

ഒരു നിമിഷനേരം, ആശ്ചര്യംകൊണ്ട് ധനത്തിന്ന് അയാളെ തടസ്ഥപ്പെടുത്താൻ സാധിച്ചില്ല. പണ്ടൊരിക്കൽ ജാനുവേ കലശലായി പ്രേമിച്ച ആളാണ് ഈ ഹേമാംഗൻ. അക്കാലത്ത് അയാൾ ധനത്തിനെ ഒരു നോക്ക് നോക്കുകയോ ഒരു വാക്ക് ധനത്തോടു മിണ്ടുകയൊ ചെയ്തിരുന്നില്ല. അദ്ദേഹത്തിന്റെ മുഖം അവളെ ചുംബിക്കാൻതക്കവണ്ണം തിരിയുന്നതു കണ്ടു. അതു പാടില്ല. അവൾ ഉള്ളംകൈ അയാളുടെ മാറിന്മേൽവെച്ച് ഊക്കോടെ തള്ളി അയാളെ അകറ്റിനിർത്തി. “ഹേമാംഗാ! നിങ്ങൾക്ക് ഭ്രാന്താണോ” എന്ന് പരിഭ്രമത്തോടെ ചോദിച്ചു.

**ഹേമാംഗൻ:** (മന്ദമായി ചിരിച്ചിട്ട്) ഭ്രാന്തോ! നിന്നെ പ്രേമിക്കുന്നത് ഭ്രാന്തിന്റെ ലക്ഷണമാണോ?

**ധനം:** എന്നുവെച്ചാൽ—ജാനുവിനെയല്ലേ നിങ്ങൾ പ്രേമിച്ചത്. നിങ്ങൾ അന്ന് എന്നെ ഒന്നു നോക്കിയതുകൂടി ഇല്ലായിരുന്നല്ലൊ.

അവളെ ബാധിച്ചതു കോപത്തേക്കാൾ ആശ്ചര്യമായിരുന്നു. അയാൾ ഒരിക്കൽകൂടി ചിരിച്ചു.

**ഹേമാംഗൻ:** ഇഷ്ടത്തി! ജാനുവിന്റെ വിവാഹം കഴിഞ്ഞുപോയി ഇല്ലേ! ഇനി ഇല്ലെന്നു വിചാരിച്ചാലും എന്റെ മനസ്സിൽനിന്ന് അവളുടെ രൂപം നീ നിശ്ശേഷം മായിച്ചുകളഞ്ഞിരിക്കുന്നു. അവൾ ഒരു സുന്ദരി ആയിരിക്കാം. എന്നാൽ നീയാണ് മനോഹരി.

**ധനം:** മനോഹരിയോ! (വിഡ്ഢിത്തമായി ആ വാക്ക് ആവർത്തിച്ചിട്ട്) ഹേമാംഗ! ദയവുചെയ്ത് എന്നെ നോക്കിച്ചിരിക്കാതിരിക്കു.

അവളുടെ വാക്ക് ഇടറി. എന്നാലും, ദയനീയനിലയിലാണെങ്കിലും അവൾ അവളുടെ ഗൗരവം വിട്ടിരുന്നില്ല. അവൾ ഒരു മനോഹരി ആയിരുന്നു എങ്കിൽ ഭാസ്കരൻ ഇത്രത്തോളം പുഛമായി അവളെ തിരസ്കരിച്ചുകളകയില്ലായിരുന്നു.

**ഹേമാംഗൻ:** നിണക്ക് ആ വിവരം ഇല്ലെന്നോ നീ പറഞ്ഞുകൊണ്ടുവരുന്നത്?

ഇങ്ങിനെ ചോദിച്ചത് വിശ്വാസമില്ലാത്ത ഭാവത്തിലാണ്. എന്നാൽ അയാൾ രണ്ടാമതും അവളേ പിടിച്ചുകൂട്ടുവാൻ ശ്രമിച്ചില്ല. “ടാക്സി”, ഓവുപാലത്തിന്മേൽനിന്നു തെറ്റി രാജവീഥിയിൽ എത്തിപ്പോയി. അവിടെ ജനങ്ങൾ ലാത്തിക്കൊണ്ടിരുന്നു. അവളുടെ സൗന്ദര്യം കുടിപ്പാൻവേണ്ടി എന്നപോലെ അയാൾ അവളുടെ നേർക്കുതന്നെ നോട്ടംവെച്ചു അവൾ പാപം ചെയ്യാത്ത ഒരു അനർഘയോ, അല്ല ഒന്നിനും മടിക്കാത്ത സ്വാർത്ഥതല്പരയോ, ഇതിന്റെ യഥാർത്ഥമാണ് അയാൾക്ക് മനസ്സിലാക്കാൻ സാധിക്കാത്തത്. കഴിഞ്ഞ ആഴ്ച ഈ പ്രശ്നം നൂറുതവണ അയാൾ ആവർത്തിച്ചിരുന്നു. എന്നിട്ട് കൂടി ഒരു തൃപ്തികരമായ സമാധാനം അയാൾക്കു ലഭിച്ചിരുന്നില്ല. അയാൾ മന്ദസ്വരത്തിൽ പിന്നേയും പറഞ്ഞുതുടങ്ങി.

**ഹേമാംഗൻ:** നീ എന്റെ ചോദ്യത്തിന്ന് ഉത്തരം പറഞ്ഞിട്ടില്ല. നിന്നെക്കൊണ്ടുനടക്കുന്നതൊക്കെ ഞാനാക്കാം. നീ എന്റെ ഒന്നിച്ചുപോരുക. എനിക്ക് നീ അത്യാവശ്യമാണ്. ഞാൻ നിന്നെ പ്രേമിക്കുന്നു. എനിക്ക് ഇപ്പോൾ പണം ധാരാളം ഉണ്ട്. നിനക്ക് വേണ്ടുന്നതൊക്കെ ഞാൻ തരാം.

നിഷേധഭാവത്തിൽ ധനം തല ഇളക്കി. അവളുടെ കണ്ണിൽവെള്ളം നിറഞ്ഞു.

**ധനം:** ഹേമാംഗ! ഞാൻ പ്രേമിക്കുന്നത് ഭാസ്കരനെയാണ്. എനിക്ക് മറ്റൊരാളെയും പ്രേമിക്ക വയ്യാ! (ബദ്ധപ്പാടോടെ) നിങ്ങൾ ഒന്ന് അറിയേണ്ടതുണ്ട്. ഞാൻ ഏത് സമയത്തും വിവാഹം ചെയ്തിട്ടുണ്ടെന്നുതന്നെ ധരിക്കും. നിയമം ഇല്ലെന്ന് സ്ഥാപിച്ചാലും എന്റെ മനോഭാവത്തെ മാറ്റുവാൻ നിയമത്തിന്നും മറ്റുള്ളവർക്കും സാധിക്കയില്ല. ഞാൻ അദ്ദേഹത്തിന്റെ സ്വത്താണ്. എനിക്കു മറ്റൊരാളെ വിവാഹം കഴിപ്പാൻ മനസ്സ് വരില്ല.

വിവാഹം കഴിക്ക എന്നോ! ഹേമാംഗന്റെ മുഖത്ത് ഒന്നും തിരിയാത്തപോലെ ഉള്ള വികാരം പ്രത്യക്ഷമായി. ഇങ്ങിനെ പറയത്തക്കവണ്ണം ദോഷരഹിതമായ ഹൃദയമാണോ അവൾക്കുള്ളത്. അല്ല! ഇതൊക്കെ അതിയായ സൂത്രവും തന്ത്രവുംകൊണ്ട് പുറത്തിറക്കുന്ന നാട്യങ്ങളൊ! അവളേകൊണ്ടു നടക്കും എന്ന് പറഞ്ഞപ്പോഴും അവളെ വിവാഹം കഴിക്കും എന്ന വിചാരം അയാൾക്ക് കേവലം ഉണ്ടായിരുന്നില്ല. അധികം ആലോചിക്കാനില്ല. ആരാൻ ഒരുവളുടെ സ്ഥാനത്തു കേറി. ഒരു പുരുഷനെ മറ്റവളാണെന്ന് തെറ്റിദ്ധരിപ്പിച്ച് വിവാഹം കഴിപ്പാൻ മടിക്കാത്ത പെണ്ണല്ലേ ഇവൾ! ഇപ്പോൾ ഇത്ര മേന്മ ഭാവിച്ചാലോ! എന്നാലും അവൾക്ക് ഒരു വിവരിക്കവയ്യാത്ത തന്റേടവും ഗൗരവവും ഉണ്ട്. എന്തായാലും അത് വെറും നാട്യമല്ലെന്നും തോന്നിപ്പോകുന്നു.

**ധനം:** (ശാന്തസ്വരത്തിൽ) നിങ്ങൾ എന്നോട് വളരെ ദയയും ഔദാര്യവും കാണിച്ചിട്ടുണ്ട്. എനിക്കു പ്രതിയായി വല്ലതും ചെയ്യുതരാൻ സാധിക്കാത്ത വിധത്തിൽ നിങ്ങൾ വളരെ ഉപകാരംചെയ്തു. നേർസിങ്ങ് ഹോമിൽ ഞാൻ കൊടുക്കാനുള്ളത് നിങ്ങളാണ് കൊടുത്തുതീർത്തത്. ഞാൻ ഇപ്പോൾ കൊണ്ടുനടക്കുന്ന ജോലി എനിക്കു സിദ്ധിച്ചത് നിങ്ങളെക്കൊണ്ടാണ്. ഞാൻ ഗതിയില്ലാതെ പരവശയായി നടക്കുമ്പോൾ നിങ്ങൾ എനിക്ക് ഒരു അസ്ഥിവാരം ഉണ്ടാക്കിത്തന്നു. നിങ്ങളോട് ഞാൻ എത്രത്തോളം നന്ദിയുള്ളവളാണെന്ന് എനിക്ക് പറഞ്ഞറിയിപ്പാൻ പ്രയാസം.

ഹേമാംഗന്ന് അസാരം ലജ്ജ തോന്നി. അയാൾ പലരാജ്യങ്ങളിൽ ചുറ്റിത്തിരിഞ്ഞിട്ടുണ്ട്. താൻ ഒരു സന്യാസിയാണെന്ന ഭാവവും അയാൾ നടിച്ചിരുന്നില്ല. ഏതായാലും അവളെ വെപ്പാട്ടിയാക്കാമെന്ന തന്റെ ഉദ്ദേശത്തെ അവൾ വിവാഹമെന്നാക്കി തെറ്റിദ്ധരിച്ചതും വളരെ നന്നായെന്ന് അയാൾക്കു തോന്നി. സ്ത്രീകളുമായി നേരിടുമ്പോൾ ഒരു പുരുഷന്ന് മിശ്രമനസ്ഥിതിയോ, ക്ഷണം ക്ഷണം ഭേദിക്കുന്ന മനസ്ഥിതിയോ ആണ് അനുഭവമാകുന്നത്. എന്നാലുംകൂടി അയാൾ തെറ്റചെയ്തുപോയി എന്ന വ്യസനധാരണയോടെ ചിരിച്ചു. ടാക്സി ധനത്തിന്റെ പടിയരികെ എത്തിയപ്പോൾ നിർത്തി.

**ഹേമാംഗൻ:** എന്തായാലും എന്റെ പ്രേമം നിലവിൽ നില്ക്കുന്നുണ്ട്. എന്നു വെച്ചിട്ട് നാം തമ്മിലുള്ള ചങ്ങാതിത്വത്തിന്ന് ഭംഗം വരുത്തേണ്ടുന്ന ആവശ്യമില്ല. അതു പണ്ടത്തെ നിലയിൽത്തന്നെ നില്ക്കട്ടെ.

**ധനം:** (ഉൽക്കണ്ഠയോടെ) നിങ്ങൾ ഒരു ഉത്തമനായ ചങ്ങാതിയാണ്. ഒരു യുവതിക്ക് ഇത്ര നല്ല ഒരു ചങ്ങാതിയെക്കിട്ടുവാൻ പ്രയാസമാണ്.

കൈ പിടിച്ച്, ഇംഗ്ലീഷ് സമ്പ്രദായത്തിൽ കുലുക്കിയതിന്റെ ശേഷം ധനം തന്റെ വീട്ടിൽകേറി വാതിൽ തഴുതിട്ടു.

ഹേമാംഗൻ തിരിഞ്ഞുനിന്ന് ഒരു സിഗററ്റിന്നു തീപ്പിടിപ്പിച്ചു. “ഞാൻ ഒരു വിഡ്ഢിയാണ്. ഇത്ര വലിയ പടുവങ്കനായി എന്നെപ്പോലെ ഒരാളും ഉണ്ടായിരിക്കയില്ല.” എന്നു തന്നോടുതന്നെ പിറുപിറുത്തു.

ഭാസ്കരനുംകൂടി ഇത്ര വിഡ്ഢിയായിരുന്നില്ല. ഹേമാംഗൻ അയാളെ ഒരു വീരധർമ്മം പരിപാലിക്കുന്ന പുരുഷനാണെന്നു കണക്കാക്കീട്ടുണ്ട്. ഏതായാലും ഭാസ്കരൻ തന്റെ കണ്ണിൽ പൊടിയിടുവാൻ ഈ പെണ്ണിന്ന്, നിന്നു കാണിച്ചു കൊടുത്തിട്ടില്ല. ഇരിക്കട്ടെ. ജീവിതകാലം ഒരു ഏടാകൂടകാലമാണ്. എന്താണ് വരാൻ പോകുന്നത് എന്നൊന്നും നിശ്ചയിച്ചുകൂട.

ഹേമാംഗൻ തന്റെ ദേഹം ഒന്ന് ഇളക്കി പിന്നേയും ഒരു സിഗററ്റിന്നു തീപിടിപ്പിച്ചു. മറ്റൊരു ടാക്സി വിളിച്ചുവരുത്തി. ഏതായാലും ഒരു ന്യായപ്രകാരവും അവൾ ഭാസ്കരന്റെ ധർമ്മപത്നി ആയിരുന്നില്ല. താനാണ്, ഭാസ്കരന്ന് ബോമ്പിട്ടുകൊടുത്തപോലെ കള്ളിമുഴുവൻ വെളിച്ചത്താക്കിക്കൊടുത്തത്. വിവാഹത്തിന്നു പ്രതിബന്ധം ഉണ്ടാക്കിയതും അയാൾതന്നെയാണ്. ആ സ്മരണകളൊക്കെ വന്നുചേർന്നപ്പോൾ കലശലായ സംതൃപ്തികൊണ്ട് ഒരു ഭയങ്കര വിജയം സിദ്ധിച്ചിട്ടുണ്ടെന്ന് അയാൾക്കു ബോദ്ധ്യമായി.

“കാലാവലോകനം കാര്യസാദ്ധ്യം സഖേ.” തല്ക്കാലം അവളെ ഭയപ്പെടുത്താൻ പാടില്ല. കാര്യങ്ങളുടെ കോലമൊക്കെ സൂക്ഷിച്ചു മനസ്സിലാക്കി ഉറപ്പിച്ചു നടന്നുകൊൾക. തന്നിൽ അവൾക്ക് ഇളകാത്ത വിശ്വാസവും ആശ്രയഭാവവും ഉണ്ടാക്കിത്തീർക്കുക. അതാണ് ശരിയായ നടപടി.

## 16

# മാർത്തയുടെ സഹായം

അത് ഒരു ജൂൺമാസത്തിലെ സായാഹ്നമായിരുന്നു. സൂര്യപ്രകാശത്തിന്റെ അപൂർവ്വോഷ്ണം നിമിത്തം, തെരുവുകളൊക്കെ സ്പന്ദിക്കുംപോലെ തോന്നിയിരുന്നു. സൂര്യപ്രകാശത്തിൽ മുഴുകിയ പാർക്കിലെ പച്ചപ്പുല്ല് മൂടിയ മൈതാനി മിന്നുകയും വിറയ്ക്കുകയും ചെയ്തിരുന്നു. ദൂരേനിന്നു കാണപ്പെട്ടപള്ളിയുടെ ഗോപുരം ഒരു മങ്ങിയ നീലത്തടാകത്തിന്റെ വക്കിൽനിന്ന് പൊന്തിനില്ക്കുന്നതാണെന്നു തോന്നിപ്പോകും. റോയൽപാർക്ക് ഹോട്ടലിന്റെ ഉള്ള്, ജന്നലുകൾക്കിട്ട തിരശ്ശീലകൾകൊണ്ടും, ഇലക്ട്രിക് (Electric) ഫേൻ (വിശറി) കൊണ്ടും, വേണ്ടതിലധികം "ഐസ്" സ്റ്റോറിലാക്കിവെച്ചതുകൊണ്ടും, ഉഷ്ണശമനം വരുത്താൻ യത്നിച്ചിട്ടുണ്ട്. എന്നിട്ടുകൂടി ശാന്തി വന്നില്ല. ജനങ്ങളുടെ വിനോദാഗമനത്തിന്നു പരമകാഷ്ഠ സിദ്ധിച്ച കാലമാണിത്. പണവും സമയവും ഉള്ള ജനങ്ങൾക്ക് എവിടെയും പോകാൻ സാധിക്കും. എന്നാൽ അവർ ഒത്തുകൂടിയത് സ്വാഗതഹാളിലാണ്. എന്തുകൊണ്ടെന്നാൽ സാമുദായികവും കാലികവുമായ ഒരു ആചരണം, ആ ഹോട്ടലിൽ അക്കാലത്ത് വന്നുകൂടിയവരുടെ പേരുകൾ അടങ്ങിയ ഒരു പട്ടിക അവിടെ പറ്റിച്ചുവെക്കുക എന്ന കർമ്മമാണ്. തങ്ങളുടെ പേരും ഈ പട്ടികയിൽ പെട്ടിരിക്കുന്നോ എന്നറിവാനാണ് ഈ തിക്കും തിരക്കും ബഹളവും.

ധനം ജോലി എടുത്തിരുന്ന ഹോട്ടൽ ഇതുതന്നെ ആയിരുന്നു. അവൾ ഇരുന്നിരുന്ന കൂട്ടുപോലെയുള്ള മുറിയിൽ ആർക്കും പ്രവേശനം നിരോധിച്ചിരുന്നു. ഇവരൊക്കെ എന്തു വിഡ്ഢികളാണെന്നു ധനം വിചാരിച്ചു. ഒരു മടുത്തുപോയ വിധത്തിൽ അവൾ നെറ്റിമേൽ വീണ ചൂർണ്ണകുന്തളം മേലോട്ട് ഉന്തി നിർത്തി. അവൾ ഓരോരുത്തർ കൊടുക്കേണ്ടുന്ന തുകയ്ക്കു "ബിൽ" ഉണ്ടാക്കുന്ന തിരക്കിലായിരുന്നു. അവൾ കണക്കു തിരിച്ചും മറിച്ചും കൂട്ടിത്തുടങ്ങി.

അപ്പോൾ ടെലിഫോൺ ബെൽ അലറി. അതു അലറിയത് ആളുകളെ ചൈത്താൻ പിടിക്കുന്ന മട്ടിലായിരുന്നു. ചിലപ്പോൾ നമ്പർ ശരിയല്ല. ചിലപ്പോൾ ഉപയോഗിക്കുന്നവരുടെ ശീലം നന്നല്ല. ധനം "റിസീവർ" എടുത്തു ചെവിയുടെ അടുക്കെ പിടിച്ചു. "അതെ! അതെ! അതെ! ഞാൻ അവളോടു പറയാം" എന്നും പറഞ്ഞു മതിയാക്കി. എന്നതിൽപിന്നെ അവൾ മിസ്സ് ഭാരതിയെ വിളിച്ച് "മാനേജർക്കു നിന്നെ അയാളുടെ സ്വന്തം മുറിയിൽവെച്ച് ഉടനേ കാണണംപോലും" എന്ന് അറിവു കൊടുത്തു.

മിസ്സ് ഭാരതി ആപ്പീസിലെ ഹെഡ്ക്ലാർക്കായിരുന്നു. പ്രായം നാല്പതായി. അവൾ മെലിഞ്ഞു വെറിപിടിച്ചവളായിരുന്നു. ഏതു സമയത്തും തന്റെ ഉദ്യോഗം പൊയ്പ്പോകുമോ എന്ന ഭയം അവളെ പീഡിപ്പിച്ചിരുന്നു. അവൾ സമീപത്ത് ഒരു ചെക്ക് വെച്ചിരുന്നു. അവളെ വിളിച്ച സമയത്ത് അവൾ ഒരു കേഷ്ബോക്സിൽനിന്ന് ട്രഷറിനോട്ടുകൾ എടുത്ത് എണ്ണുകയായിരുന്നു. തന്നെ വിളിക്കുന്നു എന്നു കേട്ടപ്പോൾ അവൾ ബദ്ധപ്പാടിൽ ചെക്കെടുത്തു കേഷ്പെട്ടിയിൽ ഇട്ട് താക്കോലിട്ടു പൂട്ടി, നോട്ടുകളൊക്കെ ധനത്തിന്റെ മുന്നിൽ ഇട്ടുകൊടുത്തു കല്പിക്കുംപോലെ ഇങ്ങിനെ പറഞ്ഞു. "ഇതാ പിടിക്കൂ. ആ "പിജിയൻ" ഹോളിന്റെ അടുക്കെ നില്ക്കുന്ന അയാൾക്ക് ഈ നോട്ടുകൾ കൊടുക്കുക. ഇത് നൂററമ്പതുറുപ്പികയാണ്. അയാളുടെ ചെക്കു മാറിയ പണമാണ്." അവൾ ഉടനെതന്നെ അവിടുന്നുപോയി. അനാവശ്യമായി തന്നെ കാത്തുനിർത്തി സമയം വെറുതേ പോക്കി എന്നു കണ്ടാൽ മേനേജർക്കു നേരിടുന്നത് രുദ്രന്റെ കോലമായിരുന്നു.

ധനം നോട്ടുകളും എടുത്ത് ആ "പിജിയൻ" ഹോളിന്റെ സമീപം ചെന്നു. പുറമെ ഒരാൾ നില്ക്കുന്നുണ്ട്. അയാളെ തൊട്ടുകൊണ്ട് ഒരു സ്ത്രീയും നിന്നിരുന്നു. മുഖം നല്ലവണ്ണം കണ്ടുകൂടായിരുന്നു. എങ്കിലും ധനം "സാറേ! നിങ്ങൾ ചെക്കുമാറിയ പണം ഇതാ" എന്നു വിളിച്ചുപറഞ്ഞു. അപ്പോൾ അദ്ദേഹം അടുത്തു വന്നു തലകുനിച്ചു നോട്ടുകൾ എടുക്കുമ്പോൾ ധനം യദൃച്ഛയാ ഒന്നുനോക്കി. അവൾ ഒന്നു ഞെട്ടിപ്പോയി!

അയാൾ ഭാസ്കരൻ ആയിരുന്നു.

അദ്ദേഹത്തിന്റെ പേര് അറിയാതെ വിളിച്ചുപോയപോലെ അവൾക്കു തോന്നി. അല്ല അവളുടെ ഹൃദയം കരിഞ്ഞുപോയതുകൊണ്ട് അവൾക്ക് അങ്ങിനെ തോന്നിപ്പോയതായിരിക്കുമോ? അവൾ ചിരിയും മുറുക്കിപ്പൂട്ടി വടിപോലെ അവിടെനിന്നു. എന്നാൽ അയാളുടെ നോട്ടം അവളുടെ മേൽ പതിഞ്ഞിരുന്നില്ല. അടുത്തു നിന്നിരുന്ന സ്ത്രീയോട് സംസാരിച്ചുകൊണ്ട് അയാൾ നോട്ടെല്ലാം വാരി എടുക്കുകയായിരുന്നു.

ധനത്തിന്റെ മുഖം അയാൾ സംസാരിച്ചുകൊണ്ടിരുന്ന സ്ത്രീയുടെ നേരെ തിരിഞ്ഞു. അവൾ ആനന്ദവല്ലി ആയിരുന്നു. സംശയമില്ല. സമുദ്രതീരത്തിലെ ഹോട്ടലിൽ വെച്ച് അവർതമ്മിൽ കണ്ടുമുട്ടിയതും ധനത്തോട് അവൾ പറഞ്ഞ സംഗതിയും ധനത്തിന്ന് നല്ലവണ്ണം ഓർമ്മവന്നു. ആനന്ദവല്ലിക്കും അവൾ ധനമാണെന്നു മനസ്സിലായിരിക്കണം. എന്തുകൊണ്ടെന്നാൽ അവൾ എത്രയോ പുച്ഛമായി ഒന്നു മന്ദഹസിച്ചിരുന്നു. ഭാസ്കരൻ നോട്ടുകളും എടുത്തു മടങ്ങാൻ ഭാവിക്കയായിരുന്നു.

**ധനം:** ഇതാ ഒരു നോട്ട്. നിങ്ങളോട് എടുക്കാൻ വിട്ടുപോയി.

**ഭാസ്കരൻ:** വലിയ ഉപകാരം.

അദ്ദേഹം മടങ്ങിവന്ന്, മുഖം പൊന്തിച്ച് അവളുടെ മുഖത്ത് നല്ലവണ്ണം ഒന്നുനോക്കി. ധനത്തിന്ന് ശബ്ദം പുറമെ പുറപ്പെടാതായ്പോയി. അവളുടെ ഹൃദയം കഠിനമായി തുടിച്ചു. ഭാസ്കരന്റെ കണ്ണ് ഒരു നിമിഷനേരം അവളുടെ മുഖത്തു പതിച്ചു. അവളെ അയാൾ മറന്നിട്ടില്ലെന്നു ക്ഷണം വെളിവായി. അയാൾക്കു പരുങ്ങലായി. അവൾ, അയാൾ സംസാരിക്കാൻ ഭാവിക്കുന്നതു കണ്ടു. പെട്ടെന്ന് അയാൾ ചുമലൊന്നിളക്കി, അറിഞ്ഞു എന്നു കാണിക്കുംപ്രകാരം തലകുനിച്ച് അവിടംവിട്ടു നടന്നുകളഞ്ഞു.

"ഭഗവാനെ! എന്താണ് ധനം! നീ വാ പൊളിച്ചു നോക്കുന്നത്? ഞാൻ നിന്നോട് രണ്ടുവട്ടം മിണ്ടിയല്ലൊ! നിണക്ക് എന്തുവന്നുപിടിച്ചുപോയി."

ഇങ്ങിനെ പറഞ്ഞത് മാർത്ത ആയിരുന്നു. അവളുടെ അഭിനയിക്കുംപോലെയുള്ള നടത്തവുംകൊണ്ട് അവൾ ധനത്തിന്റെ അരികെ വന്ന്, ഒരു മേശയുടെ ഓരത്ത് കയ്യുംകുത്തി നിന്നു.

**മാർത്ത:** ആ കറപ്പുചേല ഉടുത്തിരുന്നത്, നാടകത്തിലെ താരമായ ആനന്ദവല്ലിയാണ്. ധനമെ! അവൾ ഇട്ടിരുന്ന മുത്തുമാല നീ കണ്ടില്ലെ! അവളുടേത് ഒരു കവിഞ്ഞ അവസ്ഥയായിപ്പോയി. അവൾ ഇപ്പോൾ ഇവിടെത്തന്നെയാണ്. ഞാനും ആയിട്ട് വലിയ അടുപ്പമൊന്നുമില്ല. എന്തൊ എനിക്ക് അവളെ അത്ര പിടിച്ചിട്ടില്ല. നിന്റെ അടുക്കെവന്ന് ഒരാൾ ചെക്ക് കേഷ് ചെയ്തില്ലെ! അയാളെ ആണ് അവൾ വിവാഹിക്കാൻ പോകുന്നത്. അയാളെ നല്ല ഉടുമ്പിന്റെ പിടിത്തമാണ് പിടിച്ചത്. അയാൾ അവളെ നോക്കിയമാതിരി കണ്ടാൽ ഏതൊരാൾക്കും ആ കാര്യം ഊഹിച്ചെടുക്കാം.

ഇതും പറഞ്ഞു മാർത്ത നടന്നു. ധനം തിരിഞ്ഞ് അവളുടെ "ഡെസ്കിന്റെ" നേരെ നടന്നു. അവൾ ഒന്ന് ഇളകിമറിഞ്ഞു എന്നുതന്നെ പറയാം. ഒരു മാതിരി അന്ധകാരം അവളെ മൂടി. അഗാധവും കലങ്ങിമറിയുന്നതും ആയ ഒരു ചെറിയ പുഴയുടെ അക്കരയ്ക്കാണ് അവളുടെ കസേലവെച്ചത് എന്നുതോന്നി. അവിടെ കടന്നുചെല്ലാൻ ഒരു ചൂടിയുടെ പാലം മാത്രമേ ഇട്ടിരുന്നുള്ളൂ എന്നും തോന്നി. ഞാണിന്മേൽ കളിക്കുന്നവനെപ്പോലെ എത്രയോ ചരിതത്തോടെ അവൾ അടിവെച്ചു തുടങ്ങി. ഒരു സമയം ഞാണിന്മേൽനിന്ന് അവൾ വെച്ച അടി തെറ്റിപ്പോയിരിക്കാം. ഒരു ഗർജ്ജനത്തോടുകൂടിയ അന്ധകാരത്തിൽ അവൾ നിമഗ്നയായിപ്പോയി.

ബോധം വന്ന് അവൾ കണ്ണു തുറന്നപ്പോൾ അവൾ ഉടുപ്പുമാറ്റുന്ന മുറിയിലാണെന്ന് മനസ്സിലായി. മാർത്ത അവളുടെ മുഖത്ത് പച്ചവെള്ളം തളിക്കുകയായിരുന്നു. അവളോട് ഉച്ചത്തിൽ ഇടവിടാതെ സംസാരിക്കുന്നും ഉണ്ട്. "ധനം! ഹേ ധനം! തന്റേടം വിട്ടുകളയൊല്ല. ഒന്നു നല്ലവണ്ണം ഉണരുക. ഹാ! അതു നന്നായി. നിന്റെ ക്ഷീണം ഒക്കെ തീർന്നു. എന്തുകാരണത്താലാണ് നീ ബോധംകെട്ടുപോയത് എന്ന് എനിക്കു മനസ്സിലാകുന്നില്ല" ധനം എഴുന്നേറ്റ് നേരെ ഇരുന്നു. "എനിക്കറിഞ്ഞുകൂട" എന്നു മാത്രം അവൾ ആവേശത്തോടെ പറഞ്ഞു. പിന്നേയും ഇങ്ങിനെ തുടർന്നുപറഞ്ഞു. "ഒരു സമയം ഉഷ്ണംകൊണ്ടായിരിക്കാൻമതി എന്നു ഞാൻ വിചാരിക്കുന്നു. ഞാൻ പണ്ടൊന്നും ഇങ്ങിനെ അകാരണമായി ബോധംകെട്ട് പോയിട്ടില്ല. ഇന്ന് എനിക്ക് ഒരു വല്ലാത്ത തലചുറ്റം മനംപിരിച്ചലും പിടിപെട്ടിരുന്നു.

**മാർത്ത:** (ഉച്ചത്തിൽ) അതേ. സംശയമില്ല. ഞാൻ അതു ഊഹിച്ചു. ഞാൻ നിന്നെ നോക്കിക്കൊണ്ടിരുന്നു. നിന്റെ ഉള്ളിൽ എന്തോ ഉണ്ടെന്നു ഞാൻ മനസ്സിലാക്കി. എടി! ശിന്ന വിഡ്ഢി! (കോപത്തോടെ) നീ പിഴച്ചു കാൽവെക്കാൻ തുടങ്ങിയോ?

മാർത്തയുടെ സ്വരത്തിൽ, കോപവും, അമ്പരപ്പും, ആവേശവും, അനുകമ്പയും കൂടിക്കലർന്നിരുന്നു. അവൾ സംസാരിച്ചത് ധനത്തിന്റെ കൈത്തണ്ട പിടിച്ചിട്ട് അവളെ ബലമായി ഇളക്കിക്കൊണ്ടാണ്.

**ധനം:** എന്ത്! നിങ്ങൾ പറഞ്ഞതിന്റെ സാരം എന്താണ്?

ധനത്തിന്റെ പരിഭ്രമം ഇനിയും തീരെ ശമിച്ചു പോയിരുന്നില്ല. അവൾക്ക് കഠിനമായ ഒരു തലവേദനയുംകൂടി ഉണ്ടായിരുന്നു. സഹായമില്ലാത്തപോലെ ധനം യുവതിയായ മാർത്തയെ നോക്കി.

**മാർത്ത:** ഈശ്വരനെ വിചാരിച്ചിട്ടെങ്കിലും നീ നിന്റെ തലച്ചോർ ഉപയോഗിക്കുക കുട്ടി. ഒരു പുരുഷന്റെ കെണിയിൽ ഒന്നും നീ പെട്ടിട്ടില്ലല്ലൊ. അതു പറ.

ഇങ്ങിനെ പറഞ്ഞു മാർത്ത പരിശോധിക്കുംപോലെ അവളുടെ മുഖംനോക്കി. ധനം വല്ലാതെ ഒന്നു പരുങ്ങി.

**ധനം:** വല്ല പുരുഷരും എന്നോ? അതും ഇതും ആയിട്ട്—ഓ.

അവൾ പെട്ടെന്നു വിരമിച്ച് ആട്ടംപോലെ എഴുന്നേറ്റു നിന്നു. എങ്കിലും അവൾ വിളർത്തുപോയി. ദേഹത്തിന്മേൽ ഒരു തണുപ്പ് പടർന്നുപിടിച്ചു. "ഇല്ല. ഇല്ല. ഇല്ല" എന്നു നിലവിളിച്ചുകൊണ്ട് അവൾ എടുത്തിടുംപോലെ കസേലമേൽ ഇരുന്നു. കൈകൾകൊണ്ട് അവൾ മുഖം മറച്ചു.

മാർത്ത പിന്നേയും അവളുടെ കൈ പിടിച്ച് അവളേ ആകപ്പാടെ ഇളക്കി.

**മാർത്ത:** (കോപസ്വരത്തിൽ) എടി! ശിന്നവിഡ്ഢി! എടീ ശിന്നവിഡ്ഢി! എന്റെ ചോദ്യത്തിന്ന് നീ ഉത്തരം പറഞ്ഞപോലെ ആയി. എനിക്ക് മനസ്സിലായി. പുരുഷന്മാർ തനിച്ച ചെന്നായകളാണെന്നു പണ്ടേ ഞാൻ താക്കീത് ചെയ്തിരുന്നില്ലെ! നീ അവരോട് ഒരിക്കലും ലോഹ്യം കെട്ടുകയില്ലെന്നു നടിച്ചു. അവരെ കണ്ടുവാറാക്കുകയില്ലെന്നു കൂടിപ്പറഞ്ഞു! ഈശ്വരോരക്ഷ!

മാർത്ത കോപത്തോടെ അവളുടെ പിടുത്തം വിട്ട്, അവളുടെ നെറ്റിയുടെ രണ്ടുഭാഗവും പിടിച്ചു. അവൾ നിലത്ത് കോപത്തോടെ ചവിട്ടി. "വിഡ്ഢികൾ-വിഡ്ഢികൾ-വിഡ്ഢികൾ—ഈ പെൺകുട്ടികൾ എങ്ങിനെയാണ് ഇത്ര വിഡ്ഢികൾ ആയിപ്പോകുന്നത്" എന്നു പറഞ്ഞു.

എന്നാൽ ധനം അതൊന്നും ശ്രദ്ധിച്ചിരുന്നില്ല. കൊട്ടുപോലെ താണ കസേലമേൽ അവൾ ചുരുണ്ടുകൂടി. ഉടുപ്പു മുറിയിൽ കാര്യമായിട്ട് ആ ഒരു കസേല മാത്രമേ ഉണ്ടായിരുന്നുള്ളൂ. കണ്ണുമൂടിയ അവളുടെ കയ്യടങ്ങൾ മലമ്പനി പിടിച്ചപോലെ വിറച്ചിരുന്നു. താൻ കണ്ടതും കേട്ടതും ഒക്കെയും പരമാർത്ഥമായിരിക്കുമോ! എല്ലാം കളവാണെന്നു വന്നാൽ എത്ര നന്നായിരുന്നു. മാർത്ത അവളോട് പറഞ്ഞുകൊടുത്തത് എന്തൊരു ഭയങ്കരവർത്തമാനമാണ്. അവളുടെ കുറ്റത്തിലും വളരെ കവിഞ്ഞ ശിക്ഷയാണ് അവൾക്കു കിട്ടിയത്. അതൊക്കെ സത്യമായിരിപ്പാൻ പാടില്ല. പാടില്ലതന്നെ. അവളുടെ ചുണ്ടുകൾ പറഞ്ഞു. അവൾ ദീനഭാവത്തോടെ ഒരാശ്വാസത്തിന്നുവേണ്ടി മാത്രം മുമ്പറഞ്ഞപ്രകാരം മന്ത്രിച്ചു. എന്നാലുംകൂടി അതൊക്കെ സത്യമാണെന്നു വന്നാലോ!

അങ്ങിനേയും വന്നുകൂടെ! തീർച്ചയായിട്ടും അങ്ങിനേയും വരാം. ആ പൊട്ടപ്പൊറോട്ടു കളിയായ മധുവിധു കഴിഞ്ഞതിൽപിന്നെ. കാറ്റും കോളുംകൊണ്ട് ഇലകൾ ഇളകുമ്പോലെ അവളുടെ അവയവങ്ങൾ വിറച്ചു. അന്നത്തെ പരമാനന്ദത്തിന്റെ ഫലം ഇന്നത്തെ ഭയങ്കരമായ വിറയലോ! മാർത്ത ധനത്തിന്റെ അരികെ മുട്ടുകുത്തിനിന്നു.

**മാർത്ത:** ധനം! ധനം! ധൈര്യപ്പെടുക. കുറെ വീര്യവും ഉശിരും കാണിക്കുക. ഞാൻ നിന്റെ ചങ്ങാതിയാണ്. നിനക്കു തുണയായിട്ട് എപ്പോഴും ഞാൻ ഉണ്ട്, ഈശ്വരനെ വിചാരിച്ച് നീ ഒന്നു ധൈര്യം അവലംബിക്കുക.

എന്നാൽ ധൈര്യം അവലംബിക്കാനാണ് ധനത്തിന്ന് കേവലം സാധിക്കാതെ പോയത്. അവളുടെ ഉള്ളിലെ കാതൽ പൊട്ടിപ്പോയപോലെ തോന്നി. അവളുടെ ഒരേ രീതിയില്ലുള്ള ജോലികൊണ്ടും ഏകാന്തവാസംകൊണ്ടും അവളുടെ നാഡിബലം വളരെ ക്ഷയിച്ചുപോന്നിരുന്നു. പോരാഞ്ഞിട്ട് കഴിഞ്ഞ ആഴ്ചയിൽ വന്നുകൂടിയ വികാരഭേദങ്ങളും ദേഹോപദ്രവങ്ങളും അവളുടെ ജീർണ്ണിച്ചുപോയ നാഡിക്കു പിന്നേയും മാന്ദ്യത വന്നുകൂട്ടിയിരുന്നു. അവൾ ഏങ്ങി ഏങ്ങി അപസ്മാരബാധ പിടിപ്പെട്ടപോലെ കരഞ്ഞു. അവളുടെ കൃശശരീരം നശിപ്പിക്കാൻ ഒരു മെട്ടപോലെ അവളുടെ എങ്ങൽ ദേഹത്തേ പറിച്ചുകീറി. ഈ കഷ്ടാരിഷ്ടകളായ കഠിനകോളിൽപെട്ടിട്ട് അവൾ തനിക്ക് ഉണ്ടാക്കിവെച്ച നിരോധനങ്ങൾ തകർന്നുപോയി. വളരെ കാലമായിട്ട് അവൾ ശീലിച്ചുവെച്ച അച്ചടക്കവും ഒലിച്ചുപോയി. ജീവിതത്തിന്റെ സുഖസന്തോഷങ്ങൾ ശേഖരിച്ചുവെച്ച പാതയിൽ ഒരു യുവതി കാലെടുത്തു വെച്ചിട്ടെ ഉള്ളൂ. അപ്പോൾതന്നെ അവളുടെ നേരെ വന്നത് ഒടുവിൽ മാത്രം വരേണ്ടുന്ന നാശമാണ്.

മാർത്ത അവളുടെ താഴ്ചയില്ലാത്ത സെട്ടിൽ "സ്കർട്ടോടു" കൂടെ ധനത്തിന്റെ അരികെ പിന്നെ മുട്ടുകുത്തി. പുരികം പൊരിപ്പിച്ചു. വട്ടുപോലെ ഒരു പേരിന്നു മാത്രം നിർത്തിവെച്ച മാർത്ത—ചുണ്ട് വേണ്ടുവോളം ചുകപ്പിച്ച മാർത്ത— അവൾ ചെറുപ്പമാണെങ്കിലും ധനത്തോട് ഒരു മാതൃസ്നേഹം നല്ലവണ്ണം സ്ഫുരിപ്പിച്ചിരുന്നു.

**മാർത്ത:** എന്റെ പ്രിയപ്പെട്ട ധനമേ! ആരും സഹായത്തിന്നു നില്ലാത്ത പെൺകിടാവേ! ഞാൻ നിന്നെ ഇട്ടേച്ചു പോകയില്ല. നിനക്കു വേണ്ടുന്ന സഹായം ഞാൻ ചെയ്യും. ഇത് ഒരു സമയം ഞാൻ ഊഹിച്ചതൊന്നും അല്ലായിരിക്കും.

ഒരു ലക്ക് തെറ്റിപ്പോയ യുവതിയെ ക്രമേണ പണ്ടത്തേപ്പോലെയുള്ള സ്ഥിതിയിൽകൊണ്ടുവന്നേക്കണം എന്ന ഉദ്ദേശം മാത്രമേ ധർമ്മബുദ്ധിയുള്ള മാർത്തക്ക് ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് ധനത്തെ ആശ്വസിപ്പാനും ദയയോടെ ശുശ്രൂഷിപ്പാനും ഉള്ള ഭാരം മാർത്ത ഏറ്റെടുത്തു.

ഒടുവിൽ അപസ്മാരരോഗിയിൽ കാണപ്പെടുന്ന ഒരുതരം ഗോഷ്ടിപോലെ ധനം പെട്ടെന്നെഴുന്നേറ്റിരുന്ന്, അവളുടെ കണ്ണുതുടച്ചു. അവളെ ബാധിച്ചിരുന്ന പിശാച് അവളെ വിട്ടുപോയി എന്നുതന്നെ പറയാം. "ഞാൻ ഇങ്ങിനെ കുഴങ്ങിവീണ് നിങ്ങൾക്ക് ഒരു ഉപദ്രവമായിത്തീർന്നു പോയതിൽ എനിക്കു വളരെ വ്യസനമുണ്ട്. മാർത്തേ! ഇതിലും അധികം ഇനി നിങ്ങളൊന്നും ചെയ്വാനില്ലെന്നു ഞാൻ വിചാരിക്കുന്നു." എന്ന് ഒരു ഇടറിയ സ്വരത്തിൽ പറഞ്ഞു.

ധനം അല്പമെങ്കിലും ഭേദപ്പെട്ടു എന്നു കണ്ടപ്പോൾ മാർത്തയ്ക്കു വലിയ ആശ്വാസമായി. കല്പിക്കുംപോലെയുള്ള കർക്കശസ്വരം അവൾ വീണ്ടും അവലംബിച്ചു. അത് അവൾക്കു സ്വാഭാവികമാണ്.

**മാർത്ത:** വെറുതെ ഓരോ വിഡ്ഢിത്തം പറയേണ്ട. നമ്മൾ യുവതികൾ അന്യോന്യം സഹായത്തിന്നു ഉതകുന്നവരായിരിക്കണം. ഇഷ്ടത്തി! ഞാൻ നിന്നോട് ചോദിക്കട്ടെ. നീ അദ്ദേഹത്തെ വലിയ കാര്യമായി വിചാരിക്കുന്നുണ്ടോ? ആരെങ്കിലുമാകട്ടെ. ഞാൻ പറയുന്ന ആൾ നീ അറിയും. നീ അയാളെ പ്രേമിക്കുന്നുണ്ടോ.

ധനം സമ്മതസൂചകമായി തല ഇളക്കി. തന്റെ ചങ്ങാതിയുടെ ഉറച്ചനിൽപ്പും ഭാവവും ധനത്തിന്ന് വിശ്വാസവും ധൈര്യവും ഉണ്ടാക്കി.

**ധനം:** അതേ, ഞാൻ അയാളെ പ്രേമിക്കുന്നുണ്ട്. അയാൾ എനിക്ക് എന്റെ ജീവനേക്കാൾ വലുതാണ്.

**മാർത്ത:** (ഉറപ്പോടെ കൈ ചുണ്ടിന്മേൽ വെച്ചിട്ട്) എന്നാൽ അയാൾ നിന്നെ വിവാഹം കഴിക്കും. അയാളെക്കൊണ്ട് കഴിപ്പിക്കും.

ധനം നിഷേധഭാവത്തിൽ മെല്ലെ തല ഇളക്കി.

**ധനം:** സാധിക്കുമെന്നു തോന്നുന്നില്ല.

**മാർത്ത:** സാധിക്കാത്തതൊന്നും ലോകത്തിൽ ഇല്ല. നീ ഈ കാര്യം എന്നെ ഏല്പിച്ചാൽമതി. എന്താണ് അയാളുടെ പേര്.

ധനം പിന്നേയും നിഷേധഭാവത്തിൽ അവളുടെ തല ഇളക്കി.

**ധനം:** മാർത്തേ! എനിക്ക് നിന്നോട് അതൊന്നും പറവാൻ പാടില്ല. നീ എന്റെ പ്രാണസഖിയാണെന്ന് എനിക്കറിയാം. ഈ കാര്യത്തിൽ എനിക്ക് ഒരു ഗുണവും സിദ്ധിക്കാനിടയില്ല. അത്ര നൂലാമാലയിലാണ് ഓരോ കാര്യങ്ങൾ വന്നുചേർന്നത്. പൈശാചികം എന്നുതന്നെ പറയേണം. എന്നാൽ എല്ലാം എന്റെ തെറ്റുകൊണ്ടാണ്.

ഇങ്ങിനെ പറയുമ്പോൾ അവൾക്ക് രണ്ടാമതും അപസ്മാരബാധതുടങ്ങുമൊ എന്ന് മാർത്ത ശങ്കിച്ചു. മാർത്ത, അവളുടെ പുരികം ഉയർത്തി വിരലുകൾ വിടർത്തി.

**മാർത്ത:** എനിക്ക് വിശ്വാസം വരുന്നില്ല! ഇഷ്ടത്തി! നീ ആ മാതിരിക്കാരത്തി അല്ല. എനിക്ക് ഓരോരുവരെപ്പറ്റി മിന്നൽപോലെ ഓരോ അഭിപ്രായം തോന്നിപ്പോകാറുണ്ട്. അത് എപ്രകാരമാണെന്ന് എനിക്ക് വിവരിക്കാൻ സാധിക്കയില്ല. അതുകൊണ്ട് ഒരു പുരുഷന്റെമേൽ ചെന്നുവീഴുന്ന ഒരുത്തിയാണ് നീ എന്ന് എനിക്കു തോന്നുന്നില്ല. ഒരു കൊടുങ്കാറ്റിന്റെ അടിയിൽ പെട്ടുപോയിട്ടോ മറ്റോ അങ്ങിനെ ചെന്നുവീഴാനെ ഇടയുള്ളൂ. നീ പറയുന്ന നൂലാമാല ഒരിക്കൽ നിണക്ക് ഗുണമായി കലാശിക്കും എന്ന വിശ്വാസവുംകൂടി എനിക്കുണ്ട്. ഒന്നും പേടിക്കാനില്ല. നീ വാ! വല്ലതും പള്ളയിലാക്കാൻ നോക്കണം. ദഹിക്കാൻ പ്രയാസമുള്ളതൊന്നും വേണ്ട. നിന്റെ "മുത്തശ്ശി" ഞാനാണ്.

ധനത്തിന്റെ കൈത്തണ്ടു മുറുക്കെ പിടിച്ച്, അവളെ ഇഴച്ചുകൊണ്ടു പോകുമ്പോലെ മാർത്ത അടുത്തുണ്ടായിരുന്ന സഹായവിലയുള്ള ഒരു റിസ്റ്റോറണ്ടിൽ കൊണ്ടുപോയി. അവളുടെ കലശലായ നിർബ്ബന്ധംകൊണ്ട് ധനം അല്പംചില പദാർത്ഥങ്ങൾ കഴിക്കേണ്ടിവന്നു. വായ വരണ്ടുപോയിരുന്നതുകൊണ്ട് ആരംഭത്തിൽ ഭക്ഷണം ഇറക്കാൻ ബുദ്ധിമുട്ടി.

**മാർത്ത:** തേനെ! ഇങ്ങട്ട് നോക്കൂ. ഞാൻ കുറെ ക്ഷീണിച്ചിട്ടുണ്ട്. ഇന്നുരാത്രി എനിക്കൊരു കാര്യം നിറവേറ്റണ്ടതുണ്ട്. അതു മുൻകൂട്ടി ഏർപ്പാട് ചെയ്തുവെച്ചതാണ്. നിണക്ക് എന്റെ തുണകൂടാതെ, തനിച്ച് മടങ്ങിപ്പോവാൻ സാധിക്കുമെന്ന് തോന്നുന്നുണ്ടോ? പിന്നെ വിഡ്ഢിത്തം ഒന്നും കാട്ടി കൂട്ടരുത് എന്ന് എന്നോട് വാഗ്ദത്തം ചെയ്യുകയും വേണം.

**ധനം:** (മന്ദഹാസത്തോടെ) നിശ്ചയമായിട്ടും മാർത്തേ! ഇന്നുരാത്രി ക്ഷീണംകൊണ്ട് എനിക്ക് ഒന്നും ചെയ്വാൻ സാധിക്കയില്ല. വിഡ്ഢിത്തമായാലുംശരി, ബുദ്ധിപൂർവ്വമായാലുംശരി.

**മാർത്ത:** സഹായത്തിന്ന് ആരുമില്ലാത്ത സാധുക്കുട്ടി!

അവളെ മാർത്ത ഒരു ബസ്സിൽ കേറ്റിവിട്ടു. ധനത്തെ ധൈര്യപ്പെടുത്തുവാൻവേണ്ടി, അവളുടെ കൈ പിടിച്ചുഞെക്കി. "നോക്കു കുട്ടി നീ വിചാരിക്കുന്ന ആൾ നിന്നെ വിവാഹം കഴിക്കും. നീ ഈ കാര്യത്തിൽ എന്റെ വാക്ക് പ്രമാണമായി പിടിച്ചോളൂ."

എന്തുതന്നെ ആയാലും മാർത്തയുടെ ധൈര്യപ്പെടുത്തൽ ധനത്തിന്ന് അല്പമെങ്കിലും ചിന്താശ്വാസവും ആശംസയും ഉണ്ടാക്കി. അവളെ ബാധിച്ച ഭയങ്കര നാഡിപ്പിഴയുടെ ഗോഷ്ടികൾകൊണ്ട് തളർന്നുപോയ അവളുടെ മനസ്സിന്ന് മാർത്ത പറഞ്ഞതിന്റെ സാരം പരിപൂർണ്ണമായി മനസ്സിലായില്ല എന്നും വരാം. അവൾ പ്രയാസപ്പെട്ട് ബസ്സിൽനിന്നിറങ്ങി അവൾ പാർക്കുന്ന കൊള്ളരുതാത്ത തെരുവിൽ എത്തി. അവൾക്കു ശ്വാസംമുട്ടുംപോലെ തോന്നി. യഥേഷ്ടം ശ്വസിക്കാനും അസാരം പാടുപെടേണ്ടിവന്നു. എന്നാലും മാർത്തയുടെ അവസാനത്തെ വാക്കുകൾ ചിന്താശ്വാസം സൂചിപ്പിക്കുന്ന ഒരു, മണിയടിപോലെ തോന്നി. "നീ ഞാൻ പറയുന്നതു നമ്പിക്കൊ. അദ്ദേഹം നിന്നെ വിവാഹിക്കും" എന്നല്ലേ മാർത്തപറഞ്ഞത്.

ധനം മാർത്തയോട് സത്യം മുഴുവനും തുറന്നു പറഞ്ഞിരുന്നില്ല. അവൾ കാണിച്ചുകൂട്ടിയ വഞ്ചന ആരോടും പറവാൻ ഒരു പ്രകാരത്തിലും അവൾക്കു മനസ്സുവന്നില്ല. അതെങ്ങാൻ കേട്ടുപോയാൽ മാർത്ത ഞെട്ടി നടുങ്ങി വീണുപോകും. മാർത്തയാണെങ്കിൽ ഒരു കള്ളമൊ കളങ്കമോ ഇല്ലാത്തവൾ! എത്ര ധൈര്യവും ആത്മവിശ്വാസമുള്ളവൾ! വാക്കിലും നടപ്പിലും സത്യംപ്രമാണമായിപ്പിടിക്കുന്നവൾ! മറ്റൊരു പെണ്ണാണെന്ന് നടിച്ച് ഒരു മാന്യനെ വിവാഹംചെയ്തു കഴിഞ്ഞവളല്ലേ അവൾ! ജീവിതരീതിയുടെ സുഖാനുഭൂതിയും ബന്ധുസമ്മേളനവും ധനമില്ലായ്മയും, ഭാവിശ്രേയശൂന്യതയുംകൊണ്ട് ഉഴലുന്ന കാലത്ത് അവളോട് അങ്ങിനെ ഒരു തെറ്റ് ചെയ്തുപോയതാണ് എന്ന് ഒരിക്കലും അവൾക്ക് മാർത്തയെ പറഞ്ഞു ഫലിപ്പിക്കാൻ സാധിക്കയില്ല. ഭാസ്കരനോട് അവൾക്ക് തോന്നിയ പ്രേമം അന്ധകാരത്തിലെ വെളിച്ചംപോലെ ആയിരുന്നു.

എന്താ ഒന്ന് ഭാസ്കരന്റെ അടുക്കെ പോയാല്? അപ്രതീക്ഷിതവും ഭയങ്കരവുമായ ഫലം ആ സംഗമത്തിൽ നിന്ന് ഉല്പാദിച്ചിട്ടുണ്ടെന്നവിവരം അവൻ ശരിയായി അറിയേണ്ടതല്ലെ! അതു കേട്ടാൽ അയാളുടെ മനസ്സിന്ന് വല്ല ഭേദഗതിയും നേരിടുമൊ എന്തൊ? നിയമപ്രകാരം ഒരു കോടതി അവർതമ്മിൽ നടത്തിയ വിവാഹം അസാധുവാണെന്ന് സ്ഥാപിക്കുംവരെ ഈ ഗർഭംകൊണ്ട് അവളും ഭാസ്കരനും തമ്മിൽ ഒരു ചെറിയ ബന്ധം ഉണ്ടായപോലെ തോന്നി. ഭാസ്കരൻ വിവാഹം റദ്ദാക്കേണ്ടതിന്നായി ഒരു ഹർജി കോടതിയിൽ ഇനിയും ഫയലാക്കീട്ടും ഇല്ല. വൈകുന്നേരം അയാൾ അവളുടെ മുഖത്ത് നോക്കേണ്ടിവന്നപ്പോൾ അയാളുടെ മുഖം ഒരു ഉറച്ച മനോഭാവം കുറിച്ചിരുന്നു. അന്നൊരുദിവസം രാവിലെ പാറക്കൂട്ടങ്ങളുടെ ഇടയിൽവെച്ച് അവളോട്, അവളുടെ കള്ളി ഒക്കെ പുറത്തായി എന്നും, അവളെ എന്നെന്നും വെടിഞ്ഞിരിക്കുന്നു എന്നും അയാൾ പറഞ്ഞപ്പോൾ ആ മാതിരി പുച്ഛവും, നിന്ദയും വെറുപ്പും, കുറിക്കുന്ന മുഖഭാവംതന്നെയാണ് അവൾ ഇന്നും കണ്ടിരുന്നത്. അതൊക്കെ പറഞ്ഞിട്ട് ഫലമില്ല. എന്തുതന്നെ വന്നുഭവിച്ചാലും അയാൾ അവളെ സ്വീകരിക്കുകയൊ മാപ്പാക്കുകയൊ ഉണ്ടാകയില്ല നിശ്ചയം.

എന്നാലുംകൂടി, ഒന്ന് ശ്രമിച്ചുനോക്കുന്നതിന്നെന്താ വിരോധം? ഗർഭം ഉണ്ടെന്നത് ഉറപ്പായി അറിയേണ്ടയോ... ഒരു ഡോക്ടരുടെ ആസ്പത്രിയിലെ വരാന്തയിൽ അനിശ്ചിതഭാവത്തോടെ അവൾ ചെന്നു നില്ക്കുകയായിരുന്നു. ഗർഭമാണെന്ന ശങ്കകൊണ്ട് ഒരു വല്ലാത്തഭയം അവളെ മർദ്ദിച്ചു. എന്തെല്ലാമാണ് സംഭവിക്കാൻ പോകുന്നത് എന്ന വിചാരം ഒരു വിട്ടൊഴിയാത്ത ഭയമായി. അതിലും നല്ലത് ഉണ്ടോ ഇല്ലയോ എന്ന് തീർച്ചവിവരം ഉടനെ അറിയുന്നതാണ്. അവൾ ധൈര്യപ്പെട്ട് അകത്ത് കടന്നുചെല്ലാൻ ഉറച്ചു. ആ മിന്നുന്ന പിച്ചളമേശ കണ്ടപ്പോൾ ഒരു വിസമ്മതമാണ് അവളുടെ ഉള്ളിൽ പൊങ്ങിയത്. പിന്നെ ആകെ മുങ്ങിയാൽ ശീതം ഒന്ന് എന്ന നിലയിൽ അവൾ വാതിലും തള്ളിത്തുറന്ന് ഉള്ളിൽകടന്നു.

# 17

## സാഹസം

അരമണിക്കൂറു കഴിഞ്ഞതിൽപ്പിന്നെ അവൾ പുറത്തു വന്നു. യഥാർത്ഥം അവൾക്കു മനസ്സിലായി. അവൾക്കു ഗർഭംതന്നെ ആയിരുന്നു. കുറേമുമ്പേ, അവളെ ബാധിച്ചിരുന്ന വരുത്തമെട്ടുക്കലിന്നു പകരം അവളെ ബാധിച്ചത് ഒരു സുസ്ഥിരമായ ആശ്വാസമില്ലായ്മയും വിവരമില്ലായ്മയും ആയിരുന്നു.

അവളുടെ ജോലിയും നഷ്ടമാകും. അതും അവൾ അറിഞ്ഞു. മാനേജർ നിർദ്ദയനും കണിശമായ കൃത്യബോധമുള്ളവനും ആയിരുന്നു. അത് അവൾക്കു പല സംഗതികൊണ്ടും ബോദ്ധ്യമായിരുന്നു. അവൾക്ക് അടിക്കടി ഗതിയില്ലായ്മയും ഒന്നിനും നിവൃത്തിയില്ലായ്മയും ആണ് നേരിട്ടുവരുന്നത്. എത്രയോ താലോലിച്ചും സകല രക്ഷയ്ക്കും ഉള്ള കരുതലോടുകൂടിയും നിർത്തപ്പെട്ട ഒരു ഭാര്യതന്നെ ഗർഭിണിയാകുമ്പോൾ അസ്വാസ്ഥ്യം കാണിച്ചുപോകാറുണ്ട്. അവൾ എന്തുചെയ്യും! ഇരിക്കട്ടെ. പ്രസവം കഴിഞ്ഞുപോയാൽത്തന്നെ അവളുടെ സ്ഥിതി എന്താണ്! അവൾക്കു മീൻപാച്ചൽപോലെ ദേഹം മുഴുവനും ഒരു വിറ വന്നുചേർന്നു. അപ്പപ്പാ! നിവൃത്തി ഇല്ല. ഒന്നുകൊണ്ടും പാടില്ല. ഭാവിയെപ്പറ്റി ഗണിക്കുകയോ ചിന്തിക്കുകയോ ഒന്നും പാടില്ല. ഗർഭസ്ഥനായ കുട്ടി എന്തു കുറ്റംചെയ്തു? കാലം നീളംചെന്നാൽ, ഒരുസമയം ജനിക്കുന്ന കുട്ടി അവളെ ശകാരഭാവത്തിൽ നോട്ടംവെയ്ക്കയില്ലേ? അവൾ അതും സഹിക്കേണ്ടിവരില്ലേ—ആക്ഷേപം-നിന്ദ-പുച്ഛം-വെറുപ്പ് ഇതൊക്കെയാണ് അവൾക്കു മേലാൽ സിദ്ധിക്കുന്ന നിക്ഷേപങ്ങൾ!

അതൊക്കെ സഹിക്കാൻ തക്ക വീര്യമോ മുരുമയോ അവൾക്കുണ്ടാകയില്ല. അവൾ നടത്തിയ വഞ്ചന പുറത്തായപ്പോളും, ഭാസ്കരൻ, നിന്ദിച്ചും ഭത്സിച്ചും ശകാരിച്ചുംകൊണ്ട് അവളെ ഉപേക്ഷിച്ചു പൊയ്ക്കളഞ്ഞപ്പോഴും, അവൾക്കു പാട്ടുള്ളേടത്തോളം അഭിമാനക്ഷയവും ആധിയും വന്നുകഴിഞ്ഞുപോയി എന്ന് അവൾ വിചാരിച്ചിരുന്നു. ഇതിലും കടുപ്പമേറിയ സങ്കടങ്ങൾ പിന്നേയും അനുഭവിക്കാനുണ്ട്.

അവൾ അതിതീക്ഷ്ണമായി മുഷ്ടിചുരുട്ടിപ്പിടിച്ചിരുന്നതുകൊണ്ട്, നഖങ്ങൾ തറച്ചുപോയിട്ട് ഉള്ളങ്കയിൽനിന്ന് ചോരപൊടിഞ്ഞു. ഒരു വെറും യന്ത്രംപോലെ അവൾ പുഴയുടെ നേരെ തിരിഞ്ഞു. കല്ക്കട്ട ശുദ്ധവായുവിന്റെ ദൗർല്ലഭ്യംകൊണ്ട് അല്ലെങ്കിൽത്തന്നെ ദുസ്സഹമായിരുന്നു. പുഴയരികെ ഉള്ള വൃക്ഷങ്ങളുടെ ഇലകൾ ഇളകിയ ശബ്ദം നല്ലവണ്ണം കേൾക്കാമായിരുന്നു.

ഭാസ്കരന്റെ അരികെ ചെന്ന് ഒരു അപേക്ഷയുംകൂടി ചെയ്യാതെ നിവൃത്തി ഇല്ല. അവളുടെ കാര്യത്തിന്നു വേണ്ടിയല്ല. അവൾക്കു ജനിക്കാൻ പോകുന്ന കുട്ടിയുടെ കാര്യം വിചാരിച്ചിട്ടുമാത്രം. അയാളുടെ കുട്ടി!

ഇങ്ങിനെ തീർച്ചയാക്കിയതിൽപ്പിന്നെ അവൾ തലയും താഴ്ത്തി, കണ്ണു നല്ലവണ്ണം തുറക്കാതെ അന്ധയെപ്പോലെ ബദ്ധപ്പെട്ട് മുന്നോട്ടു നടക്കുകയായിരുന്നു. ആ സമയത്തു് ഒരു മാളിക വീടിന്റെ പടിവാതിലും കടന്നുവന്നിരുന്ന ഒരു പുരുഷനുമായി അവൾചെന്നു മുട്ടിപ്പോയി. അയാൾ മാപ്പുംചോദിച്ചു പിന്നോക്കം വാങ്ങിനിന്നു. പിന്നെ അയാൾ പെട്ടെന്ന് അടുത്തുവന്നു.

**അയാൾ:** ധനം! ഒരു കാര്യമുണ്ട്. നീ ഇങ്ങിനെ എന്നേയും തേടി എന്റെ പിന്നാലെ നടന്നു കളിക്കുന്നത് എനിക്കു സമ്മതമല്ല.

ശ്വാസം മുട്ടിപ്പോകുമ്പോലെ ഇരിക്കുന്ന ഒരു ഞെട്ടലോടെ ധനം തല പൊന്തിച്ചു. കാഴ്ച നന്നാക്കാൻ വേണ്ടി അവൾ കണ്ണുകൾ തുടച്ചു നോക്കിയപ്പോൾ കണ്ടതു് ഭാസ്കരനെയാണ്. പ്രതീക്ഷിക്കാത്തവിധത്തിൽ അവൾ അന്ന് ഭാസ്കരനുമായി കണ്ടു മുട്ടിയതു് രണ്ടാമത്തെ പ്രാവശ്യമാണ്.

**ധനം:** ഓ! നിങ്ങളോ!

ആ സമയത്തു് അവളുടെ ചുണ്ടുകൾ വരണ്ടുപോയിരുന്നു. നല്ലവണ്ണം സംസാരിക്കാൻതന്നെ സാധിച്ചിരുന്നില്ല. അവൾ അദ്ദേഹത്തിന്റെ മുഖഭാവം പരിശോധിച്ചു. അത് കരിങ്കല്ലേക്കാൾ കഠിനമായിരുന്നു. അയാളുടെ കണ്ണ് ദൃഢത കുറിച്ചിരുന്നു. അയാൾ അവളെ നിർഭരം വെറുത്തിരുന്നു. അയാളുടെ സ്വരം തീക്ഷ്ണവും ക്രൂരവുമായിരുന്നു.

**ഭാസ്കരൻ:** എന്നേയും തേടി നടക്കാൻ നിനക്ക് അവകാശമില്ല. എനിക്കു മേലാൽ നിന്നോട് യാതൊരു ബന്ധവും ഇല്ല. നീ വല്ല അപവാദവും എനിക്കുണ്ടാക്കാൻ കാരണമായാൽ ഞാൻ നിന്നെ പോലീസിൽ ഏല്പിക്കും.

അയാളെ കൈകൊണ്ട് ഒരു പരുത്ത തല്ല് കിട്ടിയപോലെ അവൾ രണ്ടുചോട് വാങ്ങിനിന്നു. അവൾ തന്നത്താനറിയാതെ കൈ ഉയർത്തിപ്പോയതു് ഒരു തല്ല് തടുക്കാൻവേണ്ടി എന്ന ഭാവത്തിൽ ആയിരുന്നു. ഭയംകൊണ്ടും നൈരാശ്യംകൊണ്ടും ഗതിഇല്ലായ്മകൊണ്ടും അവളുടെ കണ്ണുകൾ തുറിച്ചു. അവളുടെ അവയവങ്ങൾ അരയാലിലപോലെ വിറച്ചു. ഒരു സമയം അവൾ സഹിക്കേണ്ടി വന്ന സങ്കടവും ദ്രോഹവും അല്പമെങ്കിലും അയാൾ മനസ്സിലാക്കിയിരിക്കാം. എന്തുകൊണ്ടെന്നാൽ അതിൽപ്പിന്നെ അയാളുടെ സ്വരത്തിന്ന് തീഷ്ണത അസാരം കുറഞ്ഞിരുന്നു.

**ഭാസ്കരൻ:** എന്നെകൊണ്ട് നിനക്ക് എന്താണ് വേണ്ടതു്. പണമാണെങ്കിൽ അതിന്ന് എഴുത്തയച്ചാൽ മതി. ഇന്ന് ഉച്ചയ്ക്ക നിനക്ക് ഒരു ജോലി സിദ്ധിച്ചു എന്നല്ലെ കണ്ടതു്. നിനക്ക് ഒരു ജോലി വാങ്ങിത്തന്നു എന്ന് ഹേമാംഗൻ പറഞ്ഞുവല്ലൊ. നീ പട്ടിണികിടന്നു കാണ്മാൻ എനിക്ക് ഇഷ്ടമില്ല. നീ എന്നോട്ട് ചെയ്ത കെടുതികൾ എന്തുതന്നെ ആയാലും ശരി.

**ധനം:** പണത്തിന്റെ കാര്യമല്ല.

ശ്വാസം മുട്ടിപ്പോയിട്ട് അവളുടെ വാക്കുകൾ നല്ലവണ്ണം പുറത്തുവന്നില്ല. ഘനം കൂടിപ്പോയപോലെ അത് എത്രയൊ പ്രയാസമായിട്ടും സാവധാനമായും മാത്രമെ പുറമെ വന്നുള്ളു. യാതൊരു രക്ഷമാർഗ്ഗവും കാണാതെ—കരകാണാതെ ഉഴന്നുപോയ—അവളുടെ ദേഹസ്ഥിതി അവൾക്ക് ഓർമ്മയായി. മുങ്ങിച്ചാകുന്നവൻ എന്തും പിടിക്കും എന്ന് പറഞ്ഞപോലെ അവൾ അദ്ദേഹത്തിന്റെ കൈ മുറുകെ പിടിച്ചു കിതച്ചുംകൊണ്ട് ഇങ്ങിനെ പറഞ്ഞു: "ഭാസ്കരാ! അങ്ങുന്നേ! എന്നെ നിങ്ങൾ വെടിയരുതു്. ഒരിക്കൽകൂടി വിവാഹം കഴിക്കണം. അത് തീർച്ചയായിട്ടും വേണം. കൂടാതെ കഴികയില്ല. കാരണം…"

എന്നാൽ കോപത്തോടുകൂടെ അയാൾ കൈ ഇളക്കി. അവളുടെ പിടിത്തത്തിൽനിന്ന് ഒഴിഞ്ഞുനിന്നു. മാർദ്ദവമായി വന്ന അദ്ദേഹത്തിന്റെ മുഖപ്രകൃതിക്കു പിന്നേയും രൂക്ഷതകൂടി.

**ഭാസ്കരൻ:** (ഉച്ചത്തിൽ) ഒരിക്കലും ഇല്ല. ഒരു കാലത്തും ഇല്ല. അങ്ങിനെ ഒരു കാര്യം തോന്നേണമെങ്കിൽ നിണക്ക് ശുദ്ധ ഭ്രാന്തായിരിക്കണം. തനിച്ച് അഹമ്മതിയും ധിക്കാരവുമാണ്.

അയാൾ പിന്നെ നടന്നുപോവാൻ ഭാവിച്ചു. അവൾ വിട്ടില്ല. അവൾ പിന്നേയും കടന്ന് അയാളുടെ കൈക്ക് ഒരു മരണപ്പിടിത്തംവെച്ചു.

**ധനം:** അങ്ങുന്നേ! ഇതു കേൾക്കാതെ പോവാൻ പാടില്ല. കേട്ടെ കഴിയൂ. എനിക്കു ഗർഭമാണ്. നിങ്ങളാണ് അതിന്റെ കർത്താവ്. അതുകൊണ്ടാണ് ഞാൻ ഇത്ര വളരെ നിഷ്കർഷ കാണിച്ചതു്.

"എന്ത്" എന്ന് ഇടിവെട്ടുംപോലെ തിരിഞ്ഞുനിന്നു ചോദിച്ചു. ഒരു നിമിഷനേരം അയാൾ ഒന്നും മിണ്ടാതെ അവളെ നോക്കി. പിന്നെ അയാൾ കർക്കശഭാവത്തിൽ ഒന്നു ചിരിച്ചു.

**ഭാസ്കരൻ:** ഈ ഭയങ്കര സൊള്ളാണ്, ഞാൻ വിഴുങ്ങാൻവേണ്ടി ഇപ്പോൾ കാഴ്ചവെച്ചതു് അല്ലേ! (നിന്ദയും പുച്ഛവും സ്ഫുരിപ്പിച്ചുകൊണ്ട്) ഒന്നാമതു് നീ മറ്റൊരുവളാണെന്ന് നടിച്ച് എന്നെ വിവാഹത്തിൽപെടുത്തി. എന്നിട്ട് അതിൽ നിന്ന് എന്നെ വിട്ടൊഴിയാതെ പിടിച്ചുനിർത്തുവാൻ വഴി ആലോചിക്കയായി. ഇതു പെണ്ണുങ്ങൾ പണ്ടുപണ്ടേ ഉപയോഗിച്ചുവരുന്ന ഒരു വലിയ സൂത്രമാണ്. അതാണ് നീയും പ്രയോഗിച്ചതു്. എന്നാൽ പണ്ടേത്തേതിനെക്കാൾ കുറെ അധികവിവരവും കൂടി എനിക്കു നിന്നെപ്പറ്റി കിട്ടീട്ടുണ്ട്. എനിക്കു നീ വിശ്വാസയോഗ്യ അല്ലെന്ന് തോന്നണ്ടെങ്കിൽ അതിന്ന് ഉത്തരവാദി നീയും നിന്റെ നടവടിയുമാണ്.

വിശ്വാസം വരാത്തവിധത്തിൽ അവൾ അയാളെ ഒന്നു നോക്കി.

**ധനം:** അപ്പോൾ നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല.

ഈ വാക്കു പറഞ്ഞതു് എത്രയോ മന്ദസ്വരത്തിലാണ്.

"ഞാൻ ഒരിക്കലും വിശ്വസിക്കുകയില്ല." എന്ന ഭാസ്കരന്റെ വാക്കുകൾ അവളെ കൊരടാവുകൊണ്ട് അടിച്ചപോലെ തോന്നി.

**ഭാസ്കരൻ:** ഇത്, അപവാദം ഉണ്ടാക്കും എന്ന് ഭീഷണിപ്പെടുത്തി, ആ സംഗതി വെളിച്ചത്താക്കാതിരിപ്പാൻവേണ്ടി എന്നോട് നിർബന്ധപൂർവ്വം പണം പിടുങ്ങാൻ അവസരംപാർത്തു് നില്ക്കുമ്പോലെ തോന്നുന്നു. (ദൃഢഭാവത്തോടെ) നീ ഇനിയും എന്നെ ദ്രോഹിക്കാൻ പുറപ്പെട്ടാൽ, ഞാൻ വല്ലതും ഒരു നിവൃത്തിമാർഗ്ഗം ആലോചിക്കേണ്ടിവരും. എന്റെ വിവാഹം അസാധുവാണെന്ന് സ്ഥാപിക്കുന്ന വ്യവഹാരം ഇനിയത്തെ ആഴ്ചയ്ക്കാണ് വിചാരണയ്ക്കു വെച്ചിരിക്കുന്നതു്. അതു നാടോടെ പുക്കാറായ്പോകുന്നതിന്ന് ഉത്തരവാദി ഞാൻ ആയിരിക്കയില്ല. എന്നെക്കൊണ്ട് അങ്ങിനെ ചെയ്യിപ്പിച്ചതു് നീയാണ്. നിണക്കാണെങ്കിൽ ഒന്നും പൊയ്പോകാനില്ല. എന്റെ മാനത്തിന്നും പദവിക്കുമാണ് നിന്നെക്കൊണ്ട് ഉടവ് സിദ്ധിക്കുന്നതു്.

അവളോട് യാത്ര പറകയുംകൂടി ചെയ്യാതെ അയാൾ അവിടം വിട്ടുപോയി. ഒരു തിരിച്ചലിന്ന് അയാളുടെ രൂപം കാണാതായ്പോകുംവരെ ധനം ഒരു മരംപോലെനിന്നു മൗഢ്യഭാവത്തോടെ നോക്കി.

വിവാഹം റദ്ദാക്കാനുള്ള വ്യവഹാരം ഇനിയത്തെ ആഴ്ചയാണപോലും? പോരാഞ്ഞിട്ട് അവൾ പറഞ്ഞതൊന്നും വിശ്വസിപ്പാൻ അയാൾ കൂട്ടാക്കുന്നമില്ല. അവൾക്ക് വന്നുകൂടിയ പൈശാചികമായ ദുർഗ്ഗതി ഇനി ആരോടു പറവാനാണ്! പരമാർത്ഥം പറഞ്ഞുകൊടുത്തതു്, അയാളെ കെണിവെപ്പാനുള്ള മറ്റൊരു സൂത്രമാണെന്നല്ലെ അയാൾ കരുതിയതു്.

ഓവുപാലത്തിന്റെ മതിലിന്റെ മുകളിൽ അവൾ കൈവെച്ചു. ഭാസ്കരനിൽനിന്ന് അവൾക്കു മേലാൽ യാതൊന്നും കാംക്ഷിക്കാനില്ല. ജീവിതകാലത്തു് യാതൊരു സുഖവും പ്രതീക്ഷിപ്പാൻകൂടിയില്ല. ജീവിതകാലം അവൾക്ക് ഒരു ദുസ്സഹദ്രോഹാവസ്ഥമാത്രമായിരുന്നു. ഈ മാതിരി ജീവിതം ദീർഘിപ്പിച്ചിട്ട് എന്തുകാര്യമാണ്…

ചോടെനിന്ന് ഘലഘലശബ്ദത്തോടെ അടിച്ചും നരച്ചും ഒഴുകുന്ന വെള്ളത്തെ ദുരുദ്ദേശംകൊണ്ട് അന്ധതപ്രാപിച്ച മനസ്സോടെ അവൾ കുറേനേരം നോക്കിനിന്നു. ദൂരെനിന്നു ചോടെ ഉണ്ടായിരുന്ന, നനഞ്ഞ കല്ലിന്മേൽ ഒരു ദീപവെളിച്ചം വീണപ്പോൾ, സപ്തവർണ്ണങ്ങളിൽ ഓരോന്ന് മിന്നിപ്പിച്ചുകൊണ്ട് വെള്ളത്തുള്ളികൾ തിളങ്ങി. തോട്ടിലെ വെള്ളം പൊന്തിവരുംപോലെ അവൾക്ക് തോന്നി.

നിരാശയും നിസ്സഹായതയുംകൊണ്ട് അവളുടെ നെറ്റിയുടെ രണ്ട് അറ്റത്തിൽനിന്നും നാഡി കഠിനമായി സ്പന്ദിച്ചു. ധൈര്യമുണ്ടെങ്കിൽ അവൾക്ക് ഈ ദുഷ്കാലത്തിനൊക്ക ക്ഷണം ഒരു അറുതിവരുത്താം. അവളുടെ കുറ്റംകൊണ്ട് പ്രസവിക്കാൻപോകുന്ന ഒരു ശിശുവിന്റെ തലയിൽ അപവാദവും നിന്ദയും വലിച്ചിട്ട് കൊടുക്കുന്നതിനേക്കാൾ അതല്ലെ നല്ലതു്… അവൾ കണ്ണുകൾ പൂട്ടി. കൈ പാലത്തിന്റെ തിണ്ടുമേൽതന്നെ വെച്ചിരുന്നു. ധൈര്യം തരാൻ പ്രാർത്ഥിച്ചുകൊണ്ട് നില്ക്കുമ്പോൾ അവളുടെ കൈക്ക് ബലംകൂടിയപോലെ തോന്നി. ലഘ്വതരനിശ്വാസംകൊണ്ട് കിതയ്ക്കുമ്പോലെ ഇരിക്കുന്ന ഒരു ശബ്ദത്തോടെ അവൾ ആ ഓവുപാലത്തിന്റെ ഒരു ഭാഗത്തെ തിണ്ടുമേൽകേറി. വെള്ളത്തിന്റെ "ഗർഗള" ശബ്ദം കട്ടപ്പത്തിലായപോലെ അവളുടെ ചെവികളിൽ വീണു. അവൾ മനക്കണ്ണുകൊണ്ട് കണ്ടതു് എന്നും നിലനില്ക്കുന്ന ഒരു അന്ധകാരംമാത്രം ആയിരുന്നു. വരുമ്പോലെ വരട്ടെ എന്ന ഭാവത്തോടെ അവൾ ചാടാൻ ഒരുമ്പെട്ടപ്പോൾ, ആരോവന്ന് അവളുടെ കൈ ശക്തിയോടെ പിടിച്ചു. അവളെ പാലത്തിന്മേൽതന്നെ വലിച്ചുനിർത്തി. "അങ്ങിനെ ചെയ്‌വാൻ നിണക്കുപാടില്ല." എന്ന് ഒരു പുരുഷൻ, അനുകമ്പയോടുകൂടെയാണെങ്കിലും ശക്തിയേറിയ സ്വരത്തിൽ അവളോടു പറഞ്ഞു. "നിണക്ക് എന്തു വന്നു പിടിച്ചുപോയി" എന്ന് തുടർച്ചയായി അയാൾ ചോദിച്ചു.

തലയ്ക്കു വെളിവില്ലാത്തതുകൊണ്ട് ഒരുമ്പെട്ടുപോയ കഠിന കർമ്മാരംഭത്തിൽനിന്ന് മോചനംസിദ്ധിച്ച വിചാരാവശതകൊണ്ട് അവളുടെ കാൽമുട്ടുകൾക്ക് ശക്തി ഇല്ലാതായി. "ഞാൻ-ഞാൻ" എന്ന് ഏങ്ങിക്കൊണ്ട് പറഞ്ഞ് അവൾ വിരമിച്ചു. തന്നെ രക്ഷിച്ച ആളുടെ മുഖത്തു് അവൾ തുറിച്ചുനോക്കി. അദ്ദേഹം ദീനസ്വരത്തിൽ പിന്നേയും ഇങ്ങിനെ പറഞ്ഞു. "നീ വിചാരിച്ചുവെച്ച ഈ മാതിരി ത്യാഗത്തിന്ന് അർഹനായിട്ട് പുരുഷവംശത്തിൽ ആരും ഉണ്ടാകയില്ല. നീ നല്ലവണ്ണം ശ്രമിച്ചുനോക്കിയാൽ മറ്റൊരുവഴി കാണാതിരിക്കയില്ല. ഏതായാലും ഇതിന്റെ ഒക്കെ അർത്ഥമെന്തെന്ന് നീ വിവരിച്ചുതരിക. നീ ഒരു ചെറുപ്പക്കാരിയാണല്ലൊ." അദ്ദേഹം കനിഞ്ഞ് അവളുടെ മുഖം നല്ലവണ്ണം ഒന്നുനോക്കി. അയാൾ "ഓ" എന്ന് നിലവിളിച്ച് "ജാനുവോ" എന്ന് മാത്രം പറഞ്ഞു.

അദ്ദേഹം ഭാസ്കരന്റെ അച്ഛൻ ആയിരുന്നു. അദ്ദേഹവും മകനും ഇവിടെ ഏതോ ഒരു വീട്ട് തിരഞ്ഞു നടക്കുകയായിരിക്കണം എന്ന് അവൾ തീർച്ചയാക്കി. ദയാലുവായ ആ വൃദ്ധൻ എല്ലായ്പോഴും അവളുടെ ഗുണകാംക്ഷിയായിരുന്നു. അവളുടെ വിവാഹത്തിന്ന് ഒരു ആഴ്ച മുമ്പേ അദ്ദേഹം സ്വന്തം മകളെപ്പോലെ അവളോട് പെരുമാറിയിരുന്നു. ആ മഹാത്മാവിനേയാണ് അവൾ നിർല്ലജ്ജം വഞ്ചിച്ചുകളഞ്ഞതു്. ജാനു എന്നാണ് അവളെ വിളിച്ചതും. പരമാർത്ഥം ഇനിയും അയാൾക്കു മനസ്സിലായിട്ടില്ല. എന്തിന്നു മടിക്കുന്നു! ഇദ്ദേഹത്തേയും ഇനി വഞ്ചിക്കേണ്ടുന്ന കാര്യം എന്താണ്.

**ധനം:** ഞാൻ ജാനുവല്ല. യഥാർത്ഥത്തിൽ എന്റെ പേർ ധനമാണ്.

ഒരു നിമിഷനേരത്തോളം രണ്ടുപേരും മൗനംധരിച്ചു: അയാൾ സകല വികാരങ്ങളും ഉള്ളിൽ ഒതുക്കിവെച്ചു.

**ഭാസ്കരന്റെ അച്ഛൻ:** (ഗൗരവത്തോടെ) കഥ ഒക്കെ ഞാൻ അറിയും. എന്റെ മകൻ ഒക്കെ പറഞ്ഞുതന്നപ്പോൾ വിശ്വാസം വരാത്തവിധത്തിൽ ഞാൻ ആശ്ചര്യപ്പെട്ടുപോയി. കുട്ടി! നീ എന്തിന്ന് അങ്ങിനെ ചെയ്തു?

മകന്റെ അടുത്തുനിന്നു കിട്ടിയ ക്രൗര്യവും ശകാരവും നിന്ദയും ഇദ്ദേഹത്തിന്റെ കയ്യിൽനിന്നും കിട്ടുമെന്ന് അവൾ ആലോചിച്ചുപോയിരുന്നു. ഈ ചോദ്യം അവളെ സങ്കടപ്പെടുത്തി. അയാളുടെ ഗൗരവം ക്രൗര്യത്തേക്കാൾ ദുസ്സഹമായിത്തോന്നി. അവളുടെ ഞരമ്പുകൾ പൊട്ടിപ്പോകും പ്രകാരം വലിഞ്ഞുനിന്നിരുന്നു. എന്നാലും അയാളുടെ സ്വരത്തിൽ ഒരു ദീനദയാലുത്വം ചുഴച്ചിരുന്നു. ധനത്തിന്ന് വാസ്തവം മുഴുവനും അയാളോട്ട് തുറന്നു പറഞ്ഞുകൊടുക്കണം എന്നുതോന്നി. അവർ ഇരുവരും ഒരു മരക്കൂട്ടത്തിലേയ്ക്കു നടന്നു. അവൾ ആദ്യംമുതൽ അവസാനംവരെ കഴിഞ്ഞ സംഭവങ്ങളൊക്കെ, പറഞ്ഞുകൊടുത്തു. ഒരു യുവതി കമ്പസാരിക്കുന്നതു ക്ഷമയോടെ കേൾക്കുന്ന ഒരു പാതിരിയെപ്പോലെ ഭാസ്കരന്റെ അച്ഛൻ വിഘ്നമുണ്ടാക്കാതെ എല്ലാം കേട്ടു.

**ഭാ. അച്ഛൻ:** അയ്യോ. സാധു-മഹാസാധുക്കുട്ടി.

ധനം ആശ്ചര്യത്തോടെ അയാളെ ഒന്നു നോക്കി.

**ധനം:** (ഇടർച്ചയോടെ) നിങ്ങൾ എന്നേ ശകാരിക്കുന്നില്ല എന്നോ?

**ഭാ. അച്ഛൻ:** (ഗൗരവമായി) നീ വേണ്ടതിലധികം സങ്കടം അനുഭവിച്ചുകഴിഞ്ഞു എന്നാണ് എന്റെ പക്ഷം. എന്നാലും, ധനം! നീ എന്തോ ഒന്നു പറയാതെ വിട്ടുകളഞ്ഞപോലെ തോന്നുന്നു. കുറേമുമ്പേ നീ ആത്മഹത്യ ചെയ്‌വാനല്ലെ ഭാവിച്ചതു്. കുറേക്കൂടി നിണക്ക് പറയുവാനുണ്ടായിരിക്കണം.

ധനത്തിന്ന് ശ്വാസംമുട്ടി.

**ധനം:** (പതിഞ്ഞസ്വരത്തിൽ) അതേ. ചിലതു് പറവാൻ ബാക്കിയാണ് എനിക്ക് ഗർഭമാണ്. അതു നിങ്ങളുടെ മകന്റെ വകയാണ്.

ഭാസ്കരന്റെ അച്ഛനോടു നിലവിളിച്ചുപോയി.

**ഭാ. അച്ഛൻ:** (ഇടറിയസ്വരത്തിൽ) ഇതു കാര്യത്തിന്റെ സ്വഭാവം തീരെ മാറ്റിക്കളയുന്നുണ്ട്. എന്റെ മകനോട്ട് ഈ സംഗതി ക്ഷണം പറയേണം.

അവൾക്ക് ഒരു വിറയലാണ് വന്നുചേർന്നതു്.

**ധനം:** (ഇടർച്ചയോടെ) അദ്ദേഹത്തോട്ട് ഞാൻ പറഞ്ഞു. അയാൾ എന്റെ വാക്ക് വിശ്വസിച്ചില്ല.

**ഭാ. അച്ഛൻ:** എപ്പഴാണ് നീ പറഞ്ഞതു്?

**ധനം:** (മന്ദസ്വരത്തിൽ) ഇപ്പോൾതന്നെ. എന്നുവെച്ചാൽ നിങ്ങൾ വരുന്നതിന്നും കുറെമുമ്പെ.

വൃദ്ധൻ അവളുടെ കൈപിടിച്ച് അവളുടെ മുഖത്തു നോക്കി.

**ഭാ. അച്ഛൻ:** അതുകൊണ്ടാണോ നീ വെള്ളത്തിൽ ചാടി മരിച്ചുകളവാൻ ഭാവിച്ചതു്.

സമ്മതസൂചകമായി ധനം തല ഇളക്കി. ഭാസ്കരനുമായി നടന്ന അഭിമുഖസംഭാഷണത്തിന്റെ നിഷ്ഠുരഫലം അവളെ വല്ലാതെ പീഢിപ്പിച്ചു. അവൾക്കു മിണ്ടാനുംകൂടി വയ്യാതായി. ഇതുകേട്ടപ്പോൾ വൃദ്ധന്ന് കോപം പൊട്ടി.

**വൃദ്ധൻ:** അവന്റെ ബുദ്ധി രാക്ഷസീയമായിപ്പോയി. എന്റെ മകന്ന് ഭ്രാന്തായ്പോയി. അവനെ നല്ലവണ്ണം പറഞ്ഞു മനസ്സിലാക്കിക്കണം. കാര്യം ഇത്രത്തോളം എത്തിപ്പോയതു് ഞാനും വിചാരിച്ചിരുന്നില്ല. (ശാന്തമായി) ഓമനേ! നിനക്കു മേലാൽ ആവലാതിക്കൊന്നും വഴി ഉണ്ടാകയില്ല.

എന്റെ മകൻ നിന്നെ വീണ്ടും വിവാഹംചെയ്യും. നിന്റെ സ്വന്തം പേരിൽ.

അവളേ ആകപ്പാടെ ഒരു ആശ്വാസം വന്നുമൂടി.

**ധനം:** അങ്ങുന്നേ! നിങ്ങൾ ഗുണവാനാണ്. ഉദാരമതിയുമാണ് എന്നോടു ചെയ്തുപോയ ചില സംഗതികൾ ആലോചിച്ചാൽ, ഇത്രത്തോളം ദയയും ധർമ്മബുദ്ധിയും ഞാൻ നിങ്ങളിൽനിന്നും ആശംസിച്ചിരുന്നില്ല. ഞാൻ അർഹിച്ചും ഇരുന്നില്ല. എന്നാലും നിങ്ങൾ ഒരു കാര്യം മനസ്സിലാക്കീട്ടില്ല. നിങ്ങളുടെ മകൻ പ്രേമിക്കുന്നതു് മറ്റൊരുവളേയാണ് അയാളുടെ പ്രേമം സമ്പാദിക്കാൻ ഇനി എനിക്കു സാധിക്കുമെന്നു തോന്നുന്നില്ല. എനിക്കുവേണ്ടി അയാൾ അവളെ വെടിയുക ഉണ്ടാകയില്ല.

**വൃദ്ധൻ:** (ദൃഢതയോടെ) അവൻ അവളെ വെടിയും, അവന്നു പിറക്കാൻപോകുന്ന കുട്ടിയേ വിചാരിച്ചിട്ട്. ഒരാൾ ഒരു കുട്ടിയുടെ അച്ഛനാണെന്നു വന്നാൽ അയാൾക്ക് ഒഴിച്ചു കൂടാത്ത ചില ഭാരവാഹിത്വങ്ങൾ സഹിക്കേണ്ടതുണ്ട്. (അവളുടെ കൈ തടവിട്ട്) എന്റെ കുട്ടീ! ഇപ്പോൾ അവൻ കോപിച്ചും മുഷിഞ്ഞും ഇരിക്കുകയാണ്. ഒരു സമയം അവനേയും കുറ്റം പറവാൻ പാടില്ലായിരിക്കും. എന്നാലും എന്റെ മകൻ ന്യായം പ്രവർത്തിക്കാതിരിക്കില്ല. ഒരാൾക്കു ജനിച്ച കുട്ടിയുടെ അമ്മയ്ക്ക് അയാളുടെ മേൽ ചില അവകാശാധികാരങ്ങൾ സിദ്ധിച്ചിട്ടും ഉണ്ട്.

ആശ്വാസത്തോടെ നിശ്വസിച്ചിട്ട് ധനം അയാളെ പിടിച്ച പിടിത്തം വിട്ടില്ല. തിരമാലകളാൽ തല്ലിത്തകർക്കപ്പെട്ട് മരിക്കാറായ ഒരാൾക്ക് ഉണങ്ങിയ കര കണ്ടുകിട്ടിയപോലെ ഒരു സുഖം അവൾക്ക് ഉണ്ടായി. എന്നാൽ ഭാസ്കരന്റെ കോലം അത്യുഗ്രകോപംകൊണ്ട് ജ്വലിച്ചു കണ്ടതു് അവളുടെ മനസ്സിൽനിന്നു വിട്ടുപോയില്ല. "ഒരു സമയം അയ്യാൾ ഒന്നിനും വഴിപെടാതിരുന്നാലോ" എന്ന് അവൾ വൃദ്ധനോടു ചോദിച്ചു.

**വൃദ്ധൻ:** (കണ്ണിൽനിന്നു തീപ്പൊരി പാറുംപ്രകാരം) അവന്ന് ഒരിക്കലും നിഷേധിപ്പാൻ പാടില്ല. അവൻ വഴിപ്പെടാതിരുന്നാൽ എന്റെ സമ്പാദ്യമായ സ്വത്തിൽ ഒരു പൈപോലും അവനു കിട്ടുമെന്ന് വിചാരിക്കേണ്ട. നിനക്കും നിനക്കു ജനിക്കാൻ പോകുന്ന കുട്ടിക്കും എന്നെ ഒരു രക്ഷയായി ആശ്രയിക്കാം. എന്റെ കൂടെ വരണം എന്നാണ് ഞാൻ പറയുന്നതു്.

എന്നാൽ ധനം നിഷേധസൂചകമായി ഒന്നു തല ഇളക്കി.

**ധനം:** അതിന്ന് ഇനിയും കാലമായിട്ടില്ല. നിങ്ങൾ മകനുമായി സംസാരിച്ചതിൽ പിന്നെ മാത്രമേ എനിക്ക് അതിന്നു ധൈര്യം വരികയുള്ളൂ.

**വൃദ്ധൻ:** ഒന്നുകൊണ്ടു നോക്കിയാൽ നീ ശരിയാണ്. പ്രിയ കുട്ടി! ഞാൻ നിനക്ക് ഒരു എഴുത്തയയ്ക്കും. അതിനിടയിൽ നീ യാതൊരു തെറ്റോ സാഹസമൊ ചെയ്കയില്ലെന്ന് എന്നോടു വാഗ്ദത്തം ചെയ്യുകയുംവേണം.

എത്രയോ സന്തോഷത്തോടെ അവൾ വാഗ്ദാനവും ചെയ്തു. അവളെ അവളുടെ കേവലം കണ്ണിൽ പിടിക്കാത്ത പാർപ്പിടംവരെ കൊണ്ടാക്കി വൃദ്ധൻ യാത്രയും പറഞ്ഞു് അവിടംവിട്ടു. ധനത്തിന്റെ കാര്യത്തിൽ ക്ഷണകാലംകൊണ്ട് ലോകം ആകപ്പാടെ ഭേദിച്ചുപോയി. ഭാസ്കരന്റെ അച്ഛൻ ഗുണവാനും ദീനദയാലുവും മാനശാലിയും ആയിരുന്നു. അദ്ദേഹം വാഗ്ദത്തം ചെയ്തതുകൊണ്ട് ഭാവികാലജീവിതം ഭയവും ലജ്ജയും കൂടാതെ സുഖകരമായി കഴിക്കാമെന്ന് അവൾ പ്രതീക്ഷിച്ചു.

# 18

## ദുരുപദേശവും മറ്റും

“എടോ! ഹേമാംഗ! നിന്നെ കാണണം എന്ന കാംക്ഷയോടുതന്നെ ഞാൻ നടക്കുകയായിരുന്നു. മാറ്റാരെയുമല്ല, നിന്നെത്തന്നെ!” എന്ന ഭാസ്കരന്റെ സന്തുഷ്ടശബ്ദമാണ് ഹേമാംഗൻ പെട്ടെന്ന് കേട്ടിരുന്നത്. ഭാസ്കരൻ അവന്റെ ക്ലബ്ബിന്റെ മാർബിൾസീറ്റുംകടന്ന് “പാൾമാൾ” എന്ന ദിക്കിലേയ്ക്കു പോവാനുള്ള ആനവാതിലിന്റെ അടുത്തു വരികയായിരുന്നു. ഹേമാംഗൻ, വർത്തമാനപത്രവും താഴത്തിട്ട്, തന്റെ സ്നേഹിതനെ എതിരേല്ക്കുവാൻ എഴുന്നേറ്റു. അയാൾ തന്റെ സ്വർണ്ണസിഗരട്ടുസഞ്ചി അയാളുടെ നേരെ നീട്ടി.

**ഹേമാംഗൻ:** (ഒരു ഒതുക്കിയ ചിരിയോടെ) ഞാൻ വിചാരിച്ചു നീ നാടകശാലയിൽ ആയിരിക്കുമെന്ന്.

എന്നാൽ ഭാസ്കരൻ വ്യസനത്തോടും നിഷേധസൂചകമായും തന്റെ തല ഇളക്കി.

**ഭാസ്കരൻ:** ആനന്ദവല്ലി. പിന്നേയും രണ്ടുദിവസത്തേയ്ക്കു ബോമ്പായിൽ പോയിരിക്കുന്നു.

ഭാസ്കരൻ തന്റെ വായ ഉറപ്പിച്ചു പൂട്ടി. ഒരു നിമിഷനേരം ഒന്നും മിണ്ടാതെ തന്റെ മുൻഭാഗത്തു് നോക്കിനിന്നു. അതിൽപിന്നെ ഉണർവ്വുവരുംപ്രകാരം ദേഹം ഒന്നു നല്ലവണ്ണം കുലുക്കി.

**ഭാസ്കരൻ:** നീ എന്റെകൂടെ എന്റെ “കണ്വനാദം” എന്ന ഭവനത്തിൽ വരുമോ? എനിക്ക് നിന്നോട് ഒരു കാര്യം പറവാനുണ്ട്.

“ഒരു വിരോധവുമില്ല” എന്നു പറഞ്ഞു തൊപ്പിയും ഇട്ടു ഹേമാംഗൻ എഴുന്നേറ്റു. രണ്ടാളും ഇറങ്ങി, അധികം ജനബാധ ഇല്ലാത്ത “‘പാൾമാളിലെ” വിസ്തൃതതെരുവുകളിൽ അന്യോന്യം ഉരിയാടാതെ കുറേനേരം നടന്നു. മൗനം ഒന്നാമതു പൊട്ടിച്ചതു ഭാസ്കരനാണ്.

**ഭാസ്കരൻ:** നിങ്ങൾക്ക് എന്റെ വക്കീൽമാർ അയച്ച നോട്ടീസ് കിട്ടിയായിരിക്കും. എന്റെ ഹർജി ഈ വരുന്ന ബുധനാഴ്ചയാണ് വിചാരണയ്ക്കു വെച്ചിരിക്കുന്നത്.

**ഹേമാംഗൻ:** (തലകുലുക്കീട്ട്) വക്കീൽമാരുടെ ഒരു എഴുത്താണ് എനിക്കു കിട്ടിയത്. അതും ഇന്നു രാവിലെയാണ്. വെക്കേഷനുമുമ്പ് അതു വിചാരണയ്ക്കു വെപ്പിച്ചതുകൊണ്ട് ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. ഈ സ്റ്റേഷനിൽ വിചാരണയ്ക്ക് എത്രയോ അധികം കെയിസുകൾ വെച്ചുപോയിട്ടുണ്ട്. അതുകൊണ്ടു വളരെ നമ്പർ നീട്ടിവെക്കാനും ഇടയുണ്ട്. അതുകൊണ്ട് അടുത്തുവെച്ചു കിട്ടിയത് നിങ്ങളുടെ ഭാഗ്യമാണ്.

**ഭാസ്കരൻ:** അതെ. ഭാഗ്യം തന്നെ. (കുറേനേരം മിണ്ടാതിരുന്നിട്ട്) ആകപ്പാടെ ഒരു സൊല്ലപിടിച്ച തകരാറായിട്ട് എനിക്കു തോന്നുന്നു. ഈ മാലാകാരമൊക്കെ ഒരുവിധം തീർത്താൽ എനിക്കു സുഖമായിരുന്നു.

തൽക്ഷണം ഹേമാംഗന് ഒരു ശങ്കയോ സംശയമോ തോന്നി.

**ഹേമാംഗൻ:** (പെട്ടെന്ന്) നിങ്ങൾ ഉടനെതന്നെ ആനന്ദവല്ലിയെ വിവാഹം ചെയ്യുമെന്നു ഞാൻ കരുതുന്നു.

**ഭാസ്കരൻ:** അങ്ങിനെയാണ് ഞാനും വിചാരിക്കുന്നത്.

ഹേമാംഗൻ പെട്ടെന്ന് അദ്ദേഹത്തെ തിരിഞ്ഞു നോക്കി.

**ഹേമാംഗൻ:** എന്താണ് നിങ്ങൾ പറഞ്ഞത്? വിവാഹം ഒക്കെ ശട്ടംചെയ്തു്, ഒരുക്കങ്ങളുംകൂടി കഴിഞ്ഞു എന്നല്ലെ ഞാൻ ധരിച്ചത്.

ഭാസ്കരൻ താൻ വലിച്ചിരുന്ന സിഗററ്റു് വായിൽനിന്നെടുത്തു് വലിച്ചെറിഞ്ഞു. അദ്ദേഹത്തിന്ന് ഒരു ക്ഷമയില്ലാത്തഭാവം ഉണ്ടായി.

**ഭാസ്കരൻ:** വിവാഹം കഴിപ്പാനുള്ള ലൈസൻസ് ഞാൻ വാങ്ങിക്കഴിഞ്ഞു. എന്റെ വിവാഹം അസാധുവെന്ന നിലയിൽ റദ്ദാക്കിക്കിട്ടിയ പിറ്റേന്ന് എന്നെ വിവാഹിക്കാമെന്ന് ആനന്ദം വാഗ്ദത്തം ചെയ്തിട്ടുണ്ട്.

ഭാസ്കരൻ അല്പം പരുങ്ങി. നിവൃത്തിയില്ല എന്ന വിധത്തിൽ പിന്നേയും സംഭാഷണം തുടർന്നു.

**ഭാസ്കരൻ:** ഹേമാംഗ! ആ പെണ്ണിനെ വിചാരിച്ചിട്ട് എനിക്ക് എന്തോ ഒരു ചഞ്ചലഭാവം പിടിപെട്ടുപോകുന്നു. മനസ്സിൽ ഒരു ശല്യം.

**ഹേമാംഗൻ:** (കർക്കശമായിട്ട്) ധനത്തിനെ വിചാരിച്ചിട്ടൊ. അവൾക്കൊന്നും പേടിക്കാനില്ലല്ലൊ. റോയൽപാർക്ക് ഹോട്ടലിൽ ഞാൻ അവൾക്ക് ഒരു ജോലി സമ്പാദിച്ചു കൊടുത്തിട്ടുണ്ടല്ലൊ. അവളുടെ കാര്യത്തിൽ നിങ്ങൾ എന്തിനാണ് തലയിടുന്നത്?

**ഭാസ്കരൻ:** (ദേഹം ആകെ ഒന്നിളക്കി മന്ദസ്വരത്തിൽ ഞാൻ അവളെ ഇന്നു രാവിലെ കണ്ടു. അവൾക്ക് ഗർഭമാണെന്ന് അവൾ പറഞ്ഞു.

“എന്തു്” എന്ന ഒരു ചോദ്യം ഹേമാംഗന്റെ വായിൽനിന്നു വെടി പൊട്ടുംപോലെ പുറപ്പെട്ടു.

**ഹേമാംഗൻ:** (ഉച്ചത്തിൽ)ഒരു കുട്ടിജനിക്കാൻ പോകുന്നു എന്നോ? നിശ്ചയമായിട്ടും അതിന്നിടയില്ലല്ലൊ.

ഭാസ്കരൻ ചുണ്ടുകൾ മുറുകെ കടിച്ചു. “അവൾ പറയുന്നതു നേരാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇത് എന്നെ പറ്റിക്കാനുള്ള മറ്റൊരു സൂത്രമായിരിക്കണം. “ഞാൻ അത് വിശ്വസിക്കുകയില്ല” എന്ന് ഞാൻ അവളോട് അപ്പോൾതന്നെ പറഞ്ഞു. എന്നാലും ഹേമാംഗ! ഈ അത്ഭുതം. അല്പം അസ്വസ്ഥനാക്കാതിരിക്കുന്നുമില്ല.”

**ഹേമാംഗൻ:** അന്ന് രാത്രി നിങ്ങൾ അവളെ വെറുതെ വിട്ടിട്ടില്ല.

ഭാസ്കരൻ കൈമുഷ്ടി മുറുക്കിപ്പിടിച്ചു. അയാളുടെ ശബ്ദം അവ്യക്തമായി. അസത്യം പറയുവാൻ ഒരിക്കലും അയാൾക്ക് മനസ്സുവന്നില്ല.

**ഭാസ്കരൻ:** രാത്രി ഞങ്ങൾ ഒന്നിച്ച് സുഖമായിക്കഴിച്ചു. പിറ്റേന്നു രാവിലെയാണ് ഞാൻ അവളെ വെടിഞ്ഞത്. ഞാൻ ഒരു ക്ഷുദ്ര മൃഗത്തേപ്പോലെ ആചരിച്ചുപോയി ഹേമാംഗ! അവൾ എന്നോട് ചെയ്ത കെട്ടതിവിചാരിച്ചാൽ ഞാൻ അങ്ങിനെ ഒന്നിന്ന് ഒരുമ്പെടരുതായിരുന്നു. അന്ന് എന്റെ നില തെറ്റിപ്പോയിരുന്നു. ചാരിത്രഭംഗം വരുത്തിയതിന്ന് പ്രതികാരേച്ഛയായിരുന്നു പ്രബലമായ കാരണം. എന്റെ കർമ്മംകൊണ്ട് ഞാനാണ് തോറ്റത്. എന്തുകൊണ്ടെന്നാൽ ഒരു സമയം അവൾ പറയുന്നത് സത്യമാണെന്നു വിചാരിച്ചാലൊ! അല്ല, സത്യമാണെന്നു വന്നാലൊ!

“സത്യമോ” എന്ന് അയാളുടെ വാക്കുകൾ ഖണ്ഡിക്കുംപ്രകാരം നിലവിളിച്ചിട്ട് ഹേമാംഗൻ പരുപരുത്ത ശബ്ദത്തിൽ ഒന്നു ചിരിച്ചു. വാസ്തവം പറഞ്ഞാൽ ഹേമാംഗന്റെ കൈത്തണ്ടയിൽനിന്നും നെറ്റിയുടേയും ചെവിയുടേയും മദ്ധ്യത്തിൽനിന്നും തന്റെ നാഡികളും കഠിനമായി സ്പന്ദിക്കുന്നുണ്ടെന്നു ഹേമാംഗന്നു ബോദ്ധ്യമായി. അപ്പോൾ ധനം പേരിന്ന് മാത്രമല്ല യഥാർത്ഥത്തിലും അയാളുടെ സ്വന്തമായി. ഇന്നലെ രാത്രി അയാൾ അവളെ ചുംബിച്ചിട്ടുണ്ടാകയില്ല... അയാൾ (ഹേമാംഗൻ) അവളെ വിവാഹം ചെയ്‌വാനാണ് ചോദിച്ചത് എന്ന് നടിപ്പാനും അവൾക്ക് ധൈര്യം വന്നു അല്ലേ! ഹേമാംഗന്ന് ഒരു വലിയ ഭയമുണ്ട്. ഭാസ്കരനെക്കൊണ്ട് അവളെ രണ്ടാമതും സ്വീകരിപ്പിക്കാൻ ധനത്തിന്ന് സാധിച്ചു എന്നുവരാൻമതി. അതാണ് ഹേമാംഗൻ സൂക്ഷിക്കേണ്ടത്. അതാണ് അയാൾ മുടക്കേണ്ടത്.

“എന്റെ ഭഗവാനെ! ഭാസി! ആ മാതിരി പിത്തലാട്ടം കൊണ്ടൊന്നും നീ കെണിഞ്ഞുപോകരുതെ. നിന്നെത്തന്നെ നീ വിലയില്ലാതെകണ്ട് വലിച്ചെറിഞ്ഞുകളയരുത്.” എന്ന് എത്രയോ പുച്ഛരസത്തിൽ ചിരിച്ചുകൊണ്ട് ഹേമാംഗൻ ചോദിച്ചു. തിരി കെട്ടുപോകുമ്പോലെ, വല്ല ശങ്കയും ഭാസ്കരന്റെ ഹൃദയത്തിൽ ഉണ്ടായിരുന്നു എങ്കിൽ, അതും അസ്തമിച്ചുപോയി. മിത്രഭാവത്തിൽ നില്ക്കുന്ന ശത്രുവിനേക്കാൾ വലിയ പിശാചില്ലെന്ന് ഭാസ്കരൻ അറിഞ്ഞില്ല.

**ഭാസ്കരൻ:** (ഉറപ്പോടെ)ഇല്ല. ഒരിക്കലും ഞാൻ അങ്ങിനെ ചെയ്കയില്ല. മാത്രം അവൾക്കു വല്ല പണത്തിന്നും തിടുക്കം നേരിട്ടാൽ—

പിന്നേയും ഹേമാംഗൻ പുച്ഛമായിച്ചിരിച്ചു.

**ഹേമാംഗൻ:** ഇഷ്ടാ ഭാസി! അങ്ങിനെയുള്ള പെണ്ണുങ്ങളുമായി നിണക്ക് ഇനിയും പരിചയം സിദ്ധിച്ചിട്ടില്ല. ഞാൻ ഭൂമിചുറ്റിസ്സഞ്ചരിക്കുന്നതിന്നിടയിൽ ആ ജാതി സ്ത്രീകളിൽ ചിലരുമായി പരിചയിക്കേണ്ടിവന്നിരുന്നു. പണമേ അവർക്കു വേണ്ടുള്ളൂ. പണം പിടുങ്ങണം എന്നു തോന്നിയാൽ അതിന്നുവേണ്ടി കൈനീട്ടാൻ അവർക്കു കേവലം നാണവും മാനവും ഉണ്ടാകയില്ല. കാര്യം തുറന്നു പറയേണമെങ്കിൽ നമ്മുടെ ചങ്ങാതിച്ചി ധനം, ഒരു നല്ലതുകയ്ക്കുവേണ്ടി എന്നോടും വന്നു കെഞ്ചീട്ടുണ്ട്. ഞാൻ ഒന്നുകൂടി നിങ്ങളെ താക്കീതു ചെയ്യുന്നു. ആ മാതിരിക്കാരോട് വളരെ അകന്നു നില്ക്കുന്നതാണ് നല്ലത്. അവൾ നിങ്ങളെ കബളിക്കാൻവേണ്ടി കെട്ടി ഉണ്ടാക്കിയ കഥയിൽ ഒരു അക്ഷരംപോലും എനിക്കു വിശ്വാസമില്ല. നിങ്ങൾ ഒരിക്കൽ വിഡ്ഢിത്തംകൊണ്ട് അല്പം ദയ കാണിച്ചുപോയാൽ, അവൾ അതിന്മേൽ പിടിച്ചുകേറാതിരിക്കില്ല. നിന്റെ ഹർജി നിലവിലാണുള്ളത്. എന്നും നീ ആലോചിക്കേണ്ടതാണ്. അതു ബുധനാഴ്ചയാണ്. സൂക്ഷിച്ചോ!

സമ്മതിച്ചപോലെ ഭാസ്കരൻ തല ഇളക്കി.

**ഭാസ്കരൻ:** ഹേമാംഗ! നീ പറഞ്ഞതു ശരിയാണ് ഞാനും വിചാരിക്കുന്നു. എന്റെ അഭിപ്രായത്തോടു നിങ്ങളും അനുകൂലിച്ചുകാണുന്നത് എനിക്കു സന്തോഷമാണ്.

ഇങ്ങിനെ പറഞ്ഞു ഭാസ്കരൻ, തന്റെ അച്ഛന്റെ വീട്ടിന്റെ പടിക്കൽ എത്തിയപ്പോൾ അവിടെനിന്ന് “നിങ്ങൾക്കു വല്ലതും കുടിപ്പാൻ വേണമോ” എന്നു ചോദിച്ചു.

എന്നാൽ ഹേമാംഗൻ അതിന്നു നില്ക്കാതെ പോയി. ഭാസ്കരൻ കോണിയും കേറി തന്റെ മുറി തുറക്കാൻ താക്കോൽ പൂട്ടിൽ ഇറക്കി. തനിക്ക് അതുവരേയ്ക്കും അനുഭവമായ മനസ്സാക്ഷിയുടെ കുത്തും ശകാരവും, തന്റെ ചങ്ങാതിയുടെ വാക്കുകൾ കേട്ടപ്പോൾ ശമിച്ചുപോയി. എന്നുമാത്രമല്ല ഹേമാംഗൻ അവൾക്കു പണം കൊടുക്കേണ്ടിവന്നു എന്നു കേട്ടപ്പോളും അയാൾ വല്ലാതെ ഒന്നു ഞെട്ടിപ്പോയി. ധനത്തോടു തനിക്ക് ഇതുവരെ ഉണ്ടായിരുന്ന അനുകമ്പ ഒക്കെ അസ്തമിച്ചു. അതിന്റെ സ്ഥാനത്തു കോപം കയ്യേറി... ഭ്രൃ. അയാൾ ദേഹം ഒന്നു കുലുക്കി. ധനം തനിക്ക് ഒന്നും അല്ലാത്തവളായി. അതിലും താണവളായി. ഒന്നിന്നും കൊള്ളാത്തവളായി. അവളെ സംബന്ധിച്ച് തനിക്ക് അകാരണമായി തോന്നിയ മനസ്സാക്ഷിയുടെ കമ്പം, തന്റെ വെറും ആലോചന ഇല്ലായ്മയും വങ്കത്തരവും കൊണ്ടുണ്ടായതാണെന്ന് അയാൾ ഉറച്ചു.

ഭാസ്കരൻ മുറിയിൽ പ്രവേശിച്ചു വാതിൽ പൂട്ടി. കിഴവൻ ബട്‌ളേർ ഉടനെ തന്റെ മുറിയിൽ കേറിവന്നു. “ഭാസ്കരൻമൂപ്പരേ! നിങ്ങൾ ഇപ്പോൾതന്നെ നിങ്ങളുടെ അച്ഛന്റെ മുറിയിൽ ഒന്നു ചെല്ലുമോ? നിങ്ങൾ വന്നാൽ ഉടനെ ഒന്ന് അത്രത്തോളം ചെല്ലാൻ നിങ്ങളോടു പറവാൻ വലിയമൂപ്പർ കല്പിച്ചിരിക്കുന്നു” എന്നു പറഞ്ഞു.

**ഭാസ്കരൻ:** (ആശ്ചര്യത്തോടെ) എന്തുണ്ടായി സുന്ദരം ബൊട്‌ളേർ!

തന്റെ അച്ഛൻ തന്നെ വിളിക്കാനയച്ചിട്ടു വളരെ കൊല്ലമായി. അദ്ദേഹം രാത്രി പതിനൊന്നുമണിക്കു കിടന്നുറങ്ങാൻ പോക എന്ന പതിവ് ഇതുവരെ പൊട്ടിച്ചിരുന്നിട്ടും ഇല്ല. ഞാനൊന്നും അറിയുകയില്ല എന്ന ഭാവത്തിൽ ബൊട്‌ളേർ തല ഇളക്കി.

**ബൊട്‌ളർ:** മൂപ്പർ വന്നുകേറുമ്പോൾ ഒരു സ്വസ്ഥത ഇല്ലാത്തപോലെ കളിച്ചിരുന്നു. അദ്ദേഹത്തിന്റെ ഈ രോഗാവസ്ഥയിൽ ഇങ്ങിനെ കമ്പിതനായി കണ്ടപ്പോൾ എനിക്കു ഭയം നേരിട്ടിരുന്നു.

ശോകം വിങ്ങുന്ന മനസ്ഥിതിയോടെ, ഭാസ്കരൻ ക്ഷണം, പുസ്തകങ്ങൾ വെച്ചിരുന്ന മുറിയുടെ വാതിൽ ചെന്നു തുറന്നു. അയാളുടെ അച്ഛൻ ഒരു ഒഴിഞ്ഞ തീച്ചട്ടിയുടെ അരികെ ഇരുന്നിരുന്നു. വിവിധ വികാരങ്ങൾ നിമിത്തം അദ്ദേഹത്തിന്റെ മുഖം വിളറിയതും ചാലുകൾ നിറഞ്ഞതും ആയിരുന്നു. ഭാസ്കരൻ പ്രവേശിച്ചപ്പോൾ അയാളുടെ ദേഹം അസാരം ഇളകി. അയാൾക്കു സംസാരിപ്പാനും കൂടി അദ്ധ്വാനം വേണ്ടിവന്നു. അദ്ദേഹം ശ്വസിക്കുമ്പോൾ കിതച്ചിരുന്നു.

**വൃദ്ധൻ:** മകനേ! എനിക്കു നിന്നോട് ഒരു കാര്യം പറവാനുണ്ട്. വളരെ മുഖ്യമായ ഒന്നാണ്. ധനത്തേ... ഞാൻ കണ്ടു.

ഭാസ്കരൻ ഉടനേതന്നെ തന്റെ അച്ഛന്റെ അടുക്കെ ചെന്നു നിന്ന് “എന്നിട്ടച്ഛാ” എന്നു പറഞ്ഞു. എന്നാൽ ഭാസ്കരൻ അച്ഛനെ താങ്ങാൻ കൈനീട്ടും മുമ്പേ വൃദ്ധൻ ചാഞ്ഞു് “റഗ്ഗി”ന്മേൽ വീണു. കുറേ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മറുഭാഗത്തിൽനിന്ന് ഒരു ഡോക്ടർവന്ന് വൃദ്ധനെ പരിശോധിച്ചു. പരിശോധന കഴിഞ്ഞു ഉടനെ ഡോക്ടർ. ഭാസ്കരനെ വിളിച്ചു. “ഇതു പക്ഷപാതമാണ്. ഇനി ഇദ്ദേഹത്തിന്ന് ഇളകാനോ മിണ്ടാനോ സാധിക്കുകയില്ല” എന്നുമാത്രം പറഞ്ഞു.

ഭാസ്കരന്ന് തന്റെ അച്ഛനെ വളരെ സ്നേഹവും ബഹുമാനവും ആയിരുന്നു. പക്ഷപാതം എന്നു കേട്ടപ്പോൾ ഒരു ഭയവും അനുകമ്പയും ഒരു വലിയ തിരപോലെ അയാളുടെ ഉള്ളിൽ പൊങ്ങി. അയാൾ ഉടനെ അച്ഛന്റെ അരികെ മുട്ടുകുത്തി. സ്ഥിതിചെയ്തു. വൃദ്ധന്റെ കൺപോളകൾ അടഞ്ഞും തുറന്നുംകൊണ്ടിരുന്നു. “കേടു തട്ടാത്ത ഭാഗം അതുമാത്രമാണ്” എന്നു ഡോക്ടർ മന്ത്രിച്ചു.

വൃദ്ധന്റെ മങ്ങിയ കണ്ണുകൾ മകന്റെ മുഖത്തു പതിഞ്ഞു. പെട്ടെന്ന് മരണമയമായ ജീവിതത്തിൽ പ്രവേശിക്കപ്പെട്ടുപോയിരുന്നു എങ്കിലും ആ കണ്ണിൽ ചിലപ്പോൾ ചൈതന്യം സ്ഫുരിച്ചു.

“അവർക്ക് എന്തോ എന്നോടു പറവാനുണ്ട്” എന്ന് ഭാസ്കരൻ പറഞ്ഞു.

എന്നാൽ, നീലിച്ചുപോയ ചുണ്ടുകളുടെ ഇടയിൽക്കൂടെ നാവു പുറമേ വരുന്നതു കണ്ടില്ല. പെൻസിൽ കൊണ്ട് പണ്ട് എഴുതാൻ വെയ്ക്കുന്ന കൈ, ഒരു ഉണങ്ങിപ്പോയ മരക്കൊമ്പുപോലെ ഇരുന്നു. വൃദ്ധന്ന് പറവാനുണ്ടായിരുന്ന അവസാനശാസനകൾ മകനോടു പറഞ്ഞുകൊടുപ്പാൻ വയ്യാതായിപ്പോയി.

“ഒരു സമയം ഈ നിലയിൽ ഇദ്ദേഹം കുറെ കൊല്ലങ്ങളോളം കിടന്നുപോവാനും മതി. അല്ലെങ്കിൽ ഉടനെ മരിച്ചു പോകുവാനും മതി” എന്ന് ഹാളിൽ എത്തിയപ്പോൾ ഡോക്ടർ, ഭാസ്കരനോടു പറഞ്ഞു.

**ഡോക്ടർ:** എന്നാൽ പണ്ടത്തെ നിലയിലോ, മിണ്ടാൻ വയ്യുന്ന നിലയിലോ പിന്നേയും വരേണമെങ്കിൽ അത് അത്ഭുതങ്ങളിൽവെച്ച് അത്ഭുതമായിരിക്കും. എന്നാൽ കണ്ണിന്റെ ഉള്ളിൽ അസാരം ഓർമ്മയുടെ തെളിവ് മിന്നുന്നുണ്ട്. ആ നല്ല ലക്ഷണവും ക്രമേണ മങ്ങിപ്പോവാൻ മതി. മിസ്റ്റർ ഭാസ്കരാ! സകല കാര്യങ്ങളും നടത്താൻ നിങ്ങൾതന്നെ ഏറ്റെടുക്കേണ്ടിവരും. കാര്യങ്ങൾ കൊണ്ടു നടത്തേണ്ടുന്ന ബാദ്ധ്യത വിചാരിച്ചാൽ നിന്റെ അച്ഛൻ ജീവനോടെ ഇല്ലെന്നു തന്നെ വിചാരിച്ചാൽ മതി.

ഇങ്ങിനെ തോട് മാത്രം ശേഷിച്ച ഒരു ഫലംപോലെ വൃദ്ധൻ തന്റെ ശയനമുറിയിൽ കിടക്കേണ്ടിവന്നു. ഒരു നേഴ്സിനേയും അദ്ദേഹത്തിന്റെ ശുശ്രൂഷയ്ക്കുവേണ്ടി നിയമിച്ചിട്ടുണ്ട്. ഇങ്ങിനെ നാളുകളും കുറെ കഴിഞ്ഞു. ഒരു ദിവസം ഓരോ വിചാരത്തിൽ മുഴുകി ഭാസ്കരൻ ഒരേടത്തിരുന്നിരുന്നു. തന്റെ ശൈശവംമുതല്ക്കേ തന്റെ പ്രിയ അച്ഛൻ തനിക്ക് അച്ഛനും അമ്മയും കൂടിയായിരുന്നു. വേണ്ടുന്നതെന്തെന്നു ക്ഷണം മനസ്സിലാക്കി കുട്ടിക്കാലത്തു് തന്നോട് അദ്ദേഹം വളരെ ദയയോടെ പെരുമാറിയിരുന്നു. കുട്ടിക്കാലത്തു് ഇങ്ങിനെ ഒരു കാരുണ്യമൂർത്തിയായ നല്ല അച്ഛനെ കിട്ടിയത് അവന്റെ ഭാഗ്യമാണ്. ഭാസ്കരന്റെ കണ്ണുനനഞ്ഞു. വ്യസനം തൊണ്ടയിൽ കെട്ടിക്കൂടിയപോലെ ആ ഭാഗം ചീർത്തു വേദനിച്ചു. അവനും അച്ഛനുംതമ്മിലുള്ള പ്രണയം വളരെ അടുപ്പവും വീര്യവുമുള്ള യഥാർത്ഥ പ്രണയമായിരുന്നു. ഇക്കാലത്തെ അച്ഛനും മകനും തമ്മിൽ ഉള്ളപോലെ വെറും ഒരു പേരിന്നോ കാഴ്ചയ്ക്കോ മാത്രമല്ല. അതുകൊണ്ടായിരുന്നു തന്റെ അച്ഛൻ ആവശ്യപ്പെട്ടപ്പോൾ, താൻ പണ്ടൊരിക്കലും കാണാത്ത ഒരു പെണ്ണിനെ വിവാഹിക്കാനുംകൂടി അയാൾ ഒരുങ്ങിനിന്നത്.

വൃദ്ധനും മാനശാലിയും ആയ തന്റെ അച്ഛനോട്, ധനം എത്ര ക്രൂരമായ വഞ്ചനയാണ് കാട്ടിയിരുന്നത്. തന്റെ ജീവകാലത്തു് ചെയ്തുപോയ ഒരു തെറ്റ് പരിഹരിപ്പാൻവേണ്ടിയല്ലേ അച്ഛൻ ജാനുവും താനുമായി ഒരു വിവാഹം ഏർപ്പെടുത്തിയത്. ഒരു സമയം ഇങ്ങിനെ ജീവച്ഛവമായി വീഴുന്ന അവസരത്തിന്നുമുമ്പെ അദ്ദേഹം പറവാൻ ഭാവിച്ചിരുന്നത് ധനത്തിന്റെ വഞ്ചനയെപ്പറ്റി ആയിരിക്കാനുംമതി. ഇതിന്നൊക്കെ കാരണം ആ അസത്തു പെണ്ണാണ്. ഭാസ്കരൻ ചോരപൊട്ടുംവരെ തന്റെ ചുണ്ടുകൾ കടിച്ചു... പിന്നെ പെട്ടെന്ന് ഒരു മിന്നൽ പോലെ തന്റെ അച്ഛൻ എല്ലാം അറിഞ്ഞിട്ടുണ്ടെന്ന് അയാൾക്ക് മനസ്സിലായി. ഗർഭമാണെന്ന് അവൾ ഉണ്ടാക്കിത്തീർത്ത കൗശലവും കളവും ഫലിപ്പിക്കുവാൻ വേണ്ടി ധനം തന്റെ അച്ഛന്റെ അടുക്കെച്ചെന്നു തോന്നിയതൊക്കെ പറഞ്ഞുകൊടുത്തിട്ടുണ്ടായിരിക്കണം.

ആ പാരവശ്യമാണ് വക്കീൽ അച്ഛന്റെ മുഖത്തു് വിളയാടിക്കണ്ടത്. പക്ഷപാതത്തിന്റെ തല്ലേല്ക്കുംമുമ്പെ അച്ഛൻ പറവാൻ പുറപ്പെട്ടത് ധനത്തിന്റെ പേരായിരിക്കണം. ധനം! കള്ളത്തി! വഞ്ചകി! തെണ്ടിത്തിന്നി! ഇപ്പൊളൊ ഒരു ക്ഷുദ്ര കൊലപാതകി! എന്തുകൊണ്ടെന്നാൽ, അവൾചെയ്ത തെറ്റ് അച്ഛനെ തോക്കെടുത്തു വെടിവെച്ചപോലെയാണ്.

ഇതൊക്കെ അവൾ വീട്ടേണ്ടിവരണ്ടെ! അയാൾക്ക് ജീവനുള്ള കാലത്തോളം അവളെ വെറുതെ വിട്ടുകളക എന്ന കാര്യം ഉണ്ടാകയില്ല. അയാളുടെ അവസാനത്തെ ഒരു തുള്ളി ചോരയും ഒരു കാശുപണവും തീരുവോളം അയാൾ കുറ്റത്തിന്ന് തക്കശിക്ഷ കൊടുക്കുകയൊ കൊടുപ്പിക്കാതിരിക്കുകയൊ ചെയ്കയില്ല.

# 19

# ഹേമാംഗന്റെ വിശ്വാസവഞ്ചന

ഭാസ്കരന്റെ അച്ഛന്ന് പക്ഷപാതം പിടിപെട്ട ദിവസത്തിന്റെ തലേന്ന്, മാർത്ത, പതിനഞ്ചുദിവസം കല്പനയും എടുത്തു സുഖിപ്പാനും വിനോദിക്കാനും വേണ്ടി മറ്റൊരു ദിക്കിലേക്കു പോയിരുന്നു. ധനത്തെ അന്ന് ഹോട്ടലിൽവെച്ച് കണ്ടിരുന്നില്ലെങ്കിൽ അവൾ അവിടംവിട്ടുപോകുവാൻ മടിക്കുമായിരുന്നു. ധനത്തിന്റെ മുഖത്ത് അന്ന് ആമയചിഹ്നങ്ങളൊന്നും കണ്ടിരുന്നില്ല. എല്ലാക്കാര്യവും ശുഭമായി കലാശിച്ചു എന്നാണ് ധനം പറഞ്ഞതും.

പിറ്റെ ദിവസം ഹോട്ടൽമാനേജർ ഒരാഴ്ചത്തേ ശമ്പളവുംകൊടുത്ത് ധനത്തെ ജോലിയിൽനിന്ന് പിരിച്ചു. പിരിച്ചുവിട്ടപ്പോൾ അവളോട് യാതൊരു സമാധാനവും ചോദിച്ചിരുന്നില്ല. ഒരു കാരണവും അവർ പറഞ്ഞിരുന്നും ഇല്ല. പെട്ടെന്ന് പിരിച്ചയപ്പാനുള്ള കാരണം ഹേമാംഗന്ന് മാത്രമെ നിശ്ചയം ഉണ്ടായിരുന്നുള്ളൂ. എന്തുകൊണ്ടെന്നാൽ ഹോട്ടൽ മാനേജർ അയാളുടെ ഒരു പഴയ സ്നേഹിതനായിരുന്നു. ധനത്തിന്ന് ഒരു ജോലി അവിടെ റെഡിയാക്കിക്കൊടുത്തിരുന്നതും ഹേമാംഗൻ ശിപാർശ ചെയ്തിട്ടായിരുന്നു. അവളെ മുന്നറിവ് കൊടുക്കാതെ പിരിച്ചുവിട്ടതും ഹേമാംഗന്റെ ഉപദേശപ്രകാരമായിരുന്നു. ധനം മറ്റൊരാളുമായി സംഗമംകഴിച്ചിട്ടുണ്ടെന്നവിവരം അറിഞ്ഞ മുതല്ക്കേ അവളെ തനിക്കും ഒന്ന് അനുഭവിക്കണം എന്ന അത്യാധുനികകാമം ഹേമാംഗന്ന് അതിവാശിയോടെ പിടിപെട്ടിരുന്നു. അവൾ അനഘയാണെന്ന് നടിച്ച് ഒരിക്കൽ അയാളെ അകറ്റി. അവൾ ഭാസ്കരനേയും കെണിച്ചു വഷളാക്കി. മേലാൽ ഭാസ്കരന്റെ ഗുണകാംക്ഷിയായ സ്നേഹിതനെപ്പോലെ ധനത്തെ സംബന്ധിച്ചേടത്തോളം ഒന്നും ചെയ്യാതെ ശുമ്മാ ഇരുന്നു കളവാൻ ഹേമാംഗൻ ഒരുക്കമില്ലെന്നു തീർച്ചയാക്കി. ഒന്നും അയാൾ വകവെക്കാൻ ഭാവമില്ല.

ഹേമാംഗൻ ലോകപരിചയം ധാരാളം ഉണ്ടായിരുന്ന ഒരു കഠിനമനസ്കനാണ്. ഒരു പെണ്ണിനെ വശത്തുവരുത്താൻ ഏറ്റവും ഉത്തമവും എളുപ്പവുമായ മാർഗ്ഗം അവളെ പണമില്ലാത്തമൂലം ഗതികെട്ടവളാക്കിത്തീർത്തതിൽപിന്നെയാണ്. ആ സമയത്ത് അനുകമ്പയോടുകൂടെ ധനസഹായം ചെയ്ത് അവളെ രക്ഷിച്ചാൽ അവൾ പാട്ടിലാകാതിരിക്കുമോ?

തന്നെ ജോലിയിൽനിന്നു പിരിച്ചത് ഹേമാംഗന്റെ ദുർന്നയമാണെന്ന വിവരം ധനത്തിന്നു ലേശവും ഉണ്ടായിരുന്നില്ല. തത്സമയത്ത് അവളെ പിരിച്ചയച്ചതു ധനത്തിന്ന് ഒരു ശാന്തിപ്രദാവസ്ഥയായിട്ടേ തോന്നിയുള്ളൂ. ഭാസ്കരന്റെ അച്ഛൻ അവളുടെ ഭാവി ശുഭകരമാക്കും എന്നു വാഗ്ദത്തം ചെയ്തിട്ടുണ്ട്. ആ വാക്കിൽ അവൾക്കു ദൃഢവിശ്വാസവും ഉണ്ടായിരുന്നു. എന്നാൽ അയാൾ ഇതുവരെ എഴുത്തുമൂലമൊ മറ്റുപ്രകാരമോ അവളെ യാതൊരു വിവരവും അറിയിക്കാഞ്ഞതുകൊണ്ട് അവൾ അതിശയിച്ചു. ദിവസം രണ്ടല്ല, മൂന്നും നാലും കൂടികഴിഞ്ഞു. ഒരു പുതുതായ ആസ്വാസ്ഥ്യം അവളെ ബാധിച്ചു. ഭാസ്കരന്റെ അച്ഛൻ തന്നെ ശുമ്മാ വിട്ടുകളയുമെന്നത് ഒരു വിശ്വസിക്കവയ്യാത്ത കാര്യമാണ്. അയാൾ അവളുടെ ചരിത്രത്തിന്റെ നല്ലതും ചീത്തയും ഭാഗങ്ങൾ ശരിയായി അറിഞ്ഞതിൽപിന്നെയാണ് വാഗ്ദത്തം ചെയ്തത്. എന്നിട്ടാണ് ഭാസ്കരൻ ധനത്തിന്റെ സ്വന്തം പേരിൽ അവളെ പിന്നേയും വിവാഹം കഴിക്കുമെന്നു ശപഥംചെയ്തത്. വിവാഹം അസാധു എന്ന നിലയിൽ റദ്ദാക്കുവാൻ കൊടുത്ത ഹർജി ഭാസ്കരനെക്കൊണ്ട് പിൻവലിപ്പിക്കുമെന്നാണ് പറഞ്ഞത്. എന്തുതന്നെ വന്നാലും അവളുടെ ഭാവിജീവിതത്തിന്റെയും അവളുടെ പിറക്കാൻ പോകുന്ന ശിശുവിന്റെയും സകല ഭാരവാഹിത്വവും അയാൾ ഏറ്റെടുത്തിരിക്കുന്നു എന്ന് കൂടി ശപഥം ചെയ്തിരുന്നു. പിന്നെ എന്തുകൊണ്ടാണ് അയാൾ ഒരു എഴുത്തുംകൂടി അയക്കാതിരുന്നത്.

അഞ്ചാമത്തെ ദിവസം പുലർച്ചെ അവളുടെ വിലാസത്തിൽ "ടൈംസ്" പത്രത്തിന്റെ ഒരു പ്രതി അവൾക്കു കിട്ടി. ഇത് ആർ അയച്ചതായിരിക്കും? ആ പത്രത്തിൽ ആ ആഴ്ചയും വിചാരണയ്ക്കുവെച്ചിരുന്ന നമ്പർകളുടെയും ഹർജികളുടെയും ഒരു പട്ടിക ഉണ്ടായിരുന്നു. കക്ഷികളുടെ പേരുംകൂടി ഉണ്ടായിരുന്നു. ആ പട്ടികയിൽ ഒരാളുടെ പേരിന്റെ ചുറ്റും ചുകന്നമഷികൊണ്ട് ഒരു വൃത്തം, ശ്രദ്ധപതിപ്പിക്കാൻ വേണ്ടി വളച്ചിട്ടിരുന്നു. "ജെറാൾഡ് ഭാസ്കരൻ—വിവാഹം അസാധുവാണെന്ന സ്ഥാപനയ്ക്ക്" ഇങ്ങിനെ ആയിരുന്നു ചുകന്നമഷികൊണ്ട് അടയാളപ്പെടുത്തിയ പരസ്യം.

ധനം അവളുടെ കൈ നെഞ്ഞത്തുവെച്ചു. ചുകന്നമഷിയിൽ അടങ്ങിയ വിവരം അവളെ ശ്വാസംമുട്ടിച്ചു. അവളുടെ തൊണ്ട ചീർത്തു. അക്ഷരങ്ങൾ അവളുടെ കൺമുമ്പാകെ നൃത്തംചെയ്യുംപോലെ തോന്നി. അദ്ദേഹത്തിന്റെ അച്ഛൻ പറഞ്ഞതുംകൂടി ഗണ്യമാക്കാതെ ഭാസ്കരൻ വ്യവഹാരം നടത്തി വിവാഹം റദ്ദാക്കുവാൻതന്നെയാണ് ഭാവിക്കുന്നത്. ഒരു സമയം ഈ പത്രത്തിന്റെ കോപ്പി തനിക്ക് അയച്ചതു ഭാസ്കരൻതന്നെ ആയിരിക്കും. അദ്ദേഹത്തിന് അവളെപ്പറ്റി ഉണ്ടായ അഗണ്യതയും നിന്ദയും പുച്ഛവും കാണിക്കുവാൻ വേണ്ടിമാത്രം.

കടലാസ് അവളുടെ കയ്യിൽനിന്നു ചോടെ വീണു. എന്നിട്ട് അവൾ ബദ്ധപ്പെട്ട് എഴുന്നേറ്റുനിന്നു. അവളുടെ കാര്യം വിചാരിച്ചിട്ടല്ല, ഒരിക്കൽ അവൾ പ്രസവിക്കാനിടയുള്ള ശിശുവിന്റെ കാര്യം ആലോചിച്ചിട്ടുമാത്രം. ഒരിക്കൽക്കൂടി അപേക്ഷിച്ചുനോക്കാതെ നിവൃത്തിയില്ല. അവൾ ഉടുപ്പം ഇട്ട്, ഉഷ്ണംകൊണ്ടു പതയുന്ന കല്ലടുയിലെ തെരുവുകളിൽകൂടെ നടന്നു. അവൾ ഒരു ബസ്സ് പിടിച്ച് ഭാസ്കരന്റെ വീട്ടിന്നരികെയുള്ള "നെബ്‌വർത്ത് സ്ക്വയർ" എന്നേടത്ത് ഇറങ്ങി. മുഖവും വിളറി—ചുണ്ടു വെളുത്തു—ഈ ദുരവസ്ഥയിൽ വീട്ടിന്റെ വാതിലിന്നു ചെന്നുമുട്ടി. സുന്ദരംബട്ട്ളേർ വാതിൽ തുറന്നപ്പോൾ കണ്ടതു ധനത്തേയാണ്. അയാൾ നിശ്ചലനും നിർവ്വികാരനും ആയിട്ട് ധനത്തെ കണ്ടിട്ടുണ്ടായ ആശ്ചര്യം മറിക്കുവാൻ ശ്രമിക്കുകയായിരുന്നു.

**ധനം:** (കിതപ്പോടെ) എനിക്കു പെരിയവരെ ഒന്നു കാണേണ്ടിയിരുന്നു. കാരണവരായ റിച്ചേർഡ് ഭാസ്കരൻ എന്നവരെ.

**ബൊട്ട്ളേർ:** അവരെ കാണ്മാൻ പാടില്ല.

**ധനം:** (ഉറച്ചസ്വരത്തിൽ) കൂടാതെ കഴികയില്ല. ജീവനോ മരണമൊ എന്നു തീർച്ചപ്പെടുന്ന ഒരു അടിയന്തരഘട്ടമാണിത്. അദ്ദേഹം എന്നെ കാണാതിരിക്കില്ല എന്ന് എനിക്കു നല്ല നിശ്ചയമുണ്ട്. ഇന്നാൾ അയാൾ എന്നോട് വാഗ്ദത്തവും കൂടിചെയ്തിട്ടുണ്ട്. ദയവ് ചെയ്തിട്ട് ഞാൻ ഇവിടെ വന്നിട്ടുണ്ടെന്ന് അയാളോടു പറഞ്ഞാൽ വേണ്ടില്ല.

ആളുകളോട് പെരുമാറാൻ നല്ലവണ്ണം ശീലിച്ചിരുന്ന ബൊട്ട്ളേർ അവളുടെ സങ്കടം കണ്ടപ്പോൾ മൃദുമനസ്കനായി.

**ബൊട്ട്ളേർ:** (അനുകമ്പയോടെ) കൊച്ചമ്മേ? ഞാൻ വ്യസനിക്കുന്നു. പെരിയവർക്കു നന്നസുഖക്കേടാണ്. ഒരാളേയും കാണാൻ സാധിക്കയില്ല. ഒരാളേ കണ്ടാൽതന്നെ, തിരിച്ചറിവാനുംകൂടി സാധിക്കുകയില്ല.

ഇതുകേട്ടപ്പോൾ അവളോട് "ഓ" എന്ന് നിലവിളിച്ചുപോയി.

**ധനം:** (അപേക്ഷാഭാവത്തോടെ) സുന്ദരൻ ബൊട്ട്ളേരെ! പെരിയവർ എന്നെ കാണാതിരിക്കില്ല. അദ്ദേഹം അത്ര കണിശമായി എന്നോടു വാഗ്ദത്തം ചെയ്തിരിക്കുന്നു.

പെട്ടെന്ന് അവളുടെ കൈ ആരോ പിടിച്ച്, അഭിമുഖമായി വരാൻ തക്കവണ്ണം തിരിച്ചുനിർത്തി. അതു ഭാസ്കരൻ ആയിരുന്നു.

**ഭാസ്കരൻ:** (ക്രൂരഭാവത്തോടെ) നീ എന്താണ് ഇവിടെ വെച്ചുകാട്ടുന്നത്.

അവൾ മെല്ലെ ഒന്നു നിലവിളിച്ചു. രണ്ടു രൂപങ്ങളേ—രണ്ടു പുരുഷരൂപങ്ങളേ, കാറിൽനിന്നു ഇറങ്ങി, കോണിപ്പടികേറിപ്പോകുന്നത് അവൾ സ്വപ്നംപോലെ കണ്ടു. ഒന്നു ഭാസ്കരനായിരുന്നു. അയാളുടെ മുഖത്തുനോക്കിയപ്പോൾ അതു കരിപോലെ കറുത്തു കണ്ടു.

**ഭാസ്കരൻ:** നിണക്ക് ഇവിടെ വരാൻ എങ്ങിനെ ധൈര്യംവന്നു.

**ധനം:** ഞാൻ നിങ്ങളുടെ അച്ഛനേ കാണാൻ വന്നതാണ്. എനിക്ക് അവരെ കാണാതെ കഴികയില്ല.

ധനം അയാളുടെ കൈ പിടിച്ചപ്പോൾ അയാൾ കോപത്തോടെ പിടി വിടുർത്തി.

**ഭാസ്കരൻ:** (കർക്കശമായിട്ട്) എന്റെ അച്ഛനേയൊ. അങ്ങിനെ എന്നോടു ചോദിപ്പാൻ നിനക്കു ധൈര്യം വന്നോ! നീയല്ലെ അയാളെ കൊന്നത്. നീ നിമിത്തമാണ് അവർക്ക് നാവ് പൊന്താതായിപ്പോയത്.

ഭാസ്കരന്റെ മുഖഭാവം കണ്ടപ്പോൾ ധനത്തിന്ന് ഭയമായി. അവൾ അമ്പരന്നു. അവളുടെ ചുണ്ടുകൾ വരണ്ടു.

**ധനം:** എന്ത്, എന്താണ് നിങ്ങൾ പറഞ്ഞത്.

**ഭാസ്കരൻ:** അവർക്ക് പക്ഷപാതം പിടിച്ചുപോയി. ജീവനുണ്ടെങ്കിലും മരിച്ചപോലെ ആയ്പ്പോയി. അവർ വീണു പോകുന്ന സമയത്ത് നിന്റെ നാമമാണ് ഉച്ചരിച്ചത്. ഒരു വർത്തമാനം കേട്ടിട്ട് ഞെട്ടിപ്പോയ നിമിത്തമാണ് ഇങ്ങിനെ ഭവിച്ചത്. ഡോക്ടർമാർ സൂക്ഷിച്ചിരിപ്പാൻ അവരെ താക്കീത് ചെയ്തിരുന്നു. നീയാണ് അവർക്ക് ഞെട്ടൽ ഉണ്ടാക്കിത്തീർത്തത്. വഞ്ചനചെയ്തതുകൂടാതെ കൊലക്കുറ്റത്തിന്നുകൂടി നീ അർഹയായി. ഇനിയെങ്കിലും നീ ഇവിട്ടുന്നപൊക്കൊ. അല്ലെങ്കിൽ നീ ഒരു പെണ്ണാണെന്ന് ഞാൻ വിചാരിക്കയില്ല. എന്നോടു നിന്നെ കൊന്നുപോകും.

അയാൾ, അവൾ നിന്നേടത്തുനിന്നു തിരിഞ്ഞു പോയ്ക്കളഞ്ഞു. അന്ധകാരം വന്നു പിടിച്ചപോലെ അവൾ പിന്നേയും കോണിഇറങ്ങി. ആരോ തന്റെ പിന്നാലെ പോരുന്നുണ്ടെന്ന് അവൾക്കുതോന്നി. ഒരു കാറിൽ ആരൊ അവളെ കൈ പിടിച്ചുകേറ്റി. ഉടനേതന്നെ ഹേമാംഗൻ അവളുടെ അരികെ കേറിവീണു. കാറ് ഓടിത്തുടങ്ങി.

ധനം കാറിൽ വടിപോലെ നിവിർന്നിരുന്നു. അവളുടെ അവയവങ്ങൾ "ഐസ്" പോലെ തണുത്തുപോയിരുന്നു. സൂര്യരശ്മിയുടെ ചൂടൊന്നും അവളെ ബാധിക്കാത്തപോലെ തോന്നി. അവൾ ആ വൃദ്ധനെപ്പോലെ—ഗുണവാനും ദയാലുവും ആയ ഭാസ്കരന്റെ അച്ഛനെപ്പോലെ—ജീവനില്ലാത്ത ഒരു മാംസക്കുമ്പാരം മാത്രമായി.

അവൾക്കുണ്ടായിരുന്ന ഏകൈവബന്ധുവും രക്ഷകർത്താവും രോഗാതുരനായി ശവംപോലെ കിടന്നുപോയി. അവൾ മേലാൽ ആത്മഹത്യ ചെയ്‌വാൻ ഒരുങ്ങുകയില്ലെന്നു ഭാസ്കരന്റെ അച്ഛനോടു സത്യം ചെയ്തുകൊടുത്തുപോയി. അതും വളരെ തെറ്റിപ്പോയി. തെറ്റിദ്ധാരണകൊണ്ട് ഇത്രത്തോളം തകരാറുകൾ വന്നുചേരുമെന്ന് അവൾ ആലോചിച്ചിരുന്നില്ല. അവൾക്ക് ചുകന്നമഷികൊണ്ട് വരയിട്ട ആ പത്രത്തിലെ വർത്തമാനം ഓർമ്മവന്നു. ഉടനെത്തന്നെ അവൾ തന്റെ അടുത്തിരുന്ന ആളെനോക്കി. അവളുടെ വാക്ക് ഒരു കൈത്തോക്കിൽനിന്ന് ഉണ്ടപോലെ പുറത്തുവന്നു.

**ധനം:** ആ ഹരജി വിചാരണ കഴിഞ്ഞോ.

ഹേമാംഗൻ ആ കടലാസുപോലെ—രക്തപ്രകാശം കേവലം വിട്ടുപോയ—വെളുത്തമുഖത്ത് ഒന്നുനോക്കി. എന്തിന് അവളോട് സത്യം പറയേണം! ഇന്ന് രാവിലെ ഭാസ്കരനും ഹേമാംഗനും കോടതിയിൽ ചെന്നപ്പോൾ, ഭാസ്കരന്റെ ഹർജി വിചാരണചെയ്‌വാൻ സമയമില്ലെന്നനിലയിൽ മറ്റൊരുദിവസത്തേയ്ക്ക് നീട്ടിവെയ്ക്കുകയാണ് ചെയ്തത്. വെക്കേഷൻ കഴിഞ്ഞതിൽപിന്നെ ഒരു ദിവസത്തേയ്ക്കാണ് അതു നീട്ടിവെച്ചിരുന്നത്. അന്നും വിചാരണയ്ക്കു വരുമോ എന്ന് ആർകണ്ടു. എന്നാലും ഹേമാംഗന്ന് ഇത് ഒരു നല്ല അവസരമാണെന്ന് തോന്നി. അയാളുടെ ഹൃദയം വല്ലാതെ തുടിച്ചു.

**ഹേമാംഗൻ:** (സാവധാനം) എന്റെ പ്രിയധനം! നീ ധൈര്യപ്പെട്ടിരിപ്പാനുള്ള അവസരം ഇതാണ്. ഹർജി ഒരു പ്രകാരത്തിലെ വിധിപ്പാൻ ഇടയുള്ളു എന്ന് നീ പണ്ടുതന്നെ മനസ്സിലാക്കിയ സംഗതിയല്ലേ? ആ സൊല്ലയൊക്കെ എങ്ങിനെയെങ്കിലും കലാശിച്ചത് നന്നായി. അല്ലേ!

അവൾ യഥാർത്ഥത്തിൽ ഒരു ഞെട്ടിവിറച്ചുപോയി. അവൾ കൈകൊണ്ട് അവളുടെ മുഖം മൂടി. ഇങ്ങിനെ ആ ഹർജിയും വിധിച്ചുപോയി. അവൾ ഭാസ്കരന്റെ ഭാര്യ അല്ലെന്ന്! അവൾ ഭാസ്കരന്റെ ഭാര്യ ഒരിക്കലും ആയിരുന്നില്ലെന്നും കോടതി സ്ഥാപിച്ചുകഴിഞ്ഞു... ആ രാത്രിയുംകൂടി അവൾ ഭാര്യാപദത്തിലായിരുന്നു എന്നുവന്നില്ല.

ആട്ടെ. അതൊക്കെ അങ്ങിനെ വരുമെന്ന് അവൾ അറിഞ്ഞതല്ലെ! എന്നാലുംകൂടി—അതേ എന്നാലും കൂടി— ഉന്മൂലനാശമാണ് അവൾക്ക് നേരിട്ടുപോയത്. അവളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ ചിന്താശ്വാസമുണ്ടാക്കുന്ന ഒരു ആശയോ ആശംസയോ അവൾ പരിപാലിച്ചുപോന്നിരുന്നു എന്ന് ഇപ്പോൾ മനസ്സിലായി. അതിന്റെ രശ്മിയുംകൂടി ഇപ്പോൾ കെട്ടുപോയി. അവളുടെ ജീവിതമായ അഗ്നിയുംകൂടി ഇതോടുകൂടി കെട്ടുപോകുമോ എന്ന് അവൾ ശങ്കിച്ചു.

അവർ കാറിലൂടെ നാട്ടുമ്പുറത്ത് എത്തിക്കഴിഞ്ഞു. ഹേമാംഗൻ എവിടെയാണ് അവളെ കൊണ്ടുപോകുന്നത് എന്ന് അവൾക്കു മനസ്സിലായിരുന്നില്ല. ഒരു വിജനമായ നിരത്തെത്തിയപ്പോൾ ഹേമാംഗൻ കാർനിർത്തി. "ധനം! നീ എന്തുചെയ്യാനാണ് ഭാവം!" എന്ന് ഉടനെ അവളോടു ചോദിച്ചു. ഒന്നുമില്ല എന്ന ഭാവത്തിൽ അവൾ തല ഇളക്കി.

**ധനം:** വരുമ്പോലെ വരട്ടെ. ഇനി എനിക്ക് എന്തു വന്നാലെന്താ!

അവളുടെ മന്ദമായ സ്വരത്തിൽ ചൈതന്യത്തിന്റെ ഒരു ഉണർച്ചയും കൂടി ഉണ്ടായിരുന്നില്ല. അവൾക്കു ശരിയായ ജീവനുംകൂടി ഇല്ലെന്നു തോന്നി. "ഞാൻ നിന്നെ പുലർത്തും" എന്നു പറഞ്ഞുംകൊണ്ട് ഹേമാംഗൻ പെട്ടെന്നവളെ ആലിംഗനം ചെയ്തു. ഒരു ജയഭാവം അയാളെ ആകപ്പാടെ ഒന്ന് ഉണർത്തി. ഭയങ്കരവും ക്രൂരവുമായ ഒരു വിജയം! അവൾ ഇപ്പോൾ അദ്ദേഹത്തിന്റെ സ്വന്തമായി. അവളോട് അവൾക്കു യഥേഷ്ടം എന്തും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യംകിട്ടി. അദ്ദേഹത്തിന്റെ ഇഷ്ടത്തിന്ന് എതിരു പറവാൻ മേലാൽ അവൾക്കു ശക്തി ഇല്ലെന്നും വന്നു...

എന്നാൽ അദ്ദേഹത്തിന്റെ ചുണ്ടുകളോടു പറ്റിയ അവളുടെ ചുണ്ടുകൾ ഐസ് പോലെ തണുത്തതായിരുന്നു. അവളുടെ ചത്തുപോയ ചുണ്ടുകളാണ് അയാൾക്കു ചുംബിക്കാൻ കിട്ടിയത്. ഹേമാംഗന്റെ കട്ടപ്പവും സർവ്വവിജയിയും ആണെന്ന തോന്നിപ്പോയ കാമം അപ്പാടെ അട്ടിമറിഞ്ഞുപോയി. അയാളുടെ കെട്ടിപ്പിട്ടുത്തം തന്നാലെ അഴഞ്ഞുപോയി. ധനം മുന്നോട്ട് ഒരു ശവംപോലെ വീണുപോയി. അയാൾ കോപത്തോടെ തൽക്ഷണം, അവളെ സമാധാനിപ്പിക്കുവാൻ വേണ്ടി ചില സാന്ത്വനവാക്കുകൾ പറഞ്ഞുനോക്കി.

അവളോ തൽക്ഷണം ബോധഹീനനായി നിലംപതിച്ചു. അവൾ തന്റെ സ്വന്തമായിപ്പോയി എന്ന വിജയാഭിമാനത്തോടെ ആനന്ദത്തിൽ മുഴുകിയ സമയത്തുതന്നെ, അവൾ തന്റെ കയ്യിൽനിന്ന് ഊരി ഒഴിഞ്ഞുപോയി. തന്റെ കാമതാലോലത്തിൽ അവൾ ലയിച്ചുവഴങ്ങിപ്പോയിട്ടില്ലെന്ന് അയാൾക്കു ധാരാളം മനസ്സിലായി. ഒരു നിർവ്വികാരമായ മന്ദഹാസംകൊണ്ട് അയാളുടെ ചുണ്ടുകൾ ചുളിഞ്ഞു. താൻ ചുംബിച്ച വിവരവുംകൂടി അവൾക്കു കേവലം ഇല്ലായിരുന്നു. അയാൾ അവളെ ഒന്നു ചുംബിച്ചു എന്നുമാത്രം. ആ സമയത്ത് അവളുടെ ആത്മാവ് അവിടെ ഒന്നും ഇല്ലായിരുന്നു.

ബോധംകെട്ടു വീണുകിടക്കുന്ന ആ യുവതിയുടെ കോലം നോക്കിയപ്പോൾ ഹൃദയപൂർവ്വമല്ലെങ്കിലും ഒരു അനുകമ്പയുടെ ഛായ ഹേമാംഗന്റെ ഉള്ളിൽ ജനിച്ചുപോയിരുന്നു. ഹേമാംഗൻ ദയ ഒരാളുടെ വീഴ്ചയായിട്ടാണ് എണ്ണിപ്പോന്നിരുന്നത്. അക്ഷമയോടെ ആ മനോഭാവം അയാൾ അകറ്റിക്കളഞ്ഞു. എന്നാൽ ഈ ബോധക്കേട്, അവൾ ഭാസ്കരനോടു പറഞ്ഞ കാര്യം സത്യമാണെന്നു തെളിയിക്കുന്നുണ്ട്. അയാൾ പിശാചിനേപ്പോലെ ഒന്നു മന്ദഹസിച്ചു. ഇതൊക്കെ തന്റെ കാര്യലാഭത്തിന്ന് അനുകൂലസംഭവങ്ങളാണ്. അവൾ എത്ര കണ്ട് ശക്തിയില്ലായ്മയും സഹായമില്ലായ്മയുംകൊണ്ട് നിർവ്വാഹമില്ലാതെ കഴങ്ങിപ്പോകുന്നുവോ, അത്രകണ്ട് എളുപ്പത്തിൽ അയാളുടെ ദുരാഗ്രഹത്തിന്നു വഴിപ്പെട്ടുപോകും എന്ന് അയാൾക്കു നല്ല ബോദ്ധ്യമുണ്ട്.

അയാൾ കാർ ഓട്ടുവാൻവേണ്ടി കാൽ അമർത്തിയപ്പോൾ അത് മുന്നോട്ട് കുതിച്ചു. ഹേമാംഗന്ന് പരേതനായ ഒരു നൊസ്സൻകാരണവരുടെ വകയായി കുറേ അധികം സ്വത്തുകൾ കിട്ടീട്ടുണ്ട്. ഒന്ന് നാട്ടുംപുറത്തിലെ ഒരു ഭവനമാണ്. അതിന്റെ അടുക്കെയാണ് അവർ എത്തിയത്. അവിടെ വെച്ച് പല വിരുന്നുസല്ക്കാരങ്ങളുംകൊണ്ട് ഘോരഘോരമായി കുറേക്കാലം കഴിക്കേണമെന്ന് അയാൾ നിശ്ചയിച്ചിരുന്നു. ആ ആവശ്യത്തിന്ന് ഭവനം വെടിപ്പാക്കി പല സാമാനങ്ങളുംകൊണ്ട് അലങ്കരിച്ചിരുന്നു. അവിടത്തെ ഒന്നാമത്തെ വിരുന്നുകാരത്തിയായി ധനത്തെ എന്തുകൊണ്ട് വെച്ചു കൂടാ. മന്ദഹാസംകൊണ്ട് അയാളുടെ ചുണ്ടുകൾ പിന്നേയും ചുളിഞ്ഞു. ആ ആലോചന തന്റെ ഉള്ളിൽ വിളയാടി വന്നതുകൊണ്ടായിരിക്കണം കാർ ഇവിടെത്തന്നെ എത്തിപ്പോയത്. അവിടെ വീട് കൊണ്ടുനടക്കാൻ ഒരു വൃദ്ധസ്ത്രീ മാത്രമേ ഉണ്ടായിരുന്നുള്ളു. അതും നന്നായി. അയാൾക്ക് അനവധി ദാസന്മാരൊന്നും തല്ക്കാലം വേണ്ടായിരുന്നു. ഇവിടെ ധനംമാത്രം മതി.

അയാൾ പിന്നേയും അവളെ ഒന്ന് നോക്കി. അവൾ സീറ്റിന്മേൽതന്നെ ബോധരഹിതയായി വീണുകിടക്കുന്നുണ്ട്. അവളെ തന്റെ വീട്ടിൽ കൊണ്ടുകിടത്തുംവരെ അവൾ ഈ നിലയിൽതന്നെ ഇരുന്നാൽ ഉപകാരമായിരുന്നു എന്ന് ഹേമാംഗൻ ഓർത്തു. എങ്ങിനെയെങ്കിലും ഇവിടെ എത്തിയല്ലോ. പറമ്പ് മുഴുവൻ പച്ചപ്പുല്ല് നിറഞ്ഞിരിക്കുന്നു. വീട് ചെങ്കല്ലുകൊണ്ട് പണിതതും ആണ്. വലിയ വീടിന്റെ നാനാവശത്തും ചെറിയ എട്ടപ്പകളും വളരെ ഉണ്ട്. വലിയ വീട്ടിന്മേൽ പലമാതിരി പൂക്കളുള്ള വള്ളിപ്പടർപ്പുകൾ സുലഭമായുണ്ടായിരുന്നു. ജനലുകൾ ഓരോന്നിനും കണ്ണാടിപ്പൊളികൾ കൂടാതെ കേവലം അടച്ചുമൂടിക്കളവാനുള്ള കിടിക്കുകളുടെ (Shutters) കോപ്പം കൂടി ഉണ്ടായിരുന്നു. കുസ്സിയിൽനിന്ന് തടി അധികമില്ലാത്ത പുക ചുറഞ്ഞുകൊണ്ട് പൊന്തുന്നതും കണ്ടു.

ഹേമാംഗൻ മെല്ലെ നടത്തിയിരുന്ന കാർ നിർത്തി. ധനത്തെ വീട്ടിന്റെ വെളിച്ചം അധികമില്ലാത്ത പഴയഹോളിൽ എടുത്തുകൊണ്ടുപോയി ഒരു സോഫയിന്മേൽ കിടത്തി. വീട്ട് കാവല്ക്കാരിയോട് ബ്രാണ്ടി കൊണ്ടുവരാൻ പറഞ്ഞു. കുറേ പ്രയാസപ്പെട്ട് പല്ല് കടിവിടർത്തി വായിൽ പകർന്ന് കൊടുത്തു. ആവേശത്തോടുകൂടെ അയാൾ കുനിഞ്ഞ് കണ്ണുപറിക്കാതെ അവളെത്തന്നെ നോക്കിനില്ക്കയായി. ചുറ്റുമുള്ള ശാന്തതയിൽനിന്ന് തന്റെ ഹൃദയം തുടിക്കുന്ന ശബ്ദവുംകൂടി അയാൾക്ക് കേൾക്കാമായിരുന്നു.

അവൾക്ക് കണ്ണുതുറപ്പാൻ എല്ലാംകൂടി വയ്യാതായ്പ്പോകുമോ?

കുറേ കഴിഞ്ഞപ്പോൾ അവൾ അങ്ങും ഇങ്ങും ഇളകാൻ തുടങ്ങി. അവൾ ഓരോന്ന് നൊടിഞ്ഞുകൊണ്ടിരുന്നത് എന്താണെന്ന് മനസ്സിലാകാത്തവിധത്തിൽ ആയിരുന്നു. എന്നാലും ഭാസ്കരന്റെ നാമം സ്പഷ്ടമായി ഉച്ചരിക്കുന്നത് അവൾക്ക് നല്ലവണ്ണം കേൾക്കാമായിരുന്നു. അതുകേട്ടപ്പോൾ അയാൾ ചുണ്ടുകൾ കടിച്ചു. അയാളുടെ കനൽപോലെ മിന്നിക്കൊണ്ടിരുന്ന തീ പെട്ടെന്ന് ജ്വാലയായി പൊങ്ങുന്നുണ്ടെന്ന് അയാൾക്കുതോന്നി. ഒരിക്കൽ താൻ സ്നേഹിതനാണെന്ന് എണ്ണിപ്പോന്നിരുന്ന ഭാസ്കരന്റെമേൽ ഭ്രാന്തുപോലെ തോന്നിയ അസൂയ അയാളെ ബാധിച്ചു. ധനം അയാൾക്ക് വഴങ്ങിക്കൊട്ടത്തിരുന്നു. ധനം അയാളുടെ സ്വന്തം ആയിരുന്നു...

"ധനം! ഉറക്കമതിയാക്കി ഉണരുക. കണ്ണ് തുറക്കു. എന്നേ നോക്കു." എന്ന് അയാൾ അട്ടഹസിച്ചു.

അനുസരണമായി അവളുടെ മൂടിയ വെളുത്ത കൺപോളകൾ മെല്ലെത്തുറന്നു. അന്ധകാരംപോലെ കറുത്തമിഴികളിൽ ഒരു പ്രകാശം തിളങ്ങി. അവളുടെ കണ്ണ് അയാളുടെ മുഖത്ത് പതിഞ്ഞു. എന്നാൽ ആളെ അറിഞ്ഞ ഭാവം സ്ഫുരിച്ചിരുന്നില്ല. തടിച്ച കണ്ണാടിച്ചില്ലിൽകൂടെ ഒരു സാധനം നോക്കുംപോലെ നല്ല വ്യക്തമായിരുന്നില്ല. ഒരു വെള്ളമറകൊണ്ട് ഉള്ളിലെ ആത്മാവ് മൂടിക്കളഞ്ഞപോലെ തോന്നി. "ഭാസ്കരാ! അയ്യോ ഭാസ്കരാ!" എന്ന ആർത്തനാദം പിന്നേയും അവളുടെ നാവിന്മേൽനിന്ന് പുറത്തുവന്നു.

ഹേമാംഗൻ പിന്നേയും കോപംകൊണ്ട് പല്ലുകടിച്ചു. ശപിച്ചുകൊണ്ട് അയാൾ ചാടി എഴുന്നേറ്റു. സാധാരണ ബോധക്കേടിനേക്കാൾ ഇതിന്ന് ഒരു വിശേഷവിധിയുണ്ടെന്ന് അയാൾക്ക് തോന്നി. ഒരു ഡോക്ടരെ വിളിക്കാതെ നിവൃത്തി ഇല്ലെന്ന് അയാൾക്ക് തോന്നി. റെഡിയായി പൂമുഖത്തുതന്നെ നിർത്തിവെച്ച കാറിന്റെ അരികെ ഓടിച്ചെന്നു. അരമണിക്കൂർകൊണ്ട്, ചുകന്ന് പ്രസന്നവദനയായ ഒരു തടിയനേയുംകൂട്ടി മടങ്ങിവന്നു. അദ്ദേഹത്തെ കണ്ടാൽ ഡോക്ടരാണെന്ന് തോന്നുന്നതിന്ന് പകരം ഒരു സമ്പന്നനായ കൃഷിക്കാരനാണെന്ന് തോന്നും. അയാൾ ഒരു കറുത്ത തോൽസഞ്ചി കയ്യിൽ പിടിച്ചിരുന്നു. അയാൾ ഇട്ടത് ഒരു കള്ളികളുള്ള കോട്ടായിരുന്നു.

അന്ധകാരമയമായ ഹോളിൽ കണ്ട സോഫയിന്മേൽ കിടന്നിരുന്ന തരുണിയെ കണ്ടപ്പോൾ ഡോക്ടരുടെ നെറ്റി ചുളിഞ്ഞു. ആ ചുറ്റുവട്ടത്തിലൊന്നും ഇങ്ങിനെ ഒരു സർവ്വാംഗസുന്ദരിയെ അയാൾ കണ്ടിരുന്നില്ല. അദ്ദേഹത്തെ പെട്ടെന്ന് വിളിച്ചുകൊണ്ടുവന്ന അവശനായ ആളെ ഡോക്ടർ മായാവരൻ ഇടകണ്ണിട്ട് നോക്കി. അയാൾ ചുമൽ മന്ദമായിളക്കി തരുണിയുടെ നേരെ കുനിഞ്ഞ് പരിശോധനയ്ക്ക് ആരംഭിച്ചു. അദ്ദേഹത്തിന്ന് ഗൗരവം മനസ്സിലായി. അയാൾ ഹേമാംഗന്റെ നേരെ തിരിഞ്ഞു. "അവൾക്ക് സുബോധമില്ല. തലച്ചോറിന് പനി പിടിപെട്ടിട്ടുണ്ട്. സംശയമില്ല. മനസ്സിന്ന് ഒരു നിലനിന്ന നട്ടക്കം തട്ടിപ്പോയിട്ടുണ്ടായിരിക്കണം. ദേഹം വളരെ ക്ഷീണിച്ചുപോയതിൽ പിന്നെയാണ് ഈ ഞെട്ടൽ ഉണ്ടായത്. അങ്ങിനെയല്ലെ" എന്ന് പറഞ്ഞു. ഹേമാംഗൻ സമ്മത സൂചകമായി തല ഇളക്കി.

ഹേമാംഗൻ ശരിതന്നെ. ഡോക്ടരെ അപായം ഉണ്ടോ?

**ഡോക്ടർ:** (തല ഇളക്കീട്ട്) ഒന്നും തീർച്ചപറയാറായിട്ടില്ല. വളരെ നന്നായ ശുശ്രൂഷവേണ്ടിവരും. ഗ്രാമാസ്പത്രിയിലേയ്ക്ക് എടുത്തുകൊണ്ടുവരാൻ ഞാൻ ഒരു മഞ്ചൽ അയയ്ക്കാം. അല്ലെങ്കിൽ നിങ്ങളുടെ കാറിലായാലും തരക്കേടില്ല. ഇവിട്ടുന്ന് കുറെദൂരം ഉണ്ട്. ഏതായാലും അവളെ ഒരു കിടക്കയിൽ ഉടനെതന്നെ കിടത്തണം.

ഹേമാംഗൻ തന്റെ വരണ്ട ചുണ്ടുകൾ നാവുകൊണ്ട് നനച്ചു. "നിങ്ങൾ ഇവിടെ ഒരു നെർസിനെ (Nurse) അയച്ചുതന്നാൽ മതിയാവില്ലേ" എന്ന് പെട്ടെന്ന് ചോദിച്ചു.

ഇതു കേട്ടപ്പോൾ ഡോക്ടർ മായാവരൻ ഒന്ന് ചുറ്റും നോക്കി.

**ഡോക്ടർ:** ഇവിടെയോ? ഇതാ ഒന്നും വിചാരിക്കരുതേ. ഇത് വളരെ കാലമായിട്ട് പൂട്ടിയിട്ട വീടായിരുന്നില്ലേ?

**ഹേമാംഗൻ:** (പൊടുന്നനെ) അല്ല. എനിക്ക് വേലക്കാരുടെ ഒരു സേന ഇവിടെ ഉണ്ട്. പോരാഞ്ഞിട്ട് വീട് റിപ്പേർ ചെയ്‌വാൻ മറ്റൊരു സേനയുംകൂടി വരുന്നുണ്ട്. ഇവിടെ വീട് നോക്കിയിരുന്ന രാജമ്മ ഈ ചെറ്റപ്പക്കാരത്തി ധനത്തിന്ന് ഇപ്പോൾതന്നെ ഒരു 'റൂം' (മുറി) തെയ്യാറാക്കിക്കൊടുക്കട്ടെ. മറ്റൊന്ന് നിങ്ങൾ അയയ്ക്കാൻ പോകുന്ന നേർസിന്നു വേണ്ടിയും ഒരുക്കട്ടെ. എനിക്ക് അതാണ് അധികസൗകര്യം.

**ഡോക്ടർ:** (മന്ദഹസിച്ചിട്ട്) നിങ്ങളുടെ ഇഷ്ടംപോലെ മുഖ്യകാര്യം വെടിപ്പായ ശുശ്രൂഷയും നോട്ടവുമാണ്. ഞാൻ ഇപ്പോൾത്തന്നെ ഒരു പരിചവും തഴക്കവുമുള്ള നേർസിനെ അയച്ചുതരാം. അവൾ എല്ലാം ഏറ്റെടുക്കട്ടെ. അതിനിടയിൽ വീട് റിപ്പേർചെയ്യുന്ന കൂട്ടരെ കുറേ ദിവസത്തോളം അകറ്റി നിർത്തുന്നതായിരിക്കും നല്ലത്. രോഗിണിക്ക് സുഖപ്പെടുംവരെ ആ മാതിരി ബഹളങ്ങളൊന്നും അടുത്തുവെച്ചുനടത്താൻ പാടില്ല.

ഡോക്ടർ വിടവാങ്ങി. മേലേത്തട്ടിൽ ഉണ്ടായിരുന്ന ഒരു വലിയ അന്ധകാരമുറിയിൽവെച്ച് കർട്ടനിട്ട് മൂടിയ ഒരു കട്ടിലിന്മേൽ ഹേമാംഗൻ ധനത്തെ എടുത്തുകൊണ്ട് പോയി കിടത്തി. വേലക്കാരത്തി അത് മുൻകൂട്ടി വെടിപ്പാക്കി ഒരുക്കിവെച്ചിരുന്നു. അയാൾ അവളെ എടുത്ത് കിടത്തിയപ്പോൾ ഒന്ന് നല്ലവണ്ണം കുനിഞ്ഞുനോക്കി. അയാളുടെ മുഖം ദുസ്സഹകാമം നിമിത്തം ഇരുണ്ടുപോയിരുന്നു.

അവളുടെ നേരെ ഉണ്ടായ കാമംകൊണ്ട് അയാളുടെ രക്തം വിഷം കലർന്നപോലെ ദുഷിച്ചുപോയി. അവളുടെ വായിൽനിന്ന് ഒരു ദീനമായ വിലാപസ്വരത്തിൽ തന്റെ എതിരാളിയായ ഭാസ്കരന്റെ നാമം പിന്നെയും പുറത്ത് വന്നപ്പോൾ ഹേമാംഗൻ കോപാതുരനായി തന്റെ മുഷ്ടിചുരുട്ടിപ്പിടിച്ചു.

അവളുടെ മനസ്സിൽ കൊത്തിവെച്ചപോലെ പതിഞ്ഞു പോയ ഭാസ്കരന്റെ ബിംബം വേരോടെ നശിപ്പിച്ച് കളയും വരെ ഹേമാംഗന്ന് തന്റെ ജീവിതം ഒരു നരകയാതനയായിക്കഴിപ്പാനെ തരം ഉണ്ടാകയുള്ളു. ഛ! അവൾ കഴിച്ച പ്രണയ പരിപൂർണ്ണമായ ആ മധുവിധുരാത്രി...! അയാൾ പല്ലുകടിച്ചു. അയാളുടെ കണ്ണിന്റെ മുമ്പിൽ ഒരു രക്തവർണ്ണമായ മത്ത് സ്വരൂപിച്ചപോലെ തോന്നി. അവൾ ഭാസ്കരന്റെ അധീനത്തിൽ ആയിക്കഴിഞ്ഞു. ഇനി അവൾ തന്റേയും അധീനത്തിൽ ആകണം. ഇപ്പോൾ അവൾ കിടക്കുന്നത് ഹേമാംഗന്റെ സ്വന്തം വീട്ടിലാണ്. അവൾ അയാളുടെ സ്വന്തം ആളായിത്തീർന്നതിൽപ്പിന്നെ മാത്രമേ ഈ വീടുംവിട്ട് പോകയുള്ളൂ. അവളുടെ ദേഹവും ദേഹിയും—അവളുടെ ഒരു ബിന്ദുപോലും വിട്ടുപോകാതെ അവൾ ആകപ്പാടെ തന്റെ സ്വന്തമായിത്തീർന്നതിൽപ്പിന്നെ മാത്രമെ അവളെ അവിടം വിട്ട് പോവാൻ ഹേമാംഗൻ സമ്മതിക്കയുള്ളൂ.

# 20

## ധനവും ഹേമാംഗനും

താൻ എവിടെയാണെന്ന് യാതൊരു വിവരവും ഇല്ലാതെ അഞ്ചുദിവസത്തോളം ധനം ബോധരഹിതയായി എന്തെങ്കിലും ഏതെങ്കിലും നൊടിഞ്ഞുകൊണ്ട് കിടന്നു. എന്നാൽ നേഴ്സിന്റെ സമ്മതപ്രകാരം ഇടയ്ക്കിടെ ഹേമാംഗൻ, അവളെ വന്നു നോക്കി കാഴ്ചകൊണ്ടെങ്കിലും അയാൾക്കുണ്ടായ കാമം ശമിപ്പിക്കാൻ, തടിച്ച ചുടിപ്പായയിൽക്കൂടെ ശബ്ദമുണ്ടാക്കാതെ വന്നുകൊണ്ടിരുന്നു. അതും ധനത്തിന് നിശ്ചയം ഉണ്ടായിരുന്നില്ല. അവളുടെ ചൂടുകൊണ്ട് വറണ്ടുപോയ ചുണ്ടിൽ നിന്ന് ഭാസ്കരന്റെ നാമം പുറപ്പെടുന്ന അവസരത്തിലൊക്കെ ഹേമാംഗൻ കോപാന്ധനായി, അസൂയാക്രാന്തനായി പല്ലും കടിച്ചുനില്ക്ക പതിവായിരുന്നു. അതും ധനം അറിഞ്ഞിരുന്നില്ല.

ധനത്തിന്റെ നാഡികളൊക്കെ പൊട്ടിപ്പോവാൻ എളുപ്പമായ സ്ഥിതിയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. സുഖാവസ്ഥയിൽ ഇരിക്കുന്നവരുടെ മനോഭാവം ആതുരഭാവംകൊണ്ട് മനസ്സ് മറഞ്ഞുപോയവരുടെ മനോഭാവത്തിൽനിന്ന് വേർതിരിക്കുന്ന ആ സ്വപ്നമയമായ മദ്ധ്യപ്രദേശത്ത് നില്ലംപോലെ ധനം കുറെ ദിവസം കഴിച്ചുകൂട്ടി. യാതൊരു കരയും കാണാത്ത നിരാശ്രയത്തിൽ അവളുടെ തലച്ചോറ്, കരിങ്കാറ് കൊണ്ട നിലാവെന്നപോലെ, ചടച്ചുപോയിരുന്നെങ്കിലും, അവളുടെ സഹജമായ താരുണ്യശക്തി, ആമയത്തോട് അനവരതം പൊതി, അടിക്കടി ജയസിദ്ധി ഉണ്ടാക്കിക്കൊടുത്തു.

എന്നാൽ ഇനിയും സൂര്യപ്രകാശം തികച്ചും എത്തിക്കഴിഞ്ഞിട്ടില്ല. അവളുടെ മനസ്സ് മങ്ങിപ്പിക്കാൻ പുറപ്പെട്ട കരിങ്കാറിനെ അവളുടെ ദേഹബലം അകറ്റി നിർത്തിക്കളഞ്ഞെങ്കിലും, അവളുടെ പരിതസ്ഥിതികളുടെ ശരിയായ ബോധം അവൾക്ക് ഉണ്ടായിവന്നപ്പോൾ, അവളുടെ പദവിക്കും നിലയ്ക്കും ഭേദം നേരിടാതെ അവ പണ്ടേപോലെ ശോച്യാവസ്ഥയിൽ തന്നെ കിടക്കുന്നു എന്ന് അവൾക്ക് ബോദ്ധ്യമായി. അവളുടെ ഭാവി നിരാശയിലും ശോകവിഷ്ണസ്ഥിതിയിലും അന്ധകാരമായിത്തന്നെ കിടക്കുന്നു. ഭാസ്കരന്റെ ഹരജിപ്രകാരം വിധി ഉണ്ടായി എന്നല്ലെ ഹേമാംഗൻ പറഞ്ഞു. ആ വാക്ക് കളവാണെന്ന ഒരു ശങ്ക അവളെ അണുപോലും ബാധിച്ചിരുന്നില്ല. അവൾ അവസാനകയ്യായി ഭാസ്കരനെക്കണ്ട് വേണ്ട അപേക്ഷകൾ ചെയ്തു. അപേക്ഷകൾ തള്ളിയതുകൂടാതെ നിർദ്ദയവും ക്രൂരവുമായ വാക്ക് ഉപയോഗിച്ച് അവിടുന്ന് അവളെ മടക്കി. കൊലക്കുറ്റം ചെയ്തവൾ എന്നാണ് അയാൾ ധനത്തെ വിളിച്ചത്. ധനം വിറച്ചു. അദ്ദേഹം ക്രൂരവും അന്യായവുമായി അവളോട് പെരുമാറിയതുകൂടാതെ അവളെ നിർഭരം വെറുക്കുകയും കൂടിച്ചെയ്തിരുന്നു. എന്നിട്ടും അദ്ദേഹത്തോടുണ്ടായ പ്രേമം അവളുടെ ഉള്ളിൽനിന്ന് വിട്ടുപോയില്ല.

മേൽക്കട്ടിയിട്ട ആ വലിയ കട്ടിലിന്മേൽ കിടന്നുകൊണ്ടിരുന്ന സമയത്തു, തന്റെ പ്രേമവിഷയത്തെ സംബന്ധിച്ചേടത്തോളം ഒരു ശരിയായതീർപ്പിൽ വന്നെത്തുവാൻ ധനത്തിന്ന് സാധിച്ചില്ല. അവൾ വളരെ സങ്കടം അനുഭവിച്ചു. പലമാതിരി വികാരങ്ങളും സഹിക്കേണ്ടിവന്നു. അവളുടെ ഉള്ളിൽ ഉണ്ടായിരുന്ന സകല വികാരങ്ങളുടെയും ഉറവ സ്ഥലം ഉണങ്ങിപ്പോയിരിക്കുന്നു, വിധി പാട്ടല്ലേടത്തോളം അവളെ ദ്രോഹിച്ചുകഴിഞ്ഞു. ഇനിയും പാരവശ്യങ്ങൾ സഹിക്കാനുണ്ടെങ്കിൽ, അതൊക്കെ താൻ അനുഭവിച്ചേടത്തോളം അത്ര കട്ടപ്പമായിരിക്കയില്ല. എന്താപത്ത് നേരിട്ടാലും, അതുകൊണ്ട് സിദ്ധിക്കാവുന്ന ക്ലേശങ്ങൾ അത്ര കട്ടപ്പമായ നിലയിൽ, അവൾക്ക് അനുഭവമായ്വരികയും ഇല്ല.

അവൾ ഹേമാംഗന്റെ വീട്ടിൽ എങ്ങനെ എത്തി എന്ന് ഹേമാംഗൻ പറഞ്ഞുകൊടുത്ത സമാധാനം അവൾ യാതൊരു ക്ഷോഭമോ ആവേശമോ കാണിക്കാതെ കേട്ടു. അവൾ കാറിൽവെച്ച് പെട്ടെന്ന് രോഗാതുരയായിപ്പോയി എന്നാണ് ഹേമാംഗൻ പറഞ്ഞ് മനസ്സിലാക്കിക്കൊടുത്തത്. അതെന്തെങ്കിലുമാകട്ടെ ഇപ്പോൾ അവൾ ഇവിടെയാണ്. എവിടെയെങ്കിലും ഒരു ദിക്കിൽ അവൾ വേണ്ടുന്നതാണ്. അത് ഏത് ദിക്കായാലും കണക്ക് ഒന്നുതന്നെ. കഴിഞ്ഞുപോയ ദിവസംപോലെതന്നെയാണ് വരുവാൻ പോകുന്ന ദിവസവും. ഒരാളെപ്പോലെതന്നെ മറ്റൊരാളും എന്ന് പറയാമോ? തന്നേസംബന്ധിച്ചേടത്തോളം ഒരാൾക്കും നിസ്വാർത്ഥമായ ഒരു കാംക്ഷ ഉണ്ടോ എന്ന് സംശയമാണ്.

കിടക്കയിൽനിന്ന് എഴുന്നേറ്റ് ഇരുട്ടുപിടിച്ച വീട്ടിൽക്കൂടെ യഥേഷ്ടം ചുറ്റിനടപ്പാൻ, ശുശ്രൂഷക്കാർ അവളെ അനുവദിച്ചു. ഹേമാംഗൻ അവളുടെകൂടെ നടപ്പാൻ എപ്പോഴും റെഡിയായി നിന്നിരുന്നു. ആ ഭവനത്തിൽ അയാൾ നടത്താൻ പോകുന്ന പരിഷ്കാരങ്ങളെപ്പറ്റി അയാൾ അവളോട് പറഞ്ഞുകൊണ്ടിരുന്നു. വാതിലിന്മേൽ മങ്ങിയ വർണ്ണത്തിൽ ചായമിടുക. ചുമരിന്മേൽ ഭംഗിയുള്ള ചിത്രക്കടലാസ്സുകൾ പതിക്കുക. പഴയ സാമാനങ്ങൾ നീക്കംചെയ്ത് ഇപ്പോഴത്തെ പരിഷ്കൃതസാമാനങ്ങൾകൊണ്ട് വെയ്ക്കുക. പുതിയ കളിമുറികൾ—ശീതോഷ്ണങ്ങൾ നിയമനം ചെയ്യുന്ന ഏർപ്പാടുകൾ വിദ്യുച്ഛക്തിയുടേയും കാന്തശക്തിയുടേയും യന്ത്രക്കോപ്പുകൾ. ഒന്നാന്തരം തോട്ടംകൊണ്ട് പറമ്പ് ഒരു നന്ദനവനമാക്കാനുള്ള ഏർപ്പാടുകൾ ഇങ്ങിനെ പല ഏർപ്പാടുകളേപ്പറ്റിയും അയാൾ വിസ്തരിച്ച് പറഞ്ഞു. മറ്റേ വിവരത്തെപ്പറ്റിപ്പറവാൻ കാലമായിട്ടില്ലെന്ന് ഹേമാംഗനന് നല്ലവണ്ണം അറിയാം. പറയുന്നതൊക്കെ ധനം നിശ്ശബ്ദമായി ശ്രദ്ധിക്കുന്നുണ്ടെന്ന് തോന്നിപ്പോകെങ്കിലും അവൾ ഒന്നും കേട്ടിരുന്നില്ല. അവൾ ചില ശബ്ദങ്ങൾ കേട്ടിരുന്നു എങ്കിലും അർത്ഥമൊന്നും മനസ്സിലാകാത്ത വിധത്തിലായിരുന്നു. ജീവിതകാലത്തിലെ ഭയങ്കര കഷ്ടാരിഷ്ടകളിൽ പെട്ട് ഉഴലുന്നവർക്ക് കളിമുറികളും വൈദ്യുതദീപങ്ങളും മറ്റും ആവശ്യമില്ല.

ഹേമാംഗൻ ഇങ്ങിനെ ഒക്കെ പറഞ്ഞു എന്നല്ലാതെ അയാളുടെ വിചാരങ്ങളും മറ്റും മറ്റൊരു മാർഗ്ഗത്തിൽക്കൂടെ ആയിരുന്നു. അയാൾ വിചാരിക്കുന്നത് ധനത്തിന്റെ മനസ്സിൽ നിന്ന് ഭാസ്കരന്റെ സ്മരണ നാരായവേരോടെ പൊരിച്ച് ചാടിയ നിലവന്നുപോയ ഒരു ദിവസം പുലരുവാനാണ്. ഭാസ്കരന്റെ സ്ഥാനത്ത് അവളുടെ മനസ്സിൽ തനിക്ക് കടന്നുകൂടാൻ വഴികണ്ടുപിടിക്കാനാണ്. മരിക്കാറായിപ്പോയ ഈ മനോഹരിക്ക് ഒരു പുതിയ ജീവൻ വെപ്പിച്ചുകൊടുത്ത് അവളെ ഉണർത്തണം. അവളുടെ ഉള്ളിൽ കാമവികാരം കത്തിപ്പിക്കണം. അത് തന്നെക്കുറിച്ച് ആയിരിക്കയും വേണം.

വീട്ടിന്റെ ചുറ്റുവട്ടത്തും അപരിഷ്കൃത സ്ഥിതിയിൽ കിടക്കുന്ന വലിയ പറമ്പുണ്ട്. സൂര്യന്റെ ഉഷ്ണംകൊണ്ട് ഇലകളൊക്കെ കൊഴിഞ്ഞ് വീഴുന്ന കാലമാണ്. എന്നാൽ മങ്ങിയ വെളിച്ചവും തണലും ഉള്ള ദിക്കുകൾ ആ പറമ്പത്ത് ധാരാളം ഉണ്ടായിരുന്നു. അതിൽക്കൂടെ ധനത്തേയുംകൂട്ടി അയാൾ ഒരു ദിവസം നടക്കാൻ പോയി. അവർ ഒരു ചെറിയ "ചേപ്പലിൽ" (പ്രാർത്ഥിക്കാൻ ഉപയോഗിക്കുന്ന ഒരു ഗൃഹ) എത്തി. അത് പാറകൊണ്ട് പണിതതായിരുന്നു. അവിടെ കൊത്തുപണിയുള്ള ഒരു ശവകുടീരം ഉണ്ടായിരുന്നു. കല്ലിന്റെ വിടകളിൽക്കൂടെ പുല്ല് പൊങ്ങിവന്നിരുന്നു. അത് ഹേമാംഗന്റെ പൂർവ്വന്മാരിൽ ഒരാളുടെ ശവം അടക്കംചെയ്യപ്പെട്ട ദിക്കാണെന്ന് യദൃച്ഛയാ എന്നപോലെ ഹേമാംഗൻ അവളോട് പറഞ്ഞുകൊടുത്തു. അയാൾ ഒരു കോപിഷ്ഠനും താന്തോന്നിയും ആയിരുന്നത്രേ. അവിടത്തെ പാറിഷ്പള്ളിയിലെ "വികാരി"യുമായി അയാൾ പിണങ്ങി. തന്റെ ശവം അടക്കം ചെയ്‌വാൻവേണ്ടി അയാൾ ഈ ഗൃഹപണിയിച്ചതാണ്. ആ ഗൃഹയിൽ എത്തിയപ്പോൾ നേരിട്ട തണുപ്പും മറ്റുംകൊണ്ട് ധനത്തിന്ന് ഒരു നട്ടക്കവും വിറയലും ഉണ്ടായി. അവിടുന്ന് പുറത്തുവന്ന് ശുദ്ധവായു ഏറ്റപ്പോൾ അവൾക്ക് വലിയ ആശ്വാസമായി. അവൾ വീട്ടിലേയ്ക്ക് ബദ്ധപ്പെട്ട് നടന്നപ്പോൾ ഹേമാംഗനെ കടന്നിട്ടുവെച്ചുപോയി. അവളുടെ ഉന്മേഷത്തിന്ന് ഒരു ഇളക്കം നേരിട്ടപോലെ തോന്നി. അത് അവൾക്ക് സാധാരണ ഉണ്ടാകാറുള്ള ഗണ്യമില്ലായ്മയിൽനിന്ന് അസാരം ഭേദിച്ചപോലെ ഒരു വികാരമായിരുന്നു. വരാൻ പോകുന്ന ആപത്തിനെ കറിക്കുംപ്രകാരം അവൾക്ക് തോന്നി.

ഇരുട്ടുപിടിച്ച വീട്ടിന്റെ ഹാളിൽ എത്തിയപ്പോൾ സന്ധ്യയായി. വിളക്ക് കത്തിച്ചുവെച്ചിരുന്നു. തീക്കായാൻ വേണ്ടിമാത്രം ഉണ്ടാക്കിവെച്ച ഒരു വലിയ അട്ടപ്പിൽ വിറക് കത്തിക്കൊണ്ടിരുന്നു. തീക്കുണ്ഡത്തിന്റെ അടുക്കെ ഒരു ചെറിയ വട്ടമേശ വെച്ചിരുന്നു. അതിന്മേൽ രണ്ടുപേർക്ക് ഭക്ഷിക്കാനുള്ള കോപ്പുകൾ കൊണ്ടുവെച്ചിരുന്നു. ധനം മേലെതട്ടിൽ ഉള്ള അവളുടെ മുറിയിലേയ്ക്ക് പോയി. പിന്നെ, ഒന്നും മനസ്സിലാകുന്നില്ല എന്ന മുഖഭാവത്തൊടെ അവൾ ക്ഷണം ഇറങ്ങിവരുന്നതും കണ്ടു.

**ധനം:** ഹേമാംഗ! നേഴ്സിന്റെ മുറിയിൽ ആരേയും കാണുന്നില്ല. അവളുടെ സാമാനങ്ങളും കാണ്മാനില്ല.

**ഹേമാംഗൻ:** (അടുത്തുവന്ന് ചിരിച്ചുകൊണ്ട്) അത് കൊണ്ടെന്താ ധനം നിനക്ക് വേണ്ടപ്പെട്ട ദേഹസുഖം കിട്ടി എന്നല്ലേ അത് കാണിക്കുന്നത്. നിന്റെ രോഗമൊക്കെ ഭേദമായാൽ പിന്നെ നേഴ്സ് എന്തിനാണ്?

**ധനം:** അപ്പോൾ അവൾ പോകുമെന്ന വിവരം നിങ്ങൾക്കുണ്ടായിരുന്നു.

**ഹേമാംഗൻ:** നിശ്ചയമായിട്ടും.

ധനത്തിന്റെ നെറ്റിചുളിഞ്ഞു. പുരികങ്ങൾ തമ്മിൽ അടുത്തു. ഇദ്ദേഹത്തിന്റെ ഭവനത്തിൽ കഴിക്കേണ്ടി വന്ന ദിവസങ്ങൾ അവൾക്ക് തന്റേടം ഇല്ലാത്ത നാളുകൾ ആയിരുന്നു. ഒരു വിവരിക്കവയ്യാത്ത ആപത്ഭയം അവളെ പിടികൂടി. ഇനി അവൾ ഇവിടെ നില്ലേണ്ടുന്ന കാര്യം എന്താണ്? അവൾക്ക് ഇവിടെ ഇരിപ്പാൻ പാടില്ല. ഇങ്ങിനെ തനിച്ചിരിപ്പാൻ ഒട്ടും പാടില്ല. അവൾക്ക് ശ്വാസംമുട്ടി.

**ധനം:** (കിതപ്പോടെ) അവൾ പോകുന്ന വിവരം നിങ്ങൾ എന്നേയും അറിയിക്കേണ്ടതായിരുന്നു. ഹേമാംഗ! നിങ്ങൾ എനിക്ക് വളരെ ഉപകാരം ചെയ്തിട്ടുണ്ട്. എന്നാലും കൂടി എനിക്കിവിടെ ഇങ്ങിനെ പാർക്കാൻ പാടുള്ളതല്ല. ഞാൻ ഇതിനുമുമ്പേതന്നെ നിങ്ങളോട് പറയേണ്ടതായിരുന്നു. കാര്യങ്ങൾ ഞാൻ അറിയാതെ അങ്ങിനെ വന്ന് കലാശിച്ചു എന്നേ ഉള്ളൂ. എനിക്ക് ഒരു വിവരവും ഉണ്ടായിരുന്നില്ല. ബോധമില്ലാത്ത നിലയിലായിരിക്കണം എന്നേ ഇവിടെ കൊണ്ടുവന്നത്. (നെറ്റി തടവി ഓർമ്മിച്ചുനോക്കീട്ട് വളരെ ദയനീയഭാവത്തിൽ) നിങ്ങൾ എന്തുകൊണ്ട് എന്നെ ആസ്പത്രിയിൽ കൊണ്ടുപോയി വിട്ടില്ല.

**ഹേമാംഗൻ:** എനിക്ക് നിന്നെ ഇവിടെവേണം എന്ന് വെച്ചതുകൊണ്ട്.

ഹേമാംഗന്റെ കോലം മാറി എന്ന് അയാളുടെ സ്വരത്തിന്റെ പുതിയ രീതി അറിയിച്ചു. ഇതുവരെ അയാളുടെ സ്വരം ദയകരിക്കുന്ന ഒരു പതിഞ്ഞതരീതിയിലായിരുന്നു. ആ സ്വരത്തിന്റെ ശരിയായ അർത്ഥം ധനത്തിന്ന് മനസ്സിലായില്ലെങ്കിലും അത് തനിക്ക് ഗുണകരമല്ലെന്ന് അവൾ നല്ലവണ്ണം അറിഞ്ഞിരുന്നു. ആ സ്വരത്തിൽ കാമത്തിന്റെ മൂർദ്ധന്യസ്ഥിതിയും വരുവാൻ പോകുന്ന വിജയത്തിന്റെ മദവും ധ്വനിച്ചിരുന്നു.

"എന്നാൽ—" എന്ന് മാത്രം പറഞ്ഞ് അവൾ അവളുടെ വിരലുകൾ ഇറുക്കുകയും പൂട്ടുകയും ചെയ്തുകൊണ്ട് കുറേനേരം നിന്നു. എന്നതിൽപിന്നെ ബദ്ധപ്പാടുള്ള പോലെ ഒരു സ്വഭാവം കാണിച്ചു.

**ധനം:** (പതുക്കെ) എനിക്ക് ഇപ്പോൾ ഇവിടുന്ന് പോവാൻ സമ്മതം തരണം. എനിക്ക് കല്ലട്ടയിൽ മടങ്ങിപ്പോയി ഒരു ജോലിക്ക് അന്വേഷിച്ച് നോക്കേണ്ടതുണ്ട്.

ഹേമാംഗൻ ധൃതിയോടെ അവളുടെ അടുക്കെ വന്നിനിന്നു.

**ഹേമാംഗൻ:** ഞാൻ ഇവിടുന്ന് നിന്നെ മടങ്ങിപ്പോവാൻ സമ്മതിക്കുകയില്ല. ഒരിക്കലും സമ്മതിക്കുകയില്ല.

അവൾ ഭയത്തോടെ നിലവിളിച്ച് പിന്നോക്കം വാങ്ങി നിന്നു.

**ധനം:** നിങ്ങൾ എന്താണ് ചെയ്‌വാൻ ഭാവം. എന്താ നിങ്ങൾക്ക് ഭ്രാന്തായ്യോയോ? എനിക്ക് മടങ്ങിപ്പോകാതെ നിവൃത്തിയില്ല. അത് ഉടനെത്തന്നെ ആയിരിക്കുകയും വേണം.

**ഹേമാംഗൻ:** (അവളുടെ കൈ പിടിച്ചിട്ട്) പോവാൻ പാടില്ല. പോവാൻ സമ്മതിക്കുകയും ഇല്ല. ധനം ഞാൻ നിന്നെ പ്രേമിക്കുന്നു.

അയാൾ വളരെ പണിപ്പെട്ട് തന്റേടത്തോട് നിന്നു. അയാളുടെ കാമപാരവശ്യത്തിന്റെ അതിരേകത ധനത്തിനെ ഭയപ്പെടുത്തുവാനും കരുതിയിരിപ്പാനും പര്യാപ്തമായിപ്പോകും എന്ന് അയാൾ കണ്ടു. ഉടനെത്തന്നെ അയാൾ ഒരു മാർദ്ദവഭാവം അവലംബിച്ചു.

**ഹേമാംഗൻ:** ധനം! നിന്നെ ഉണയ്യാനുള്ള വിചാരമേ എനിക്കുള്ളൂ. നിന്നെ സഹായിപ്പാൻ ഭൂമിയിൽ ഒരാളും ഇല്ല.

**ധനം:** എന്നെ ഇവിടെത്തന്നെ നിർത്തുന്നതുകൊണ്ട് നിങ്ങൾക്ക് യാതൊരുവിധത്തിലും എന്നെ സഹായിപ്പാൻ സാധിക്കുന്നതല്ല.

**ഹേമാംഗൻ:** (അവളുടെ കൈ മുറുകെ പിടിച്ചിട്ട്) നീ ഈ വീട്ടിന്റെ അധികാരിണിയായി ഇവിടെത്തന്നെ താമസിച്ചുകൊൾക. നീ ഇവിടെ എന്റെ ഭാര്യയായി ഇരുന്നുകൊൾക.

അവൾ അദ്ദേഹത്തെ അമ്പരപ്പോടെ നോക്കി.

**ധനം:** നിങ്ങളുടെ ഭാര്യയായിട്ടോ! എന്നുവെച്ചാൽ ഞാൻ നിങ്ങളെ വിവാഹം കഴിക്കേണമെന്നോ? അത് അസാദ്ധ്യമാണ്.

**ഹേമാംഗൻ:** എന്തുകൊണ്ട്?

**ധനം:** (ചുണ്ടുകടിച്ചുകൊണ്ട്) ഭാസ്കരൻ.

ആ പേര് എത്രയോ പതിഞ്ഞ സ്വരത്തിലായിരുന്നു അവൾ ഉച്ചരിച്ചത്.

തന്റെ കണ്ണുകൾ കറിക്കാനിടയുള്ള, വെറുപ്പിന്റെ മിന്നൽ കാണാതിരിപ്പാൻ ഹേമാംഗൻ തല തിരിച്ചുകളഞ്ഞു.

**ഹേമാംഗൻ:** (ദയയില്ലാതെ) നീ അയാളുടെ ഭാര്യയല്ല.

**ധനം:** (കണ്ണ് ചിമ്മിക്കൊണ്ട് മെല്ലെ) അയാളുടെ കുട്ടിയാണ് എന്റെ പള്ളയിലുള്ളത്.

ഹേമാംഗൻ കഠിനഭാവത്തോടെ ഒന്ന് മന്ദഹസിച്ചു. ആ ഘട്ടം താൻ മുൻകൂട്ടി കണ്ടുവെച്ച ഒന്നായിരുന്നു. അത് തകർത്തുവാനുള്ള ഒരു ഉപായവും അയാൾ കണ്ടുപിടിച്ചുവെച്ചിരുന്നു. ചുരുക്കിപ്പറഞ്ഞാൽ അയാൾ കരുതിവെച്ച ഉപായം തനിക്ക് ജയസിദ്ധിവരുത്തുന്ന ഒരു ബ്രഹ്മാസ്ത്രംതന്നെ ആയിരുന്നു.

**ഹേമാംഗൻ:** ആ കാര്യവും ഞാൻ അറിയും. ഭാസ്കരൻ തന്നെ അത് എന്നോട് പറഞ്ഞിട്ടുണ്ട്. ജാരവാണെന്ന് നടിച്ചതുകൊണ്ട് ആ കാര്യവുംകൂടി അയാൾ നിഷേധിച്ചുകഴിഞ്ഞു. അതുകൊണ്ട് നിന്റെ പിറക്കാൻപോകുന്ന കുട്ടിക്ക് തന്റെ പേരോ തന്റെ പണമോ കൊടുക്കുകയില്ലെന്ന് അയാൾ ഉറപ്പാക്കിക്കഴിഞ്ഞു. ആ കുട്ടിക്ക് രണ്ടും ഞാൻ ദാനം തരാം. ധനം നീ എന്നെ വിവാഹം കഴിക്കുക. ഞാൻ നിന്നേയും നിനക്ക് ജനിക്കാൻ പോകുന്ന കുട്ടിയേയും രക്ഷിച്ചുകൊള്ളാം. എന്റെ പ്രിയധനം! നീ ഇതിനാൽ ഉണ്ടാവുന്ന ഗുണം നല്ലവണ്ണം കാണുന്നില്ലെന്നുണ്ടോ! ജനിക്കാൻ പോകുന്ന കുട്ടിയെ വിചാരിച്ചിട്ടെങ്കിലും, ഞാൻ പറഞ്ഞ കാര്യം നിനക്ക് നിഷേധിച്ചുകൂടാത്തതാണ്. അതുകൊണ്ട് നിഷേധിക്കുന്നത് നിന്റെ അധോഗതിയായിരിക്കും—ഇപ്പോൾത്തന്നെ വാഗ്ദത്തം ചെയ്തുകൊൾക. നീ എന്നെ വിവാഹം ചെയ്യുമെന്ന് ഉറപ്പിച്ച് പറയ.

അവൾ സംഭ്രമത്തോടെ രണ്ടുമൂന്നടി പിന്നോക്കം വങ്ങി നിന്നു.

**ധനം:** ഓ. അങ്ങിനെ ചെയ്യുന്നത് നിങ്ങൾക്ക് ഒരു നന്മയുണ്ടാകയില്ല. അങ്ങുന്നേ! അദ്ദേഹത്തെ പ്രേമിക്കുംപോലെ നിങ്ങളെ ഞാൻ പ്രേമിക്കുന്നേ ഇല്ല. മറ്റൊരാളേയും ഞാൻ പ്രേമിക്കാനിടയില്ല. അയാളെ പ്രേമിച്ചതോട്കൂടി എന്റെ പ്രേമം മുഴുവനും ചെലവായിപ്പോയി.

**ഹേമാംഗൻ:** എന്നാൽ അയാൾ നിന്നെ സ്നേഹിക്കുന്നില്ല. ഞാൻ ആണെങ്കിൽ നിന്നേയും ജനിക്കാൻപോകുന്ന കുട്ടിയേയും—എന്നുവെച്ചാൽ രണ്ട് പേരേയും സ്നേഹിക്കുന്നുണ്ട്. നീ പ്രസവിക്കുന്നതുവരെ നിന്നോട് ഞാൻ യാതൊരു കാര്യത്തിനും നിർബ്ബന്ധമായി ആവശ്യപ്പെടുന്നും ഇല്ല. ഇഷ്ടത്തി നീ പ്രസവിക്കാൻ പോകുന്ന കുട്ടിയുടെ കഥ ആലോചിച്ച് നോക്കു. കുറെ കൊല്ലം കഴിഞ്ഞാൽ നീ പ്രസവിക്കുന്ന കുട്ടി തന്നെ നിന്റെനേരെ വെറുപ്പോടെ തിരിയും. നിനക്ക് എന്റെ അപേക്ഷ കൈക്കൊള്ളാതെ ഒരു നിവൃത്തിയും ഉണ്ടാകയില്ല.

അവൾ അവളുടെ മുഖം കൈകൊണ്ട് പൊത്തി. വിവാഹം! ഭർത്താവ്! അവൾക്ക് മേലാൽ വിവാഹമാകട്ടെ ഭർത്താവാകട്ടെ ആവശ്യമില്ല. എന്നാലുംകൂടി ഒരു തരുണിക്ക് ഒരു പുരുഷനെ ആശ്രയിച്ചിട്ടുമാത്രമേ ന്യായമായ രീതിയിൽ ജീവിതം നയിക്കാൻ സാധിക്കയുള്ളൂ. "പുരുഷന്മാർ ചെന്നായ്ക്കളാണ്" എന്നാണ് മാർത്ത പറഞ്ഞത്. എന്നാലും ഹേമാംഗൻ അവളോട് ദയയോടും ചരിതത്തോടുമാണ് പെരുമാറിയിരുന്നത്. ദയ! ചരിതം! അദ്ദേഹം അവൾക്ക് ജനിക്കാൻ പോകുന്ന കുട്ടിയുടെ മാനത്തെ രക്ഷിക്കാൻകൂടിയാണ് നോക്കുന്നത്. അദ്ദേഹം ചെയ്‌വാൻ ഉദ്ദേശിക്കുന്നത് ശരിയും ന്യായവുമാണ്. അവൾക്ക് നിഷേധിപ്പാൻ ഒട്ടും തരമില്ല. അവൾ ദീർഘമായി ഒന്ന് നിശ്വസിച്ചു.

**ധനം:** ഹേമാംഗ! നിങ്ങൾ പറഞ്ഞത് ശരിയാണ്. ഞാൻ നിങ്ങളെ പ്രേമിക്കുന്നില്ലെന്ന് അറിഞ്ഞിട്ടുകൂടി നിങ്ങൾക്ക് എന്നെ ഭാര്യാപദവിയിൽ സ്വീകരിക്കാമെങ്കിൽ എനിക്ക് നിങ്ങളെ നിഷേധിപ്പാൻ പാടില്ലാത്തതാണ്.

ഹേമാംഗൻ അവളെ കെട്ടിപ്പിടിച്ച് നിലത്തിൽനിന്ന് കുടങ്ങനെ പൊന്തിച്ച് അവിടെത്തന്നെ കൊണ്ടുവെച്ചു. അവൻ ചൊരിയുന്ന ചുംബനങ്ങൾ ഇപ്പോൾ തുടങ്ങുമെന്നുവെച്ച് അവൾ പതുങ്ങിയും ഞെരുങ്ങിയും ഒതുങ്ങിയും കാത്തുനിന്നു. എന്നാൽ അയാൾ അവളുടെ വിരലുകളിന്മേൽ ഒന്ന് ചുംബിച്ചതേ ഉള്ളൂ. പിന്നെ ഒന്നും ചെയ്തില്ല. എന്തുദയ! എന്ത് അടക്കം! അവളുടെ ഹൃദയം നന്ദികൊണ്ട് നിറഞ്ഞു.

ഒരു വലിയ ഭാരത്തിൽനിന്ന് ഒഴിവ് കിട്ടിയപോലെ അവൾക്ക് തോന്നി. അവളുടെ കുട്ടിയെ വിചാരിച്ചുമാത്രം! ആ ഒരു സംഗതികൊണ്ടുമാത്രം! ആ കാര്യത്തിൽ അവളുടെ പിടിത്തം അഴിച്ചുവിടാൻ പാടില്ല. കുട്ടി പിറന്ന് കഴിഞ്ഞാൽ നിശ്ചയമായിട്ടും കാര്യങ്ങൾക്ക് ഒരു ഭേദഗതി സിദ്ധിക്കും. അവൾ അദ്ദേഹത്തിന്റെ ഭാര്യ എന്ന നിലയിൽതന്നെ ഇരിക്കും. അവൾ പ്രേമിക്കാത്ത ഒരാളുടെ ഭാര്യ! പ്രേമമില്ലാത്ത വിവാഹങ്ങൾ വേറെയും സ്ത്രീകൾ കഴിച്ചിട്ടുണ്ടായിരിക്കും. അങ്ങിനെ കഴിച്ച കൂട്ടർ ഒടുവിൽ സുഖജീവിതത്തിൽ പ്രവേശിച്ച് എന്നും വന്നിരിക്കാം. ഇവൾക്കാണെങ്കിൽ തുടക്കത്തിൽതന്നെ സ്നേഹപരമായ ഒരു നന്ദി അടിസ്ഥാനമായി ഉറച്ചുനില്ലുന്നുണ്ട്.

**ഹേമാംഗൻ:** വിവാഹം നടത്താൻവേണ്ടി ഞാൻ ഒരു പ്രത്യേക "ലൈസൻസ്" വാങ്ങിക്കളയാം. എന്നാൽ നമുക്ക് ഉടനെതന്നെ വിവാഹവും നടത്തിക്കളയാം.

ഈ വാക്ക് ധനത്തിന്ന് അത്ര പിടിച്ചില്ല. ഉടനേയോ! ധനത്തിന്റെ ഉള്ളിൽനിന്ന് എന്തൊ ഒന്ന് തിരിയുകയും മറിയുകയും ചെയ്തു. എന്നാൽ വിവാഹം എന്നത് അവളുടെ പ്രസവംവരെ ഒരു ക്രിയ മാത്രമാണ് എന്നല്ലെ വെച്ചിട്ടുള്ളൂ. അങ്ങിനെ ഇരിക്കെ ഭാര്യാഭർത്തൃബന്ധം നടക്കാതെ ഒരു താല്ക്കാലിക വിവാഹംകൊണ്ട് ദോഷമൊന്നും സിദ്ധിക്കാനില്ലല്ലോ. കുട്ടിക്ക് കഴിയുന്ന വേഗത്തിൽ ഒരു അച്ഛനെ സമ്പാദിക്കുന്നതല്ലേ നല്ലത്. അപ്പഴൊ—എന്നാലുംകൂടി—ഭാസ്കരനില്ലേ! കുട്ടിയെ എങ്ങിനെ അന്യന്റേതാക്കും. അതും തെറ്റല്ലേ—വളരെ ഒന്നും ആലോചിക്കേണ്ടതില്ല. അങ്ങിനെയുള്ള ഒരു ഘട്ടമല്ല ഇത്. കയ്യിൽ കിട്ടിയതിനേയും ഉപേക്ഷിച്ചിട്ട് പറക്കുന്നതിനെ പിടിക്കാൻ നോക്കിയാൽ രണ്ടും നഷ്ടമായി എന്നെ വരുള്ളൂ. അധികം ആലോചന പാടില്ല. ഭാസ്കരനെപ്പറ്റി വിചാരിച്ചിട്ട് ഒരു ഫലവുമില്ല. അയാളുടെ രൂപം ഒരു കിനാവുപോലെ മനസ്സിൽ ഇരിക്കട്ടെ. അയാളല്ലെ നിർദ്ദയമായി അയാളുടെ വീട്ടിൽനിന്ന് അവളെ ആട്ടിപ്പായിച്ചത്. അവളുടെ ജീവിതകാലത്ത് അയാളുമായി നടന്ന ബന്ധം ഒരിക്കലും നിലനില്പില്ലായില്ല. ലോകം അതൊന്നും വിലവെയ്ക്കയില്ല. അയാൾക്ക് അവളെ വേണ്ടെങ്കിൽ, അവൾക്ക് അയാളെ വേണമെന്ന് വാശിപിടിക്കാൻ പാടില്ല. പിടിച്ചിട്ട് ഫലവും ഇല്ല. അയാളുടെ വിചാരംതന്നെ മേലാൽ പാടില്ല. സാധിക്കുമെങ്കിൽ അയാളെ മറന്നുകളവാനാണ് നോക്കേണ്ടത്. എന്നാലുംകൂടി തന്റെ പള്ളയിലെ കുട്ടിക്ക് ഹേതുഭൂതനായ ഒരാളെ എങ്ങിനെയാണപോലും മറന്നുകളയേണ്ടത്. നടന്നുപോയ കാര്യം ഇല്ലാതാക്കാൻ ഈശ്വരനുംകൂടി സാധിക്കയില്ല.

ഹേമാംഗൻ അവളുടെ കൈ ഒരിക്കൽക്കൂടി ചുംബിച്ച് അവൾ ഒറ്റയ്ക്ക് അവളുടെ ശയനമുറിയിലേയ്ക്ക് പോയി മനോദ്വേഗത്തോടെ വാതിലും തഴുതിട്ടു. ഹേമാംഗന്റെ കണ്ണിൽ നിന്ന് എന്തോ ഒരു കള്ളത്തരം മിന്നിക്കൊണ്ടിരുന്നു എന്ന് ധനത്തിന്ന് പലപ്രാവശ്യവും തോന്നിപ്പോയിട്ടുണ്ട്. ധനം തന്നെത്താൻ ശപിച്ചു. ചിലപ്പോൾ അവൾക്ക് ഭയവുമായി.

അവൾ ഉറങ്ങാൻ പോയി എന്ന് കണ്ടപ്പോൾ ഹേമാംഗൻ ഒരു സിഗററ്റിന്ന് തീ പിടിപ്പിച്ചു. അയാളുടെ ദേഹം മുഴുവനും വിറച്ചിരുന്നു. എന്നാലുംകൂടി അയാളുടെ കണ്ണുകളിൽ ഒരു വിജയസമ്പാദനം സ്ഫുരിച്ചിരുന്നു.

അദ്ദേഹം അവളെ ഭയപ്പെടുത്തുവാൻ ഇടവരുത്തിയിരുന്നു എങ്കിൽ—അല്ലെങ്കിൽ നിർബ്ബന്ധമായി അവളെക്കൊണ്ട് തന്നെ സ്വീകരിപ്പാൻ ഇടവരുത്തിയിരുന്നു എങ്കിൽ അവൾ അയാളേയുംവിട്ട് എവിടെയെങ്കിലും ഓടിപ്പോയിക്കളയുമായിരുന്നു. എന്നാൽ അയാളുടെ ഭാര്യയായാൽ നിയമപ്രകാരമുള്ള ബന്ധങ്ങളിൽനിന്ന് വിട്ടൊഴിവാൻ അവൾക്ക് അത്ര വേഗം ധൈര്യം വരില്ല. അയാളുടെ ഭാര്യ! അവൾ ചിലതൊക്കെ ആലോചിച്ച് കോപത്തോടെ ചിരിച്ചു. താൻ ന്യായമായിട്ടാണോ അവളെ വിവാഹം കഴിക്കുന്നത് എന്ന പ്രശ്നം ഹേമാംഗന്ന് ഉണ്ടായി. അത് പറഞ്ഞിട്ട് കാര്യമില്ല. അവൾക്ക് ഒരാളെ വിവാഹം കഴിക്കേണമെന്ന് തോന്നിയപ്പോൾ അവളും വഞ്ചന നടത്താൻ മടിച്ചിട്ടില്ലല്ലോ. അതുകൊണ്ട് ഈ വിവാഹം എന്ന നിലയിൽ താൻ നടത്തുന്ന വഞ്ചന പുറത്തുവന്നാൽതന്നെ അവൾക്ക് ആക്ഷേപിക്കാൻ യാതൊരു അവകാശാധികാരങ്ങളും ഉണ്ടായിരിക്കയില്ല. ഒന്നാമത് വിവാഹം റദ്ദാക്കാനുള്ള ഭാസ്കരന്റെ ഹരജി വിചാരണയ്ക്ക് വന്നിട്ടുകൂടിയില്ല. അതുകൊണ്ട് പബ്ലിക്കായി ഒരു യഥാർത്ഥവിവാഹം നടത്തി അവതാളത്തിൽ ചെന്ന് ചാടാൻ തക്കവണ്ണം ഹേമാംഗൻ അത്ര വിഡ്ഢി അല്ല.

പിറ്റേന്ന് ഹേമാംഗൻ തന്റെ കാറിൽ കല്ലട്ടയിലേയ്ക്ക് പോയി. വെസ്റ്റ് എൻണ്ടിലെ ദുഷ്കീർത്തിയുള്ള പാനശാലകളുടെ ഇടയിൽനിന്ന് അയാൾ കുറെ നേരം ചുറ്റിക്കളിച്ചു. ചിലരോട് ചില അന്വേഷണങ്ങൾ നടത്തുന്നുമുണ്ട്. പിന്നെ അടുത്തുണ്ടായിരുന്ന ഒരു ഗൃഹാന്തരത്തിൽ ഇറങ്ങിച്ചെന്നപ്പോൾ അയാൾ തിരഞ്ഞ് നടന്ന ആളെക്കണ്ടെത്തി.

"എടോ! നാഥാ! അഞ്ചുറ് ഉറുപ്പിക സമ്പാദിക്കാനുള്ള വഴിയുംനോക്കി നടക്കുകയാണോ" എന്നായിരുന്നു ഹേമാംഗന്റെ സ്വാഗതം.

ഹേമാംഗൻ ലോഹ്യഭാവത്തിൽ അയാളുടെ ചുമലിന്ന് ഒന്നടിച്ചപ്പോൾ അയാൾ ഒന്ന് ഞെട്ടി പേടിയോടും കൗശലത്തോടും കുറുക്കനെപ്പോലെ തിരിഞ്ഞുനടന്നു. ഹേമാംഗനാണെന്ന് മനസ്സിലായപ്പോൾ മന്ദഹസിച്ചു.

**അയാൾ:** ഹേമാംഗനോ? ഒരു നിമിഷനേരം എനിക്ക് ആളെ മനസ്സിലായില്ല. നിങ്ങൾ നല്ല കോലത്തിൽ ഇരിക്കുന്നുണ്ടല്ലോ. നിങ്ങൾ പണം എവിട്ടുന്നോ വാരിയിട്ടുണ്ടെന്ന് ഞാൻ കേട്ടു. പണ്ടത്തെ ഇടങ്ങളിലൊന്നും ഇപ്പോൾ നിങ്ങളെ കണ്ടുകിട്ടാതായി.

അയാൾ ഹേമാംഗന്റെ മുഖത്ത് നല്ലവണ്ണം ഒന്ന് നോക്കി. പിന്നെ അയാൾ ഒരു മന്ദസ്വരം അവലംബിച്ച് "ആ അഞ്ചുറിന്റെ കാര്യം എന്താണ്" എന്ന് ചോദിച്ചു.

**ഹേമാംഗൻ:** നമുക്ക് അതാ അവിടെ പോയിട്ട് തടസ്ഥംകൂടാതെ സംസാരിക്കാം.

അവർ ഇരുവരും ആൾബാധയില്ലാത്ത ഒരു മൂക്കിൽ ഇട്ട് കണ്ടിരുന്ന ഒരു ചെറിയ മേശയുടെ അരികെ ചെന്നിരുന്നു. താൻ തിരിഞ്ഞ് പിടിച്ച സ്നേഹിതനെ സല്കരിക്കാൻവേണ്ടി എന്നപോലെ രണ്ടുഗ്ലാസ് വിസ്കി കൊണ്ടുവരാൻ പാനീയശാലയിലെ പരിചാരകനോട് വിളിച്ചുപറഞ്ഞു.

ഹേമാംഗന്റെ ഒന്നിച്ച് സന്തോഷത്തോട് കൂടിയ ആൾ, പണ്ടൊരുകാലത്ത് ഒരു സാമാന്യ നല്ലനിലയിൽ മാനവും മര്യാദയും വെടിയാതെ കഴിഞ്ഞ ഒരാളായിരിക്കണം എന്ന് കാഴ്ചയിൽ തോന്നി. താടി വടിച്ചിട്ടാണ്. ദുർന്നടപ്പം ദുർജ്ജീവിതവും അയാളുടെ മുഖത്ത് പണ്ട് സ്ഫുരിച്ചിരുന്ന ജന്മിത്വത്തിന്റെ നഷ്ടശിഷ്ടങ്ങളെ കേവലം മാർജ്ജനം ചെയ്തുകഴിഞ്ഞിട്ടില്ല.

**അയാൾ:** (ഇരുന്നതിൽപിന്നെ) ഇത് ഫലമുള്ള സംസാരമാണോ?

**ഹേമാംഗൻ:** (തലകുലുക്കീട്ട്) നിനക്ക് ഇപ്പോഴും വിവാഹം നടത്തേണ്ടുന്ന ചടങ്ങ് നിശ്ചയമുണ്ടോ? ശരിയായ വിവാഹമാണെന്ന് തോന്നത്തക്കവിധത്തിൽ കഴിച്ചുകൂട്ടാമൊ?

**അയാൾ:** (നെറ്റിചുളിച്ചിട്ട്) എന്തുസംശയം! തീർച്ചയായിട്ടും. പരേതരായ എന്റെ മാതാപിതാക്കന്മാർ എന്നെ സ്വർഗ്ഗത്തിലേയ്ക്ക് വഴികാട്ടുന്ന ഒരു "പൈലട്ട്" (മാലുമി) ആയിട്ടല്ലെ വളർത്തിയത്?

ഈ അപഹാസവാക്കുകൾ ഉച്ചരിക്കുമ്പോൾ അയാളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്ന് പുറപ്പെട്ടിരുന്ന വിഷാദം അയാൾ ക്ഷണത്തിൽ ഒതുക്കി.

**ഹേമാംഗൻ:** ഒന്നും കണ്ടിട്ടും അറിഞ്ഞിട്ടും ഇല്ലെന്നഭാവം നടിക്കാനും ഒന്നും പുറത്തുപറയാതെ ശുമ്മാ ഇരുന്നുകളവാനും ഇപ്പോളും വയ്യമൊ?

അയാൾ അഭിമാനത്തോടെ ഒന്ന് നിവർന്നു. അയാളുടെ ജന്മിത്വം കേവലം നഷ്ടമായിപ്പോയിരുന്നില്ല.

**അയാൾ:** ആഹാരം ഉണ്ടാക്കിത്തരുന്ന ആളെ വഞ്ചിക്കയില്ല. അതാണ് ഞാൻ മുറുക്കെപിടിച്ച സമ്പ്രദായം. സ്നേഹിതന്മാരെ ഒരിക്കലും വെടിഞ്ഞുകളകയുമില്ല. അത് ചെറുപ്പത്തിലെ പഠിച്ച ശീലമാണ്.

**ഹേമാംഗൻ:** (മുഖഭാവംകൊണ്ട് അയാളെ മൗനം അവലംബിപ്പിച്ചിട്ട്) ഇരുപത്തിനാലുമണിക്കൂർ നേരത്തോളം മദ്യം തൊടില്ല എന്ന് പ്രതിജ്ഞ ചെയ്യണം. അല്ലെങ്കിൽ വന്ന ഏർപ്പാട് വേണ്ടെന്നുവെയ്ക്കും.

ഹേമാംഗന്റെ വാക്കിൽ ദൃഢത ഉണ്ടായിരുന്നു.

മറ്റേ ആൾ മുഷ്ടികൊണ്ട് മേശയ്ക്ക് ഒരു മുട്ടുമുട്ടി. നേരം രാവിലെ ആയിട്ടെ ഉള്ളൂ. എങ്കിലും അയാൾ വേണ്ടതിലധികം കുടിച്ചുകഴിഞ്ഞിരുന്നു. "ചങ്ങാതിയുടെ കാര്യത്തിൽ അങ്ങിനെചെയ്‌വാനുംകൂടി ഒരുക്കമാണ്. നീ ചെല്ല് എന്ന് പറയുന്നവരെ ഒരു പാനദിക്കിലും ഞാൻ കടക്കില്ല. വാക്കുപറഞ്ഞാൽ മാനശാലികൾ തെറ്റില്ല" എന്നുകൂടിപ്പറഞ്ഞു.

ഹേമാംഗൻ രണ്ട് അഞ്ചുറുപ്പികനോട്ടുകൾ അയാളുടെ കയ്യിൽ ഇട്ടുകൊടുത്ത് മടങ്ങി. വീരനാഥൻ തന്റെ കയ്യിലിട്ട പണം നോക്കി. അതെ. അതെ. ഏതോ ഒരു സാധുത്തരുണിയെ വഞ്ചിക്കാൻ വിചാരിക്കുന്നുണ്ടായിരിക്കും. അയാളുടെ ഉള്ളിൽ നിന്ന് എന്തോ ഒന്നിളക്കി. പണ്ട് മനസ്സാക്ഷി എന്ന് പറഞ്ഞിരുന്ന ഒരു സാധനത്തിന്റെ നഷ്ടശിഷ്ടമായ ഒരു നിഴലായിരിക്കാനും മതി. ഒരു തരുണി... അയാളുടെ ചെറുപ്പകാലത്തിലെ ഓരോ സംഭവങ്ങൾ ഓർത്തുപോയി... ഹ! ഒരു പെണ്ണാണ് അയാളുടേയും അധഃപതനത്തിന്ന് കാരണം. അയാൾ കയ്യിൽ കിട്ടിയ പണം ഉടനെത്തന്നെ തന്റെ കീശയിലാക്കി... തന്റെ ഭാഗ്യം ആഘോഷിപ്പാൻവേണ്ടി ഒരു ഗ്ലാസ് മദ്യവുംകൂടി വേണം... എന്നിട്ട് മതി കാര്യാലോചന. നോട്ടുകൾ കീശയിൽനിന്ന് ഇളകുന്നശബ്ദം അയാൾക്ക് സംഗീതത്തേക്കാൾ രസകരമായതായിരുന്നു.

## — 21 —

# വിവാഹ ഫലം

അങ്ങിനെ വിവാഹവും കഴിഞ്ഞു.

ധനം അവൾക്ക് പുതുതായി സിദ്ധിച്ച വൈവാഹിക മോതിരംനോക്കി. അവൾക്ക് ആപാദചൂഡം ഒരു വിറ ഉണ്ടായി. കൂട്ടിൽ കെണിഞ്ഞുപോയ ഒരു മൃഗത്തെപ്പോലെ അവൾ നടുങ്ങി. അവൾക്ക് ഉറക്കെ നിലവിളിക്കാൻ തോന്നി. എന്നാലുംകൂടി അവൾ എത്തിച്ചേർന്ന വിഷമഘട്ടത്തിൽ ഇതിലും ഉപരിയായ മറ്റൊരു മോക്ഷമാർഗ്ഗം അവൾക്ക് കേവലം ഉണ്ടായിരുന്നില്ല. അവൾ പ്രസവിക്കാൻ പോകുന്ന കുട്ടിക്ക് ഒരു പേരും ഒരു അച്ഛനേയും അവൾ ഉണ്ടാക്കിക്കൊടുത്തു. അവളുടെ ഭാവിയും ഒരു ഉറച്ച നിലയിലാക്കി. നിശ്ചയമായിട്ടും അവൾ പ്രവൃത്തിച്ചതൊക്കെ ബുദ്ധിക്കും സൗകര്യത്തിനും യുക്തിക്കും അനുകൂലമായിട്ടുതന്നെയാണ്. എന്നാൽ അവൾ ഇപ്പോൾ ചെയ്തുകൂട്ടിയതൊക്കെ ഇല്ലെന്നു വരുത്താൻ, അവളുടെ സർവ്വസ്വവും കൊടുപ്പാൻ അവൾ തയ്യാറുമായിരുന്നു.

അവൾക്ക് ക്ഷോഭം ഉണ്ടാക്കിയത് ഒരു സമയം വിവാഹചടങ്ങുകൾ ആയിരിക്കാനും മതി. അവൾ ഇതിന്ന് മുമ്പേ ഉച്ചരിച്ചുകൊടുത്ത പ്രതിജ്ഞകൾ മുഴുവനും ഇപ്പോൾ മറ്റൊരാൾക്കുവേണ്ടി ചെയ്തുകൊടുത്തകാര്യം അവളുടെ ഹൃദയത്തിൽ സങ്കടവും പശ്ചാത്താപവും നിലനില്ക്കുന്ന ഒരു മാതിരി കളങ്കം ഉണ്ടാക്കി. ഭാസ്കരന്റെ കാര്യത്തിന്ന് പൂർണ്ണവിരാമമിട്ടുപോയി എന്നാണ് ഈ വിവാഹം നിമിത്തം അവൾ ഉണ്ടാക്കിയ അവസ്ഥ. എന്നാൽ മനസ്സിൽനിന്ന് ഇല്ലായ്മചെയ്‌വാൻ അവൾക്ക് കേവലം സാധിച്ചില്ല. ഭാസ്കരൻ അവളോട് വളരെ ക്രൗര്യം കാണിച്ചു. ഭാസ്കരൻ അവളെ ഒരു ബന്ധവും ഇല്ലാത്തപോലെ തിരസ്കരിച്ചു. ഭാസ്കരൻ കർക്കശകഠിന നിർദ്ദയവാക്കുകൾ പ്രയോഗിച്ച് അവളെ ശകാരിച്ചു. എന്നാലുംകൂടി ഭാസ്കരനോട് ഉണ്ടായ പ്രേമം അവളുടെ ഉള്ളിൽനിന്ന് വിട്ടുപോയില്ല... എന്നിട്ട് അവൾ എന്താണ് ചെയ്തത്? ഹേമാംഗന്ന് അവളെ വിറ്റുകളഞ്ഞു. അയാളുടെ അധികാരത്തിന്ന് അധീനമായിനിന്നുകൊടുപ്പാൻ അനുവദിച്ചുകൊടുത്തു. അതെ. അവളുടെ പ്രേമം നശിച്ചുപോയി എന്നായിരുന്നു അവൾ വിചാരിച്ചത്. വിധി എന്തുതന്നെ ആയാലും ഹൃദയത്തെ മറ്റൊരുപ്രകാരത്തിൽ കൊണ്ടുവരാൻ ഒന്നിന്നും ശക്തി ഇല്ലെന്ന് അവൾകണ്ടു. അവൾ ഭാസ്കരനോടുള്ള പ്രേമത്തിൽ ആപാദചൂഡം നിമഗ്നയായി. അത് വിചാരിക്കുംതോറും അവളുടെ ഹൃദയത്തിൽ, പിടയ്ക്കുന്നതും വേദനിക്കുന്നതും നിലനില്ക്കുന്നതുമായ വേദനയുടേയും സങ്കടത്തിന്റേയും ആധിപത്യം ഉണ്ടായി.

ഇപ്പോഴാകട്ടെ, പരിണാമസൂര്യൻ ഉണ്ടാക്കിവിടുന്ന നീണ്ട നിഴലുകൾ ആ ഭാഗ്യംകെട്ട വീട്ടിന്റെ ചുറ്റുവട്ടവും ഇരുട്ടിൽ മുക്കിത്തുടങ്ങി. സകല ദിക്കുകളിലും ഒരു നിശ്ശബ്ദാവസ്ഥ പടർന്നുപിടിച്ചു. ധനത്തിന്ന് പെട്ടെന്ന് ഒരു പേടി പിടിപെട്ടു. അത് അടിക്കടി ജാസ്തിയായി. ഭയംചെന്ന് തുഞ്ചിയത് ഒരു കടുപ്പമായ അമ്പരപ്പിലാണ്. അതിനൊന്നും മതിയായ കാരണമൊന്നും കാണ്മാനില്ലതാനും. അത്, കുറേമുമ്പെ ഉച്ചതിരിഞ്ഞ സമയത്ത്, ആ ഭാഗ്യംകെട്ട വീട്ടിന്റെ പറമ്പത്തൊരു ഭാഗത്തുണ്ടായിരുന്ന അന്ധകാരഗുഹയിലെ ചെറിയ പള്ളിയിൽവെച്ച് നടത്തിയ വിവാഹാടിയന്തിരം കഴിഞ്ഞതിൽപിന്നെ ആവിർഭവിച്ച മനസ്ഥിതിയാണ്. വിവാഹം അവിടെവെച്ച് നടക്കണം എന്ന് ഹേമാംഗൻ എന്തിനായിരിക്കും വാശിപിടിച്ചത്. എല്ലാം ഗോപ്യമായിരിക്കാൻ വേണ്ടിയാണ് ഇങ്ങിനെ ചെയ്തതെന്ന് അയാൾ പറഞ്ഞു. ഞങ്ങൾ ഇരുവരും വിവാഹിതർ അല്ലായിരുന്ന എന്ന് ആർക്കും അവകാശമില്ലാതിരിക്കാൻവേണ്ടിയാണ് ഈ കാര്യം ഗോപ്യമായി വെയ്ക്കുന്നതെന്നും പറഞ്ഞു. ഇത് ഒരു ശരിയായ സമാധാനമാണെന്ന് ഒരിക്കലും വരുന്നില്ല.

എന്നാലും അയാളുടെ വാദത്തിൽ ഒരു ന്യായം കിടപ്പുണ്ട്. പെട്ടെന്ന് കഴിച്ചുകൂട്ടുന്ന ഒരു വിവാഹമാണെങ്കിൽ അത് ആളുകൾ അധികംകൂടാത്ത ഒരു പള്ളിയിൽനിന്ന് നടത്തുന്നതിന് വിരോധമില്ല. അതിന്ന് ആഡംബരവും ആഘോഷവും ഒന്നും ആവശ്യമില്ലല്ലൊ. ആ ലക്ഷണംകെട്ട പള്ളിസ്ഥലം—കല്ലുകളുടെ വിടകളിൽക്കൂടെ പുല്ലുകൾ തള്ളിപ്പൊടിച്ചിരുന്ന ആ ശൂന്യപ്രദേശം അവളുടെ ആത്മാവിൽ ഒരു ഭയങ്കരസന്നിബാധ ഉണ്ടാക്കിക്കഴിഞ്ഞിരുന്നു. പാതിരി അവളെ നോക്കിയ നോട്ടത്തിലും അവൾ ഒരുതരം വല്ലായ്മ കണ്ടിരുന്നു.

കോപത്തോടെ അവൾ തന്റെ ശരീരം ഒന്നിളക്കി. "നാഡിപ്പിഴയോ ക്ഷീണമോ എന്താണെന്നെ ബാധിച്ചിരിക്കുന്നത്. ഞാൻ അധൈര്യപ്പെടരുത്. കല്ലുട്ടയിൽനിന്നുവന്ന പാതിരിയായ വീരനാഥനെ കുറെ ദൂരത്തോളം മടക്കിക്കൊണ്ടുവിടാൻ ഹേമാംഗൻ കാറുംകൊണ്ടുപോയിരിക്കുകയാണ്. അയാൾ വേഗം മടങ്ങിവരും" അവൾ എങ്ങിനെയെങ്കിലും കഴിച്ചുകൂട്ടാൻ ബാദ്ധ്യതയുള്ളവളാണ്. ഒരു കാർ വരുന്ന ശബ്ദം കേൾക്കുമ്പോലെ അവൾക്ക് തോന്നി. അയാൾ വന്നു.

വൈകുന്നേരം ഹേമാംഗന്റെ മുഖത്ത് ഒരു പന്തിയല്ലാത്ത സ്വഭാവം കണ്ടിരുന്നു. എവിടേയും ഓരോ പന്തിയല്ലാത്തെ മാതിരി കാണുന്നത് ഒരു സമയം തന്റെ സ്വന്തം നാഡിപ്പിഴയോ ആമയമൊ കൊണ്ടായിരിക്കാനും മതി. സന്തോഷരഹിതവും അന്ധകാരാവൃതവുമായ ആ ഹാളിൽ, അവർക്ക് രണ്ടാൾക്കും, വായ തുറക്കാതെ അവിടത്തെ വേലക്കാരത്തി കൊണ്ടുകൊടുത്ത ഭക്ഷണം വളരെ പ്രയാസപ്പെട്ടിട്ടാണ് അവൾ കഴിച്ചത്. ഹേമാംഗൻ കൊണ്ടുവന്ന "ഷേംപെയിൻ" കുടിക്കാനും അവൾക്ക് താല്പര്യമുണ്ടായിരുന്നില്ല. "നമ്മുടെ സുഖത്തിന്ന്—നമ്മുടെ സന്തോഷത്തിന്ന്" എന്നാണ് കുടിക്കാൻ പോകുമ്പോൾ അയാൾ പറഞ്ഞിരുന്നത്. അത് ഒരു ആഭാസപരിഹാസംപോലെ അവൾക്ക് തോന്നി.

പെട്ടെന്ന് അവളുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. താൻ കുടിക്കാൻ ഭാവിച്ച ഗ്ലാസ്സ് ഒരു നിലയില്ലായ്മ പിടിപെട്ടപോലെ അവൾ ചോടെ വെച്ചു. മേശയുടെ അങ്ങേഭാഗത്തിൽനിന്ന് ഹേമാംഗൻ അവളുടെ ഭാഗത്തേയ്ക്ക് തന്റെ തലകുനിച്ചു. അവൾ പേടിച്ച് വിറച്ചുപോകത്തക്കവണ്ണം പെട്ടെന്ന് പിടിപെട്ട രൂക്ഷതയോടും ഭയങ്കരമായി കല്പിക്കുംപ്രകാരമുള്ള സ്വരത്തോടും "കുടി! കുടിക്കു! നമ്മൾ ഇരുവരുടേയും ഭാവി നന്മയ്ക്കുവേണ്ടി" ഹേമാംഗൻ കഠിനമായി കല്പിച്ചു. അവൾ ആശ്ചര്യവും ഭയവുംകൊണ്ട് നടുങ്ങിപ്പോയി. അവൾ എങ്ങിനെയെങ്കിലും പതച്ചുകൊണ്ടിരിക്കുന്ന ആ വൈൻ ചിറിയിൽകൂടെ അസാരം വായിലാക്കി. അത് കണ്ടപ്പോൾ അയാൾ പെട്ടെന്ന് ചാടി എഴുന്നേറ്റുനിന്നു. അവളുടെ കയ്യിൽനിന്ന് ഗ്ലാസ് പിടിച്ച് പറിച്ച് അത് ഊക്കോടെ നിലത്തെറിഞ്ഞ് ആറായിരം കഷണങ്ങളാക്കി. അയാൾ അവളെ കെട്ടിപ്പിടിച്ച് ചുംബനവർഷംകൊണ്ട് അവളുടെ ശ്വാസം മുട്ടിച്ചു. അവൾ അയാളുടെ പിടിത്തത്തിൽനിന്ന് വിട്ടൊഴിവാൻ വളരെ ശ്രമിച്ചുനോക്കി. "ഹേമാംഗ! അങ്ങുന്നെ! നിങ്ങൾക്ക് ഭ്രാന്തായ്പ്പോയൊ? നിങ്ങൾ ചെയ്ത വാഗ്ദത്തം മറന്നോ" എന്ന് അവൾ കിതച്ചുകൊണ്ട് പറഞ്ഞു.

അയാൾ കർക്കശമായിച്ചിരിച്ച് അവളെ ആലിംഗനം ചെയ്തു. "ഞാൻ വാഗ്ദത്തം ചെയ്തത് ആർ കണക്ക് വെയ്ക്കുന്നു. നീ ഇപ്പോൾ എന്റേതായി എന്റെ സ്വന്തം ആയി. നീ തനിച്ച് ഇന്ന് എന്റെ കൂടെ ആയി. ഇവിടെ ഇന്ന് നമ്മൾ ഇരുവർ മാത്രമേ ഉള്ളു. നീയെന്താ എന്റെ ഭാര്യ അല്ലെന്നുണ്ടോ" എന്ന് ഹേമാംഗൻ കൂസലില്ലാതെ അവളോട് പറഞ്ഞു.

"അല്ല അല്ല" എന്ന് അവൾ നിലവിളിച്ചു. അയാളെ ഉന്തി അകറ്റുവാൻ നോക്കി. എന്നാൽ അയാളുടെ ശക്തിയോട് ആമയംകൊണ്ട് ക്ഷയിച്ചുപോയ അവളുടെ ശക്തി ഒരു പുല്ലോളം എത്തുന്നുനിന്നില്ല.

**ഹേമാംഗൻ:** (കടുപ്പമായിട്ട്) നിന്റെ ആലോചന ഇപ്പോഴും ഭാസ്കരനെത്തന്നെയാണ്. ഞാൻ അവനെ നിന്റെ ഉള്ളിൽനിന്ന് പിടിച്ച് പിഴിഞ്ഞ് കളവാനാണ് ഭാവം. അവനെ അവിടെനിന്ന് നാരായവേരോടെ നശിപ്പിച്ച് കളവാനാണ് ഭാവം. നീ എന്റെ സ്വത്താണ് നീ എന്റേതുമാത്രമാണ്. അവനെ നീ മറന്ന് കളയുകയില്ലെങ്കിൽ ഞാൻ നിന്നെക്കൊന്ന് കളയും.

അയാൾ അവളെ എടുത്ത് പൊന്തിച്ച് കോണിപ്പടിയുടെ അടുക്കെ കൊണ്ടുപോയി. അവൾ അയാളുടെ കയ്യിൽനിന്ന് പിടച്ചുകളിച്ചിരുന്നു. കാമഭ്രാന്തിന്റെ കടുപ്പംകൊണ്ട് അയാളുടെ ചുകന്ന കണ്ണ് തീപ്പാറുംപോലെ കളിക്കുന്നത് കണ്ടപ്പോൾ ഭയവും അമ്പരപ്പംകൊണ്ട് അവൾ കിടുകിടാ വിറച്ചുപോയി. അകാരണമായി അവൾക്കുണ്ടായിരുന്ന ഭയവും ഭാവിപീഡയും മറ്റും ഇതായിരുന്നു കാണിച്ചത്. അവളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ ഉറങ്ങിക്കിടന്നിരുന്ന ഒരു ജന്മവാസന; വിശേഷബുദ്ധി അയാളെ വിശ്വസിച്ചുകൊൾവാൻ അവളോട് ഉപദേശിച്ചുകൊടുത്തിട്ടുകൂടി അനായാസേന അവളെ ആ ആചരണത്തിൽനിന്ന് പിൻമടക്കി. ആത്മാർത്ഥമായി അയാളെ ലേശംപോലും വിശ്വസിപ്പാൻ, എന്തോ ഒരു നിർബ്ബന്ധംകൊണ്ട് അവൾക്ക് കേവലം വയ്യാതായി അവൾ എന്താണ് ചെയ്തത്! അവൾ എന്തെല്ലാമാണ് ചെയ്തുകൂട്ടിയത്. അവൾ എന്തിന്നൊക്കെയാണ് വഴിപ്പെട്ടുകൊടുത്തത്. അവളേയുംകൊണ്ട് അയാൾ കോണിപ്പടി ഏറിത്തുടങ്ങി "എന്നെവിട്ട ഞാൻ പോട്ടെ" എന്ന് ഇടവിടാതെ പറഞ്ഞുകൊണ്ടിരിക്കുന്നും ഉണ്ട്.

ധനം അയാളുടെ പിടിയിൽനിന്ന് മോചനം സിദ്ധിക്കാൻ മരണക്കളി കളിച്ചുനോക്കി. അവൾ മുഷ്ടിച്ചുരുട്ടി അയാളുടെ മുഖത്തും നെഞ്ഞത്തും തെരുതെരെ കുത്തി. പേടി കൊണ്ട് സകലം മറന്നുപോയിട്ട് അവൾ അയാളെ മാന്തി. അയാളെ ചവിട്ടി.

ആ കഴവേറി ശുമ്മാചിരിച്ചതേ ഉള്ളു. വേണ്ടതിലേറെ മദ്യം പെരുമാറിയ നിമിത്തം, അയാളുടെ ശബ്ദവും മുഖവടിവും ഒക്കെ മരയിച്ചുപോയിരുന്നു. വൈനിന്റെ ആവികൊണ്ട് മലിനപ്പെട്ടുപോയ അയാളുടെ നിശ്വാസം അറപ്പും മനം പിരിച്ചലും ശ്വാസത്തിന്ന് തടസ്ഥവും ഉണ്ടാക്കി.

**ഹേമാംഗൻ:** എടി! നരിക്കുട്ടി! ഞാൻ നിന്നെ വിടില്ല. നീ എന്നെ വിവാഹം ചെയ്തില്ലേ! ഇന്ന് നീ നിന്നെ എനിക്ക് സ്വന്തമായിത്തന്നില്ലെ!

**ധനം:** എന്നാലും കുറെ കാലത്തോളം നിങ്ങൾ ഒന്നും ചെയ്കയില്ലെന്ന് വാഗ്ദത്തം ചെയ്തിട്ടില്ലെ. (മനോവേദനയോടും ഭയത്തോടുംകൂടെ) അത്ര കണിശമായിചെയ്ത വാഗ്ദത്തം ഇപ്പോൾ എവിടെ വെച്ചിരിക്കുന്നു? ആ അവധി കഴിയട്ടെ. അങ്ങുന്നേ! അപ്പോൾ ഞാൻ നിങ്ങളുടെ ഭാര്യയാവാം. ഇപ്പോൾ പാടില്ല. അത് ഉറപ്പാണ്. ന്യായവുമാണ്.

**ഹേമാംഗൻ:** ഹൈ! ആ വാദമൊക്കെ വലിച്ചെറിയൂ. ഇപ്പോൾതന്നെ വേണം. ഒന്നും ശങ്കിക്കേണ്ട.

അയാൾ സുബോധമില്ലാത്ത ലഹരിപിടിച്ച് നേരെ നില്പാൻ വയ്യാതെ ആടിയിരുന്നു. കിഴക്കാംതൂക്കമായ ഏണിപ്പടിയുടെ ഒന്നാമത്തെപടിയിന്മേൽ അയാൾ കേറിനിന്നിരുന്നു. അവളുടെ പിടയൽകൊണ്ട് പിന്നേയും കേറിപ്പോവാൻ അയാൾക്ക് സാധിച്ചിരുന്നില്ല. അയാൾ ഇട്ടുങ്ങിയ ആ സ്ഥലത്ത് അവളോട് വാദം നടത്താൻ വേണ്ടിനിന്നു. അസൂയകൊണ്ടും അതികാമംകൊണ്ടും അയാളുടെ സ്വരം കർക്കശവും കഠിനവും ആയിരുന്നു.

**ഹേമാംഗൻ:** നീ ഇതിന് മുമ്പേ മറ്റൊരാൾക്ക് എത്രയോ ഇഷ്ടത്തോടെ വഴങ്ങിക്കൊടുത്തിട്ടുണ്ട്. ഇപ്പോളാകട്ടെ നീ എന്റെ സ്വന്തമാണ്. എന്റെ സ്വന്തം. ആ ഹോട്ടലിൽവെച്ച് അന്നുരാത്രി ഞാൻ നിന്നെ കണ്ടതുമുതൽ നിന്നെ വശത്താക്കാൻ എനിക്ക് വളരെ ആഗ്രഹമുണ്ടായി. ഇപ്പോൾ ആകട്ടെ നീ എന്റെ സ്വന്തമായി. നിന്റെ പൂർണ്ണ സമ്മതത്തോടുകൂടെയാണ് നീ എന്നെ വിവാഹം ചെയ്തതും. നിനക്ക് എന്റെ ഒന്നിച്ചുതന്നെ താമസിക്കാനും മറ്റും ബാദ്ധ്യത ഉണ്ട്. ഞാൻ ഭാസ്കരന്റെ കയ്യിൽനിന്ന് നിന്നെ കേവലം വിടുത്തിക്കൊണ്ടുവരാനാണ് ഇങ്ങിനെ ചെയ്തത്. നിന്നെക്കൊണ്ട് നിന്റെ പൂർവ്വചരിത്രം മറപ്പിക്കാനാണ് ഞാൻ പോകുന്നത്. എന്നെയല്ലാതെ മറ്റൊരാളേയും നീ തൊട്ടിട്ടില്ലെന്ന മനസ്ഥിതി നിനക്ക് ഉണ്ടാക്കിത്തരാനാണ് ഭാവം.

അദ്ദേഹത്തിന്റെ പിടിത്തം അയാൾ ഒന്നുകൂടി മുറുക്കി. അയാളുടെ കൈകൾ ഇരിമ്പുപട്ടകളെപ്പോലെ ഉറപ്പുള്ളവയായിരിക്കൊണ്ട് ആ പിടിത്തം വിട്ടുത്തിക്കളവാൻ അവൾക്ക് സാധിച്ചില്ല. അയാൾ മെല്ലെ കോണികേറി. മേലെ തട്ടിൽ, അവളുടെ ശയനമുറിയിലെ എടനാഴിയിൽ എത്താൻ ഒന്നരണ്ട് പടിയുംകൂടി കേറേണ്ടതേ ഉള്ളു.

പിടിത്തത്തിൽനിന്ന് വിട്ടുകിട്ടാൻ പിന്നേയും ഒന്ന് ശ്രമിച്ചുനോക്കുവാൻ ധനം തീർച്ചയാക്കി. അവളുടെ ശക്തി ക്ഷീണംനിമിത്തം ക്ഷയിച്ചിരുന്നു. പോരാഞ്ഞിട്ട് അവൾ രോഗശയ്യയിൽനിന്ന് എഴുന്നേറ്റിട്ട് വളരെ നാൾ കഴിഞ്ഞിട്ടും ഇല്ല. അവൾ പിരിഞ്ഞും തിരിഞ്ഞും ഇരുന്നുനോക്കി. അവൾ അയാളെ ഉന്തി അകറ്റാൻ നോക്കി. അവൾ മുഷ്ടി ചുരുട്ടി അയാളെ കുത്തി. ഒരു ഫലവും ഉണ്ടായില്ല. ഭ്രാന്ത് പിടിച്ചപോലെ അവൾ പടവെട്ടി. അവൾ ദേഹം പലവിധത്തിൽ ഉലച്ചുനോക്കി. എന്നാൽ പിടിത്തത്തിന്ന് അസാരം അഴവ് വരുത്താനല്ലാതെ അതിൽനിന്ന് വിട്ടൊഴിഞ്ഞുപോരാൻ അവൾക്ക് സാധിച്ചില്ല.

അവളുടെ അപേക്ഷ ഉച്ചത്തിൽ കരയുന്ന രീതിയിലായി. കടുത്ത ഭയംകൊണ്ട് അവൾക്ക് ഭ്രാന്ത് പിടിച്ചപോലെ തോന്നി. ആ വീടാണെങ്കിൽ ആളില്ലാതെ ഒഴിഞ്ഞതും, വായുസഞ്ചാരമറ്റതും നിശ്ശബ്ദതയിൽ മുഴകിയതും അന്ധകാരംകൊണ്ട് ആപത്ത് കുറിക്കുന്നതും ആയിരിക്കൊണ്ട് അവൾക്ക് ഭയം എങ്ങിനെ അടിക്കടി വർദ്ധിക്കാതിരിക്കും? ഇരുണ്ട കോണിപ്പടിമേൽ ഇപ്പളിപ്പോൾ കെടും എന്ന് തോന്നിപ്പോകുന്ന ഒരു മെഴുത്തിരിയുടെ കോലം മാറിക്കൊണ്ടിരുന്ന വെളിച്ചം മാത്രമെ ഉണ്ടായിരുന്നുള്ളു. മെഴുത്തിരിതന്നെ പകുതിയും കത്തിത്തീർന്നുപോയിരിക്കുന്നു. അയാൾ കോണിപ്പടിയുടെ ഒരു തിരിച്ചലിൽ എത്തി. മുൻഭാഗം ഇല്ലട്ടക്കരിപോലെ ഇരുട്ടായിരിക്കുന്നു. അവൾക്ക് അദ്ദേഹത്തിന്റെ മുഖവുംകൂടി കണ്ടുകൂടായിരുന്നു. എന്നാൽ അയാളുടെ കണ്ണുകൾ മിന്നുന്നത് അവൾ ഇടയ്ക്കിടയ്ക്ക് കണ്ടു. അയാളുടെ ഹൃദയം വേഗത്തിൽ സ്പന്ദിക്കുന്നതും അവൾക്ക് ഗ്രഹിക്കാമായിരുന്നു. അയാൾ ഒരു വിധേന കാൽകൊണ്ട് തപ്പിപ്പിടിച്ച് അവസാനത്തെ കോണിയും കേറി മുകളിൽ എത്തി. അതിന്റെ മുൻഭാഗത്ത് ഇരുട്ടുകൊണ്ട്, കണ്ടുകൂടാത്തവിധത്തിൽ കുറേ അകലെയാണ് അവളുടെ ശയനമുറി.

അയാൾ ഒരു നില കിട്ടാൻവേണ്ടി ഒരേടത്ത് കുറേ നിന്നിട്ടുണ്ടെന്ന് അവൾക്കറിവായി. ഭ്രാന്ത് പിടിച്ചപോലെ അവൾ ഇരുട്ടത്ത് ഒന്നും ആലോചിക്കാതെ പെട്ടെന്ന് ഒരു കൈ നീട്ടി. കോണിപ്പടിയുടെ റെയിലിങ്ങ്സിന്റെ ഏറ്റവും മേലെ അറ്റത്തെ മരത്തിന്റെ ഉരുണ്ട മുഴയുടെ മേൽ അവളുടെ കൈ തടഞ്ഞു. അവൾ അത് ഒരു മരണപ്പിടിത്തം പിടിച്ചു. എന്ത് കളി കളിച്ചിട്ടും ആ പിടിത്തം വിട്ടില്ല. അതിൽപിന്നെ മുൻഭാഗത്തിലെ അന്ധകാരത്തിൽനിന്ന് ഒരു ശീതളമാരുതൻ വീശിക്കൊണ്ടുവന്നു. ഒരു ചിറകിന്റെ അടിപോലെയുള്ള ശബ്ദംകേട്ടു. എന്തോ ഒന്ന് അവളുടെ മൂർദ്ധാവിൽ ഉരഞ്ഞുകൊണ്ടുപോയി. കറുത്ത ഒന്ന്. ആപത്തുണ്ടാക്കുന്ന ഒന്ന്. അവൾ ഉച്ചത്തിൽ തന്നെത്താനറിയാതെ നിലവിളിച്ചുപോയി. അവളെ കയ്യിൽ എടുത്ത് മുറുകെ പിടിച്ച അയാളുടെ വകയായും ഒരു നിലവിളി ഉണ്ടായി. അയാൾ അടിതെറ്റി ആടിക്കളിക്കുന്നുണ്ടെന്ന് അവൾ അറിഞ്ഞു. അവളുടെ തലയുടെ മേലെ എന്തൊ ഒന്ന് ചിറകടിച്ച കാറ്റ് വരുത്തുന്നത് അവൾക്ക് നല്ലവണ്ണം അനുഭവമായി. അവരെ ഇങ്ങിനെ പെട്ടെന്ന് ഉപദ്രവിച്ച് പരവശപ്പെടുത്തിയത് എന്തൊന്നാണെന്ന് അവൾക്ക് നല്ല രൂപം ഉണ്ടായിരുന്നില്ല. എന്തോ ഒന്ന് അവളുടെ തലമുടി മാന്തുംപോലെ തോന്നി. അവളുടെ ദേഹത്തിന്മേൽ ഒരു കുളർപ്പം പാഞ്ഞുകേറി. അവൾക്ക് ഭയംകൊണ്ട് നില കിട്ടാതായി. ഈ അജ്ഞാതസാധനം ഒരു ജന്തു ആയിരിക്കുമോ?

ഹേമാംഗന്റെ വായിൽനിന്ന് ശാപവും ശപഥവും ഒന്നിച്ച് പുറപ്പെട്ടു. അയാൾ അവളെ പിടിച്ച പിടിത്തം പെട്ടെന്ന് അഴഞ്ഞുപോയി. അവൾ മരംകൊണ്ടുണ്ടാക്കിയ റെയിലിന്മേൽ (Ralilings) വീണു. അതുവരെയ്ക്കും അതിന്റെ മേലെ അറ്റമായിരുന്ന അവൾ പിടിച്ചിരുന്നത്. അന്ധകാരത്തിൽകൂടെ പറന്നും ചിറകടിച്ചുംകൊണ്ടിരുന്ന എന്തൊ ഒരു കറുത്ത് അപായം കുറിക്കുന്ന വ്യക്തിയെ കണ്ടപ്പോൾ വല്ല പിശാചുമായിരിക്കാമൊ എന്ന് കരുതി ഭയവും ഭ്രമവുംകൊണ്ട് അവൾ നടുങ്ങിപ്പോയി. ഹേമാംഗന്റെ അളരലും ശപഥവും ഒരേടത്തിൽനിന്ന് കപ്പലിന്റെ പായ കാറ്റുകൊണ്ട് അടിക്കുന്നപോലെ ഒരു ശബ്ദം മറ്റൊരേടത്തിൽനിന്ന്—അതിൽപിന്നെ ഹേമാംഗന്റെ വകയായിട്ട് ഉച്ചവും കർക്കശവുമായ ഒരു അളർച്ച. പിന്നെ ഒരു ഘനമുള്ള സാധനം വീണപോലെയുള്ള ഒരു ശബ്ദം—ഒരു ഞരക്കം—ചിറകടിച്ചുകൊണ്ട് "ഭർ" എന്ന ഒരു ശബ്ദം. മടങ്ങി ഒഴിഞ്ഞുപോയതിൽപ്പിന്നെ ഒരു നിശ്ശബ്ദം—ഇതൊക്കെയാണ് ആ ചുരുങ്ങിയ സമയത്തിന്നുള്ളിൽ അവൾക്ക് അനുഭവമായത്. ആ ശബ്ദം പിന്നേയുമതാ അടുത്തുവരുന്നു. അത് അവളുടെ തലയുടെ മേലെ എത്തി എന്ന് അവൾക്ക് തോന്നി. ഭയംകൊണ്ട് അവൾ തലകുനിച്ചു. പിന്നേയും നിശ്ശബ്ദം—ശ്വാസംമുട്ടിച്ച് നിർത്തിയപ്രകാരം എല്ലാടത്തും വ്യാപിച്ച ഒരു മരണമൗനം.

ധനം മെല്ലെ എഴുന്നേറ്റുനിന്നു. അവളുടെ ദേഹം ഐസുപോലെ തണുത്തു. അവൾ ഭയംകൊണ്ട് ഒന്ന് ഉച്ചത്തിൽ നിലവിളിച്ചു. അവളുടെ ശയനമുറിയുടെ മുൻഭാഗത്ത് അവൾ ബോധംകെട്ട് വീണു.

അവൾ എത്രത്തോളം അങ്ങിനെ കിടന്നിരുന്നു എന്ന വിവരം ധനത്തിന്ന് ഉണ്ടായിരുന്നില്ല. ഒടുവിൽ, സുബോധത്തിന്റെ പ്രാരംഭ ഉണർച്ച അവളെ ഒന്ന് ചലിപ്പിച്ചു. പിന്നെ അവൾ നല്ലവണ്ണം കണ്ണുതുറന്നു. അവളുടെ ദേഹം തണുത്തും മരയിച്ചുംപോയി. ഐസ്പോലെ തണുത്ത് വിറപ്പിച്ചിരുന്നതും തെല്ലുമുമ്പേ അവൾക്ക് അനുഭവമായിരുന്നതും ആയ ഭീമഭയം അവളെ കേവലം വിട്ടൊഴിഞ്ഞുപോയിട്ടും ഇല്ല.

അവൾ തനിച്ചായിരുന്നു. അവൾ ഭയന്ന് വീണുപോയതിൽപ്പിന്നെ ഹേമാംഗൻ അവളെ പിടിച്ചെട്ടപ്പാൻ ഭാവിച്ചിരുന്നില്ല. അയാൾ എവിടെയായിരിക്കും? ആ കറുത്ത സാധനമൊ! അവരുടെ നേരെ കുതിച്ചുവന്ന് പടതല്ലാൻ കോണിപ്പടി രംഗമാക്കിയ ആ ഭയങ്കരസത്വം എവിടെ!

ധനം കിടക്കയിൽനിന്ന് തലപൊന്തിച്ച് ചെവിടോർത്ത് നോക്കി. ഒരു ശബ്ദവും കേൾക്കാനുണ്ടായിരുന്നില്ല. ചോടെ, ഹാളിൽനിന്ന് കത്തിയിരുന്ന മെഴുത്തിരികളുടെ വെളിച്ചം കോണിപ്പടിയുടെ തിരിച്ചലിൽ ഉണ്ടാക്കിയ നിഴലുംകൂടി കണ്ടിരുന്നില്ല. അവൾ ബോധംകെട്ട് വീണിരുന്ന സമയത്ത് അവറ്റയും ബോധിച്ചേടത്ത് പോയിക്കഴിഞ്ഞിരിക്കാം. ശരീരം ഇളകിയും അവയവങ്ങൾ വിറച്ചുംകൊണ്ട് അവൾ വളരെ അദ്ധ്വാനിച്ച് ഒരുവിധേന മുട്ടുകുത്തി ഇരുന്നു. ഒരു കാറ്റുവന്ന് അവളുടെ നെറ്റിമേൽ അടിച്ചു. അവളുടെ മുടിയിലെ ചില ഇഴകൾ അവളുടെ മുഖത്തുവീണു. അത് വല്ലാത്ത ഒരു കാറ്റ്! അവൾക്ക് രണ്ടാമതും ഒരു വിറയൽ അനുഭവപ്പെട്ടു. കാറ്റിന്റെ ഒന്നിച്ചുതന്നെ ആ ഭയങ്കരസത്വത്തിന്റെ കഥയും അവൾക്ക് ഓർമ്മവന്നു. ധനം കൈനീട്ടിതപ്പിപ്പിടിച്ചുനടന്നു. തന്റെ ശയനമുറിയുടെ വാതിലിന്റെ പിടി അവളുടെ കൈയ്യ് തടഞ്ഞു. ഉന്തിയപ്പോൾ വാതിൽ ഉള്ളോട്ട് തുറന്നു.

ഒരു ദീപം! അത് കണ്ടെത്തിയതുകൊണ്ട് ഈശ്വരനെ സ്തുതിക്കട്ടെ. അവിടെ ചില മെഴുത്തിരികൾ കത്തുന്നുണ്ടായിരുന്നു. ഒരു ആശ്വാസനിശ്വാസത്തോടെ അവൾ ആ മുറിയിൽ കടന്നുകൂടി. ഉടുപ്പ് മുറിയുടെ മേശമേൽ വെച്ചിരുന്ന നാല്വ വലിയ (നീണ്ട) മെഴുത്തിരികൾ പകുതി കത്തിക്കഴിഞ്ഞിരിക്കുന്നു. മെഴുകതിരിത്തട്ടിന്മേൽനിന്ന് ആറെണ്ണം കത്തിയിരുന്നു. കിടക്കയുടെ അടുക്കെ പിച്ചളച്ചറയിന്മേൽ നിന്ന് രണ്ടെണ്ണം കത്തിയിരുന്നു. ഓരോന്നും ഓരോ പരിധിയിൽ മങ്ങിയ മഞ്ഞവെളിച്ചം ഉണ്ടാക്കി. എന്നിട്ടുകൂടി ആ മുറിയിൽ കെട്ടിപ്പിടിച്ച അന്ധകാരം മുഴവനും വിട്ടുപോയില്ല. എങ്ങിനെ വിട്ടുപോവും! ആ പഴയ വീട്ടിലെ മുറി പ്രകൃത്യാ അന്ധകാരമയമായിരുന്നു. കിടയ്ക്കവിരിച്ച കട്ടിൽ മുഴുവൻ കർട്ടൻകൊണ്ട് മൂടപ്പെട്ടിരുന്നു. സകല മെഴുത്തിരികളും പകുതി കത്തിപ്പോയിരുന്നു. അതൊക്കെ വിവാഹ ദിവസം കൊണ്ടാടാൻ കത്തിച്ചുവെച്ച ദീപാവലി ആയിരുന്നു. വീട്ടുകാർ പുതിയ ഭാര്യാഭർത്താക്കന്മാരെ സ്വാഗതം ചെയ്‌വാൻ ഒരുക്കങ്ങൾ കൂട്ടിയിരുന്നു. കിടയ്ക്കയിൽ ചതുരാകൃതിയിലുള്ള രണ്ട് തലയണകളും വെച്ചിരുന്നു. ധനത്തിന്ന് ശ്വാസം നേരെ വരാതായി. അവൾ തേക്കിന്റെ കട്ടിലിന്മേൽ ചാരിനിന്ന് അവളുടെ കൈകൾ പള്ളമേൽ അമർത്തുവെച്ചിരുന്നു.

കോണിപ്പടിയുടെ മേലെ അറ്റത്തുവെച്ച് എതിരിട്ടും ഉപദ്രവിച്ചിട്ടും ദ്രോഹം നടത്തിയ ആ പാപിജന്തു ദുസ്സഹമായ അഭിമാനഭംഗത്തിൽനിന്ന് രക്ഷപ്രാപിപ്പാൻ അവളെ സഹായിച്ചിരുന്നു. അവൾ ഹേമാംഗനെ വിവാഹം കഴിച്ചത് ശരിയാണെങ്കിലും അവനിൽനിന്ന് അകന്നുനില്ക്കേണ്ടിവരുന്നതും അത്യാവശ്യമാണ്. അവളുടെ കുട്ടി പിറന്നതിൽപ്പിന്നെ മാത്രമേ ദാമ്പത്യജീവിതം സമ്പൂർണ്ണമാക്കയുള്ള എന്ന് അദ്ദേഹം അവളോട് ഒരു കണിശമായ സത്യം ചെയ്തുകൊടുത്തിരുന്നു. അവൾ അയാളെ ലവലേശം പ്രേമിച്ചിരുന്നില്ല എന്നത് തർക്കമില്ലാത്ത വാസ്തവമാണ്. അവൾ മേലാലും അയാളെ പ്രേമിക്ക ഉണ്ടാകയില്ല എന്നതും പച്ചപ്പരമാർത്ഥമാണ്. എന്നാലുംകൂടി പ്രസവിക്കുംവരെ കാത്തുനില്പാൻ അദ്ദേഹത്തിന്ന് ക്ഷമ ഉണ്ടായിരുന്നു എങ്കിൽ അദ്ദേഹത്തിന്ന് വഴങ്ങിക്കൊടുക്കണം എന്ന അവളുടെ കരാറ്, പല്ലുംകടിച്ച്, കണ്ണുംപൂട്ടി അവൾ നിറവേറ്റുമായിരുന്നു. എന്നാൽ അയാളുടെ യാതൊന്നും ഗണ്യമാക്കാത്ത കാമഭ്രാന്തിന്റെ നിഷ്ഠുരവ്യാപാരത്തിന്നുള്ള ശ്രമം, അവളെ കേവലം ഒരു തെണ്ടിത്തേവിടിശ്ശിയെന്നപോലെ അയാൾ വിചാരിച്ചതുകൊണ്ടാണ്. ഹേമാംഗന്റെ അധീനത്തിൽനിന്ന് അവൾക്ക് വല്ലപ്രകാരത്തിലും വിട്ടൊഴിയാതെ നിവൃത്തിയില്ല. ആ സാധനം, ഭൂമിയിലേയോ സ്വർഗ്ഗത്തിലേയോ ഏതെങ്കിലുമാകട്ടെ അവൾക്ക് ഒരു രക്ഷാമാർഗ്ഗം ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. ആ അവസരം അവൾക്ക് പാഴാക്കിക്കളവാൻ പാടില്ല.

എന്നാൽ ഹേമാംഗൻ എവിടെ ആയിരിക്കും. ആരോ ഒരു ഘനമുള്ള മനുഷ്യൻ ഊക്കോടെ വീഴുന്ന ശബ്ദം അവൾ കേട്ടിരുന്നല്ലൊ. വീണതിൽപ്പിന്നെ ഒരു ഒച്ചപ്പാടും ഉണ്ടായിരുന്നില്ല എന്നതും ശരിയാണ്.

ധനം തുണികൾകൊണ്ട് നിറഞ്ഞ ഉടുപ്പുമുറിയിൽ പാഞ്ഞുചെന്ന് ഉടുപ്പൊക്കെ അണിഞ്ഞ് രണ്ട് മെഴുത്തിരികൾ കൊളുത്തിവെച്ച പിച്ചളവിളക്കും പിടിച്ച് ആ പറന്നുകളിക്കുന്ന സാധനം പിന്നേയും വരുമെന്ന് ഭയപ്പെട്ടിട്ട് കോണി ഇറങ്ങി. വെളിച്ചത്തിന്ന് ഒരു രക്ഷയായി കയ്യുടെ മറവും പിടിച്ച് എത്രയോമെല്ലെ വളരെ ചരിതത്തോടെ പുറത്തേയ്ക്കുവന്നു. ഒരു കാറ്റുകൊണ്ട് മെഴുത്തിരി ഒന്ന് തുള്ളിപ്പോയി. കോണിപ്പടിയുടെ മറുഭാഗത്തുണ്ടായിരുന്ന ഇച്ചില്ലില്ലടിച്ച ഒരു ചെറിയ ജനൽ കാറ്റുകൊണ്ട് തുറന്നുപോയി. അവൾ മേലോട്ടൊന്ന് നോക്കി. അവൾ ഭയംകൊണ്ട് ഞെട്ടിപ്പോയി. മേല്പുരയ്ക്ക് ഒരു താങ്ങായി വെച്ച തേക്കിന്റെ ഉത്തരത്തിന്മേൽ തല താഴേ ആക്കി ഒരു കടവാതിൽ തൂങ്ങിയത് കണ്ടു. ഇത്രവലിയ ഒരു കടവാതിലിനെ അവൾ ജനിച്ചതിൽപിന്നെ കണ്ടിട്ടില്ല. കടവാതിൽ ഇത്ര വലിപ്പംവെക്കുമെന്ന് അവൾ സ്വപ്നത്തിലുംകൂടി വിചാരിച്ചിരുന്നില്ല.

ധനം ഞെട്ടി വിറച്ചുപോയി. അപ്പോൾ ഇതാണ് അവരുടെ എതിരായിപ്പറന്നുവന്നത്. തന്റെ സ്വന്തം ശ്രമംകൊണ്ട് സിദ്ധിക്കാൻ സാധിക്കാത്ത മോചനം അവൾക്ക് എളുപ്പത്തിൽ, കിട്ടുമാറാക്കിക്കൊടുത്തതും ഈ കടവാതിലാണ്. ഇതിന്റെ ഉച്ചത്തിലുള്ള ചിറകടിയും അതിന്റെ എതൃപ്പിന്റെ ശക്തിയും വേഗതയും നിമിത്തമാണ് ഹേമാംഗനോട് അവളെ പിടിച്ചപിടിത്തം ഊരിപ്പോയത്. അതിരിക്കട്ടെ ഹേമാംഗൻ എവിടെ പോയിമറഞ്ഞായിരിക്കും. മെഴുത്തിരിദീപം കെട്ടുപോകാതിരിപ്പാൻ അത് എത്രയോ ചരിതത്തോടെ കൈകൊണ്ട് മറച്ച് അവൾ കോണിപ്പടി ഇറങ്ങി.

കോണിയുടെ ചോടെ ഹേമാംഗൻ ഒരു കറുത്ത പൊതിക്കെട്ടുപോലെ അനക്കമില്ലാതെ ഒരു ശവംപോലെ കിടക്കുന്നത് കണ്ടു. എത്രനേരത്തോളം അയാൾ അവിടെ ആ നിലയിൽ കിടന്നിട്ടുണ്ടായിരിക്കും. അവൾ അയാളെ കുനിഞ്ഞുനോക്കി. അയാളുടെ കൈ തൊട്ടുനോക്കി. അയാളുടെ കയ്യുടെ ഐസ്പോലത്തെ തണുപ്പ് തന്റെ ദേഹത്തിൽ പാഞ്ഞുകേറിയപോലെ അവൾ ഒരു ഞെട്ടലോടെ പിന്നോക്കം വാങ്ങിനിന്നു. എല്ലാംകൂടി അയാൾ... ! ഇല്ല—ഇല്ല—ഇല്ല അങ്ങിനെ വരാൻ ഇടയില്ല. എന്നാൽ അയാൾക്ക് യാതൊരു ഇളക്കവും കാണാത്തത് എന്തുകൊണ്ടായിരിക്കും. അതിന്റെ അർത്ഥമെന്ത്?

"അങ്ങിനെ നീ അയാളെ കൊന്നു" എന്ന് പരുഷമായും കടുപ്പമായും ആരോ ഒരാൾ അവളോട് പറയുന്നത് ധനം കേട്ടു.

## 22

# സ്വപ്നം സത്യമായി

നാഡിക്ഷീണംകൊണ്ടും അത്യന്തം ഭയംകൊണ്ടും ധനത്തോട്ട് ഉറക്കെ നിലവിളിച്ചുപോയി. അവൾ ഞെട്ടി ആരാണ് ഇങ്ങിനെ പറഞ്ഞത് എന്ന് അറിവാൻവേണ്ടി തിരിഞ്ഞുനോക്കി. ആ വലിയവീട്ടിലെ നിത്യവാസിയും നോക്കുകാരിയും ആയ രാജമ്മ അവളുടെ ചുമലരികെ നില്ക്കുന്നതുകണ്ടു. നോക്കുകാരിയുടെ കയ്യിൽ ഒരു മെഴുത്തിരിയും ഉണ്ടായിരുന്നു. അവളുടെ വീങ്ങിയ മുഖത്തിലും ചെറിയ കണ്ണിലും ഒരുതരം പകയോ പ്രതികാരേച്ഛയോ വിളങ്ങിക്കൊണ്ടിരുന്നു. രാജമ്മയ്ക്ക് എന്തോ എന്നറിഞ്ഞില്ല ധനത്തേ കണ്ടമുതല്ക്കേ അവളോട് കഠിനകോപവും അസൂയയും ആയിരുന്നു. ഒന്നാമത് ധനത്തിന്റെ വരവുകൊണ്ട് രാജമ്മയ്ക്ക് ആ വീട്ടിൽ അതുവരയ്ക്കും ഉണ്ടായിരുന്ന ഏകഛത്രാധിപത്യം നഷ്ടമായി. യജമാനത്തി എന്ന നിലയിൽനിന്ന് അവൾ ഒരു ദാസി എന്ന നിലയിലായി. ധനത്തെ ശുശ്രൂഷിക്കേണ്ട ഭാരവുംകൂടി രാജമ്മ സഹിക്കേണ്ടിവന്നു.

നോട്ടക്കാരി (രാജമ്മ) തന്റെ തടിച്ചുകുറിയ വിരൽകൊണ്ട് ചുരുണ്ട് ഒരു ഭാണ്ഡംപോലെ കിടക്കുന്ന ഹേമാംഗനെ ചൂണ്ടിക്കാണിച്ച് "നീ അയാളെ കൊന്നു" എന്ന് പിന്നേയും പറഞ്ഞു.

**ധനം:** (കോപത്തോടെ) ഞാൻ അയാളെ കൊന്നിട്ടില്ല. രാജമ്മേ! അങ്ങിനെ പറവാൻ നിങ്ങൾക്ക് എവിടുന്ന് ധൈര്യം വന്നു.

അവൾ ഭയത്തോടുകൂടിയും ആയിരുന്നു അങ്ങിനെ ചോദിച്ചത്. ആ പഴയവീട്—എപ്പോഴും ഇരുടാപ്പിടിച്ച ഭാഗങ്ങൾ അടങ്ങിയ ആ ദുരിതംപിടിച്ച വീട്—ആളുകളുടെ സംസാരം കേൾക്കാത്തതുകൊണ്ട് ദുസ്സഹമായ നിശ്ശബ്ദതയിൽ എപ്പോഴും മുഴുകിയിരുന്ന ആ വീട്—ആരെയാണ് ഭയപ്പെടുത്താതിരിക്കുന്നത്. അത് ഒരു വറക്കത്തില്ലാത്ത വീടാണ്. ആ രാത്രി അവിടെനിന്ന് നടന്ന കാര്യങ്ങളോ! അവളുടെ നാഡികൾ വലിഞ്ഞ് പൊട്ടിപ്പോകാറായി. നിലത്തു ചുരുണ്ടുകിടക്കുന്ന ആ ദേഹത്തിന്മേൽ പതിച്ച കണ്ണുകൾ വലിച്ചെടുപ്പാൻ അവൾക്കു പ്രയാസമായി. കുറച്ചുമുമ്പേ അവളെ ഭീഷണിപ്പെടുത്തിയ ആളല്ലേ അത്? അയാൾതന്നെയല്ലേ ഇപ്പോൾ അവിടെ ഇളക്കമില്ലാതെ ഒരു ശവംപോലെ കിടക്കുന്നത്.

**ധനം:** (ഒരു വല്ലാത്തസ്വരത്തിൽ) അയാൾ മരിച്ചിട്ടില്ല.

രാജമ്മയുടെ വീങ്ങിയ മുഖത്ത് പട്ടത്തീയുപോലെ നിന്ന ചെറിയ കണ്ണുകൾ ആളുകളെ പേടിപ്പെടുത്തുംപ്രകാരം മിന്നി.

**രാജമ്മ:** അയാൾ മരിച്ചുപോയി; സംശയമില്ല. ഏണിപ്പടിയുടെ മേൽഭാഗത്തിൽനിന്ന് ചോടെ ഉന്തിയിട്ടതാണ്. അങ്ങിനെ ചെയ്തത് മറ്റാരാണെന്നതന്നെയാണ് എനിക്ക് അറിയേണ്ടത്. നീയല്ലാതെ ആരാണ് ധനം ഇങ്ങിനെ ചെയ്യുവാനുള്ളത്. വേറെ ഒരാളും ഈ വീട്ടിൽ ഉണ്ടായിരുന്നില്ല. ഇങ്ങിനെ ചെയ്തത് ഞാനല്ലെന്ന് നിനക്ക് നല്ല നിശ്ചയവും ഉണ്ട്. അല്ല, ഞാനാണെന്ന് പറവാൻ നിനക്ക് ഭാവമുണ്ടോ?

ധനം തല ഇളക്കി. "അത് ഒരു കടവാതിലായിരുന്നു" എന്ന് മന്ദസ്വരത്തിൽ പറഞ്ഞു. "ഇരുട്ടിലൂടെ കോണിപ്പടിയും കേറി മേലെചെന്നപ്പോൾ ഒരു വലിയ കടവാതിൽ ചിറകടിച്ച് പറക്കുമ്പോൾ അയാളുടെ മുഖത്ത് തട്ടിപ്പോയി. അയാളുടെ ആക്കവും നിലയും തെറ്റി. അയാൾ വീഴുന്നത് ഞാൻ കേട്ടിരുന്നു. അതിൽ പിന്നേ ഞാനും ബോധംകെട്ട് വീണു പോയി. ഞാൻ ഒരു മെഴുത്തിരി കത്തിച്ച് നോക്കിയപ്പഴേ എനിക്ക് കാര്യസ്ഥിതി മനസ്സിലായുള്ളു.

**രാജമ്മ:** (പുച്ഛപരിഹാസങ്ങളോടെ) ഒരു കടവാതിലോ! വിശ്വസിക്കത്തക്ക ഒരു കഥ തന്നെ! എന്നേ പറഞ്ഞ് വിശ്വസിപ്പിക്കാൻ നോക്കുന്നത് അവിടെ ഇരിക്കട്ടെ. കോടതിയിൽവെച്ച് കേയിസ് വിചാരണചെയ്യുമ്പോൾ നിന്റെ ഈ പൊട്ടക്കഥയുംകൊണ്ട് ജൂറിമാരെ (Jury) മിരട്ടാൻ സാധിക്കുമെന്ന് തോന്നുന്നില്ല. ഈ വീട്ടിൽ ഒരു ആനയോളം പോരുന്ന കടവാതിൽപോലും! ഒന്ന് പറഞ്ഞാൽ എവിടെയെങ്കിലും ഒക്കണം. ആ കടവാതിലിനെ നീ ദയവിചാരിച്ച് എനിക്ക് ഒന്ന് കാണിച്ചുതരാമോ!

**ധനം:** (ഞെട്ടലോടെ) കോണി ഇറങ്ങേണ്ടുന്ന സ്ഥലത്തിന്റെ നേരെ മീതെ ആ തേക്കിന്റെ ഉത്തരത്തിന്മേൽ അത് തൂങ്ങിക്കിടന്നിരുന്നു. ഞാൻ താഴെ ഇറങ്ങുമ്പോൾ അതിനെക്കണ്ടു. ഇരുട്ടത്ത് ഞങ്ങളുടെ മുഖത്തുതടഞ്ഞതും അയാളുടെ മുഖത്തുവീണ് ചിറകടിച്ചതും കടവാതിലാണെന്ന് എനിക്ക് അപ്പോളെ മനസ്സിലായിരുന്നുള്ളൂ. അത് അവിടെത്തന്നെ ഉണ്ടാകും.

അവൾ പിന്നേയും കത്തുന്ന മെഴുതിരിയും എടുത്ത് കൊണിപ്പടി കേറിത്തുടങ്ങി. അവളുടെ പിന്നാലേ തന്നെ നോട്ടക്കാരിയും (രാജമ്മ) ഞരങ്ങിയും കിതച്ചുംകൊണ്ട് കേറി. ധനം തേക്കിന്റെ ഉത്തരം നല്ലവണ്ണം കാണ്മാൻവേണ്ടി വിളക്ക് പൊക്കിപ്പിടിച്ചു. ഒരു ജന്തുവേയും കണ്ടില്ല. അവൾ സകലമുക്കും മൂലയും വെളിച്ചം വീഴ്ത്തിപ്പരിശോധിച്ചുനോക്കി. സകല ആപത്തുകൾക്കും കാരണക്കാരനെന്ന് വിചാരിക്കപ്പെട്ട ആ കറുത്ത വലിയ കടവാതിലിനെ ഒരേടത്തും കാണ്മാൻ ഉണ്ടായിരുന്നില്ല.

രാജമ്മ പരുപരുത്ത ശബ്ദത്തിലും അത്യുച്ചത്തിലും ചിരിച്ചു.

**രാജമ്മ:** ഒരു കടവാതിലായിരുന്നു അല്ലേ! അയാൾ മരിച്ചാൽ അയാളുടെ പണത്തിന്നും സ്വത്തിന്നും എന്നുവേണ്ട സകലത്തിന്നും അവകാശി നീയല്ലേ! അതൊക്കെ അറിഞ്ഞിട്ട് നീ അല്ലേ അയാളെ ഉന്തി ചോടെ തള്ളി മരണപ്പെടുത്തിയത്. ഇരിക്കട്ടെ നമുക്ക് കാണാം. ചെറ്റപ്പക്കാരത്തി! നീ അക്കഥ കോടതിയിൽ കേറിപ്പറഞ്ഞുനോക്കു. നീ ഹേമാംഗന്റെ ഭാര്യ ആയിരിക്കും. എന്നാലും അവർ നിന്റെ കഥ വിശ്വസിക്കുമോ എന്ന് നമുക്ക് കാണാം. ഞാൻ പോലീസിനെ വിളിച്ചുകൊണ്ടുവരാൻ എന്റെ മരുമകനെ അയയ്ക്കുന്നുണ്ട്. നിനക്ക് ഹേമാംഗനെ കോണിപ്പടിയുടെ മീതെനിന്ന് ചോടെ തള്ളിയിട്ട കടവാതിലിന്റെ കഥ പറഞ്ഞുകൊടുക്കാം.

വെറുപ്പ് തോന്നുംപ്രകാരം അവൾ ഒന്ന് മുരളി. എന്നിട്ട് അവളുടെ തടിച്ചദേഹം കലുങ്ങുംപ്രകാരം പൈശാചികമായ ഒരു പകയോടെ ആ രാക്ഷസി ഒരു ചിരിചിരിച്ചു.

ധനം മെല്ലെ കോണിപ്പടി പിന്നേയും ഇറങ്ങി. എന്നിട്ട് ഒരു രൂപമില്ലാത്തവിധത്തിൽ ഒന്നിച്ചുചേർന്ന് ചുരുണ്ടുകിടക്കുന്ന ഹേമാംഗന്റെ ചേഷ്ടയില്ലാത്ത ദേഹം കണ്ണുപറിക്കാതെ അവൾ നിന്ന് നോക്കി. അവൾ അയാളുടെ ചുമൽ പിടിച്ച് വലിച്ചു. അയാൾ പണ്ട് അവളെ കിടത്തിയിരുന്ന സോഫമേൽ അയാളെ ഉയർത്തി കിടത്താൻ നോക്കി. അയാൾ ഇളകിയില്ല. ജീവനുണ്ടെന്ന യാതൊരു അടയാളവും കാണിച്ചില്ല. എന്നതിൽപിന്നെ അവൾക്ക് ഭയങ്കരമായ ഒരു വിറയൽ പിടിപെട്ടു.

അയാൾ എല്ലാംകൂടി മരിച്ചുപോയിരിക്കുമോ? ആ വൃദ്ധരാക്ഷസി ധനമാണ് അയാളെ കൊന്നത് എന്ന് പറഞ്ഞ് കഴിഞ്ഞു. അല്പം അകലെ താമസിച്ചിരുന്ന മരുമകനെ പോലീസിലേയ്ക്ക് അയയ്ക്കാൻവേണ്ടി വിളിക്കാനായിട്ട് വൃദ്ധരാജമ്മ ആളെ അയച്ചുകഴിഞ്ഞു. അവൾ കടവാതിലിനെപ്പറ്റിപ്പറഞ്ഞ കഥ... ആരെങ്കിലും അത് വിശ്വസിക്കുമെന്ന് വരുമോ? അത് വെറും ഒരു കെട്ടുകഥപോലെ തോന്നി. ഐസിൽ കുളിച്ചപോലെ ഞെട്ടിപ്പിക്കുന്ന ഒരു കടുത്തഭയം ധനത്തിനെ പിടിപെട്ടു. ഇല്ല, അവർ ഒരിക്കലും വിശ്വസിക്കുക ഉണ്ടാകയില്ല. അവളല്ല കൊന്നത് എന്ന് പറഞ്ഞപ്പോൾ തന്നെ അവളെ വിശ്വസിപ്പാൻ ആരും ഉണ്ടായിരുന്നില്ല. അവളുടെ കഴിഞ്ഞ ചരിത്രത്തെ പോലീസുകാർ അന്വേഷിച്ച് കുത്തിപ്പൊക്കാതിരിക്കയില്ല. മറ്റൊരു പേരിൽ ഭാസ്കരനെ വഞ്ചിച്ച് വിവാഹം ചെയ്ത കഥ! കോടതിക്കാർ അവൾ ഒന്നിനും മടിക്കാത്ത ഒരു തെണ്ടിപ്പെണ്ണാണെന്ന് റിക്കാർട്ടാക്കി വെച്ചുപോയിട്ടുണ്ടാകും. പണത്തിന്നുവേണ്ടി എന്തും ചെയ്യുന്നവൾ! അതൊക്കെ പുറത്തുവന്നാൽ അവളെപ്പറ്റി എന്ത് ദൂഷണം പറഞ്ഞാലും ജനങ്ങൾ വിശ്വസിക്കാതിരിക്കില്ല. അവളെ പിടിപ്പാൻ ഇട കൊടുക്കരുത്. ഈ വീട്ടിൽ ഒരു നിമിഷംപോലും താമസിക്കാൻ പാടില്ല. അതിന്റെ നിശ്ശബ്ദതതന്നെ അവളെ പരിഹസിക്കുകയും ഭയപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്ന് തോന്നി. കോച്ചിന്മേൽ കിടത്തിവെച്ച ഹേമാംഗന്റെ ശവവുംകൂടി മുഖംതിരിച്ച്, ഒരു പരിഹാസപ്പുഞ്ചിരിയോടെ അവളെ നോക്കുന്നുണ്ടെന്ന് തോന്നി. അദ്ദേഹത്തെ നിരസിച്ചതുകൊണ്ട് അയാൾക്ക് പകവീട്ടാൻ ഒരു അവസരം കിട്ടി എന്ന ഒരു ജയധാരണ അയാളുടെ മുഖത്തുണ്ടെന്ന് അവൾക്ക് തോന്നി.

മുറിയുടെ തേക്കുകൊണ്ട് ഉണ്ടാക്കിയ വലിയ വാതിൽ ഘനമുള്ള ഇരുമ്പഴികൾകൊണ്ടും താഴുകൾകൊണ്ടും അടച്ചുപൂട്ടിയിരുന്നു. അവൾ തന്റെ ശക്തിയെല്ലാം ഉപയോഗിച്ചിട്ടും അവ വലിച്ചുതുറക്കാൻ സാധിച്ചില്ല. ഏതോ ഒരു ചെറുവാതിലിൽക്കൂടെ രാജമ്മ പോയിക്കളഞ്ഞിരിക്കാൻ മതി. ധനം നിരാശയായി ചുറ്റുംനോക്കി. ജനലിന്റെ അഴികളിൽക്കൂടി ഞെക്കിഞെരുക്കിക്കടന്ന് വീഴാമെന്ന് അവൾക്ക് തോന്നി. അവളുടെ മെലിഞ്ഞ ശരീരം അവളുടെ ഉദ്യമത്തിന് ഒരു സഹായിയായി. ഏത് നിമിഷത്തിലെങ്കിലും രാജമ്മ അവളുടെ മരുമകന്റെയോ മറ്റവല്ലവരുടേയോകൂടെ മടങ്ങിവരാനും മതി. അവർ അവളെ വിട്ടുപോരാൻ സമ്മതിക്കുകയും ഇല്ല. അവൾ ജനലിന്മേൽ കേറി അതിന്റെ പൊളി ഉന്തിത്തുറന്നു. അതിൽക്കൂടെ ദേഹം ഉന്തിപ്പിടിച്ച് പുറത്തായി എന്ന് കണ്ടപ്പോൾ നിലത്തുചാടി.

നക്ഷത്രവെളിച്ചം ഉണ്ടായിരുന്നതുകൊണ്ട് പുറമെ അത്ര ഇരുട്ടുണ്ടായിരുന്നില്ല. ധനം ഒരു കുറ്റിക്കാടിന്റെ പിറകെ കുറെനേരം ഒളിച്ചു. ആരും ആ വഴിയിൽക്കൂടെ വരുന്നില്ലെന്ന് കണ്ടപ്പോൾ സമാധാനമായി. ഒരു പുല്ലുനിറഞ്ഞ നടയിൽക്കൂടെ അവൾ ബദ്ധപ്പെട്ട് നടന്നു. വലിയ പയൻമരങ്ങളുടെ ഇടയിൽ രക്ഷപ്രാപിച്ചു. അതിന്റെ ഇടയിലായിരുന്നു നനഞ്ഞ് ഒഴിഞ്ഞുകിടക്കുന്ന ചെറിയ പള്ളി നിന്നിരുന്നത്. ഇന്നലെ വൈകന്നേരം അവിടെവെച്ചായിരുന്നു താനും ഹേമാംഗനും തമ്മിൽ വിവാഹം നടന്നിരുന്നത്. കൃത്യസമയത്ത് അവിടെ എത്തിവീണു. ദൂരെനിന്ന് ഒരു ലാന്തറിന്റെ വെളിച്ചം മിന്നുന്നത് അവൾ കണ്ടു. ആരെല്ലാമോ സംസാരിക്കുന്ന ശബ്ദവും അവൾ കേട്ടു.

അവൾ ഉച്ചത്തിൽ ശ്വാസവുംകൂടിക്കഴിച്ചില്ല. നടയുടെ ഓരത്തിൽനിന്ന് കുറെ അകലെ നിന്നിരുന്ന അവൾ പാളിനോക്കി. തടിച്ചിയായ രാജമ്മ ചാഞ്ഞും ചെരിഞ്ഞും നടന്നുവരുന്നുണ്ടായിരുന്നു. അവളുടെ പിന്നാലെ വേറേയും ചിലർ ഉണ്ടായിരുന്നു. അവരുടെ ഭാഗ്യത്തിന്ന് ഗ്രാമത്തിലെ കാൺസ്റ്റബിൾ അടുക്കെത്തന്നെ ഉണ്ടായിരുന്നു എന്ന് ധനം മനസ്സിലാക്കി. അവർ, ആ വലിയ പറമ്പത്ത് അനാവശ്യക്കാർ കടന്നുകൂടീട്ടുണ്ടോ എന്ന് പരിശോധിപ്പാൻ ബീറ്റുനടക്ക പതിവായിരുന്നു. കാൺസ്റ്റബിളിനോട് രാജമ്മ ഉണ്ടായ സംഗതികൾ തിരിച്ചും ഭേദപ്പെടുത്തിയും പറഞ്ഞ് കൊടുക്കുകയായിരുന്നു. കാൺസ്റ്റബിൾ നടന്നുവരുന്തോറും ഇടത്തും വലത്തും തന്റെ പ്രഭയുള്ള ലാന്തർ മിന്നിച്ച് പരിശോധിച്ചുനോക്കിക്കൊണ്ടിരുന്നു. അവരുടെകൂടെ രാജമ്മയുടെ മരുമകൻ മെലിഞ്ഞ് ചടച്ച ജിംരാജനും ഉണ്ടായിരുന്നു.

ധനത്തിന്റെ ഒളിസ്ഥലവും കടന്ന് മുന്നോട്ടുപോകുമ്പോൾ "അവൾതന്നേയാണ് ആ കൊലനടത്തിയത്" എന്ന് രാജമ്മ പറഞ്ഞു. അവളുടെ വാക്കിൽ പകയും വിഷവും ഒരുപോലെ കലർന്നിരുന്നു.

**രാജമ്മ:** എന്റെ ചെറുപ്പമായ യജമാനൻ അവളെ ഇവിടെ കടത്തിക്കൊണ്ട് വന്നപ്പോൾതന്നെ, അവളിൽ ഒരു നന്മയും ഉണ്ടാകില്ലെന്ന് ഞാൻ അറിഞ്ഞിരുന്നു. ഉറക്കത്ത് അവൾ എപ്പോഴും സംസാരിക്കുമ്പോൾ മറ്റൊരാളുടെ പേരാണ് അവൾ വിളിച്ചുപറയുന്നത്. നേർസിന് ഭക്ഷണം കൊണ്ടുവരുമ്പോളൊക്കെ അവൾ ആ പേർ പറയുന്നത് ഞാൻ കേൾക്കാറുണ്ട്. എന്നിട്ടുകൂടി എന്റെ യജമാനൻ ഹേമാംഗനെ വിവാഹം കഴിച്ചു. എന്തിന്ന്? അന്നുരാത്രിതന്നെ അവരെ കോണിപ്പടിയുടെ മുകളിൽനിന്ന് ഉന്തി താഴെ തള്ളിയിടുവാൻവേണ്ടി. എന്തിന്ന്? അയാളുടെ പണവും വീടും ഒക്കെ കിട്ടുവാൻവേണ്ടി മാത്രം! എന്നാൽ അവൾക്ക് വീടും മറ്റും കിട്ടുകയില്ല. ഈ രാജ്യത്ത് ന്യായമുള്ള കാലത്തോളം അവൾ അതിനൊന്നും മോഹിക്കേണ്ട. അല്ലേ ജോവേൽ?

എന്നാൽ കൺസ്റ്റബിൾ ഒന്ന് മൂളി ലാന്തറിന്റെ പ്രഭ, ഇടത്തും വലത്തും വീഴ്ത്തി പരിശോധന കഴിക്കയായിരുന്നു. ഒരു രശ്മി ധനത്തിന്റെ കണ്ണിൽവീണു. അവൾ തല താഴ്ത്തി. അവളുടെ ഹൃദയം കടപ്പത്തിൽ തുടിച്ചു. അയാൾ അവളെ കണ്ടിരിക്കുമോ... കൺസ്റ്റബിൾ നടത്തം പതുക്കെ ആക്കി. എന്നതിൽ പിന്നെ അവർ മൂവരും മുന്നോട്ട് നടന്നുപോയി.

ധനം അവിടുന്ന് മെല്ലെ എഴുന്നേറ്റ് ഓടാൻ തുടങ്ങി. അവൾ ഭയപ്പെട്ടുപോയിട്ടാണ് അങ്ങിനെ ചെയ്തത്. അവർ ഒരു സമയം അവൾ പറയുന്ന ശബ്ദം കേട്ടുപോയായിരിക്കാം. കുറച്ചുസമയത്തിന്നുള്ളിൽ അവളെ പിടിച്ചുകൊണ്ടുവരാനുള്ള സകല ഏർപ്പാടുകളും പോലീസുകാർ പുറത്തിറക്കും. വീട്ടിൽ ടെലിഫോണിന്റെ കോപ്പുകളൊന്നും ഇല്ലാഞ്ഞത് ഭാഗ്യമായി. അവളെപ്പറ്റിയുള്ള വർത്തമാനം പരസ്യമാക്കണമെങ്കിൽ കൺസ്റ്റബിൾ ഗ്രാമത്തിൽ മടങ്ങി എത്തേണ്ടിവരും. അത്ര സമയംമാത്രമേ അവൾക്ക് അവിടുന്ന് വിട്ടൊഴിവാൻ കിട്ടുകയുള്ളു.

അവൾക്ക് തന്റെ ചുറ്റുവട്ടത്തിലുള്ള ദിക്കുമായി യാതോരു പരിചയവും ഉണ്ടായിരുന്നില്ല. ഹേമാംഗൻ ഇവിടെ അവളെ കൊണ്ടുവന്നതിൽപിന്നെ, അവൾ വീട്ടിന്റെ കന്മതിലിന്റെ പുറത്തുപോയിട്ടില്ല. എന്നാൽ അവൾക്ക് ഇപ്പോൾ അത്യാവശ്യമായി വേണ്ടത് അവിടുന്ന് വിട്ടൊഴിയണം എന്ന് മാത്രമായിരുന്നു. എവിടെയായാലും തരക്കേടില്ല. പറഞ്ഞാൽ ആർക്കും വിശ്വാസം വരാത്ത ഒരു വിശേഷാൽ സംഭവംകൊണ്ട് മരണപ്പെട്ട ഒരാളെ, കൊന്നത് താനാണെന്ന് വരുത്തി പോലീസുകാർ അനാവശ്യമായി പിടിച്ചുചാർജ്ജ് വെക്കാതിരിപ്പാൻവേണ്ടി എവിടെയെങ്കിലുംചെന്ന് മറഞ്ഞുകളയണം എന്ന വിചാരമേ ധനത്തിന്നുണ്ടായിരുന്നുള്ളു.

അവൾ എത്ര നടന്നു എന്ന നിശ്ചയം അവൾക്ക് ഉണ്ടായിരുന്നില്ല. മുന്നോട്ട് ആരോ പിരടി പിടിച്ച് തള്ളിയപോലെ, പോകുന്നുണ്ട്. ഗുറസ്സ് സ്ഥലങ്ങൾ അവൾ കല്പിച്ചുകൂട്ടി ഉപേക്ഷിച്ചു. അവൾ എപ്പോഴും വൃക്ഷങ്ങളുടെ മറവിൽക്കൂടെ നടന്നു. അങ്ങിനെ മുന്നോട്ട് മുന്നോട്ട് പോയിത്തുടങ്ങി. അവളുടെ കാലും തലയും മുള്ളുള്ള ചെടിയും ലതയും തട്ടി വാർന്നുപോയ അടയാളം ധരിച്ചു. അവളുടെ കാൽ വിങ്ങിക്കടഞ്ഞു. അവൾക്ക് നില്ലാൻ പാടില്ല. വിശ്രമിപ്പാൻ അവസരം ഇല്ല. അവൾക്ക് ആ ദേശം വിട്ടൊഴിയണം. നേരം പുലരുംമുമ്പെ, ആ വീട്ടിലെ പറമ്പിൽനിന്ന് പാട്ടുള്ളേടത്തോളം അകലെ എത്തണം. മണിക്കൂറുകൾ ഓരോന്നായിക്കഴിഞ്ഞു. നക്ഷത്രങ്ങളുടെ പ്രകാശവും മങ്ങി. ആകാശത്തിൽ ഇരുളും കുറഞ്ഞു. അധികനേരം കഴിയുംമുമ്പേ പ്രഭാതത്തിന്റെ പ്രഭ എല്ലാ ദിക്കിലും പരക്കും. അവളെ തിരഞ്ഞ് നടക്കുന്ന കൂട്ടർക്ക് അവളെ ക്ഷണത്തിൽ കണ്ടുപിടിക്കാനും സാധിക്കും.

തലയും കനിച്ചുകൊണ്ട് ധനം മുന്നോട്ട് കുതിച്ചുനടന്നു. അവളുടെ ഉടുപ്പ് കൂടക്കൂടെ കൊളുത്തിപ്പോയിട്ടും നില്ലേണ്ടിവന്ന നീണ്ട പുല്ലുകളിലും അരിത്തണ്ടുകളിലും കൂടെ അവൾ ഉന്തിത്തള്ളി നടന്നു. ആ മാതിരി തടസ്ഥങ്ങളൊന്നും അവൾ പൊരുളിച്ചില്ല. വൃക്ഷങ്ങളുടെ ഇടയിൽ എത്തുമ്പോളൊക്കെ ഒരു ചെറിയ അന്ധകാരം അവളെ രക്ഷിച്ചിരുന്നു. ഭയംകൊണ്ടും വിശപ്പുകൊണ്ടും ക്ഷീണംകൊണ്ടും കാഴ്ച കുറഞ്ഞും മരവിച്ചും അവൾ മുക്കുകുത്തി വീഴാൻപോകുന്നപോലെ ഇടറിനടന്നു. ഒരിക്കൽ ഒരു ചെറിയ വെളിച്ചത്തിൽ എത്തി. പിന്നെ അവളുടെ കാലുകൾ ബലക്ഷയംകൊണ്ട് ചോടെനിന്ന് വഴുതിപ്പോകുംപോലെ തോന്നി. ഒരു ദുസ്സഹവേദനകൊണ്ട് അവൾ നിലവിളിച്ചുപോയി. അവൾ നിലത്ത് വീണു.

ആ സമയത്ത് ഒരാൾ പുല്ലുകളുടെയും ചെടികളുടേയും ഉള്ളിൽനിന്ന് അവളുടെ നേരെ ഓടിവന്നു. വായിൽനിന്ന് പൊട്ടിത്തെറിക്കുന്ന അനേകം ശപഥങ്ങളോടുകൂടിയ അയാളുടെ ശബ്ദം അവൾ കേട്ടു. അയാൾ അവളുടെ അടുക്കെ വന്നിരുന്നു. അവളുടെ കാലിന്മേൽ മരണപ്പിടിത്തം പിടിച്ച ആ സാധനത്തിൽനിന്ന് അവളെ ഒഴിക്കാൻവേണ്ടി അയാൾ ഭഗീരഥപ്രയത്നം ചെയ്തിരുന്നു. അയാൾ ദയകാട്ടിയിരുന്നു എങ്കിലും അയാളുടെ സ്വരം പരിഷ്കാരമില്ലാത്ത കൂട്ടരുടേതുപോലെ ഒരു കടിഉള്ളതായിരുന്നു. "നീ ഒരു കത്രിക്കെണിയിൽ കുടുങ്ങിപ്പോയിരിക്കുന്നു. നിന്നെ താക്കീത് ചെയ്‌വാൻ ഞാൻ ഓടി വരികയായിരുന്നു. എന്നാൽ ഞാൻ എത്തുംമുമ്പേ നീ പെട്ടുപോയി. ഞാൻ അല്പം താമസിച്ചുപോയി."

അയാൾ അവളെ അവളുടെ കാലിന്മേൽ നിർത്തിവെച്ചു. എന്നാൽ അവൾക്ക് ക്ഷീണംകൊണ്ട് നില്ലാൻ സാധിച്ചില്ല. അവൾ വീഴാൻ പോകമ്പോൾ അയാൾ പിടിച്ചു. അവിടെത്തന്നെ നിർത്തി, വേദനയും ക്ഷീണവുംകൊണ്ട് തല ചുറ്റിപ്പോയ ധനം അവളുടെ കണ്ണടച്ചു. അയാൾ അവളെ പരിശോധിക്കുംപ്രകാരം നല്ലവണ്ണം നോക്കി. ഇതിന്നിടയിൽ പ്രഭാതത്തിന്റെ അരുണനിറം കിഴക്കെ ചക്രവാളത്തിൽ വിളങ്ങിത്തുടങ്ങി. നിമിഷംതോറും ഇരുട്ട് കുറഞ്ഞും വന്നു.

**അയാൾ:** ഓഹോ! നീ ഒരു ക്രിസ്ത്യാനിയാണ്. ഞാൻ നീ ഒരു കാബൂൾക്കാരത്തിയാണെന്ന് ധരിച്ചുപോയി.

അയാളുടെ വാക്കുകേട്ടപ്പോൾ ധനത്തിന് അസാരം സുബോധം ഉണ്ടായി. അതിൽ അസാരം അപകടം ഉണ്ടായേക്കാൻമതി എന്ന് അവൾ മനസ്സിലാക്കി. അവൾ കണ്ണ് മിഴിച്ച് അയാളെ നോക്കി. അയാളുടെ മുഖം കറുത്ത നിറത്തിൽ കോമളമായിരുന്നു. ദേഹം മെലിഞ്ഞിട്ടാണെങ്കിലും അവയവങ്ങൾക്ക് നല്ല യോജിപ്പ് ഉണ്ടായിരുന്നു. കറുത്ത തലമുടി നെറ്റിമേൽ വീണിരുന്നത് പിന്നോട്ട് മാടിവെച്ചിരുന്നു. പല്ലുകൾ വളരെ വെളുപ്പാണ്.

**ധനം:** (മന്ദസ്വരത്തിൽ) എന്നെ രക്ഷിച്ചതുകൊണ്ട് വന്ദനം. എനിക്കിപ്പോൾതന്നെ പോകണം. എന്റെ ക്ഷീണമൊക്കെ തീർന്ന് എനിക്ക് നല്ലവണ്ണം നടക്കാൻ വയ്യം.

**അയാൾ:** (പെട്ടെന്ന്) നിങ്ങൾ പോലീസിനെ പേടിച്ച് പായുന്നതാണോ?

ധനത്തിന്റെ ദേഹം ഒന്ന് ചുരുങ്ങിപ്പോയി. അവൾ ഭയത്തോടെ ഒന്ന് ചുറ്റും നോക്കി.

**ധനം:** (പാരുഷ്യത്തോടെ) നീ എന്തിനാണ് അപ്രകാരം വിചാരിച്ചത്? ഞാൻ കുറ്റമൊന്നും ചെയ്തിട്ടില്ലല്ലൊ.

**അയാൾ:** (മന്ദഹാസത്തോടെ) അത് ശരിയായിരിക്കും. എന്നാലുംകൂടി നിങ്ങൾ പോലീസിനെ ഭയപ്പെട്ടോടുകയാണ്. മറ്റെന്തിനാണ് നിങ്ങൾ രാത്രി കാട്ടിൽക്കൂടെ ഓടുന്നത്. ഞാൻ ഒരു കാബൂളിയാണ്. ഈ കെണി ഞാൻ വെച്ചതാണ്. എനിക്കും പോലീസിനെ കണ്ടുകൂട.

അയാൾ തന്റെ വെളുത്ത പല്ലുകൾ കാണുംപ്രകാരം മന്ദഹസിച്ചു. "നിങ്ങൾ ക്ഷീണിച്ചിരിക്കുന്നു. നിങ്ങളുടെ കാലിന്റെ മുറിയിൽ മരുന്നുവെച്ച് കെട്ടേണ്ടതുണ്ട്. എന്റെ ഒന്നിച്ചുവരൂ. ഞാൻ എന്റെ കൂട്ടക്കാരിൽ ഒരു പ്രഭുവാണ്. നിങ്ങളെ ഞങ്ങൾ എല്ലാവരും സന്തോഷത്തോടെ സ്വീകരിക്കും വരിക."

അയാൾ ധനത്തിന്റെ കൈപിടിച്ചു. അയാളെ നിരോധിക്കാൻ തല്ലാലം അവൾക്ക് ശക്തി ഉണ്ടായിരുന്നില്ല. അയാൾ താങ്ങിപ്പിടിച്ചിട്ടില്ലായിരുന്നു എങ്കിൽ അവൾ പിന്നേയും വീഴുമായിരുന്നു. അവളെ ഏകദേശം എടുത്തുംകൊണ്ട് കാബൂളി, വൃക്ഷങ്ങളുടെ ഉള്ളിൽ പ്രവേശിച്ചു. കുറേക്കഴിഞ്ഞപ്പോൾ അവൻ ഒരു വലിയ ഗുറസ്സ് സ്ഥലത്തിൽ പ്രവേശിച്ചു. അവിടെ വിവിധവർണ്ണങ്ങളുള്ള ഉടുപ്പുകൾ ധരിച്ചിരുന്ന ഒരുകൂട്ടം നാടോടികൾ കൂടിയിരുന്നു. അവരുടെ മൃഗങ്ങളെ ഒക്കെ അവർ കെട്ടിയിട്ടിരുന്നു. ഒരു മഞ്ഞുകൂടാരത്തിൽ (തമ്പ് = Tent) നിന്ന് നീലനിറമുള്ള ഒരു പുക ചുറ്റി അടിച്ചുംകൊണ്ട് മേലോട്ട് പൊന്തിയിരുന്നു. വൃക്ഷങ്ങളുടെ മേലെ അറ്റത്ത് സൂര്യകിരണങ്ങൾ വീണിരുന്നു. മഞ്ഞുകൊണ്ട് മൂടപ്പെട്ട പുൽപ്രദേശങ്ങൾ വൈരക്കല്ലുകൾ വേറിയപോലെ മിന്നി.

ചെറുപ്പക്കാരനായ കാബൂളി "ഞാൻ നിന്നെ എന്റെ അമ്മയാണെന്ന് കരുതുന്നു" എന്നുംപറഞ്ഞ് ധനത്തേയും താങ്ങി ഒരു മരത്തിൻഭവനത്തിന്റെ അടുക്കെ ചെന്ന് അതിന്റെ വാതിലിന്ന് മുട്ടി.

ഒരു വൃദ്ധ വാതിൽ തുറന്നു. അവളുടെ കറുത്തമുഖം തോൽ ചുളുങ്ങിയ ചാലുകളെക്കൊണ്ട് നിറഞ്ഞിരുന്നു. തടിച്ച പുരികങ്ങളുടെ ചോടെ സ്ഥാനംപിടിച്ചുകഴിഞ്ഞ കുണ്ടിൽ പാഞ്ഞ കണ്ണുകൾ ഇപ്പോഴും ബാല്യത്തിൽ ഉണ്ടായിരുന്ന തിളങ്ങലോടെ മിന്നി. ചെറുപ്പക്കാരനായ കാബൂളി വിവരങ്ങളൊക്കെ ക്ഷണം പറഞ്ഞുകൊടുത്തു. കാര്യം അടിയന്തരമാണെന്ന് അവരുടെ ചേഷ്ടകളിൽനിന്ന് മനസ്സിലാക്കാമായിരുന്നു. അവർ സംസാരിച്ച ഭാഷ ധനത്തിന്ന് മനസ്സിലായിരുന്നില്ല. ഒടുവിൽ വൃദ്ധ പുറത്തുവന്നു. ധനത്തോട്ട് കൂടാരത്തിന്റെ ഉള്ളിൽ കടന്നുകൊൾവാൻ ആംഗ്യം കാണിച്ചു. ധനത്തോട്ട് പെട്ടെന്ന് പിന്നോക്കം വാങ്ങിപ്പോയി. ആ വീട് സാധാരണപോലെ "കേൻവാസ്" തുണികൊണ്ട് തല്ക്കാലോപയോഗത്തിന്ന് വേണ്ടിമാത്രം ഉണ്ടാക്കിവെച്ചതല്ല. അത് മരം അടിച്ചുണ്ടാക്കിയ ഒരു രണ്ടുതട്ട് മാളിക ആയിരുന്നു. ധനം പിന്നേയും ശങ്കിച്ചുകളിക്കുന്നത് കണ്ടപ്പോൾ ചെറുപ്പക്കാരനായ കാബൂളി അവളെ ഉടലോടെ എടുത്ത് പൊന്തിച്ച് കോണിപ്പടികേറി, മേലെത്തട്ടിൽ വന്നു. ഒരു വീതികുറഞ്ഞ ബെഞ്ചിന്മേൽ അവളെ കിടത്തി.

**കാബൂളി:** (പുഞ്ചിരിയോടെ) ഇവിടെ നിണക്ക് അപകടത്തിന്നൊന്നും അവകാശമില്ല. സർക്കാരിന്റെ ആൾക്കാരൊന്നും ഇവിടെ പ്രവേശിക്കുകയില്ല. ആ വയസ്സേറിയവളെപ്പോലെ പച്ചച്ചെടികളുടേയും ഔഷധങ്ങളുടേയും വിവരവും വീര്യവും അറിയുന്നവർ ആരും ഇല്ല.

ഉടനെതന്നെ വൃദ്ധ, ധനത്തിന്റെ കാലിന്മേൽ കെട്ടിയ തുണിക്കഷണം അഴിച്ച് അവളുടേ കാൽ വെടിപ്പിൽ കഴുകി. കത്രിയുടെ ഇരുമ്പുപല്ല് തറിച്ച പാടുകൾ ഒരു തൈലം പിരട്ടിക്കെട്ടി. ആ തൈലം വേദനയ്ക്ക് വളരെ ആശ്വാസമുണ്ടാക്കി. മുറികളും അത്ര കടുപ്പത്തിൽ ആയിരുന്നില്ല. കേടുതട്ടിയഭാഗം നൈ പുരട്ടിയും, കഴുകിയും, ഉഴിഞ്ഞും ചെയ്തുകൊണ്ടിരിക്കെ ആ വൃദ്ധ ധനത്തിന്ന് മനസ്സിലാകാത്ത ഒരു ഭാഷയിൽ ഒരു നൊടിയുന്ന ശബ്ദത്തിൽ പല മന്ത്രങ്ങളും ഉച്ചരിച്ചുകൊണ്ടിരുന്നു. കാൽ നല്ലവണ്ണം വരിഞ്ഞുകെട്ടിയതിൽപിന്നെ കോപ്പയിൽ ഒരു പതയ്ക്കുന്ന ഒരു ദ്രാവകം കൊണ്ടുവന്ന് "ഇഷ്ടത്തി! ഇത് കുടിക്കു. നീ ഇതും കുടിച്ച് നല്ലവണ്ണം ഉറങ്ങിയാൽ നിന്റെ സകല അവശതകളും പറന്നുപോകും" എന്ന് തന്റെ സഹജമായ ക്രൂൺകാരത്തിൽ പറഞ്ഞു.

ക്ഷീണാവശയായ ആ യുവതിയുടെ ചുണ്ടിന്നരികെ വൃദ്ധ, കോപ്പപിടിച്ചുകൊടുത്തു. തടസ്ഥം പറവാനുംകൂടി ശക്തി ഇല്ലെന്ന് കണ്ടിട്ട് ധനം അത് കുടിച്ചു. എന്നതിൽപിന്നെ അവൾ മലർന്നുകിടന്നു. ഒരു നിമിഷത്തിന്നുള്ളിൽ അവൾ ഗാഢനിദ്രയിലായി.

## 23

# ആനന്ദവല്ലിയുടെ തിടുക്കം

ആനന്ദവല്ലി അവളുടെ കാമുകന്റെ പാണിബന്ധനത്തിൽനിന്ന് അവളുടെ വടിവൊത്ത കോമളശരീരം വിടുത്തി അയാളെ മുഷിച്ചലോടും ആവേശത്തോടും നോക്കി. അവർ ഇരുന്നിരുന്നത്, ഒരു ശ്രുതിപ്പെട്ട ഹോട്ടലിൽ ആനന്ദവല്ലി പണം കുസലാക്കാതെ വാടകയ്ക്ക് വാങ്ങിയ ഒരു മനോഹരമായി അലങ്കരിച്ച മുറിയിലായിരുന്നു.

**ആനന്ദവല്ലി:** എന്നാലോ ഭാസ്കരാ! ഞാൻ ഒന്ന് പറയട്ടെ. ഞാൻ കല്ക്കട്ടയിലേയ്ക്ക് മടങ്ങിവന്ന ഒന്നാംരാത്രിയാണിതു്. എനിക്ക് രണ്ടായിരം പവൻ വേണം. നിങ്ങൾക്ക് അതു് സാരമില്ലാത്ത ഒരു തുകയാണ്. എനിക്കാണെങ്കിൽ അതു് അത്യാവശ്യവുമാണ്. നിങ്ങൾ അതു് തരാതിരിക്കരുതു്. എന്നോട്ട് പ്രേമമുണ്ടെങ്കിൽ—

അവളുടെ നീലക്കണ്ണുകൾ, അവറ്റയ്ക്ക് സഹജമായുണ്ടായിരുന്ന സകല ആകർഷണങ്ങളോടും ആർദ്രതയോടും അയാളെ കടാക്ഷിച്ചു. ആ കടാക്ഷത്തിന്ന് ഒരിക്കലും തോൽമ സിദ്ധിച്ചിരുന്നില്ല. അതു് ഭാസ്കരനെ മയക്കുവാൻ അവൾ കൈക്കലാക്കിയ ഒരു ബ്രഹ്മാസ്ത്രമായിരുന്നു. ഭാസ്കരൻ അയാളുടെ ചുണ്ടുകൾ കടിച്ചു.

**ഭാസ്കരൻ:** പ്രിയേ! എനിക്ക് ഇഷ്ടംപോലെ പ്രവർത്തിക്കാൻ സാധിച്ചിരുന്നു എങ്കിൽ നിണക്ക് എത്രയെങ്കിലും തരാമായിരുന്നു. (അവന്റെ വാക്ക് രോമാഞ്ചത്തോടുകൂടെ പറഞ്ഞതായിരുന്നു) ആനന്ദവല്ലി! സുന്ദരിയായ എന്റെ പ്രേമഭാജനമേ! നിശ്ചയമായിട്ടും നിണക്ക് അതു് മനസ്സിലായിരിക്കണം. എന്റെ കൈവശം കെട്ടിയിരിപ്പുണ്ടായിരുന്ന സകല പണവും ഞാൻ എന്റെ അച്ഛന്റെ "ബിസിനസ്സിൽ" ഇറക്കിയിരിക്കയാണ്. ഇപ്പോഴാകട്ടെ "ബിസിനസ്സ്" ഒരു അഴഞ്ഞ നിലയിലാണ്. അതുംപോരെങ്കിൽ ഞങ്ങളെ ഒക്കെ വെറിപിടിപ്പിക്കുംപ്രകാരം ദ്രോഹകരമായ ഒരു പണിമുടക്കത്തിന്റെ പുറപ്പാടും ഉണ്ടെന്ന് കേട്ടു. അങ്ങിനെ ഇരിക്കെ അത്ര വലിയ ഒരു തുക മടക്കി എടുക്കാൻ സാധിക്കുന്നതല്ല.

ആനന്ദവല്ലി മുഖം കോപംകൊണ്ട് വീർപ്പിച്ചു. വെള്ളിച്ചെരിപ്പിട്ട കാൽകൊണ്ട്, നിലത്തുവിരിച്ചിരുന്ന പരവിതാനിയിൽ അവൾ ഒന്ന് രണ്ട് ഇടിച്ചു. "ഭാസ്കരാ! ഇതു് എനിക്ക് ഒരു നല്ല തക്കവും അവസരവുമാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നില്ല. ഒരു നാടകത്തിൽ വൃദ്ധനായ ആറൻ ജെപ്സൻ അഭിനയിക്കാൻ തന്ന ഭാഗം എനിക്ക് എല്ലാപ്രകാരത്തിലും യോജിച്ചതാണ്. ആ അഭിനയം എനിക്ക് വലിയ ഒരു ജയഘോഷം ഉണ്ടാക്കിത്തീർക്കും. മുന്നണിയിൽ നില്ക്കുന്ന സിനിമാതാരങ്ങളിൽ ഒന്ന് ഞാനും ആയിത്തീരും. നിങ്ങൾ എനിക്ക് ഈ പണം എങ്ങിനെയെങ്കിലും "എഡ്വാൻസാ"യിത്തന്നാൽ അതിന്റെ ഇരട്ടി നിങ്ങൾക്ക് മടക്കിത്തരാൻ എനിക്ക് സാധിക്കും. ആ ഭാഗം അഭിനയിപ്പാൻ അദ്ദേഹം എന്നെ അനുവദിക്കേണമെങ്കിൽ, ആരുടെ കയ്യോ കാലോ പിടിച്ച് ആ പണം ഞാൻ ഒരുക്കിക്കൊടുക്കേണ്ടിവരും. അതാണ് അയാൾ ചെയ്ത കരാറ്. നിർബ്ബന്ധമാക്കിയ ഉടമ്പടി. നിങ്ങൾ ഈ പണം എനിക്ക് തരുവാൻ ഒരുക്കമില്ലെങ്കിൽ ഞാനും മറ്റ് വല്ലവരേയും അഭയം പ്രാപിക്കേണ്ടിവരും. ഒരു സമയം സേർ എഡോൾഫിയെത്തന്നെ പിടിക്കേണ്ടിവരും."

ഇതു് കേട്ടപ്പോൾ ഭാസ്കരൻ ഒന്ന് ഞെട്ടിപ്പോയി. "സേർ എഡോൾഫി" വല്ല തരുണിക്കും ഒരു സഹായം ചെയ്തുകൊടുക്കേണമെങ്കിൽ ഒന്നാമതു് ആ തരുണി അവളുടെ ദേഹം പണയം വെയ്ക്കണം. പണത്തിന്റെ പെരുമയേക്കാൾ ദുർന്നടപ്പിൻ വാസനയാണ് അയാൾക്ക് അധികം മുഴച്ചുകാണുന്നതു് എന്നതു് സർവ്വവിദിതമാണ്.

**ഭാസ്കരൻ:** പ്രിയെ! അങ്ങിനെ ഒരു തെമ്മാടിയോട്ട് നീ പണത്തിന്ന് ചോദിക്കുന്നതു് ആഭാസമാണ്. ആനന്ദം! അങ്ങിനെ ചെയ്‌വാൻ ഒരിക്കലും പാടില്ല. അതു് വലിയ അസംബന്ധമാണ്. അയാളെപ്പറ്റിയുള്ള ശ്രുതി നീ അറിഞ്ഞിരിക്കെ മാനമുള്ളവർ ചെന്നുകേറുമോ?

അവൾ തന്റെ ചുമലിൽ ചൊറിഞ്ഞു. അവളുടെ കണ്ണിൽ ഒരു ദൃഢത വന്നുകൂടിയിരുന്നു.

**ആനന്ദവല്ലി:** നിങ്ങളാണ് നമ്മുടെ വിവാഹം നീട്ടിവെച്ചതു്. ഇപ്പോൾ നിങ്ങൾ എന്നെ സഹായിക്കുന്നും ഇല്ല. പിന്നെ നിങ്ങൾ എന്തുചെയ്‌വാനാണ് വിചാരിക്കുന്നതു്.

**ഭാസ്കരൻ:** (വികാരത്തോടെ) ആനന്ദം! അതു് എന്റെ കുറ്റമല്ല. ധനവും ഞാനും തമ്മിൽ കഴിഞ്ഞ വിവാഹം റദ്ദാക്കാനുള്ള (അസാധുവാണെന്ന് സ്ഥാപിക്കാനുള്ള) ഹരജി കഴിഞ്ഞപ്രാവശ്യം സമയമില്ലാഞ്ഞിട്ട് നീട്ടിപ്പോയി. അതു് ഇനിയും വിചാരണയ്ക്ക് എടുത്തിട്ടില്ല. അതുകൊണ്ടല്ലെ നമ്മുടെ വിവാഹവും നിർത്തിവെയ്ക്കേണ്ടിവന്നതു്. അതിന്ന് ഇനിയും പെരുത്ത് താമസം ഉണ്ടാകുമെന്ന് തോന്നുന്നില്ല. അതിന്റെ വിധി പറഞ്ഞ ഉടനെ നമ്മുടെ വിവാഹം നടത്താം.

അവൾ അതൃപ്തിസൂചകമായി അവളുടെ ചുമലുകൾ പൊക്കി.

**ആനന്ദവല്ലി:** അങ്ങിനെ നിങ്ങൾ പറയുന്നു. ആ ഹരജി പിന്നേയും നിർത്തിവെയ്ക്കേണ്ടിവന്നാലോ? അതിനിടയിൽ എനിക്ക് ജീവൻ പുലർത്തേണ്ടയോ? എനിക്ക് ഒരുവിധത്തിൽ കഴിഞ്ഞുകൂടേണ്ടയൊ? ഈ ആഴ്ച കഴിയുംമുമ്പേ എനിക്ക് ആറൻജെപ്സന് ഉറപ്പുകൊടുക്കേണ്ടതാണ്. ഇപ്പോൾ എനിക്ക് ക്ഷീണംകൊണ്ട് ഒന്നിനും വയ്യാ. നിങ്ങൾ ഇവിടുന്ന് ക്ഷണം പോകുന്നതാണ് നല്ലതു്. (ഒരു ദീർഘശ്വാസം അടക്കിവെച്ചിട്ട്) നിങ്ങൾക്ക് വലിയ പ്രേമമില്ലെന്ന് ഞാൻ വിചാരിക്കുന്നു.

വിട്ടുപിരിയുമ്പോൾ പതിവുപോലെ ഭാസ്കരൻ അവളെ ചുംബിപ്പാൻ ചെന്നു. അവൾ വഴിപ്പെടാതെ അയാളെ ശകാരഭാവത്തിൽ നോക്കി.

അയാളെ നിരാശനാക്കിപ്പിരിച്ചയച്ചു. ഭാസ്കരൻ മടങ്ങിയതു് നെറ്റിചുളിച്ചും ചുണ്ടുകടിച്ചുംകൊണ്ടാണ്. പിന്നേയും ആനന്ദം അയാളോട്ട് പണത്തിന്ന് ചോദിക്കുന്നു. അവളുടെ കടം വീടാൻ ആയിരം പവൻ അയാൾ അവൾക്ക് കൊടുത്തുകഴിഞ്ഞു. തല്ക്കാലം അവൾ ചോദിച്ച രണ്ടായിരം കൊടുപ്പാൻ അയാൾക്ക് ഒന്നുകൊണ്ടും സാദ്ധ്യമായിരുന്നില്ല. "ബിസിനസ്സിൽ" ഇറക്കിപ്പോയ മൂലധനം ഒന്നുകൊണ്ടും മടക്കി എടുപ്പാൻ നിവൃത്തിയില്ല. "ഷേറുകൾ" വില്ക്കാനേ തരമുള്ളു. അതു് ക്ഷിപ്രസാദ്ധ്യവുമല്ല. അവളുടെ തിടുക്കവും വളരെ അടിയന്തിരമാകകൊണ്ട് അവളുടെ കോപം അസ്ഥാനത്തിലാണെന്ന് വെച്ച് പരിഭവിക്കാനും പാടില്ല. അവളുടെ വിവാഹവും നീണ്ടുപോയി. അതിന്ന് അയാളെ കുറ്റംപറവാൻ പാടില്ല. എന്നാലും അവൾക്ക് ദിവസം പുലർത്തേണ്ടതുണ്ട് എന്ന് അവൾ പറഞ്ഞിരുന്നല്ലൊ. പുലർത്തേണ്ടതിലേയ്ക്ക് കണക്കിലേറെ പണവും അവൾക്ക് അത്യാവശ്യമാണ്. സൗന്ദര്യവും ദുഷ്ചിലവും ആനന്ദവല്ലിക്ക് വളരെ അധികമായിപ്പോയി. അവൾ ആ നിലയിൽ, പണം ധാരാളം ചിലവ് ചെയ്യുന്നരീതിയിൽ ജീവിച്ചിരിക്കണം എന്നാണ് ഭാസ്കരന്റെയും ഇഷ്ടം! എന്തുവന്നാലും "സേർ എഡോൾഫി"യുടെ അടുക്കെ അവളെ വിടാൻ പാടില്ല. വല്ല പ്രകാരത്തിലും അവൾക്ക് പണം ഉണ്ടാക്കിക്കൊടുക്കുകതന്നെവേണം... ഈ ബുദ്ധിമുട്ടുകൾക്കൊക്കെ കാരണം ധനമാണ്. കച്ചുപോയ വാക്കുകളും പൊഴിച്ച്, അവളെ അദ്ദേഹത്തിന്റെ വീട്ടിൽനിന്ന് മടക്കിപ്പായിച്ച മുതൽ ധനത്തിന്റെ ഒരു വിവരവും അദ്ദേഹം കേട്ടിരുന്നില്ല. ഹേമാംഗന്റെ വിവരവും അയാൾക്ക് ഉണ്ടായിരുന്നില്ല. ധനത്തെപറ്റി ഒന്നും കേൾപ്പാൻ അയാൾക്ക് ഇഷ്ടവും ഉണ്ടായിരുന്നില്ല.

## 24

# അച്ഛന്റെ കല്പന

ഭാസ്കരൻ വാതിലും തുറന്ന് അദ്ദേഹത്തിന്റെ മുറിയിൽ എത്തിക്കൂടി. തന്റെ അച്ഛൻ പണ്ടൊരിക്കൽ രോഗാതുരനായി കിടന്നപ്പോയ അവസരത്തിൽ രാത്രി ബൊട്ളേർ തന്റെ മുറിയിൽ പ്രവേശിച്ചപോലെ തന്നെ അന്നും ബൊട്ളേറുടെ വരവുണ്ടായി. ബൊട്ളേർ തന്നെയും കാത്തു് ഹാളിൽ നിന്നിരുന്നു.

**ബൊട്ളേർ:** ഭാസ്കരൻ മൂപ്പരേ! നിങ്ങൾ നിങ്ങളുടെ അച്ഛന്റെ മുറിയിൽ ക്ഷണം ചെല്ലണേ. ഡോക്ടർ അവിടെ ഉണ്ട്.

ഒരു ചീത്തഘട്ടമായിരിക്കുമോ? ഭാസ്കരൻ എഴുന്നേറ്റ് എത്രയോ ആവേശത്തോടെ കോണി ഇരട്ടപ്പടിയായി പാഞ്ഞു കേറി. അച്ഛന്റെ മുറിയുടെ വാതിലിന്റെ അരികെ അയാളേയും കാത്തു് ഡോക്ടർ നിന്നിരുന്നു. ഭാസ്കരന്റെ മുഖംവാടി.

**ഡോക്ടർ:** നിന്റെ അച്ഛന്റെ പരലോകപ്രവേശനത്തിന്ന് സമയം അടുത്തുപോയി എന്ന് എനിക്ക് തോന്നുന്നു. എന്നാലും നിന്റെ അച്ഛന്ന് സംസാരിപ്പാനുള്ള ശക്തി വന്നുചേർന്നിട്ടുണ്ട്. തിരി കെടാൻ പോകുമ്പോൾ ഒന്ന് നല്ലവണ്ണം ആളിക്കത്തും. നിന്നെ ഒന്ന് കാണേണം എന്നാണ് പറയുന്നത്.

ഉടനെതന്നെ, രോഗാരംഭത്തിൽ പണ്ടൊരിക്കൽ താൻ പോയിരുന്ന ഘട്ടം ഭാസ്കരന്ന് ഓർമ്മവന്നു. അന്ന് അച്ഛന്ന് തന്നോട് പറവാനുള്ളത് മുഴുവൻ പറവാൻ, നാവ് വീണപോയിട്ട് സാധിച്ചിരുന്നില്ല. അയാൾ തന്റെ അച്ഛന്റെ മുറിയിൽ കടന്നുചെന്നപ്പോൾ, വ്യസനംകൊണ്ട് തന്റെ തൊണ്ട തടിച്ചുവീർത്തപോലെ തോന്നി. അയാൾ അച്ഛന്റെ കട്ടിലിന്റെ അരികെ ചെന്ന് മുട്ടുകുത്തി.

**ഭാസ്കരൻ:** അച്ഛാ! ഞാൻ ഇതാ അടുത്തുണ്ട്.

**അച്ഛൻ:** ഭാസൂ! എന്റെ മകനെ!

ഇടയ്ക്ക് നിർത്തിയും തൊണ്ടയിൽ കെട്ടിപ്പോയിട്ടും അയാൾക്ക് വളരെ പ്രയാസപ്പെട്ടിട്ടേ സംസാരിക്കാൻ സാധിച്ചുള്ളു. കുറേനേരം ഒന്നും മിണ്ടിയില്ല. പിന്നെ വളരെ ആലോചിച്ചിട്ട് തനിക്ക് പറവാനുള്ളത് ഓർമ്മവന്നപോലെ—

**അച്ഛൻ:** ധനം—എനി വരുന്ന കുട്ടി—എന്റെ പേരക്കുട്ടി. ഞാൻ വളരെക്കാലം ആശിച്ചിരുന്നു ഭാസി.

ഇത്രത്തോളം പറഞ്ഞപ്പോൾ അദ്ദേഹത്തിന്ന് ശബ്ദം പുറത്തുവരാതായി. ഭാസ്കരൻ വളരെ ഭയപ്പെട്ടു.

**ഭാസ്കരൻ:** അച്ഛാ! നിങ്ങൾക്ക് വാസ്തവം മനസ്സിലാകുന്നില്ല. നിങ്ങൾ ഇപ്പറഞ്ഞത് ആലോചനാപൂർവ്വമല്ല. നിങ്ങൾ അവൾക്ക് ഒരു കുട്ടി ഉണ്ടാവാൻ പോകുന്നു എന്ന് പറഞ്ഞ കഥ വിശ്വസിച്ചുപോയോ? ഓരോരുവർ പറയുന്നത് അപ്പാടെ വിശ്വസിച്ചുകളവാൻ പാടുണ്ടൊ?

ഒന്നും മനസ്സിലാകാത്തപോലെ അച്ഛൻ മകനെ നോക്കി. അദ്ദേഹത്തിന്റെ വാതാവശദേഹത്തിന്ന് ഒരു വല്ലാത്ത വിറയൽ പിടിപെട്ടു.

**അച്ഛൻ:** സത്യം—നീ വിവാഹം കഴിക്കു.

എന്നതിൽപിന്നെ അച്ഛന്ന് വാക്കൊന്നും പുറത്തുവന്നില്ല. വൃദ്ധൻ പറവാനുള്ളത് പറഞ്ഞുകഴിഞ്ഞു. പിന്നീട് ദേഹംശവംപോലെ ഇളക്കമില്ലാത്ത സ്ഥിതിയിൽതന്നെ പ്രാപിച്ചു. ചുക്കിച്ചുളിഞ്ഞ കൺപോള ശക്തിയില്ലാതെ വീണു. അച്ഛന്റെ ഇളക്കമില്ലാത്ത ശാന്തി കണ്ടപ്പോൾ ഭാസ്കരന്ന് അത്യന്തം ഭയമായി. തൽസമയത്ത് മുറിയിൽ പ്രവേശിച്ച ഡോക്ടരെ ഭാസ്കരൻ ഒന്നുനോക്കി. ഡോക്ടർ കുനിഞ്ഞ് രോഗിയെ പരിശോധിച്ചു.

"ഇവരുടെ ജീവൻ—" ആ ഭയങ്കരമായ ഒടുവിലത്തെ വാക്കുചേർത്ത് ഡോക്ടർ വാചകം പൂർത്തിയാക്കിയില്ല.

"മരിച്ചുപോയോ" എന്ന ഭാവത്തിൽ ഭാസ്കരൻ ഡോക്ടരെ നോക്കി. ഡോക്ടർ തല ഇറുക്കി "ഇല്ല" എന്നു മാത്രം പറഞ്ഞു.

**ഡോക്ടർ:** ഇദ്ദേഹം ഈ നിലയിൽതന്നെ കിടന്നുകൊള്ളട്ടെ. ആരും ഉപദ്രവിക്കാൻ പോകേണ്ട. അദ്ദേഹത്തിന്ന് സംസാരിപ്പാൻ അത്യദ്ധ്വാനം വേണ്ടിവന്നു. അതുകൊണ്ട് അയാൾ വളരെ ക്ഷീണിച്ചുപോയിരിക്കുന്നു. നിന്നെ ഇവിടെ കണ്ടാൽ പിന്നേയും വല്ലതും പറയേണമെന്ന് തോന്നും. ഇത് അവസാനത്തെ ഒരു ആളലോ രോഗശമനാരംഭമോ ആയിരിക്കും. തല്ക്കാലം അത് എന്താണെന്ന് ശരിയായി പറവാൻ എനിക്ക് സാധിക്കയില്ല.

ഇതുകേട്ടപ്പോൾ ഭാസ്കരൻ ശബ്ദം ഉണ്ടാക്കാതെ മുറിയിൽ നിന്ന് പുറത്തുപോയി. അയാൾക്ക് തല ചുറ്റിപ്പോയിരുന്നു. അച്ഛന്റെ അവസാനത്തെ അപേക്ഷ ഒരുപ്രകാരത്തിലും തള്ളിക്കളവാൻ പാടില്ലാത്തതാണ്. എന്നാലുംകൂടി—ആനന്ദവല്ലി—അച്ഛൻ ഒന്നും മനസ്സിലാക്കാതെപോയി എന്ന് ക്രോധത്തോടെ അയാൾ തന്നോടുതന്നെ പറഞ്ഞു. താൻ അറിഞ്ഞിരിക്കുന്ന സാക്ഷാൽ അവസ്ഥ പറഞ്ഞുകൊടുത്തിട്ടുകൂടി വീരധർമ്മാതനായ വൃദ്ധന്ന് ധനത്തിന്റെ വഞ്ചനയുടെ കടുപ്പം അത്രവളരെ കർശനമായി ത്തോന്നിയില്ല. ഭാസ്കരന്റെ തലമുറക്കാർ സ്ത്രീകൾ അർദ്ധം ശിശുക്കളും അർദ്ധം ദിവ്യകളും ആണെന്ന് ധരിച്ചുവരുന്നവരാണ്. താൻ പ്രേമിക്കുന്ന സ്ത്രീ സ്വതന്ത്രയായി തന്നെ വിവാഹം കഴിപ്പാൻ കാത്തുനില്ക്കുന്ന സമയത്ത്, ഒരു തെണ്ടിപ്പെണ്ണിനെ വിവാഹം ചെയ്തുപോയ ബന്ധം പിന്നേയും നിലനിർത്തിപ്പോരുവാൻ തന്റെ അച്ഛൻ നിർബ്ബന്ധിച്ചതിൽ ഭാസ്കരന്ന് അത്ഭുതം തോന്നി. ഇല്ല—ഇല്ല—അങ്ങിനെ ചെയ്യുവാൻ പാടുള്ളതല്ല. അത്രത്തോളം ത്യാഗത്തിന്ന്, മകനെ നിർബ്ബന്ധിക്കാൻ മരിക്കാൻ കിടക്കുന്ന തന്റെ അച്ഛനുകൂടി അധികാരാവകാശങ്ങൾ ഇല്ല.

ആ ദ്രോഹംനിറഞ്ഞ രാത്രിയും കഴിഞ്ഞു. പ്രഭാതവും പ്രത്യക്ഷമായി. എന്നാൽ അതുകൊണ്ടൊന്നും ഭാസ്കരനെ ബാധിച്ച അവശതകൾക്കും ബുദ്ധിമുട്ടുകൾക്കും സംഭ്രമസ്ഥിതികൾക്കും ഒരു ഭേദവും നേരിട്ടില്ല. വ്യവസായശാലകളുടെ അപകടസ്ഥിതികൾ പണ്ടത്തേതിലും മോശസ്ഥിതി പ്രാപിച്ചിരുന്നു. ഒരു വലിയ കലക്കത്തിന്റെയും പരിവർത്തനത്തിന്റെയും സകല ലക്ഷണങ്ങളും കാണുന്നുണ്ട്. പണത്തിന്റെ കാര്യത്തിൽ—ആനന്ദവല്ലിക്ക് അത്യാവശ്യമായി പണം ഒരുക്കിക്കൊടുക്കേണ്ടുന്ന കാര്യത്തിൽ—ഭാസ്കരൻ പല നിവൃത്തിമാർഗ്ഗങ്ങളും ആലോചിച്ചുനോക്കി. ബിസിനസ്സിൽ ഇറക്കിപ്പോയ പണത്തിൽനിന്ന് ഒരു പൈപോലും മടക്കി എടുപ്പാൻ അസാദ്ധ്യമാണെന്ന് ഭാസ്കരന്ന് ബോദ്ധ്യമായി. ആനന്ദവല്ലിക്ക് കൊടുക്കാനുള്ള രണ്ടായിരം പവന്ന് എവിടെപ്പോകും?

ആനന്ദവല്ലി! അവളുടെ വിചാരംതന്നെ ഒരു വിറയലൊ രോമാഞ്ചമോ അയാൾക്ക് ഉണ്ടാക്കി. അവളെ വെടിയുവാൻ അയാൾക്ക് സാധിക്കുകയില്ല. അവളെ വെടിയുവാൻ അയാൾ ആശിക്കുന്നുമില്ല. ആറൻ ജെപ്സന്റെ ധനാശ ശമിപ്പിക്കാൻ വേണ്ടുന്ന പണത്തിന്നായിട്ടാണ് സേർ എഡോൾഫിയുടെ അടുക്കെ അവളെ വിട്ടുകൊടുപ്പാനും അയാൾക്ക് തീരെ മനസ്സുണ്ടായിരുന്നില്ല. കടം മേടിക്കുന്ന കാര്യത്തിൽ അയാൾ വിമുഖനായിരുന്നു. എങ്കിലും ആനന്ദവല്ലിക്കുവേണ്ടി അങ്ങിനെ ചെയ്‌വാൻതന്നെ അയാൾ തീർച്ചപ്പെടുത്തി.

ഇങ്ങിനെ ഒന്നിൽ ഉറച്ചശേഷം, ഭാസ്കരൻ തന്റെ വീട്ടിലേയ്ക്ക് മടങ്ങുവാൻ പട്ടണത്തിലെ "വെസ്റ്റെണ്ടി"ലെ വിജന പ്രദേശത്തിൽക്കൂടെ നടക്കുകയായിരുന്നു. ഭാസ്കരന്ന് ഉഷ്ണവും ക്ഷീണവും തോന്നി. വിനോദത്തിന്നുവേണ്ടി കടൽത്തീരത്തൊ മലപ്രദേശത്തിലൊ പോവാനുറച്ച ബഹുജനങ്ങൾ എല്ലാ കോപ്പുകളോടുംകൂടെ യാത്ര ചെയ്യുന്നത് കണ്ടപ്പോൾ ഭാസ്കരന്ന് അവരോട് അസൂയ തോന്നി. അയാൾ തന്റെ അച്ഛനേയും വിട്ടുപോകുന്നത് കുറെ ദിവസത്തേയ്ക്ക് മാത്രമായിരുന്നു. ബിസിനസ്സിന്റെ ബുദ്ധിമുട്ടുകളും സ്വന്താവശതകളും അദ്ദേഹത്തിനെ വളരെ അസ്വസ്ഥനാക്കിയിരുന്നു. അയാൾ വളരെ ആളുകൾ ചെല്ലാറുള്ള ഒരു മദ്യഷാപ്പിൽ ചെന്ന് ഒരു കസേലമേൽ ഇരുന്നു. എന്നാൽ കുറെ അകലെ മറ്റൊരാൾ ഇരിക്കുന്നത് കണ്ടു. അയാൾ ആറൻ ജെപ്സൻ ആയിരുന്നു. പ്രസിദ്ധനും ധനികനുമായ നാടകശാലാ ഉടമസ്ഥൻ ഭാസ്കരനെ ഒരു വലിയ സ്നേഹിതന്റെ നിലയിൽ സ്വീകരിച്ചു. നാടകശാലയുടെ, ജനങ്ങളെ നിരോധിച്ചിരുന്ന ഉൾഭാഗങ്ങളിൽക്കൂടെ അദ്ദേഹത്തെ പിടിച്ച് വലിച്ച് കൊണ്ടുപോയിരുന്നു.

**ആറൻ:** ഹലോ ഭാസ്കരൻ! നിങ്ങളും എന്നെപ്പോലെ ഒരു കുഴപ്പത്തിൽ ആയിരിക്കുന്നു, അല്ലെ. നിങ്ങളെ കണ്ടത് വളരെ സന്തോഷമായി. ഇവിടെ വിനോദത്തിനുവേണ്ടി മറ്റൊരേടത്തും പോകാതെ ഞാൻ മാത്രമെ ഉണ്ടാകയുള്ള എന്ന് ഞാൻ ധരിച്ചുപോയി. ഈ പ്രാവശ്യം തെറ്റ് വന്നുപോയത് എന്നോടാണ്.

ഭാസ്കരൻ താൻ ഓർഡർ ചെയ്ത വിസ്കിയും സോഡയും ക്ഷണം കഴിച്ചു.

**ഭാസ്കരൻ:** നിങ്ങൾ ഒരു പുതിയ നാടകം പുറത്തിറക്കാൻ ഭാവമുണ്ടെന്ന് കേട്ടു.

**ആറൻ ജെപ്സൻ:** (തലകുലുക്കീട്ട്) അത് ശരിതന്നെ. അത് ജയം കൊണ്ടുവരും സംശയമില്ല. ആളുകളുടെ തല ഇളകിപ്പോകും—അതിനിടയ്ക്ക്, ഞാൻ നിങ്ങളുടെ ചങ്ങാതി ആനന്ദത്തിന്നാണ് വീരതരുണിയുടെ ഭാഗം കൊടുത്തിട്ടുള്ളത്. അവൾ അതിന്ന് പറ്റിയ വൈഭവമുള്ളവളാണ്. ലൈംഗികകലയിൽ പുരുഷന്മാരെ വിനോദിപ്പിക്കാനും ഭ്രമിപ്പിക്കാനും മിടുമിടുക്കത്തിയാണ്. അതിന്റെ അർത്ഥം, നല്ല പ്രതിഫലം കൊടുത്തല്ലാതെ വെറുതെ അഭിനയിക്കുന്നവളല്ലെന്നാണ്. ബഹുജനങ്ങൾക്ക് വേണ്ടുന്നത് മറ്റൊന്നുമല്ല. അഭിനയിക്കുന്നവർക്ക് കണ്ടാൽ ഗുണം. പെണ്ണായാൽ സുന്ദരിയായിരിക്കണം. എന്നാൽ അവർ എന്തും വിഴുങ്ങാൻ തെയ്യാറാകും.

ഭാസ്കരൻ ആശ്ചര്യപ്പെട്ടു. "അതൊക്കെ തീർച്ചപ്പെട്ടുത്തിക്കഴിഞ്ഞു എന്നാണോ നിങ്ങൾ പറയുന്നത്."

**ആറൻ ജെപ്സൻ:** അതെ. എന്ത് സംശയം? മൂന്നു ദിവസംമുമ്പെ ആനന്ദം എനിക്ക് കരാർ എഴുതിത്തന്നു. ഇന്നലെ മുതൽ അഭിനയം ശീലിച്ചുവരികയാണ്.

**ഭാസ്കരൻ:** (ഒന്നും തിരിയാത്തപൊലെ) അപ്പോൾ അവൾ നിങ്ങൾക്ക് രണ്ടായിരം പവൻ തന്നോ?

**ആറൻ ജെപ്സൻ:** (ചുരുട്ട് വായിൽനിന്ന് എടുത്ത് കയ്യിൽ പിടിച്ചിട്ട്) രണ്ടായിരമോ? എന്ത് രണ്ടായിരം?

**ഭാസ്കരൻ:** രണ്ടായിരം പവൻ! കരാർ എഴുതുന്നതിന്ന് മുമ്പേ അവൾ നിങ്ങൾക്ക് രണ്ടായിരം പവൻ തരേണ്ടതല്ലേ!

**ആറൻ ജെപ്സൻ:** ഏത് നാണമില്ലാത്തവനാണ് ഈ വക ഭോഷ്ക് നിങ്ങളെ പറഞ്ഞ് ഫലിപ്പിച്ചത്. ആരാണ് ഇങ്ങിനെ പറഞ്ഞുതന്നത് കേൾക്കട്ടെ. എന്റെ സ്വന്തം കാര്യത്തിൽ എത്ര പവൻ വേണ്ടിവന്നാലും അതൊക്കെ ചിലവാക്കാൻ എനിക്ക് ശേഷി ഉണ്ട്. ആനന്ദവല്ലി മുതലായവർക്ക് ഞാൻ അങ്ങോട്ട് കൊടുക്കുക അല്ലാതെ ഒരാളോടും ഇങ്ങട്ട് വാങ്ങുന്ന സമ്പ്രദായം എനിക്കില്ല. ഇതുവരെ ഉണ്ടായിട്ടില്ല. മേലാൽ ഉണ്ടാവുന്നതും അല്ല.

**ഭാസ്കരൻ:** എന്നെ ക്ഷമിക്കണം. എന്റെ പക്കൽവന്ന തെറ്റിദ്ധാരണതന്നെയാണ്.

ഭാസ്കരന്റെ നെറ്റി, പരമാർത്ഥം പോയപോക്ക് കണ്ടിട്ട് ചുളിഞ്ഞു. അവളുടെ കരാർ എഴുതിക്കഴിഞ്ഞതിൽപിന്നെ ആനന്ദവല്ലി ഇങ്ങിനെ ഒരു ഭ്രാന്തോ അസംബന്ധമോ തന്നോട് പറഞ്ഞുകൊണ്ടുവന്നത് എന്തിന്നായിരിക്കും! ഏതായാലും രണ്ടായിരം പവൻ കൊണ്ടുകൊടുക്കാനുള്ള ഭാരം തനിക്കില്ല എന്ന് അറിഞ്ഞത് വലിയ ആശ്വാസമായി. എല്ലാം മൂദുവായി കലാശിച്ചു എന്നറിയുന്നത് അവൾക്കും ആശ്വാസമായിരിക്കും.

ഭാസ്കരൻ അയാളുടെ വാച്ചൊന്ന് നോക്കി. നാടകശാലയിലേയ്ക്ക് പുറപ്പെടുംമുമ്പേ ആനന്ദവല്ലിയെ ഹോട്ടലിൽവെച്ച് കാണ്മാൻ ഇപ്പോൾതന്നെ പോയാൽ സാധിക്കുമെന്ന് അയാൾക്ക് തോന്നി. അയാൾ ആറൻജെപ്സനോട് "ഗുഡ് ബൈ" പറഞ്ഞു. മനസ്സിൽനിന്ന് ഒരു വലിയ ഭാരം ഒഴിഞ്ഞപോലെ അയാൾ ആനന്ദവല്ലിയുടെ ഹോട്ടലിലേയ്ക്ക് ആഞ്ഞുവലിഞ്ഞു നടന്നു. "ലിഫ്റ്റ്" നടത്തുന്ന ബാലനോട് മുന്നറിയിപ്പുകൂടാതെ അങ്ങോട്ട് ചെന്നുകൊള്ളാമെന്ന് പറഞ്ഞു. ബാലൻ അദ്ദേഹം ആനന്ദവല്ലിയുടെ ഒരു പ്രത്യേക ചങ്ങാതിയാണെന്ന് അറിഞ്ഞതുകൊണ്ട് അതിന്ന് വിരോധമൊന്നും പറഞ്ഞില്ല. ചോടെനിന്ന് തന്നെ വിളിച്ച വേറെ ചിലരുടെ ആവശ്യനിവൃത്തിക്കായി ബാലൻ അവിടം വിട്ടുപോയി.

പരവതാനി വിരിച്ച ഇടനാഴിയിൽക്കൂടെ ഭാസ്കരൻ നടന്നുചെന്നു. അവളുടെ മുറിയുടെ വാതിൽ ഒരു വിടവ് ഉണ്ടാക്കുവാൻതക്കവണ്ണംമാത്രം തുറന്നുവെച്ചിരുന്നു. പടി കടപ്പാൻ ഭാവിച്ചപ്പോൾ ഏതോ ഒരു പുരുഷസ്വരം തന്റെ പേർ ഉച്ചരിക്കുന്നത് കേട്ടു.

"നിന്റെ ചെറുപ്പക്കാരൻ ചങ്ങാതി ഭാസ്കരൻ നീ ആവശ്യപ്പെട്ട തുക കൊണ്ടുവന്ന് തന്നോ?" എങ്ങിനെ ആരോ ഒരു തെമ്മാടിയുടെ രീതിയിൽ ചോദിക്കുന്നതാണ് അയാൾ കേട്ടത്. ഭാസ്കരൻ അങ്ങട്ട് കടക്കാതെ അവിടെത്തന്നെ സ്തംഭിച്ചുനിന്നുപോയി. അപ്പോൾ ആനന്ദവല്ലിയുടെ ഒരു കല്ലുകിച്ചിരിയും തുടർന്ന് കേൾക്കായ്‌വന്നു. "അതിൽ ഒന്നും സംശയിപ്പാനില്ല. രണ്ടായിരം പവൻ അയാൾ കൊണ്ടുവന്ന് തരാതിരിക്കില്ല. അല്ലെങ്കിൽ ഞാൻ പണത്തിന്നുവേണ്ടി സേർ എഡോൾഫിയുടെ അടുക്കെ പോകുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തീട്ടുണ്ട്. നാം കെട്ടി ഉണ്ടാക്കിയ കബളം അയാളെ പറഞ്ഞ് ഫലിപ്പിച്ചിട്ടുണ്ട്. എനിക്ക് ഒരു അവസരം ഉണ്ടാക്കിത്തരാൻവേണ്ടി ആറൻ ജെപ്സൻ ഏറ്റിരിക്കുകയാകകൊണ്ട് പ്രതിഫലമായി രണ്ടായിരം പവൻ അയാൾക്ക് കൊടുപ്പാൻ എന്നെ നിർബ്ബന്ധിക്കുന്നു എന്നാണ് പറഞ്ഞത്. പിന്നെ സേർ എഡോൾഫിയുടെ അടുക്കെ പോകേണ്ടിവരും എന്ന സൂയിപ്പും പൊട്ടിച്ചുകൊടുത്തു. എഡോൾഫിക്ക് എന്നെ കണ്ണെടുത്ത് കണ്ടുകൂട എന്ന വിവരവുംകൂടി വിഡ്ഢി ഭാസ്കരന്നുണ്ടായില്ല. അതില്ലാഞ്ഞത് എന്റെ ഭാഗ്യം. ഞാൻ എഡോൾഫിയുടെ അടുക്കെ പോകുമെന്ന് പറഞ്ഞപ്പോൾ ഭാസ്കരന്റെ മുഖം നിങ്ങൾ ഒന്ന് കാണേണ്ടിയിരുന്നു." ഇങ്ങിനെ ഓരോ ധിക്കാരവും പറഞ്ഞ് ആനന്ദവല്ലി കുടുകുടെ എന്ന് പുച്ഛരസത്തിൽ ചിരിക്കുന്നതും ഭാസ്കരൻ കേട്ടു. ഭാസ്കരന്ന് ശ്വാസംമുട്ടി. അയാളുടെ കൈ തന്നാലെ മുഷ്ടിചുരുട്ടി. താൻ കേൾക്കുന്നതൊക്കെ ശരിയായിരിക്കുമോ എന്നുതന്നെ അയാൾക്ക് തോന്നിപ്പോയി. അത്രത്തോളം വിപരീതനിലയിലാണ് ആ കലടയുടെ ദയാശൂന്യവും പ്രേമരഹിതവുമായ സംസാരം. അത്ര ശുദ്ധഹൃദയനായ ഭാസ്കരന്റെ കണ്ണുകൾ തുറന്നുപോയി. അയാൾ വന്നുകേറിയപ്പോൾ വല്ലതും ഒളിച്ചുകേൾക്കണം എന്ന വിചാരമേ അയാൾക്ക് ഉണ്ടായിരുന്നില്ല. എന്നാൽ പെട്ടെന്ന് യദൃച്ഛയാ ഇതൊക്കെ കേൾക്കേണ്ടി വന്നപ്പോൾ അയാളുടെ കാലുകൾ കുഴിച്ചിട്ടപോലെ അവിടെ ഉറച്ചുപോയി. ഏതായാലും മുഴുവൻ കേൾപ്പാൻ നിശ്ചയിച്ച് അയാൾ മിണ്ടാതെ നിന്നു.

ആനന്ദവല്ലിയോട് സംസാരിച്ചുകൊണ്ടിരുന്ന ആളും കർക്കശമായി ചിരിച്ചു. "വളരെ നന്നായി. ആനന്ദം! നിന്റെ കൈ ഇതാ ഞാൻ ചുംബിക്കുന്നു. നിന്റെ ബുദ്ധി അതിശയമായിരിക്കുന്നു. നീ അവനോട് രണ്ടായിരം പവൻ പിടുങ്ങീട്ട് എനിക്ക് എപ്പോൾ തരും" എന്ന് അവൻ ചോദിച്ചു.

**ആനന്ദവല്ലി:** നിങ്ങളുടെ ഓഹരി ഒരാഴ്ചയ്ക്കുള്ളിൽ നിങ്ങൾക്ക് കിട്ടും. (ആ കുലട സംസാരിക്കുന്നത് അവളുടെ ഭർത്താവായ പെരിയനോടാണ്.)

**ആനന്ദവല്ലി:** നിങ്ങൾ പിന്നെ ഉടനെത്തന്നെ ബോംബായിൽ പോയി മറഞ്ഞുകളയണെ. നിങ്ങളെ മേലാൽ ഭാസ്കരൻ കണ്ടുപോകരുത്. ഇപ്പോൾതന്നെ നിർഭയം നിങ്ങൾ വന്നത് വിഡ്ഢിത്തം ആയിപ്പോയിരിക്കുന്നു. ഞാൻ നമുക്ക് ഇരുവർക്കും ഗുണവും അഭിവൃദ്ധിയും ഉണ്ടായിവരത്തക്കവിധത്തിൽ ഭാസ്കരനോട് ഒരു ഉടമ്പടി ചെയ്തുവെച്ചിട്ടുണ്ട്. നിങ്ങൾ ബോംബായിൽ പോയി വല്ല പെൺകുട്ടികളുമായി സുഖിച്ചുകൊൾക. ഭാസ്കരന്റെ ഖജാന മേലാൽ എന്റെ സൂക്ഷിപ്പിലായിരിക്കും. വേണ്ടുന്ന പണം നിങ്ങൾക്ക് ഞാൻ അയച്ചുതരും. എന്നെ നിങ്ങൾ ഭാസ്കരനെ വിവാഹംചെയ്‌വാൻവേണ്ടി വിട്ടേയ്ക്കുക.

ഒരു കസേല പിന്നോക്കം തള്ളും പോലെ ഒരു ശബ്ദം കേട്ടു. പെരിയൻ കുരയ്ക്കുമ്പോലെ ഒന്ന് ചിരിച്ചു.

**പെരിയൻ:** ഇതിലും വലിയ ഒരു സന്തോഷം എനിക്ക് ഇതുവരെ ഉണ്ടായിട്ടില്ല. എന്റെ ആനന്ദം! നമ്മുടെ വിവാഹം കഴിഞ്ഞിട്ട് അഞ്ചുകൊല്ലമായി. അഞ്ചുകൊല്ലം നമ്മൾ ഇടവിടാതെ ആനന്ദം അനുഭവിച്ചു. ഇനി കുറേകാലത്തേയ്ക്ക് ഞാൻ നിന്നെ ഭാസ്കരന്ന് വിട്ടുകൊടുത്തിരിക്കുന്നു. എന്റെ സ്ഥാനം അവൻ വഹിക്കട്ടെ. നിന്റെ ദുശ്ശീലം സഹിപ്പാൻ അവന്ന് ക്ഷമ ഉണ്ടാകട്ടെ. പ്രിയേ! നിണക്ക് ഭാഗ്യം വന്ന് തെളിഞ്ഞുപോയി. ഏതായാലും ഇത്രവലിയ ഒരു കോടീശ്വരനെ വിവാഹം കഴിച്ചതിൽപിന്നെ, നീ ഇടയ്ക്കിടയ്ക്ക് വേറെ ചില വിലപിടിച്ച സമ്മാനങ്ങളും നിന്റെ സാക്ഷാൽ ഭർത്താവായ എനിക്ക് അയയ്ക്കാൻ മറക്കരുതെ. നീ വിചാരിക്കേണ്ട. എന്നെപോലെ ഇങ്ങിനെ സകലത്തിന്നും വഴിപ്പെടുന്ന ഒരു ഭർത്താവിനെ നിണക്ക് കിട്ടുമെന്ന് തോന്നുന്നില്ല.

അമ്പരപ്പുകൊണ്ട് ഒരേടത്ത് ഉറച്ചുപോയ ഭാസ്കരന്റെ നിർത്തം പൊരിഞ്ഞുപോയപോലെ ഇളകി. ഒരൊറ്റ അടിവെപ്പുകൊണ്ട് അയാൾ ആനന്ദം ഇരുന്ന മുറിയിൽ എത്തി. ആ മനോഹരമായി അലങ്കരിച്ചുവെച്ച മുറിയിൽ എത്തി. അയാളുടെ മുമ്പിൽ കണ്ടത് ആനന്ദവല്ലിയേയും, അവൾ മരിച്ചുപോയി എന്നു പറഞ്ഞ അവളുടെ ഭർത്താവിനേയും ആയിരുന്നു.

ഒരു നിമിഷനേരത്തോളം കണ്ണിന്ന് തല്ലുകിട്ടിയ ഒരാളെപ്പോലെ ഒന്നും തിരിയാതെ ഭാസ്കരൻ നിന്നു. അപ്പോൾ ആനന്ദവല്ലി മന്ദഹാസത്തോടെ കൈ പൊക്കിപ്പിടിച്ചുംകൊണ്ട് സ്വാഗതം ചെയ്‌വാൻവേണ്ടി, എഴുന്നേറ്റ് അയാളുടെ നേരെ വന്നു. "ഭാസി" എന്ന് മിനസമായി വിളിച്ചുംകൊണ്ട് അവൾ അയാളുടെ കഴുത്ത് കെട്ടിപ്പിടിച്ചു. എന്നാൽ പണ്ടേപ്പോലെ അദ്ദേഹത്തിന്ന് അനുകൂലഭാവമോ ആചരണമോ പുറപ്പെട്ടുകണ്ടില്ല. അവളുടെ സാക്ഷാൽ പ്രകൃതിയിലാണ് അയാൾ അവളെ ഇപ്പോൾ കാണുന്നത്. പ്രേമമില്ല. ദയയില്ല. അനുകമ്പ ഇല്ല. ആത്മാവില്ല. ഒന്നിനെ മറ്റൊന്നാക്കി മറിക്കുന്നവൾ. ഉള്ളിൽ വിഷവും പുറമെ അഴകും വഹിക്കുന്ന ഒരു തെമ്മാടിച്ചി രാക്ഷസി! പണം പിടുങ്ങാനുള്ള സൂത്രങ്ങളും തന്ത്രങ്ങളും കണ്ടുപിടിച്ച് ജീവിതകാലം സുഖമായിക്കഴിയാൻ നോക്കുന്ന സ്വാർത്ഥതല്പരയായ ഒരു തേവിടിശ്ശി! പണം ഒന്നിന്നുമാത്രം ആറ്റുനോറ്റിരിക്കുന്ന പിശാച്. ലൈംഗികാകർഷണം! അതായിരുന്നു ആറൻജെപ്സൻ അവളെപ്പറ്റി പറഞ്ഞിരുന്നത്. ആ സൂത്രംകൊണ്ടാണ് അവൾ തന്നേയും വശീകരിച്ച് കളഞ്ഞത്. എന്തൊരു ലജ്ജാവഹമായ കമ്പമായിരുന്നു തന്നെ ബാധിച്ചത്. അവളുടെ തിളക്കവും നടിപ്പും വെറും പുറംപൂശിലായി. അവൾ ഒരു മൃഗം മാത്രമായി പ്രത്യക്ഷപ്പെട്ടു.

നായ ഒരു എലിയെ പിടിച്ച് കുടയുംപോലെ അവളുടെ നഗ്നമായ ചുമലുകൾ പിടിച്ച് അയാൾ ഊക്കോടെ കുലുക്കി. അവളുടെ ചുകന്ന ആകർഷണീയമായ ചുണ്ടിൽനിന്ന് ഒരു ഭയപ്പെട്ട രോദനം പുറപ്പെട്ടു. പിന്നെ പെട്ടെന്ന് ഭാസ്കരൻ അവളെ ഒരു ഊക്കൻ തള്ളുതള്ളി. എന്നിട്ട് ആ മുറിയിൽനിന്ന് പുറത്തിറങ്ങിപ്പോകയും ചെയ്തു.

താൻ വിവാഹം ചെയ്‌വാൻ ആലോചിച്ചുവെച്ചിരുന്ന പെണ്ണ് എങ്ങിനെയുള്ളവളാണെന്നും അയാൾക്ക് മനസ്സിലായി. ഫൂ! അവളെ പണ്ട് കെട്ടിപ്പിടിച്ചതും ചുംബിച്ചതുംകൊണ്ട് അയാൾ അശുദ്ധമായിപ്പോയപോലെ തോന്നി. മറ്റൊരു ഭയങ്കരതെറ്റുകൂടി ചെയ്യുന്നതിന്നുമുമ്പെ, അവളുടെ കള്ളി താൻ കണ്ടുപിടിച്ചുകളഞ്ഞതുകൊണ്ട് അയാൾ ദൈവത്തെ സ്തുതിച്ചു. സ്ത്രീകൾക്ക് കേവലം നന്മയില്ലെന്നോ.

ധനം! ആനന്ദം! രണ്ടാളും പണം പിടുങ്ങാനുള്ള സൂത്രവും നോക്കിനടക്കുക... ധനത്തിന്റെ കാര്യത്തിൽ അത് സത്യമായിരിക്കാൻ പാടില്ല. ചില കാരണം മനസ്സിലാകാത്ത സംഭവങ്ങൾ അയാൾ ഇപ്പോൾ ഓർമ്മിച്ചുതുടങ്ങി. ധനം, അദ്ദേഹം കൊടുത്തയച്ച മുത്തുകൾ മടക്കി അയയ്ക്കുകയാണ് ചെയ്തത്. സകല ബേനാറിസ് ചേലകളും കൊടുത്തയച്ചപാട് മടക്കിയിരുന്നു. അയാളെക്കൊണ്ട് ധനത്തിന്ന്, ഒരു കാശിന്റെ ലാഭവുംകൂടി ഉണ്ടായിട്ടില്ല. പിന്നെ എന്തിനായിരിക്കും അവൾ തന്നോട് ആ മാതിരി ഒരു വഞ്ചന കാണിച്ചത്. ഒരു സമയം അവൾക്ക് തന്നോട് തോന്നിയ പ്രേമംകൊണ്ടുമാത്രം ആയിരിക്കാം. ഭാസ്കരന്റെ കണ്ണ് ഇപ്പോൾ മാത്രമെ തുറന്നിട്ടുള്ളു.

ആകപ്പാടെ വിചാരിച്ചാൽ അയാൾ ധനത്തോട് ചെയ്തതൊക്കെ തെറ്റാണ്. അദ്ദേഹത്തിന്റെ അച്ഛന്റെ അഭിലാഷം അങ്ങിനെ ആയിരിക്കുകൊണ്ട് തെറ്റുകൾക്ക് പരിഹാരമാർഗ്ഗങ്ങൾ കാണേണ്ടതും അയാളുടെ മുറയാണ്. അയാളുടെ പ്രേമം ഉടഞ്ഞുപോയി. അയാൾ പ്രേമിച്ചും വിശ്വസിച്ചും ആരാധിച്ചും പോന്നിരുന്ന ആ ആനന്ദവല്ലി കേവലം ഇല്ലാത്തവളായിപ്പോയി. അവൾ സ്വപ്നത്തിലെ ഒരു ജീവി മാത്രം ആയി. ഉണർന്നപ്പോൾ അങ്ങിനെ ഒരുവൾ—അയാൾ വിചാരിച്ചിരുന്നപോലെ ഒരുവൾ—ഇല്ലാതായി. അയാൾ ധനത്തിനെ വിവാഹം ചെയ്താലും ഇല്ലെങ്കിലും എല്ലാം കണക്ക് ഒന്നുതന്നെ. ധനത്തെ മറ്റൊരു വിവാഹംകൊണ്ട് വീണ്ടെടുക്കേണമെങ്കിൽ അങ്ങിനെ ചെയ്യുന്നതിന്നും മുടക്കമില്ല.

ഇനി അവളെ കണ്ടുപിടിക്കേണ്ട ഭാരം അദ്ദേഹത്തിന്നുണ്ട്. അച്ഛനോട് ചെയ്ത വാഗ്ദത്തം പാഴാക്കിക്കളവാൻ പാടില്ല. അവൾ എവിടെ ഉണ്ടെന്ന് ഹേമാംഗൻ അറിയാതിരിക്കയില്ല. അയാളോട് ചോദിച്ചാൽ വിവരം ഒക്കെ കിട്ടും. അദ്ദേഹത്തിന്റെ വിവാഹം അസാധുവാണെന്ന് സ്ഥാപിക്കാനുള്ള ഹരജി വിചാരണയ്ക്കുവെച്ച ദിവസം അത് നീട്ടിവെച്ചതിൽപിന്നെ, ഹേമാംഗനെ അയാൾ കണ്ടിരുന്നില്ല. അന്ന് വീട്ടിൽ മടങ്ങിയതിന്റെ ശേഷമാണ് വാതിലിന്നടുക്കെ ധനത്തെ അയാൾ കണ്ടുമുട്ടിയത്.

അയാൾ ഹേമാംഗൻ സാധാരണ പാർത്തിരുന്ന മുറിയുടെ വാതിലിന്ന് മുട്ടി. അദ്ദേഹം നാട്ടുംപുറത്തുള്ള തന്റെ വലിയ ഭവനത്തിൽ പോയിരിക്കുകയാണെന്ന് ആരോ വന്നുപറഞ്ഞു. ഭാസ്കരൻ കാറിൽനിന്ന് പുറത്തിറങ്ങി. അവിടെ വൈകുന്നേരം പോകാമെന്ന് അയാൾ തീർച്ചപ്പെടുത്തി. അയാൾക്ക് എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കണം എന്ന വിചാരമായി. അങ്ങിനെ ചെയ്യാതിരുന്നാൽ അദ്ദേഹത്തിന്റെ കണ്ണ് തുറപ്പിച്ച സംഗതികളാൽ പെട്ടെന്നുണ്ടായ മനോവേദനയ്ക്ക് ശാന്തിവരികയില്ലെന്ന് അയാൾക്ക് തോന്നി. ഹേമാംഗന്ന് കുറെ മുമ്പെ സിദ്ധിച്ച വലിയ വീട്ടിൽ എത്തുമ്പോൾ രാത്രി പതിനൊന്നുമണിയായെന്ന് ഭാസ്കരൻ കണ്ടു.

ഹേമാംഗൻ പണത്തിൽ കളിച്ച സമയത്ത് ഇത്ര വലിയ ഒരു പഴയവീട്ടിൽ താമസമാക്കിയതിൽ ഭാസ്കരന്ന് അത്ഭുതം തോന്നി.

വീട്ടിലുള്ളവർ ഉറങ്ങാൻ കിടന്നുപോയിരിക്കണം എന്ന് ആദ്യം ഭാസ്കരൻ വിചാരിച്ചു. വീട് അത്രത്തോളം അന്ധകാരത്തിൽ മുഴുകിയിരുന്നു. പിന്നെ ഒരു ദീപം മിന്നുന്നത് കണ്ടപ്പോൾ വീട്ടിന്റെ പുറമെ ഉണ്ടായിരുന്ന വലിയ മണി അയാൾ മുട്ടി. വാതിൽ ഉടനെ തുറന്നത് വണ്ണംകൊണ്ട് മലപോലെ ഇരിക്കുന്ന ഒരു സ്ത്രീ ആയിരുന്നു. തടിച്ച് വീങ്ങിയ മുഖത്ത് കറുത്ത കണ്ണുകൾ എത്രയോ ചെറുതാണെന്ന് തോന്നിപ്പോകും. ഹേമാംഗനെപ്പറ്റി ചോദിച്ചപ്പോൾ അവൾ നിഷേധഭാവത്തിൽ തല ഇളക്കി. ഒരു പക ഉണ്ടായിരുന്നപോലെ അവളുടെ ചെറിയ കണ്ണുകൾ മിന്നി.

**തടിച്ചവൾ:** ഹേമാംഗൻ മരിച്ചുപോയി.

അവൾ, വാതിൽ മുട്ടിക്കളഞ്ഞു. അവളുടെ ദേഹം ഒരു ഭാഗത്തേക്കാക്കി, മെഴുത്തിരികൾ കത്തിച്ച ഒരു വലിയ ഹാളിന്റെ ഒരു ഭാഗത്ത് കൂടിയ ചില ആളുകളെ ചൂണ്ടിക്കാണിച്ച് "അവിടെയാണ് അയാൾ കിടക്കുന്നത്. നിങ്ങൾ അയാളുടെ ഒരു സ്നേഹിതനാണെങ്കിൽ നിങ്ങൾക്കും അവിടെ കടന്നുചെല്ലുന്നതിന്ന് ഒരു വിരോധവും ഇല്ല" എന്നു പറഞ്ഞു.

# 25

## ഹേമാംഗൻ

ഭാസ്കരൻ ആശ്ചര്യംകൊണ്ട് എന്തോ തന്നോടുതന്നെ പറഞ്ഞു. ഉള്ളിൽ കടന്ന് അങ്ങോട്ട് നടന്നുചെന്നു. ഒരു പഴയ സോഫയുടെ അടുക്കെ ഒരു ഉടുപ്പിട്ട കൺസ്റ്റബിൾ നില്ക്കുന്നതുകണ്ടു. മെലിഞ്ഞൊടിഞ്ഞ മറ്റൊരാളേയും കണ്ടു. അയാൾക്ക് മുപ്പത്തഞ്ച് വയസ്സ് കാണും. സോഫമേൽ ഇളക്കമൊന്നുമില്ലാതെ കുമ്പാരംപോലെ ഒരു രൂപം കിടക്കുന്നുണ്ട്. അതായിരുന്നു തന്റെ പണ്ടത്തെ ചങ്ങാതി ഹേമാംഗൻ. ഭാസ്കരൻ ക്ഷണം, പരുക്കേറ്റ അയാളുടെ കൈ എടുത്ത് നാഡി പിടിച്ചുനോക്കി.

**ഭാസ്കരൻ:** എന്തുണ്ടായി. ഈ ആപത്ത് എങ്ങിനെ പറ്റി.

മെലിഞ്ഞുടഞ്ഞ ആൾ തന്റെ തൊണ്ട വെടിപ്പാക്കി. "ഇത് ഒരു ആപത്തല്ല. (തടിച്ചിയെ ചൂണ്ടിക്കാണിച്ചിട്ട്) അതാ എന്റെ അമ്മായി രാജമ്മ. അവരോട് ചോദിച്ചാൽ എല്ലാം അറിയാം. അവർ എന്നെ കൂട്ടിക്കൊണ്ട് വരാൻ എന്റെ "ലോഡ്ജിൽ" ഇപ്പഴാണ് വന്നത്. ഭാഗ്യവശാൽ അവിടെ എത്തിയ കൺസ്റ്റബിൾ ഹരീശനും എന്റെകൂടെ ഉണ്ടായിരുന്നു. ഇത് ഒരു കൊലയാണ്?

**ഭാസ്കരൻ:** എന്ത്? ഹേമാംഗനെ ഒരാൾ കൊന്നു എന്നോ?

തന്റെ സ്നേഹിതനായിരിക്കും എന്ന് ഇതുവരെ വിചാരിച്ചുപോന്നിരുന്ന ഹേമാംഗന്റെ സമീപത്തിൽ നിന്നിരുന്ന ഭാസ്കരൻ ഒന്നും മിണ്ടാതെ തെല്ലൊന്നാലോചിച്ച്, രാജമ്മയെ ഒന്ന് വല്ലാതെ നോക്കി. അവൾ ചുണ്ടും കടിച്ച് ഊരയ്ക്ക് കയ്യും കൊടുത്ത് ആരുടെ മേലെ ചാടിവീഴണം എന്ന പകയോടെ ചുറ്റും നോക്കിയിരുന്നു.

**രാജമ്മ:** (ഒരിമാതിരി തൃപ്തിയോടെ) ഇത് ഒരു കൊലയാണ് എന്നതിന്ന് സംശയമില്ല. നാലഞ്ചാഴ്ചയിൽ അധികമായി എന്ന് തോന്നുന്നു ഹേമാംഗൻ മൂപ്പർ ഒന്നിച്ചുകൊണ്ടുവന്ന ഒരു ചെറുപ്പക്കാരത്തിപ്പെണ്ണ് ഇവിടെ താമസമാക്കീട്ട്. ഇന്ന് ഉച്ചതിരിഞ്ഞതിൽ പിന്നെയാണ് മൂപ്പർ അവളെ വിവാഹം കഴിച്ചത്. അവളാണ് കോണിപ്പടിയുടെമേലെ അറ്റത്തിൽനിന്ന് അയാളെ ചോടെ തള്ളിയിട്ടത്. അയാളെ കൊന്നാൽ സ്വത്തൊക്കെ തനിക്ക് കിട്ടുമെന്ന് അവൾ നിശ്ചയമായും കരുതീട്ടുണ്ടായിരിക്കും.

**ഭാസ്കരൻ:** (ഞെട്ടിപ്പോയിട്ട്) തള്ളി വീഴ്ത്തുന്നത് നിങ്ങൾ കണ്ടോ?

**രാജമ്മ:** (ഞെളിഞ്ഞ് നിന്നിട്ട്) എന്റെ സ്വന്തം കണ്ണു കൊണ്ട് കണ്ടു. ഹേമാംഗൻ മൂപ്പർ അവരെ വിവാഹം ചെയ്തത് ഞാൻ അറിഞ്ഞിരിക്കയില്ല എന്നാണ് അവർ വിചാരിച്ചത്. അവർ ഒന്നും ആരോടും പറയാതെ കഴിച്ചുകൂട്ടി. എങ്കിലും ഞാൻ അത് അറിഞ്ഞുവശായി. കാര്യം ഇപ്രകാരം കലാശിച്ചതിൽ എനിക്ക് വലിയ അത്ഭുതം ഉണ്ടായില്ല. ധനത്തെപ്പറ്റി എന്ത് ഭയങ്കര കാര്യങ്ങൾ കേട്ടാലും എനിക്ക് വിശ്വസിപ്പാൻ ശങ്ക ഉണ്ടാകയില്ല. വിവാഹം കഴിക്കുംമുമ്പേ, വിവാഹം കഴിക്കാൻ പോകുന്ന ആളുടെ കൂടെ വന്ന് താമസിക്കുക. നാണവും മാനവും ഇല്ലാത്തവൾ!

ഒരു വിശ്വസിക്ക വയ്യെന്ന് സൂചിപ്പിക്കുന്ന ശബ്ദം ഭാസ്കരൻ ഉണ്ടാക്കി.

**ഭാസ്കരൻ:** ധനമൊ? അതുതന്നെയാണ് അവളുടെ പേരെന്ന് നിങ്ങൾക്ക് നിശ്ചയമുണ്ടോ! അവൾ ഇപ്പോൾ എവിടെ ഉണ്ട്.

ഹാളിന്റെ ഇരുണ്ട നിഴലിൽ എങ്ങാനും അവൾ പതുങ്ങിയതായിരിക്കുമോ എന്ന ഭാവത്തിൽ ഭാസ്കരൻ ചുറ്റും നോക്കി. രാജമ്മ പുച്ഛഭാവത്തോടെ മൂക്കിൻതുളകൾ വീർപ്പിച്ചു.

**രാജമ്മ:** സാറെ! അവൾ ഓടിപ്പോയി. ഞാൻ സഹായത്തിനുവേണ്ടി ലോഡ്ജിൽ പോയി എന്റെ മരുമകനെ വിളിച്ചുകൊണ്ടുവന്നു. ധനത്തെ കാത്തുനില്പാൻ വീട്ടിൽ വേറെ ആരും ഉണ്ടായില്ല. ഞാൻ പോയ തഞ്ചത്തിന്ന് അവൾ മണ്ടിക്കളഞ്ഞു.

"അവൾ വളരെ ദൂരം എത്താറായിട്ടില്ല" ഇങ്ങിനെ കൺസ്റ്റബിൾ തന്റെ വകയായി ഒന്നാമതായി സംസാരിച്ചു. "അവളെ പിടിക്കാൻ കിട്ടും. സംശയമില്ല. സാറേ! നിങ്ങളുടെ കാറിൽ എന്നേയുംകൂടെ കൊണ്ടുപോയാൽ ഞാൻ അധികാരസ്ഥന്മാർക്ക് അറിവുകൊടുക്കാം. ഇൻസ്പക്റ്റർ വരുംവരെ ശവം അവിടെത്തന്നെ ഇരിക്കട്ടെ എന്ന് വെയ്ക്കുന്നതാണ് നല്ലത്."

പരിക്കേറ്റ് കിടക്കുന്ന മനുഷ്യനെ പിന്നേയും ഭാസ്കരൻ പരിശോധിച്ചു.

**ഭാസ്കരൻ:** ഇയ്യാൾ മരിച്ചിട്ടില്ല കോൺസ്റ്റബിളെ! അദ്ദേഹത്തിന്റെ നാഡി മന്ദമായിട്ടെങ്കിലും തുടിച്ചുകൊണ്ടിരിക്കുന്നുണ്ട്. നാം ഇപ്പോൾ ചെയ്യേണ്ടത് കഴിയുന്ന വേഗത്തിൽ ഒരു ഡോക്റ്ററെ വിളിക്കുകയാണ്. അല്ലെങ്കിൽ ഒരു ആസ്പത്രിയിൽ ഇയ്യാളെ എടുത്തുകൊണ്ട് പോകയാണ്.

അയാൾ എഴുന്നേറ്റുനിന്നു. അപ്പോൾ കാറ്റുതട്ടിയ കപ്പലിന്റെ പായപോലെ ചില ശബ്ദം മുറിയിലെ ഇരുട്ടടിച്ച മേൽഭാഗത്തിൽനിന്ന് കേട്ടുതുടങ്ങി. അതേസമയത്തുതന്നെ എന്തൊ ഒന്ന് അയാളുടെ പിരടിക്ക് ഊക്കോടെ വന്നടിച്ചു. അയാൾ തന്നാലെ ഒന്ന് ഞെട്ടിപ്പോയി.

എന്നാൽ ഒരു നിമിഷത്തിന്നുള്ളിൽ അയാളുടെ ബുദ്ധി നേർക്കുവന്നു. "അതെന്തായിരുന്നു" എന്ന് അയാൾ മറ്റുള്ളവരോട് ചോദിച്ചു.

**കൺസ്റ്റബിൾ:** ഒരു കടവാതിലാണ് സേർ—ഇത്ര വലിയ കടവാതിലിനെ ഞാൻ ഇതുവരെ കണ്ടിട്ടില്ല. ഇതെങ്ങിനെ ഇവിടെ കടന്നുകൂടി എന്നാണ് ഞാൻ ആലോചിക്കുന്നത്.

രാജമ്മ ഒന്നും മിണ്ടിയില്ല. എന്നാൽ അവളുടെ മുഖം മുന്നേത്തേതിലും ഒന്ന് ചീർത്തു. ഭാസ്കരൻ ഹേമാംഗനെ കൂട്ടിപ്പിടിച്ച് എടുത്ത് ഒരുവിധേന ഹാനിഒന്നും തട്ടാതെ തന്റെ കാറിൽ കൊണ്ടുവന്നു കിടത്തി.

ഹേമാംഗന്ന് രോഗം മാറുമോ! അല്ല അയാൾ മരിച്ചുപോകുമോ? എന്ന് ആർ കണ്ടു? അച്ഛന്റെ മരണശയ്യാന്തികം വിട്ടതിൽപിന്നെ ഹേമാംഗന്റെ മരണശയ്യാന്തികത്തിലും ഭാസ്കരൻ എത്തി. രണ്ടാൾക്കും അത്യാഹിതം നേരിട്ടത് ധനം ഹേതുവായിട്ടുതന്നെ.

ഭാസ്കരൻ പല്ലുകടിച്ചു. ഇതാണ് ഉത്തരമായിട്ട് തന്റെ അച്ഛന്ന് കൊണ്ടുകൊടുക്കേണ്ടുന്ന വർത്തമാനം. ധനം മറ്റൊരു പുരുഷന്റെ ഒന്നിച്ച് പാർക്കുക അയാളെ വിവാഹം കഴിക്കുക. അല്ലെങ്കിലൊ, തന്റെ വിവാഹം റദ്ദാക്കാൻ കൊടുത്ത ഹരജി വിചാരണ ചെയ്യാതെ നിലവിൽ നില്ക്കുന്നുമുണ്ട്. ഇങ്ങിനെ വിവാഹം ചെയ്തു ഉടനെ ഭർത്താവിനെ കൊല്ലുവാൻ നോക്കുക. ആനന്ദവല്ലി! ധനം! ഭാസ്കരന്റെ ഹൃദയം മടുത്തു. ജീവിതം ഒരു ഭാരമായി. എല്ലാംകൂടി ചാരിത്രശുദ്ധിയും സത്യതല്പരതയും പരിപാലിച്ചുപോരുന്ന ഒരു പെണ്ണ് സ്ത്രീലോകത്തിൽ ഇല്ലെന്നോ!

കാർ ഒരു ഗ്രാമത്തെരുവിൽ എത്തി. കൺസ്റ്റബിൾ ഭാസ്കരന്റെ ചുമൽ ഒന്ന് തൊട്ടു "ഡോക്റ്റർ ജീവന്റെ ഭവനം ഇതാണ് സാറെ! ഹേമാംഗനെ എടുത്ത് ഉള്ളിൽ കൊണ്ടുപോവാൻ സഹായത്തിന്ന് ഞാനുംകൂടാം. എന്നിട്ട് ഞാൻ പോലീസ് ഇൻസ്പക്റ്ററെ വിളിച്ചുകൊണ്ടുവരാൻ പോകാം. ആ തരുണിയുടെ ശരിയായ ഒരു വിവരണം നമുക്ക് നാടോടെ പരത്തേണ്ടതും ഉണ്ട്. ഒട്ടും താമസിക്കാൻ പാടില്ല" എന്ന് പറഞ്ഞു.

ഒരു രസിക്കാത്ത ഭാവം ഭാസ്കരനെ ആകുലനാക്കി. ധനം തെണ്ടിപ്പെണ്ണ്! കള്ളത്തി!—കൊലക്കുറ്റക്കാരത്തി ആവാൻ പോണവൾ! രാജമ്മ കണ്ടു എന്ന നിലയിൽ ധനത്തെ കുറ്റപ്പെടുത്തിപ്പറഞ്ഞുകഴിഞ്ഞു. എന്നാലുംകൂടി ഭാസ്കരൻ ഹേമാംഗനേയും എടുത്ത് ഡോക്റ്ററുടെ വീട്ടിലെ നടയിൽകൂടെ പോകുമ്പോൾ അയാൾക്ക് സ്വപ്നത്തിൽ എന്നപോലെ ചില സംഗതികൾ മനസ്സിൽ ഉദിച്ചു. വില്ലൂസ്പോലെ മൃദുവായ മെയ്യിൽവീണ ദീപപ്രഭ—ആവേശവും സങ്കടവും സ്ഫുരിപ്പിച്ച ആ രണ്ട് കണ്ണുകൾ, കരിങ്കാറിൽ നിന്ന് മിന്നൽ പുറപ്പെട്ടപോലെ തിളങ്ങുന്നവറ്റ—അങ്ങിനെയെല്ലാമിരിക്കുന്ന ധനത്തെ പോലീസ് ബന്തോവസ്സിൽ വെയ്ക്കുകയോ! അയാൾ അവളെ അങ്ങിനെ വരുത്താനല്ലെ ശ്രമിക്കുന്നത്.

# 26

## കണ്ടുമുട്ടൽ

എല്ലാ കാബൂളികളും അവിടുന്ന് പത്തുനാഴിക അകലെയുള്ള ഒരു ചന്തസ്ഥലത്ത് കെട്ടും ഭാണ്ഡവും എടുത്ത് കടന്നുപോയി. വൃദ്ധ സാറയുടെ മഞ്ഞ ഭവനം മാത്രം ആ തുറസ്സ് സ്ഥലത്ത് നില്ക്കുന്നത് കണ്ടു. ധനം ഒന്നാമത് അത് കണ്ടത് വെള്ളികീറിവരുന്ന ശീതളമായ ഒരു പ്രഭാതത്തിലാണ്. അവളുടെ വീടും അവളുടെ മകന്റെ വണ്ടിയും ആയിരുന്നു അവൾ കണ്ടത്. എന്നാൽ സാറ താനും ചെറുപ്പക്കാരനായ കാബൂളിയും എവിടെയോ പോയിരുന്നു. രാത്രി വളരെ ചെന്നാലെ അവർ മടങ്ങിവരികയുള്ളൂ. എന്നാൽ വൃദ്ധ പോകുന്നതിന്നുമുമ്പേ, ഒരു ദീർഘനിദ്രയും കഴിഞ്ഞ് ധനം ഉണർന്നിരുന്നു. പോകുമ്പോൾ വൃദ്ധ ധനത്തോട് ഇങ്ങിനെ പറഞ്ഞിരുന്നു. “നീ ഈ വീട്ടിൽതന്നെ ഇരുന്ന് ക്ഷീണം തീർക്കുക. നിണക്ക് ചുറ്റിനടക്കുന്നത് നന്നല്ല. നിണക്ക് അഴക് ജാസ്തിയായിപ്പോയി. ഞങ്ങളുടെകൂടെ വന്നാൽ കണ്ണുകൊൾകയോ മറ്റവല്ല ആപത്ത് നേരിടുകയോ ചെയ്യും. അങ്ങിനെയാണ് എന്റെ മകൻ പറഞ്ഞത്. ഇക്കൂട്ടത്തിൽ അവനാണ് പ്രമാണി. അവൻ പറയുമ്പോലെ എല്ലാവരും കേൾക്കും.

ഒടുവിൽ വീട്ടിന്റെ ഉള്ളിൽ ഒളിച്ചിരുന്നുകൊള്ളാമെന്ന് ധനം അവരോട് വാഗ്ദത്തംചെയ്തു. അവളുടെ കാര്യമാണെങ്കിൽ പാർപ്പാൻ വീടുമില്ല—കയ്യിൽ കാശുമില്ല. ഈ കാബൂളികൾ അവളോട് വളരെ ദയ കാണിച്ചിട്ടുണ്ട്. കാട്ടിലെ ഏകരീതിമയവും നിശ്ശബ്ദവുംകൊണ്ട് ദീർഘിച്ചുപോയതും ആയ നാളുകൾ കഴിച്ചുകൂട്ടാൻ അവൾക്ക് വളരെ പ്രയാസം നേരിട്ടു. തലേദിവസംപോലെതന്നെ പകൽ നല്ല ചൂടുണ്ടായിരുന്നു. ധനത്തിന്ന് ചുറ്റും ഉണ്ടായിരുന്ന ശീതോഷ്ണസ്ഥിതിയും തന്റെ തല്ക്കാലമനസ്ഥിതിയും കണ്ടിട്ട് എന്തോ ഒരു വലിയ കാര്യം സംഭവിപ്പാൻ പോകുന്നുണ്ടെന്ന് ഒരു മുന്നറിയിപ്പ് അനുഭവമായി. സൂര്യപ്രകാശം മരങ്ങളുടെ ഇടയിൽക്കൂടെ വീണിട്ട് ചിലേടത്ത് വെള്ളിനാണ്യങ്ങൾ വേറിയപോലെ ഒരു പടംവരച്ചു. ആ സമയത്ത് അവൾ ഒരേടത്ത് അടങ്ങിക്കൂടി. ഒരു കാര്യത്തെപ്പറ്റി ഒരു സ്ഥിരപ്രജ്ഞ അവൾക്ക് ഉണ്ടായിരുന്നില്ല. അവൾ വളരെ ക്ഷീണിച്ചുപോയിരുന്നു. ദേഹത്തിന്ന് മാത്രമല്ല മനസ്സിന്നും തളർച്ചപിടിച്ച് പോയിരുന്നു. അവൾക്ക് തലചുറ്റിയിരുന്നു.

കുറേ കഴിഞ്ഞപ്പോൾ ചുറ്റുവട്ടത്തിലുണ്ടായിരുന്ന സൂര്യവെളിച്ചത്തിന്നും ഒരു മയക്കം നേരിട്ടു. ആകാശത്തിന്ന് ഒരു കട്ടിപ്പും മഞ്ഞനിറവും വന്നുകൂടി. അവളുടെ ഹൃദയത്തിൽ എന്തോ ഒരു വിചാരം ചുറ്റിത്തിരിഞ്ഞുകൊണ്ടിരുന്നു. ഇവിടെ നിശ്ശബ്ദമായും ചിന്താമഗ്നയായും വളരെ നേരം കിടന്നാൽ അവൾക്ക് ഭ്രാന്തുപിടിച്ചുപോകുമെന്ന് തോന്നി. ധനം ചാടി എഴുന്നേറ്റ് ആ വീട്ടിന്റെ മേൽത്തട്ടിൽനിന്ന് ചോടെ ഇറങ്ങിവന്നു. വരമ്പത്തുചെന്ന് വൃക്ഷത്തണലിൽ നിന്നിട്ട് പിടിച്ചമർത്തുംപോലെയുള്ള ഒരു അനുഭവം അവളെ തീരെ വെടിഞ്ഞില്ല. അവൾ ഇന്നേടത്തെന്നില്ലാതെ നടന്നുതുടങ്ങി. എവിടേയ്ക്കാണ് പോകുന്നത് എന്ന നിശ്ചയം ഇല്ലായിരുന്നു. എങ്കിലും വഴി അവൾക്ക് നിശ്ചയമില്ലായിരുന്നു. അവളുടെ അറിവിന്നും ഇഷ്ടത്തിന്നും എതിരായി അദൃശ്യമായ ഒരു കാന്തശക്തി അവളെ വലിച്ചുകൊണ്ടുപോകുംപോലെ തോന്നി. അപ്പോൾ പെട്ടെന്ന് അവളുടെ വളരെ അടുത്തായി വേദനകൊണ്ട് ആരോ ഞെരുങ്ങുന്ന ഒരു ശബ്ദംകേട്ടു. അവൾ ഉടനെ നിന്ന്, ചഞ്ചലഭാവത്തോടെ നാലുപുറത്തും നോക്കി. പെട്ടെന്ന് രോമംനിറഞ്ഞ് കരിഞ്ചുകപ്പായ എന്തോ ഒന്ന് വേദനകൊണ്ട് ഉറക്കെക്കരയുന്നത് അവൾ കണ്ടു.

തലേന്നുരാത്രി അവൾ എന്നപോലെ അതും കത്രിക്കെണിയിൽ പെട്ടുപോയി. ഈ ചെറിയ ജന്തുവോട് തല്ക്കാലം ഉണ്ടായ അനുകമ്പമൂലം ധനം തന്റെ കുഴപ്പങ്ങൾ ഒക്കെ മറന്നു. ആ ചെറു ജന്തുവെ കെണിയിൽനിന്ന് വിടുത്താൻവേണ്ടി ഓടിച്ചെന്നപ്പോൾ, അവൾ എത്തിയത് ആലോചിയാതെ ഒരു വലിയ റോഡിന്റെ വക്കത്താണെന്ന് കണ്ടു.

ആ ഭയങ്കര ഇരിമ്പണ്ണികളെ വലിച്ച് തുറക്കുന്നത് ഒരു എളുപ്പപ്രവൃത്തി ആയിരുന്നില്ല. അതിൽ കെണിഞ്ഞിരുന്ന മുയൽ ഭയംകൊണ്ട് തുള്ളിച്ചാടിപ്പിടിച്ചിരുന്നു—ആ ചെറിയ ജന്തുവിന്റെ ഭയവും വേദനയും കണ്ടപ്പോൾ ധനത്തിന്ന് അത്യന്തം സങ്കടം ഉണ്ടായി.

“ഞാനും സഹായത്തിന്ന് വരട്ടെയോ” എന്ന് പിന്നിൽ നിന്ന് ഒരു ചോദ്യം കേട്ടു. ഒരു മുയിഡ്കോട്ട് ധരിച്ച വിഗ്രഹം, തന്റെ അടുക്കെ കുനിഞ്ഞുനിന്ന് അവളുടെ കൈ യന്ത്രത്തിൽനിന്ന് വിടുത്തി, അയാളുടെ മാംസപേശികൾ നിറഞ്ഞ ശക്തിയുള്ള കൈകൾ ആ സ്ഥാനത്ത് കൊണ്ടുവെയ്ക്കുന്നത് ധനത്തിന്ന്, അനുഭവമായി. അയാളുടെ ഒരു വിരലിന്മേൽ ഒരു പരുക്കിന്റെ പാട് ഉണ്ടായിരുന്നു. ആ ചെറിയ കല, ധനം തുറിച്ചുനോക്കി. അവൾക്ക് തിരിഞ്ഞ് അദ്ദേഹത്തിന്റെ മുഖം നോക്കാൻ പാടുണ്ടായിരുന്നില്ല. അവളുടെ ഹൃദയം കഠിനമായി തുടിച്ചു. അവളുടെ സപ്തനാഡിയും തളർന്നു.

“അതാ? ഈ സാധു ജന്തു! ഇതിന്ന് കഠിനമായ പരുക്കൊന്നും ഏറ്റിരുന്നില്ല!” എന്ന് അവളുടെ അട്ടക്കെനിന്ന് പറഞ്ഞു മുയലിനെ ഒരു വിധേന ഇളക്കിവിട്ടു. മുയൽ ക്ഷണത്തിൽ ഒരു പൊന്തയിലേയ്ക്ക് ചാടിപ്പോയി ഒളിച്ചു. അയാൾ ഒന്നാമതായി തിരിഞ്ഞുനിന്ന് അവളുടെ മുഖത്ത് നോക്കിയത് ആ സമയത്താണെന്ന് ധനത്തിന്ന് മനസ്സിലായി. അയാളുടെ നോട്ടം സഹിക്കാൻ പാടില്ലാത്ത അവൾ ശ്വാസം ഒതുക്കിനിന്നു.

**അയാൾ:** (ഉച്ചത്തിൽ) ധനമോ?

അതുകേട്ടപ്പോൾ അവൾ എഴുന്നേറ്റുനിന്ന് അയാളുടെ മുഖത്തുനോക്കി. മുയലിന്റെ സങ്കടം കണ്ടിട്ട് തന്റെ കണ്ണിൽനിന്ന് പൊട്ടിയ വെള്ളം കവിളിൽക്കൂടെ ഒലിച്ചതാണ വിവരം അപ്പോൾ അവളോട് ഓർമ്മ വിട്ടുപോയിരുന്നു.

**ധനം:** (കിതച്ചുകൊണ്ട്) ഭാസ്കരനോ! നിങ്ങൾ ഇവിടെ വരാൻ കാരണം എന്തുണ്ടായി.

അവൾ വളരെ മെലിഞ്ഞ്, വളരെ അസന്തുഷ്ടയായി വളരെ ശോചനീയമായ അവസ്ഥയിൽ ആയിരുന്നു. അദ്ദേഹത്തിലെ ഒരു കമ്പി അവൾക്ക് അനുകൂലമാകും വിധത്തിൽ സ്പന്ദിച്ചു. അയാൾക്ക് അവളെ കെട്ടിപ്പിടിക്കണം എന്ന് തോന്നി. അവളുടെ രക്ഷാകർത്താവായി നില്ക്കണം എന്നും തോന്നി. അയാൾ ദേഹം ഒന്ന് കുലുക്കി.

**ഭാസ്കരൻ:** (മന്ദമായി) പോലീസുകാർ നിന്നെ നോക്കി നടക്കുന്നുണ്ടെന്ന വിവരം നിണക്കുണ്ടോ? നീ ഹേമാംഗനെ കൊലപ്പെടുത്താൻ ശ്രമിച്ചു എന്നാണ് അവർ പറയുന്നത്.

അവൾ കൈകൾ നെഞ്ഞത്ത് കൂട്ടിവെച്ചു.

**ധനം:** (വരണ്ട ചുണ്ടോടെ) അത് സത്യമല്ല.

ഭാസ്കരൻ പിന്നേയും തന്റെ ദേഹം ഒന്ന് കുലുക്കി “എന്നാൽ അയാളുടെ ഒന്നിച്ച് ആ വീട്ടിൽ നീയും ഉണ്ടായിരുന്നല്ലൊ. പോരാഞ്ഞിട്ട് വളരെ നാളോളം നീ അവിടെത്തന്നെ ആയിരുന്നല്ലൊ. (ഘനഭാവത്തോടെ) ഇന്നലെ നിന്നെ വിവാഹം ചെയ്‌വാൻ നീ അയാളെ നിർബ്ബന്ധിച്ചു.”

**ധനം:** (അദ്ദേഹത്തിന്റെ കയ്യുടെ മേൽഭാഗം പിടിച്ചിട്ട്) ഇല്ല—ഇല്ല—ഇല്ലതന്നെ. കാര്യത്തിന്റെ യഥാർത്ഥം അങ്ങിനെയായിരുന്നില്ല. അങ്ങുന്നേ! നിങ്ങൾ അത് കേൾക്കേണ്ടതാണ്. കേൾക്കാതെ നിവൃത്തിയില്ല. കാര്യം കഴിഞ്ഞ് കൂടിയത് നിങ്ങൾ വിചാരിക്കുന്ന വിധത്തിലല്ല. നിങ്ങളുടെ അച്ഛന്റെ ഭവനത്തിന്റെ ഉമ്മറത്ത്, അന്നത്തെ ദിവസം രാവിലെ ഞാൻ നില്ക്കുന്നത് കണ്ടപ്പോളാണ് ഹേമാംഗൻ “നിങ്ങളുടെ ഹരജി വിചാരണ കഴിഞ്ഞു എന്നും, നമ്മുടെ വിവാഹം റദ്ദാക്കി വിധി ഉണ്ടായെന്നും മേലാൽ നിങ്ങളെപ്പറ്റി ഒരിക്കലും ആശ്രയഭാവം പാടില്ലെന്നും എന്റെ ശമ്മലിൽനിന്ന് നിങ്ങൾ കേവലം മുക്തനായതുകൊണ്ട് ആനന്ദപരവശനായിട്ടുണ്ടെന്നും, അവിടെ നിന്നിട്ട് ഒരു കാര്യവുമില്ലെന്നും പറഞ്ഞിട്ട് എന്നെ കൂട്ടിക്കൊണ്ട് പോയത്.

**ഭാസ്കരൻ:** (ഉച്ചത്തിൽ) ഹേമാംഗൻ നിന്നോട് അങ്ങിനെ ഒക്കെ പറഞ്ഞോ?

**ധനം:** അയാളുടെ ഒപ്പമായിരുന്നു നിങ്ങൾ കോടതിയിൽനിന്ന് മടങ്ങിയത്, അന്ന് രാവിലെ. എന്നിട്ട് അയാൾ എന്നേയും കാറിലേറ്റി ഓടിക്കാൻ തുടങ്ങി. അങ്ങിനെ വളരെനേരം ഓടി. എവിടെയാണെന്ന് എനിക്ക് നിശ്ചയമുണ്ടായിരുന്നില്ല. നിങ്ങളുമായുള്ള ബന്ധം മുറിഞ്ഞുപോയപ്പോൾ എവിടെയായാലെന്താ എന്നനിലയാണ് എനിക്കുണ്ടായത്. എന്നാൽ വിവാഹം റദ്ദായ സംഗതി ഓർത്തോർത്ത് ഞാൻ ബോധംകെട്ടുപോയി. വളരെ ദിവസം കഴിഞ്ഞതിൽപിന്നെയാണപോലും എനിക്ക് ബോധംവീണത്. ആ പഴയ ഈ വീട്ടിലാണ് എന്നെ കൊണ്ടുവന്ന് കിടത്തിയത്. എന്റെ ശുശ്രൂഷയ്ക്ക് ഒരു നേർസിനെയും നിയമിച്ചിരുന്നു. ആ വീട് അയാളുടേതാണ്. നേർസിനെ വിളിച്ച് ചോദിച്ചാൽ നിങ്ങൾക്ക് സകല വിവരവും മനസ്സിലാകും. അതിൽപിന്നെ അയാൾ എന്നോട് അയാളെ വിവാഹം ചെയ്യാൻ പറഞ്ഞു. എനിക്ക് ഗർഭമായിരുന്നതുകൊണ്ടും കുട്ടിക്ക് അച്ഛനില്ലെന്ന നില എത്തിച്ചേരുന്നതുകൊണ്ടും (സങ്കടംകൊണ്ട് ഇടറിക്കൊണ്ട്) ഞാൻ അതിന്ന് വഴിപ്പെടേണ്ടിവന്നു. ഇന്നലത്തെ രാത്രി അയാൾ ഒരു അപായത്തിൽ പെട്ടതാണ്. (അന്ന് കഴിഞ്ഞകാര്യങ്ങൾ ഒക്കെ അവൾ വിസ്തരിച്ചുപറഞ്ഞു.) അയാൾ എന്നേയും എടുത്ത് മേലെത്തട്ടിൽ കൊണ്ടുപോയി. മെഴുത്തിരി ഹാളിൽ ആയിരുന്നതുകൊണ്ട് പോകുന്ന വഴി കൂരിരുട്ടായിരുന്നു. എന്തോ ഒന്ന് അയാളുടെ മുഖത്തുവീണ് അടിച്ചു, അയാളുടെ ആയംതെറ്റി അയാൾ ചോടെ വീണു. അയാളെ സംഭ്രമിപ്പിച്ചത് ഒരു കടവാതിലാണെന്ന് പിന്നെ എനിക്ക് മനസ്സിലായി. ഞാൻ അയാളെ ഒന്നും ചെയ്തിട്ടില്ല. ഞാൻ എങ്ങിനെ ചെയ്യും. നിങ്ങൾ എങ്കിലും ഞാനാണ് ചെയ്തത് എന്ന് വിശ്വസിക്കാതിരുന്നാൽ മതി.

മരത്തണലിൽനിന്ന് ഭാസ്കരൻ അവളേയും നോക്കി. പുതിയ ചില വികാരങ്ങൾ അയാളുടെ മനസ്സിൽ പൊന്തിത്തുടങ്ങി. ഹേമാംഗൻ, ഭാസ്കരൻ കൊടുത്ത ഹരജിയുടെ വിചാരണ കഴിഞ്ഞുപോയി എന്നാണ് അവളെ ധരിപ്പിച്ചത്. അതിനെപ്പറ്റിയും തനിക്കുണ്ടാവാൻ പോകുന്ന കുട്ടിയെപ്പറ്റിയും ഹേമാംഗൻ അവളെ തെറ്റിദ്ധരിപ്പിച്ച് ചതിക്കുകയാണ് ചെയ്തത്. അദ്ദേഹം അവളുടെ മുഖത്ത് നോക്കിയപ്പോൾ അവൾ പറഞ്ഞതൊക്കെ പരമാർത്ഥമായിരിക്കണം എന്ന് അദ്ദേഹത്തിന്റെ ഉള്ളിൽനിന്നുതന്നെ ഒരു ബലമായ തോന്നൽ ഉണ്ടായി. എന്തുകൊണ്ടെന്നാൽ പരമാർത്ഥം തന്റെ അച്ഛൻ അറിഞ്ഞിട്ടുണ്ടായിരിക്കണം എന്ന് അയാൾക്ക് ബോദ്ധ്യമായി. ഭാസ്കരൻ, ഹേമാംഗനോട് തോന്നിയ ക്രോധം ഒതുക്കേണ്ടിവന്നതിൽ തന്റെ പല്ലുകൾ കടിച്ചു. ജഗദീശ്വരാ! അദ്ദേഹം ധനത്തോട് എന്താണ് കാണിച്ചത്? അയാൾ എന്തൊരു നായുംനീചനുമായ്പ്പോയി!

**ധനം:** (മന്ദവും ക്ഷീണവും ഭാവത്തോടെ) നിങ്ങൾ എന്നെ വെടിഞ്ഞുകളവാൻ ഭാവിക്കുന്നുണ്ടോ? ഇതൊക്കെ എന്നെ തിരഞ്ഞ് നടക്കുന്നവരോട് ഒളിച്ചുവെക്കത്തക്ക ശക്തി ഇനിയും എനിക്കുണ്ടെന്ന് തോന്നുന്നില്ല. (അവളുടെ ഒടുവിലത്തെ വാചകം ഒരു കരയുന്ന ഏങ്ങലിലാണ് കലാശിച്ചത്.)

അവളെ ദ്രോഹിച്ചവരോട് കോപവും ക്രൗര്യവും അയാൾക്കുണ്ടായി.

**ഭാസ്കരൻ:** നിന്നെ വെടിയുകയോ? ഒരിക്കലും ഇല്ല. ഞാൻ നിന്നെ വേണ്ടുംപോലെ കൊണ്ടുനടക്കാൻ എന്റെ വീട്ടിലാണ് കൂട്ടിക്കൊണ്ട് പോകുന്നത്. ധനം! നീ ശ്രദ്ധവെച്ച് കേൾക്ക. ഹേമാംഗൻ നിന്നോട് പറഞ്ഞതൊക്കെ ശുദ്ധ കളവാണ്. എന്റെ ഹരജി ഇനിയും വിചാരണയ്ക്ക് വന്നിട്ടില്ല. അത് മറ്റൊരു തിയ്യതിക്ക് നീട്ടിവെയ്ക്കുകയാണ് ചെയ്തത്. ഞാൻ അത് പിൻവലിക്കാനാണ് ഭാവം. അതുകൊണ്ട് നീ എന്റെ ഭാര്യയാണ്. നീ എന്റെ ഭാര്യയാണെങ്കിലുംകൂടി എല്ലാ വീഴ്ചകളും ശരിപ്പെടുത്തുവാൻവേണ്ടി നമുക്ക് ഒരു വിവാഹംകൂടി നടത്തിക്കളയാം. അതൊക്കെ ഇരിക്കട്ടെ. നീ എന്റെ ഭാര്യതന്നെയാണ്, വിശ്വസിച്ചുകൊൾക. ഞാൻ നിനക്ക് വേണ്ടുന്ന സഹായസഹകരണങ്ങൾ ചെയ്‌വാൻ അടുക്കെത്തന്നെ ഉണ്ട്. എന്റെകൂടെ ഇപ്പോൾ വാ. എന്റെ കാർ റെഡിയായി നില്ക്കുന്നുണ്ട്.

അവളെ അവിടുന്ന് കൊണ്ടുപോവാൻവേണ്ടി ഭാസ്കരൻ അവളുടെ കൈപിടിച്ചു. സന്തോഷത്തോടെ കാറിൽ കടന്നിരിപ്പാൻ ഭാവിച്ച ധനത്തിന്റെ വായിൽനിന്ന് “ഭാസ്കരാ! കാലം വൈകിപ്പോയി. എന്നെ പിടിച്ചുകൊണ്ടു പോവാൻ പോലീസ് വരുന്നത് കണ്ടോ” എന്ന വാക്കുകളാണ് വീണത്.

ഭാസ്കരന്റെ ശ്വാസം കുറേ നേരത്തേയ്ക്ക് അടഞ്ഞുപോയി. അയാൾ തിരിഞ്ഞുനോക്കിയപ്പോൾ ഒരു കൺസ്റ്റബിൾ അയാളുടെ അടുക്കെ നില്ക്കുന്നത് കണ്ടു. ധനത്തിനെ പിടിപ്പാൻ വേണ്ടിയായിരിക്കും. അവളെ ഭാസ്കരൻ കുറേക്കൂടി മുറുകെപിടിച്ചു. ആ സമയത്ത് പെട്ടെന്ന് ഒരു രക്ഷാമാർഗ്ഗം അയാൾ കണ്ടു. ഒരു തടസ്ഥം നീങ്ങിപ്പോയപോലെയാണ് അയാൾക്ക് തോന്നിയത്. അന്ധകാരത്തിൽവന്ന വെളിച്ചംപോലെ അയാൾക്ക് ഒരു ആശ്വാസം ഉണ്ടായി. ഈ തരുണി ദൈവമുഖേന അയാളുടെ ഭാര്യയാണ്. അവൾക്ക് പിറക്കാൻ പോകുന്ന കുട്ടിയും അയാളുടേതാണ്. അവൾക്കുവേണ്ടി മരിക്കുന്നവരെ പടവെട്ടാൻ അയാൾ ഒരുങ്ങി, അവളെ അത്ര വേഗം പോലീസുകാർ പിടിച്ചുകൊണ്ട് പോവാൻ പാടില്ല.

പോലീസുകാർ അടുത്തുവന്ന് ഭാസ്കരന്ന് ഒരു മിലിട്ടറി സെല്യൂട്ട് കൊടുത്ത്, “ഭാസ്കരൻ സാറേ! നിങ്ങൾക്ക് തരാൻ ഞങ്ങളുടെ പക്കൽ ഒരു എഴുത്ത് ഏല്പിച്ചിട്ടുണ്ട്” എന്നും പറഞ്ഞ് ലക്കോട്ടിൽ അടക്കം ചെയ്ത ഒരു എഴുത്ത് ഭാസ്കരന്റെ കയ്യിൽ കൊടുത്തു.

**കൺസ്റ്റബിൾ:** സാറേ നിങ്ങൾ ഒരു വർത്തമാനം കേൾക്കുമ്പോൾ വ്യസനിക്കും.

**ഭാസ്കരൻ:** എന്താണത്?

**കൺസ്റ്റബിൾ:** സാറേ! മിസ്റ്റർ ഹേമാംഗൻ ഇന്ന് രാവിലെ മരിച്ചുപോയി.

**ഭാസ്കരൻ:** മരിച്ചുപോയോ!

തന്റെ അടുക്കെ നില്ക്കുന്ന ധനം മരയിച്ചുപോയപോലെ ഭാസ്കരന്ന് തോന്നി. അയാൾ അവളെ മുറുക്കെ പിടിച്ചു.

**കൺസ്റ്റബിൾ:** മരിക്കുന്നതിന്ന് മുമ്പേ ഹേമാംഗന്ന് ഒരു ഭാഗ്യത്തിന്ന് സുബോധം ഉണ്ടായി. അയാൾ വീണത് അബദ്ധംകൊണ്ടുമാത്രമാണെന്ന് അയാൾ വിവരിച്ചുതന്നു. ആ പെൺകുട്ടിയെ കുറ്റപ്പെടുത്തിപ്പറഞ്ഞ രാജമ്മയ്ക്ക് മിസ്റ്റർ ഹേമാംഗൻ, ഒരു മാസത്തിന്നുള്ളിൽ പിരിഞ്ഞുപോകണം എന്ന് നോട്ടീസ്സ് കൊടുത്തിരുന്നു. ഇവളാണ് ആ നോട്ടീസ്സിന്ന് കാരണം എന്ന് ആ തള്ള വിചാരിച്ചു. അതുകൊണ്ടുള്ള പകകൊണ്ടുമാത്രം ആ പെൺകുട്ടിയെ കുറ്റപ്പെടുത്തിപ്പറഞ്ഞതാണ്. ഒരു വലിയ കടവാതിൽ അയാളുടെ മുഖത്ത് വീണപ്പോൾ കാൽ ഇടറി അയാൾ ചോടെ വീണുപോയതാണ്. ആ ജന്തുവെ ഇന്ന് രാവിലെ ആ വീട്ടിൽവെച്ച് ഞങ്ങൾ കണ്ടു. ഞങ്ങൾ അതിനെ കൊന്നു. ഒരു ഭയങ്കര വലിപ്പമുള്ള ജന്തു!

കൺസ്റ്റബിൾ ഒരു സെല്യൂട്ടുകൂടി കൊടുത്ത് മടങ്ങിയപ്പോൾ “ഈശ്വരൻ സഹായിച്ചു” എന്ന് ആശ്വാസത്തോടെ ധനം ഉച്ചത്തിൽ പറഞ്ഞു. ഭാസ്കരൻ കവർ പൊളിച്ച് എഴുത്ത് പുറത്തെടുത്തു. എഴുതിയത് പെൻസിൽകൊണ്ടായിരുന്നു. കൈവിറയലോടെ എഴുതിയ ഒരു അറിയിപ്പായിരുന്നു.

“ഭാസി! എന്റെ കഥ കഴിയാറായി. മരിക്കുംമുമ്പേ നിങ്ങൾ ചില വാസ്തവങ്ങൾ അറിയേണ്ടതുണ്ട്. അബദ്ധത്തിൽ വീണുപോയതാണ്. പിന്നെ ഞാൻ ധനത്തെ വഞ്ചിച്ചു. നിങ്ങളുടെ വിവാഹം റദ്ദാക്കി കോടതിവിധിച്ചു എന്ന് അവളെ ധരിപ്പിച്ചു. ഞാൻ അവളുമായി നടത്തിയ വിവാഹം ഒരു കാട്ടിക്കൂട്ടിയ വിവാഹമായിരുന്നു. പാതിരിയായി അഭിനയിച്ചത് ഒരു കള്ളക്കഴവേറി ആയിരുന്നു. അതിന്ന് വഴിപ്പെടാൻ വേണ്ടിതന്നെ ഞാൻ വളരെക്കളവുകൾ പറഞ്ഞ് അവളെ നിർബ്ബന്ധിക്കേണ്ടിവന്നു. അവളെ ഒരു കുറ്റവും പറവാനില്ല. അവൾക്ക്, പിറക്കാൻപോകുന്ന തന്റെ കുട്ടിയുടെ പേര് രക്ഷിക്കണം എന്ന ഉദ്ദേശം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവൾക്ക് സാധിക്കുമെങ്കിൽ എനിക്ക് മാപ്പുതരാൻ പറയണം. ഞാൻ വിചാരിക്കുന്നു, നിങ്ങളും പലകാര്യത്തിൽ അവളോട് മാപ്പുചോദിക്കേണ്ടുന്ന ഒരാൾ തന്നെയാണ്. എന്ന് ഹേമൻ.

മാപ്പുചോദിപ്പാൻ വളരെ ഉണ്ട് അല്ലെ! ഇത്രവളരെ തന്നോട് മറ്റുള്ളവർ ചെയ്ത തെറ്റുകൾ, മാപ്പാക്കി മറന്നുകളവാനുണ്ടായിട്ട് മറ്റൊരു തരുണി ഭൂമിയിൽ ജീവനോടെ ഉണ്ടോ? സുന്ദരിയും അനഘയും ആയ ധനം മറ്റുള്ളവരുടെ തെറ്റുകൊണ്ടും തെറ്റിദ്ധാരണകൊണ്ടും എത്രവളരെ സങ്കടാവശതകൾ സഹിക്കേണ്ടിവന്നു. എന്നാൽ ഇപ്പോൾ അവൾക്ക് ഉന്മേഷവും ഉണർച്ചയും വന്നുപോയി. ആ കരിമുടിയുടെ മുന്നിൽനിന്ന് അവളുടെ വെളുത്തമുഖം ചന്ദ്രനെപ്പോലെ വിളങ്ങി.

**ധനം:** (ഒരു ദീർഘനിശ്വാസത്തോടെ) ഇനി ആപത്തൊന്നും വരാനില്ല. കാബൂൾക്കാരുടെ കൂട്ടത്തിലാണെങ്കിൽ അവിടെ പോവാനും എനിക്ക് വിരോധമില്ല.

അവൾ മടങ്ങിപ്പോവാൻ വേണ്ടിത്തിരിഞ്ഞു. എന്നാൽ ഭാസ്കരൻ അവളെ തന്റെ പാണിബന്ധനത്തിനുള്ളിലാക്കി. “ധനം! നീ പോവാൻ പാടില്ല. നീ എന്റെ ഭാര്യയാണ്. നീ എന്റെ സ്വന്തമാണ്. ഞാൻ നിന്നെ പ്രേമിക്കുന്നു. നിന്നെ എനിക്ക് വേണം. കഴിഞ്ഞതൊക്കെ മാപ്പാക്കി മറന്നുകളയു. നീ എന്റെകൂടെത്തന്നെ വരൂ. നീയില്ലാതെ എനിക്ക് ഒരു നിവൃത്തിയും ഇല്ല.

അവൾ വിശ്വസിക്കാൻ പ്രയാസമായ ഭാവത്തിൽ അവനെ ഒന്നുനോക്കി. അവളുടെ ഹൃദയം ആനന്ദത്തിൽ മുഴുകിയിരുന്നു എന്ന് അവളുടെ കണ്ണുകൾ വിളിച്ചുപറഞ്ഞു. അവൾക്ക് സന്തോഷാധിക്യംകൊണ്ട് വാക്കുകൾ വ്യക്തമായി പുറത്തുവരാതായി. “നിങ്ങൾ എന്നെ പ്രേമിക്കുന്നു എന്നോ! അപ്പോൾ ആനന്ദവല്ലിയോ!” എന്നുചോദിച്ചു.

**ഭാസ്കരൻ:** (ദൃഢമായിട്ട്) അങ്ങിനെ ഒരുത്തി എനിക്കില്ല. ആ ബന്ധം പാടെ മുറിഞ്ഞുപോയി. അവളിൽ പണ്ടൊരിക്കൽ ഞാൻ ഭ്രമിച്ചുപോയി എന്നുമാത്രം. അവൾ കാര്യങ്ങൾ വെളിച്ചത്ത് കാണ്മാൻ എന്നെ സമ്മതിക്കാത്ത ഒരു കൂരിരുൾ മാത്രമായിരുന്നു. ഇപ്പോൾ അവൾ ഇത്രയ്ക്കേ ഉള്ളൂ എന്ന് ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു. അവൾ ഒരു തടസ്ഥമെന്ന നിലയിൽ മേലാൽ ഒരിക്കലും ബാധിക്കുന്നതല്ല. ധനമേ! നീ എന്നെ സ്വീകരിച്ചാൽ, എന്റെ സകല കുറ്റങ്ങൾക്കും നീ ഒരു പരിഹാരമാർഗ്ഗമായിത്തീരും. ധനം! ധനം! ഇതുവരെ നിന്നെ സംബന്ധിച്ചേടത്തോളം ഞാൻ ഒരു അന്ധനായിരുന്നു. ഇപ്പോൾ എന്റെ കണ്ണ് തുറന്നു. ഞാൻ പ്രേമിക്കുന്നത് നിന്നെയാണ്. നിന്നെയല്ലാതെ മറ്റൊരുവളെ ഞാൻ പ്രേമിക്കുകയില്ല.

ഈ വാക്കുകൾ ഒരു തരുണിയുടെ കർണ്ണത്തിന്ന് ഒന്നാന്തരം സംഗീതമൊ അമൃതധാരയൊ ആയിരുന്നു. “നിന്നെ ഞാൻ പ്രേമിക്കുന്നു” എന്നാണ് ആ മധുരവാക്കുകൾ. പറയുന്ന ആളൊ അവൾ ലോകത്തിൽവെച്ച് ഏറ്റവും പ്രേമിക്കുന്ന ഭാസ്കരനുമാണ്. അവൾ ഒരു ആനന്ദസ്വപ്നത്തിലൊ എന്നുകൂടി സംശയിച്ചു.

ധനം ഒരു ആനന്ദശബ്ദത്തോടെ ഭാസ്കരന്റെ പാണിബന്ധനത്തിൽ നിർഭയം ചെന്നുകൂടി. അയാൾ അവളുടെ രക്ഷാപുരുഷൻ എന്നപോലെ ആ കെട്ടിപ്പിടുത്തത്തിൽ അവളെ കുറെനേരം നിർത്തി. തന്നെത്താനറിയാതെ ആ പിടിത്തം വളരെ കൂടിപ്പോയി. പുതുതായി ഉണർന്നുവന്ന പ്രേമത്തിന്റെ പ്രസരിപ്പുമൂലം അയാൾ അവളെ ദീർഘമായി ഒന്ന് ചുംബിച്ചു.

*****

ഇനി അധികമൊന്നും പറവാനില്ല. ധനഭാസ്കരന്മാരുടെ വിവാഹം വലിയ ആഡംബരഘോഷങ്ങളോടെ കഴിഞ്ഞു. ആനന്ദവല്ലി തന്റെ വിലയേറിയ ജീവിതം ഒരു ലഘുജീവിതമാക്കിക്കഴിയേണ്ടിവന്നു. അവളുടെ ആനന്ദമൊക്കെ അസ്തമിച്ച് ഒരു പുഷ്പിക്കാത്ത വല്ലിമാത്രമായി. രാജമ്മ താറാവിനെപ്പോലെ നടന്ന് തന്റെ മരുമകന്റെ വീട്ടിൽ ശരണംപ്രാപിക്കേണ്ടി വന്നു. തന്റെ സ്വാഭാവികമായി തടിച്ച മാംസളമായ ആ പർവ്വതദേഹം പോലീസിന്റെ അടിയും കുത്തും ഏറ്റിട്ട് കുറെക്കൂടെ വിങ്ങിപ്പോയി. വൃദ്ധയായ കാബൂൾക്കാരത്തി പത്തുദിവസത്തിന്നുള്ളിൽ ധനത്തിന്റെ രൂപംതന്നെ മറന്നു. ഇങ്ങിനെ കാലം നീളും കഴിയുന്നതിന്ന് മുമ്പേത്തന്നെ നേർ മുഴവനും തെളിഞ്ഞു. ഈശ്വരന്റെ കണ്ണുകൾ മറിക്കുവാൻ മനുഷ്യർക്കാർക്കും സാദ്ധ്യമല്ലെന്നും തെളിഞ്ഞു. ദൈവം ന്യായസ്ഥനും സർവ്വജ്ഞനും ആണെന്ന് എല്ലാവർക്കും ബോദ്ധ്യമായി. ഇത് വായിക്കുന്ന നിങ്ങളുംകൂടി ഉൾപ്പെട്ടുമെന്ന് അറിഞ്ഞുകൊൾക. എല്ലാവരും കാംക്ഷിക്കുന്ന ഒന്നാണ് ശുഭം.

□

## കെ. സുകുമാരൻ, ബി. എ.[1]

കെ. സുകുമാരൻ കാമ്പിൽ തട്ടായിലത്തു ഗോവിന്ദന്റെയും, ഇടമലത്തു മാധവിയുടേയും മകനായി 1876 മെയ് 20-ന് ജനിച്ചു. നോർമൻ സ്കൂൾ, മുൻസിപ്പൽ സ്കൂൾ, ബാസൽ മിഷൻ സ്കൂൾ എന്നിവിടങ്ങളിലാണു് പഠിച്ചതു്. ഇന്റർമീഡിയറ്റ് പഠനം തലശ്ശേരി ബ്രണ്ണൻ കോളേജിലും പാലക്കാട് വിക്ടോറിയയിലും ആയിരുന്നു. ജന്തുശാസ്ത്രം ഐച്ഛികമായി, മദിരാശി പ്രസിഡൻസി കോളേജിൽ നിന്നും 1894-ൽ ബിരുദം നേടി. തുടർന്ന് സിവിൽ കോടതി ക്ളാർക്കായി ജോലിയിൽ പ്രവേശിച്ചു. 1915-ൽ സിവിൽ ജുഡീഷ്യറി ടെസ്റ്റ് പാസായി. 1931-ൽ കോഴിക്കോട്ട് അസിസ്റ്റന്റ് സെഷൻസ് കോർട്ടിൽ നിന്നും പെൻഷൻ പറ്റി. കൗസല്യയെ ആണു് സുകുമാരൻ വിവാഹം ചെയ്തതു്. അദ്ദേഹം 1956 മാർച്ച് 11-ന് മരിച്ചു. ചെറുകഥ, നോവൽ, നാടകം, കാവ്യം, ഹാസ്യം, ശാസ്ത്രം എന്നിങ്ങനെ പല ഇനങ്ങളിലായി അമ്പതോളം കൃതികൾ ഉണ്ടു് സുകുമാരന്റേതായി. സുകുമാരകഥാമഞ്ജരി, ചെറുകഥ, അഞ്ചുകഥകൾ എന്നീ ഗ്രന്ഥങ്ങളിൽ അദ്ദേഹത്തിന്റെ കഥകൾ ലഭ്യമാണു്.

കൃതികൾ: അഴകുള്ള പെണ്ണ്, വിധി, ആ വല്ലാത്ത നോട്ടം, ഇണക്കവും പിണക്കവും, ഒരു പൊടിക്കൈ, പാപത്തിന്റെ ഫലം, ആരാന്റെ കുട്ടി, വിധവയുടെ വാശി, വിവാഹത്തിന്റെ വില, വിരുന്നു വന്ന മാമൻ.

---

1. അതീവ ഖേദത്തോടെ പറയട്ടെ. ഇത്രയും പ്രശസ്തനായിരുന്ന ഈ സാഹിത്യകാരന്റെ ഒരു ഫോട്ടോ പോലും കിട്ടാനില്ല. വായനക്കാരിൽ ആർക്കെങ്കിലും ഫോട്ടോ അയച്ചു തരാൻ കഴിയുമെങ്കിൽ നമുക്ക് ഈ ഡോക്യുമെന്റേഷൻ പൂർണതയിലെത്തിക്കാം.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014